KILA
004205

ജനകീയാസൂത്രണ പ്രസ്ഥാനം

## ഗ്രാമപഞ്ചായത്ത്

# വികസന രേഖകൾ

വാല്യം 16

ബ്ലോക്ക് : വെട്ടിക്കവല

ജില്ല : കൊല്ലം

വെട്ടിക്കവല ബ്ലോക്ക്
(കൊല്ലം ജില്ല)

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

# ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം




## സമഗ്രവികസന റിപ്പോർട്ട്

# ഉമ്മന്നൂർ പഞ്ചായത്ത്
## സ്ഥാനം









# കൊല്ലം ജില്ല

## പഞ്ചായത്തുകൾ



## പഞ്ചായത്ത് കമ്മിറ്റി

1. എം. രാജേന്ദ്രൻപിള്ള (വൈസ് പ്രസിഡന്റ്)
2. ജയശ്രീവാസുദേവൻപിള്ള
3. തങ്കമ്മ വർഗ്ഗീസ്
4. എൻ. നെഹ്റുപിള്ള
5. ജെ. ലീന
6. കെ.എസ്. രാജേന്ദ്രൻ
7. കെ. പുരുഷോത്തമൻ
8. ഇ.കെ. അനിഷ്
   (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
9. എ.ഒ. ബാബു
10. ഉമ്മൻജോർജ്ജ്
11. മേരിക്കുട്ടി ഡാനിയേൽ
12. കെ.സി. ജോൺ അമ്പലക്കര

## ജനകീയ ആസൂത്രണ പരിപാടി ജില്ലാതല പരിശീലനം ലഭിച്ചവർ

1. എ.ഒ. ബാബു (പ്രസിഡന്റ്)
2. ആർ. വിജയകുമാർ (സെക്രട്ടറി)
3. ശാന്ത ഡി. (കൺവീനർ)
4. എം.കെ. തോമസ്
5. പി.വി. അലക്സാണ്ടർ
6. പ്രതാപ്കുമാർ. കെ.

# ഈ പഞ്ചായത്തിനെ പ്രതിനിധാനം ചെയ്യുന്ന മറ്റു ജനപ്രതിനിധികൾ

## ശ്രീ. ആർ. ബാലകൃഷ്ണപിള്ള

(മെമ്പർ, കൊട്ടാരക്കര അസംബ്ലി നിയോജകമണ്ഡലം)

## ശ്രീ. കൊടിക്കുന്നിൽ സുരേഷ്

(മെമ്പർ, അടൂർ പാർലമെന്റ് നിയോജകമണ്ഡലം)

## ശ്രീ. സി.കെ. ജോർജ്ജ്

(മെമ്പർ, ജില്ലാ പഞ്ചായത്ത് കൊട്ടാരക്കര ഡിവിഷൻ)

## ശ്രീ. പി.വി. അലക്സാണ്ടർ

(ബ്ലോക്ക് പഞ്ചായത്ത് ഉമ്മന്നൂർ എ. ഡിവിഷൻ)

## ശ്രീ. കെ. പ്രതാപ്കുമാർ

(മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് ഉമ്മന്നൂർ ബി. ഡിവിഷൻ)

# ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. ആർ. വിജയകുമാർ
(സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി)

2. ജി. കൊച്ചാക്കോ
(ഹെഡ് ക്ലാർക്ക്)

3. എൻ. രാധാകൃഷ്ണൻനായർ
(യു.ഡി. ക്ലാർക്ക്)

4. പി.എം. ജോർജ്ജ്കുട്ടി
(യു.ഡി. ക്ലാർക്ക്)

5. വി. പവിത്രേന്ദ്രൻ
(യു.ഡി. ക്ലാർക്ക്)

6. എം. ഡാനിയേൽ
(എൽ.ഡി. ക്ലാർക്ക്)

7. ബി. ശാന്തമ്മ
(എൽ.ഡി. ക്ലാർക്ക്)

8. എ. സുകുമാരി
(പ്യൂൺ)

9. കെ. രാജമ്മ

10. കെ. മണി



എ.ഒ. ബാബു
(പ്രസിഡന്റ്)



എം. രാജേന്ദ്രൻപിള്ള
(വൈസ് പ്രസിഡന്റ്)



ഇ.കെ. അനിഷ്
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)

II



ജയശ്രീ വാസുദേവൻപിള്ള
മെമ്പർ

III



തങ്കമ്മ വർഗ്ഗീസ്
മെമ്പർ

IV



എൻ. നെഹ്റുപിള്ള
മെമ്പർ

V



ജെ. ലീന
മെമ്പർ

VI



കെ.എസ്. രാജേന്ദ്രൻ
മെമ്പർ

VII



കെ. പുരുഷോത്തമൻ
മെമ്പർ

X



ഉമ്മൻ ജോർജ്ജ്
മെമ്പർ

XI



മേരിക്കുട്ടി ഡാനിയേൽ
മെമ്പർ

XII



കെ.സി. ജോൺ
മെമ്പർ

എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. എ.ഒ. ബാബു
2. ശ്രീ. ആർ. വിജയകുമാർ
3. ശ്രീമതി. ഡി. ശാന്ത
4. ശ്രീ. എം.കെ. തോമസ്
5. ശ്രീ. യോഗിദാസ്
6. ശ്രീ. പി.വി. അലക്സാണ്ടർ
7. ശ്രീ. കെ. പ്രതാപ്കുമാർ
8. ശ്രീ. എം. രാജേന്ദ്രൻപിള്ള
9. ശ്രീ. ഇ.കെ. അനിഷ്
10. ശ്രീ. കെ.എസ്. രാജേന്ദ്രൻ
11. ശ്രീ. ഉമ്മൻ ജോർജ്ജ്
12. ശ്രീ. കെ.സി. ജോൺ
13. ശ്രീമതി. ജയശ്രീ വാസുദേവൻപിള്ള
14. ശ്രീ. എൻ. നെഹ്റുപിള്ള
15. ശ്രീമതി. ജെ. ലിന
16. ശ്രീമതി. മേരിക്കുട്ടി ഡാനിയേൽ
17. ശ്രീമതി. തങ്കമ്മ വർഗ്ഗീസ്
18. ശ്രീ. കെ. പുരുഷോത്തമൻ

ശാസ്ത്രീയ സഹായം

എം.ജി. വേണുഗോപാൽ
(പ്രോജക്ട് സയന്റിസ്റ്റ്, സെസ്)

## ഉള്ളടക്കം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതിയും വിഭവങ്ങളും
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും ക്ഷീരവികസനവും
6. വിദ്യാഭ്യാസം
7. പൊതുജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
8. വ്യവസായം
9. ഗതാഗതം, ഊർജ്ജം, റോഡുകൾ, മാർക്കറ്റ്
10. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
11. സംസ്കാരം
12. വനിതാക്ഷേമം, സാമൂഹ്യക്ഷേമം
13. സഹകരണമേഖല
14. പട്ടികജാതി പട്ടികവർഗ്ഗം
15. വിഭവസമാഹരണം

# ആമുഖം

**21**-ാം നൂറ്റാണ്ടിലേക്ക് ചുവടു വെക്കുവാൻ തുടങ്ങുന്ന ഈ സുവർണ്ണ നിമിഷങ്ങളിൽ ഗതകാല നേട്ടങ്ങളേയും കോട്ടങ്ങളേയും വില യിരുത്താൻ സമയം പാഴാക്കാതെ ഭാവി യുടെ സുവർണ്ണകവാടങ്ങൾ തള്ളി തുറന്ന് ജനകീയാസൂത്രണത്തിലൂടെ നമുക്ക് മുന്നേറാം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി സ്വപ്നം കണ്ട 'ഗ്രാമസ്വരാജ്' രാഷ്ട്ര ശിൽപ്പി പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു വിഭാവനം ചെയ്ത 'പഞ്ചായത്തീരാജും' ലക്ഷ്യം കാണാൻ അഞ്ച് പതിറ്റാണ്ടോളമായി നാം കാത്തിരിക്കേണ്ടി വന്നു. 1994 ഏപ്രിൽ 23 -ന് പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഗ്രാമാന്ത രീക്ഷത്തിൽ ഒരു ഉണർവ്വിന്റെ മന്ദമാരുതൻ വീശിത്തുടങ്ങി.

എട്ടു പഞ്ചവത്സരപദ്ധതികൾ നാം പിന്നിട്ടിട്ടും ഗ്രാമസങ്കൽപ്പം പൂവണിയാതെ മുരടിച്ചു നിൽക്കുന്നു. ഗ്രാമീണജനതയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി നാം കൈവരിക്കണമെങ്കിൽ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യമാറ്റത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പലപ്പോഴും ഇന്ത്യക്കാകെ മാതൃകയായിട്ടുള്ള കേരളം വീണ്ടും നമ്മുടെ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമാവുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാന ത്തിലൂടെ 'സുതാരവും' സമഗ്രവും ആയ വികസനം പരിപൂർണ്ണതയിലെത്തുന്നതിന് കേരളം പരീക്ഷണ വേദിയാകുകയാണ്

ജാതിയുടേയും, മതത്തിന്റേയും, പ്രദേശത്തിന്റെയും പേരിൽ മലയാളികൾ കലഹിക്കുന്ന അവസ്ഥയിൽ നിന്നും കേരളം കരകയറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ് നാം ഓരോരുത്തരും. ആശയപരവും, രാഷ്ട്രീയപരവുമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്തവേതന്നെ കേരളത്തിന്റ വളർച്ചക്കായി ഒത്തൊരുമിക്കേണ്ടതിന്റെ ആവശ്യകത നാം ഓരോരുത്തരും അംഗീകരിക്കുന്നു. അതുകൊണ്ടു തന്നെയാണ് കേരളസംസ്ഥാനത്തിന്റെ 40-ാം വർഷത്തിൽ ആസൂത്രണത്തേയും വികസനത്തേയും അടിസ്ഥാന മാക്കിയുള്ള

കൂട്ടായ്മയിൽ അംഗങ്ങളാക്കാൻ നാം ഓരോരുത്തരും തയ്യാറാക്കിയിരിക്കുന്നു.

നമ്മുടെ പ്രശ്നങ്ങൾ നിരവധിയാണ് എല്ലാം ഒറ്റയടിക്ക് നിവൃത്തി വരുത്തുക സാധ്യമല്ലല്ലോ ? പരിപാടിയെക്കുറിച്ച് നമുക്ക് മതിപ്പും ആവേശവും ഉണ്ടായിട്ടുണ്ട്. പ്രതീക്ഷകളെല്ലാം അറ്റ സ്ഥാനത്ത് പുതിയ പ്രതീക്ഷകൾ നാമെടുത്തിരിക്കുന്നു. ഇത് എന്തുകൊണ്ടും നല്ലതുതന്നെ.

സന്നദ്ധപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ നടത്തുവാൻ കഴിയണം. ഏതായാലും ജനകീയാസൂത്രണ പ്രസ്ഥാനം സർക്കാരിന്റേയോ ആസൂത്രണ ബോഡിന്റേയോ പരിപാടി എന്നതിലുപരി നമ്മുടെ പ്രദേശത്തിന്റെ വികസന പരിപാടി ഉണ്ടാക്കുവാനുള്ള നമ്മുടെ തന്നെ പരിപാടിയായി കാണുവാൻ കഴിയണം.

റിപ്പോർട്ട് തയ്യാറാക്കിയതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ സെസിലെ ശാസ്ത്രജ്ഞൻ ശ്രീ.എം. ജി വേണുഗോപാൽ പ്രതിഫലം ഇച്ഛിക്കാതെ സ്വയം സന്നദ്ധരായ പരിശീലകർ ചരിത്ര പഠനത്തിന് വളരെയേറെ സഹായിച്ച കാരണവൻമാർ എന്നിവരുടെ സേവനം നന്ദിപൂർവ്വം സ്മരിക്കുന്നു.

അനുകരിക്കാൻ മാതൃകകളൊന്നുമില്ല നമ്മുടെ പാത നാം തന്നെ തെളിയിക്കേണ്ടിയിരിക്കുന്നു, താഴെ തട്ടിൽ നിന്നുള്ള ആസൂത്രണപ്രക്രിയ വിജയകരമായി പൂർത്തീകരിക്കാനാവുമെന്ന് ആത്മവിശ്വാസം നമുക്കുണ്ട്.

നമ്മെ ഭരിച്ച് നയിക്കുന്ന ഈശ്വര സാന്നിദ്ധ്യത്തിൽ ആത്മവിശ്വാസത്തോടെ നമുക്ക് മുന്നേറാം

വിനയ പുരസ്സരം

എ.കെ. ബാബു.
പ്രസിഡന്റ്

# ചരിത്ര പശ്ചാത്തലം

പച്ച പിടിച്ച നെൽപ്പാടങ്ങളും ഫലഭൂയിഷ്ഠമായ കുന്നിൻ പ്രദേശങ്ങളും പാറക്കൂട്ടങ്ങളും നിറഞ്ഞ ഒരു ഉൾനാടൻ ഗ്രാമമാണ് ഉമ്മന്നൂർ. രാഷ്ട്ര പുരോഗതിയ്ക്കൊപ്പം കാലാനുസൃതമായ ആധുനിക സൗകര്യങ്ങളോടുകൂടി ഇന്നത്തെ മുഖച്ഛായ യിലെത്തിയ ഈ പ്രദേശത്തിന് വിപുലമായ ഒരു ചരിത്രമുണ്ട്. രേഖകളിലൂടെയും ഐതിഹ്യങ്ങളിലൂടെയും കേട്ടറിവിലൂടെയും ഈ ചരിത്രത്തിലേയ്ക്കൊന്ന് എത്തിനോക്കുന്നത് ഈ പഞ്ചായത്തിന്റെ വളർച്ചയുടെ ചിത്രം വരും തലമുറയ്ക്ക് പഠിക്കുവാൻ ഉപകരിക്കും.

പുരാതന സംസ്കാരത്തിൽ നദീതടങ്ങൾക്കുള്ള പങ്കുപോലെ പല കേരളീയ ഗ്രാമങ്ങളും ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയിട്ടാണ് വളർന്നിട്ടുള്ളത്. ഉമ്മന്നൂർ എന്ന സ്ഥലനാമം തന്നെയെടുക്കാം. ചരിത്രരേഖകൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ പൊതു അംഗീകാരം സിദ്ധിച്ച ഐതീഹ്യം തന്നെയെടുക്കാം. പഴയ നാട്ടുരാജ്യങ്ങളിൽപ്പെട്ട ഇളയിടത്തുസ്വരൂപത്തിന്റേതാണ് ഈ ഗ്രാമം. രാജ്യത്തിന്റെ തെക്കുഭാഗത്തുള്ള വനപ്രദേശത്ത് കാലങ്ങളായി മൂന്നു മുനിമാർ തപസിരിക്കുന്നതായി അന്നത്തെ ഭരണാധാകാരി ചാരന്മാർ മുഖേനയറിഞ്ഞു. സാത്വീകരായ അവരുടെ ക്ഷേമകാര്യങ്ങൾ നോക്കി നടത്തുവാൻ തന്റെ ഏറ്റവും വിശ്വസ്തരായ അഞ്ച് ബ്രാഹ്മണശ്രേഷ്ഠന്മാരെ അദ്ദേഹം നിയോഗിച്ചു. ഈ ബ്രാഹ്മണശ്രേഷ്ഠന്മാർ താപസന്മാരുടെ തപസ്ഥാനത്തിനു ചുറ്റിലും അഞ്ച് മഠങ്ങൾ സ്ഥാപിച്ച് സമീപപ്രദേശങ്ങൾ കൃഷിയോഗ്യമാക്കി ജന്മികളായി സ്ഥിരവാസമാക്കി. പിൽക്കാലത്ത് മൂന്നുമുനിമാരും സമാധിസ്ഥരാകുകയും അവരുടെ തപസ്ഥലം കേന്ദ്രീകരിച്ച് ഒരു ക്ഷേത്രം സ്ഥാപിക്കുകയും ചെയ്തു. രാജാവിന് സ്ഥലം തിരിച്ചറിയുന്നതിനായി മുമ്മുനിയൂർ എന്നു വിളിക്കുകയുണ്ടായി. ഈ പേര് കാലക്രമത്തിൽ ഇന്നത്തെ ഉമ്മന്നൂരായി ത്തീരുകയും ചെയ്തുവത്രേ.

അന്നത്തെ ബ്രാഹ്മണജന്മിമാർ സ്ഥാപിച്ചതും ഇന്ന് ഏറെ പഴക്കമുള്ളതുമായ ക്ഷേത്രങ്ങൾ ഇവയൊക്കെയാണ്. ഉമ്മന്നൂർ അഞ്ചുമൂർത്തി ക്ഷേത്രം, ഉമ്മന്നൂർ ശാസ്താ ക്ഷേത്രം, അണ്ടൂർ മഹാവിഷ്ണുക്ഷേത്രം, പൊലിക്കോട് മഹാദേവക്ഷേത്രം, വയയ്ക്കൽ ഭഗവതീക്ഷേത്രം, പുതിയിടത്ത് ശിവക്ഷേത്രം, വിലങ്ങറ ശ്രീ. സുബ്രഹ്മണ്യസ്വാമിക്ഷേത്രം, വിലങ്ങറ ഇണ്ടളയപ്പസ്വാമിക്ഷേത്രം, വെള്ളാവൂർ കാവും കളരിക്ഷേത്രം, ആറായിക്കോണത്ത് മൂർത്തിക്കാവ്, വയണാംമൂലശിവക്ഷേത്രം

ഹൈന്ദവക്ഷേത്രങ്ങളോടൊപ്പം തന്നെ ക്രിസ്തുമത ആരാധനാലയങ്ങളും മുസ്ലീം പള്ളികളും പഴക്കം കൂടുതലായുള്ളത് ഉമ്മന്നൂർ പഞ്ചായത്തിലുണ്ട്. മതമൈത്രിയുടെ മകുടോദാഹരണമായി ഈ പള്ളികൾ ഇന്നും സംരക്ഷിച്ചുപൊരുന്നു. കൊട്ടാരക്കര നിന്നും എത്തിച്ചേർന്ന ഭക്തശിരോമണി യവനാൻ കത്തനാർ സ്ഥാപിച്ച് വളർത്തിയ വാളകം പള്ളി, ഉമ്മന്നൂർ പള്ളി (ഗുരുസികുന്ന്), അണ്ടൂർ, അമ്പലക്കര നെല്ലിക്കുന്നം പള്ളികൾ ക്രിസ്തുമതാരാധനാലയങ്ങളിൽ വളരെ പുരാതനവും പ്രസിദ്ധങ്ങളുമാണ്.ആദ്യകാലങ്ങളിൽ മുസ്ലീം മതസ്ഥർ ഇവിടെ വളരെ കുറവുണ്ടായിരുന്നതായാണ് അറിവ്. വിലയന്തൂർപള്ളിയാണ് പഴക്കം കൂടുതലുള്ളതായി അറിയുന്ന മുസ്ലീംപള്ളി.

ഇനി വിദ്യാഭ്യാസ വളർച്ചയുടെ ചരിത്രം പരിശോധിക്കാം. ആദ്യകാലങ്ങളിൽ പലയിടത്തും നടന്നിരുന്നപോലെ ഉമ്മന്നൂർ പ്രദേശത്തും കുടിപ്പള്ളിക്കൂടങ്ങൾ ധാരാളമായി നടത്തിയിരുന്നു. വലിയവിളയിൽ പപ്പു ആശാൻ ഉമ്മന്നൂരും, വിലങ്ങറ മാരിയവീട്ടിൽ കേശവക്കുറിപ്പ് ആശാനും കട്ടയിൽ നീലാംബി ജ്യോത്സ്യരും ഉമ്മന്നൂർ ഗോവിന്ദൻ ജ്യോത്സ്യരും ഇക്കാര്യത്തിൽ ആദ്യകാല മാർഗ്ഗദർശികളായിരുന്നു. സംസ്കൃത വിദ്യാഭ്യാസത്തിലും പാണ്ഡിത്യത്തിലും ഏറ്റവും പ്രസിദ്ധനായിരുന്നു. കാവുങ്ങൽ ഗോവിന്ദപിള്ള ആശാൻ. അദ്ദേഹം നാട്ടിലെ അറിയപ്പെടുന്ന കവിയും കലാകാരനും കൂടിയായിരുന്നുവത്രേ. അദ്ദേഹത്തിന്റെ സഹോദരൻ കാവുങ്ങൽ പരമേശ്വരൻപിള്ള പുരാണ വ്യാഖ്യാതാവും പണ്ഡിതനും ആയിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് മുൻകൈയെടുത്ത പ്രധാനികൾ എള്ളുവിളയിൽ ശ്രീമാൻ കൃഷ്ണപിള്ളയും സഹോദരൻ പി.എൻ. ഗോപാലപിള്ളയും കൂടാതെ മംഗലത്ത് വേലുപ്പിള്ള, പിറവിള ഗോവിന്ദപ്പിള്ള, മാവിളയിൽ ഡാനിയേൽ തുടങ്ങിയവർ ദീർഘദർശികളായിരുന്നു. ഇപ്പോൾ നിലവിലുള്ള ഉമ്മന്നൂർ ഗവൺമെന്റ് എൽ.പി.എസ്., ശ്രീമാൻ കൃഷ്ണപിള്ള സ്ഥാപിക്കുകയും മംഗലത്ത് നീലകണ്ഠപ്പിള്ള എന്ന മഹാൻ തന്റെ സ്വന്തം സ്ഥലവും ധനവും നൽകി നേതൃത്വം വഹിക്കുകയും ചെയ്തു. പിൽക്കാലത്ത് ഈ സ്ഥലവും സ്കൂൾ കെട്ടിടവും സർക്കാരിന് സറണ്ടർ ചെയ്യുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർന്നും നിർമ്മിച്ചും നടത്തിച്ചും വ്യക്തികളും സംഘടനകളുഉം സാംസ്കാരിക വളർച്ചയ്ക്ക് ആക്കം കൂട്ടി. ഉമ്മന്നൂർ ഹൈസ്കൂളും പഴിഞ്ഞം അമ്പലക്കര സ്കൂളുകളും ശ്രീമാൻ. ഐ. വർഗ്ഗീസ് സ്ഥാപിച്ച് വളർത്തിയവയാണ്. മാർത്തോമ്മാ സഭയുടെ വകയായുള്ള വാളകം എം.റ്റി.എച്ച്.എസ്. ആണ് പഞ്ചായത്തിലുണ്ടായ ആദ്യ ഹൈസ്ക്കൂൾ. ആദ്യകാലങ്ങളിൽ തന്നെ പഞ്ചായത്ത് പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്വം ഉണ്ടായിരുന്ന ശ്രീമാൻ. ചാക്കോ കശ്ശീശ സ്ഥാപിച്ച വാളകം, അമ്പലക്കര സ്കൂളുകളും ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ആദ്യകാല നേതൃത്വം നൽകിയത് വാളകം എം.റ്റി.എച്ച്.എസ്സ്. മുൻ ഹെഡ്മാസ്റ്റർ റവ. ഫാ. പി.വി. ഏബ്രഹാം (ആലാഅച്ചൻ) ആണ്. അണ്ടൂർ കിഴക്കേ വീട്ടിൽ ശ്രീ. തോമസ് സ്ഥാപിച്ച അണ്ടൂർ എൽ.പി.എസ്. വയയ്ക്കൽ, ശ്രീ. സുകുമാരപിള്ള സ്ഥാപിച്ച ഡി.വി.യു.പി.എസ്., വിലങ്ങറയും വയയ്ക്കലും സ്ഥാപിക്കപ്പെട്ട എൽ.പി.എസ്., സഭയുടെ സ്കൂളുകൾ, വിലങ്ങറ പറമ്പമഠം യു.പി.എസ്., വടകോട്ട് ഡബ്ല്യു.എൽ.പി.എസ്. തുടങ്ങിയവ തുടർവിദ്യാഭ്യാസത്തിന് ആക്കം കൂട്ടിയ പ്രധാന സ്ഥാപനങ്ങളാണ്. ഉമ്മന്നൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യം കുറവായി അനുഭവപ്പെട്ട കമ്പംകോട് വാർഡിൽ പഞ്ചായത്ത് സ്ഥാപിച്ചു നടത്തുന്ന എൽ.പി.എസ്. വിദ്യാഭ്യാസരംഗത്തെ ഒരു പ്രധാനകണ്ണിയാണ്.

കലാസാംസ്കാരിക രംഗത്ത് ഉമ്മന്നൂർ പഞ്ചായത്ത് ആദ്യകാലം മുതൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. കഥകളി രംഗത്ത് സംഗീത ശാഖയിൽ നടക്കാവിൽ രാഘവൻപിള്ള ആശാൻ പ്രസിദ്ധനായിരുന്നു. ഉമ്മന്നൂർ പ്രദേശത്തെ ജനങ്ങളുടെ വായനാശീലം വളർത്തുന്നതിന് ശ്രീമാൻ. എള്ളുവിളയിൽ പി.എൻ. ഗോപാലപിള്ളയും എൽ.പി.എസ്. ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കൃഷ്ണപിള്ള അവർകളും മുൻകൈയെടുത്ത് സ്ഥാപിച്ചതാണ് ഉമ്മന്നൂർ വായനശാല. പുത്തൻവീട്ടിൽ ശ്രീ. രാമൻപിള്ള ചിത്രരചനാരംഗത്തെ പ്രഗത്ഭനും ചിത്രകലാകാരന്മാരുടെ ആദ്യകാല ഗുരുവും ആയിരുന്നു. ശ്രീ. ഐ. വർഗ്ഗീസ് മുൻകൈയ്യെടുത്ത് സ്ഥാപിച്ചതാണ് ഇപ്പോൾ ഉമ്മന്നൂർ സർവ്വീസ് സഹകരണബാങ്കായി മാറിയിരിക്കുന്നത്. വ്യവസായ രംഗത്ത് ആദ്യകാലപ്രവർത്തനവും തൊഴിൽസാദ്ധ്യതയും വർദ്ധിപ്പിച്ചത് പ്രമുഖ കശുവണ്ടി വ്യവസായികൾ

ആയിരുന്ന ശ്രീ. തര്യനും ശ്രീ. പാറയ്ക്കൽ ഐ. ജോർജ്ജ് അവർകളും ആണ്. കൊട്ടാരക്കര താലൂക്കിലെ പ്രസിദ്ധമായ വാളകം കന്നുകാലി ചന്ത ഈ പഞ്ചായത്തിലെ വളരെ പഴക്കമുള്ള മാട്ടുവ്യാപാരകേന്ദ്രമാണ്. ആരോഗ്യസംരക്ഷണകാര്യത്തിൽ വളരെ ശുഷ്കാന്തി പണ്ടുമുതലെ ഉണ്ടായിരുന്ന സ്ഥലമാണ് ഈ പഞ്ചായത്ത്. ചികിത്സകൾ വിഭാഗം തിരിച്ചുതന്നെ ഓരോ പ്രഗത്ഭമതികൾ നടത്തിയിരുന്നു. അവരിൽ ബാല ചികിത്സാരംഗത്ത് പ്രത്യേകം അറിയപ്പെടുന്നത് അണ്ടൂർ കുഞ്ഞിരാമൻ വൈദ്യരാണ്. കൂടാതെ ബാലചികിത്സ ഉൾപ്പെടെയുള്ള മറ്റ് ചികിത്സാരംഗങ്ങളിൽ പ്രസിദ്ധനായിരുന്നത് പൊലിക്കോട് ഗോപാലൻ വൈദ്യരാണ്. ഇദ്ദേഹത്തിന് സർക്കാർ ഗ്രാന്റ് നൽകുകയും, സർക്കാർ വൈദ്യർ എന്നറിയപ്പെടുകയും ചെയ്തു. അണ്ടൂർ കിഴക്കേ വീട്ടിൽ വൈദ്യൻ, വിലയന്തൂർ കിഴക്കേവീട്ടിൽ ശീവർഗീസ് വൈദ്യൻ, വില്ങ്ങറ കരുതിക്കോട്ട് ഉണ്ണിത്താൻ തുടങ്ങിയവർ ചികിത്സാരംഗത്ത് അറിയപ്പെട്ടിരുന്നവരും അംഗീകരിക്കപ്പെട്ടിരുന്നവരുമാണ്. വിലയന്തൂർ വർഗീസ് വൈദ്യർ ഇപ്പോഴും ജീവിച്ചിരിക്കുന്ന പ്രഗത്ഭ വൈദ്യരാണ്.

ഇനി വിഷ ചികിത്സാരംഗം നോക്കാം. അണ്ടൂർ കാവിൽ പത്മനാഭൻ നായരും കടയയ്യത്ത് ശ്രീ. നാരായണപിള്ള അവർകളും അറിയപ്പെട്ടിരുന്ന വിഷ ചികിത്സകരായിരുന്നു.

മൃഗപരിപാലനത്തിലും പണ്ടു മുതൽക്കേ ഉമ്മന്നൂരിന് പ്രാമുഖ്യമുണ്ടായിരുന്നു. അണ്ടൂർ കുഞ്ഞിരാമൻനായരും. അമ്പലക്കര വാഴവിള യോഹന്നാൻ വൈദ്യരും മൃഗ ചികിത്സാ വിദഗ്ദ്ധരായിരുന്നു.

ഭരണരംഗത്തും വികസനരംഗത്തും പല മാറ്റങ്ങളും വളർച്ചയും ക്രമാനുഗതമായി വന്നിട്ടും പഴയ പ്രതാപത്തിന്റെ ഓർമ്മയായി കൊല്ലം ഡിവിഷൻ പേഷ്കാർ രാജരാജവർമ്മ കോയിത്തമ്പുരാൻ സ്ഥാപിച്ച വാളകം കൊട്ടാരവും അതിനോടുചേർന്നുള്ളപോലീസ് ചൗക്കയും ഈ നാടിന്റെ പഴയകാല പ്രതാപസ്മരണകളാണ്.

പ്രഗത്ഭ പത്രപ്രവർത്തകൻ, പാർലമെന്റ് മെമ്പർ, പി.എസ്.സി. ചെയർമാൻ, സാഹിത്യകാരൻ, വാഗ്മി, പ്രമുഖ രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന ശ്രീ. എം.കെ. കുമാരന്റെ ജന്മഗൃഹവും അന്ത്യവിശ്രമസ്ഥാനവും ഈ പഞ്ചായത്തിലെ മേൽക്കുളങ്ങര എന്ന സ്ഥലത്താണ്. മുൻ എം.പി. യും ഡെപ്യൂട്ടി സ്പീക്കറും ഇപ്പോൾ കിളിമാനൂർ എം.എൽ.എ. യുമായ ശ്രീമതി. ഭാർഗ്ഗവിതങ്കപ്പനും ഈ പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്. ഔദ്യോഗിക രംഗത്തെ ഉന്നതസ്ഥാനിയരിൽ മുൻ ഐ.ജി. ശ്രീ.പി.ജി. അലക്സാണ്ടറും ഈ പഞ്ചായത്തിൽ ജനിച്ചു വളർന്നവരാണ്.

പരിമിതമായ സ്ഥല വിസ്തൃതിയിൽ ഉൾക്കൊള്ളിക്കുവാൻ പറ്റാത്തവിധത്തിൽ വിപുലമായ ചരിത്രപാരമ്പര്യമുള്ള ഉമ്മന്നൂരിന്റെ ചരിത്രം വളരെ ചുരുക്കിപ്പറയുമ്പോൾ കുറവുകൾ കണ്ടേക്കാമെങ്കിലും ഇന്നാടിന്റെ ഇന്നത്തെ വളർച്ചയ്ക്ക് അടിത്തറ പാകിയ മഹത്തുക്കൾക്കും അവരോടൊപ്പം സഹകരിച്ച നാട്ടുകാർക്കും വിനയത്തോടെ ആദരവ് അർപ്പിച്ചുകൊണ്ട് ഈ രേഖയിൽ പ്രത്യേകം പേരെടുത്തു പറയുവാൻ വിട്ടുപോയിട്ടുള്ള എല്ലാ സാമൂഹിക സാംസ്കാരിക നേതാക്കൾക്കും സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ടും ഉമ്മന്നൂരിന്റെ ആധുനിക വളർച്ചയും പഞ്ചായത്ത് രൂപീകരണവും ചുരുക്കി രേഖപ്പെടുത്തട്ടെ.

ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട്, പകലന്തിയോളം കൃഷിപ്പണി ചെയ്ത് കാലം പോക്കിയ കൃഷീവലന്മാർ നിറഞ്ഞ ഈ പഞ്ചായത്തിനെ ആധുനിക വളർച്ചയുടെ മടിത്തട്ടിലേയ്ക്ക് വളർത്തി ഉയർത്തിയ എല്ലാ മഹത്തുക്കൾക്കും ഈ പഞ്ചായത്തിലെ ഇന്നത്തെ ഭരണസമിതിയുടെ വിനീതമായ ആദരാഞ്ജലികൾ. ഇനിയും ഉയരത്തിലേക്ക് ആക്കി നല്ലൊരു നാളെയുടെ മനോഹരമായ

പുലരിക്കുവേണ്ടി സമർത്ഥിയുടെയും സമാധാനത്തിന്റേയും സംതൃപ്തിയുടേയും നാളേക്കുവേണ്ടി നമുക്കൊന്നിച്ച് ജനകീയാസൂത്രണത്തിലൂടെ മുന്നേറാം.

വില്ലേജ് യൂണിയനായിട്ടാണ് ഈ പഞ്ചായത്തിന്റെ ആരംഭം. വിളയിലഴികത്ത് ശ്രീമാൻ നാരായണപിള്ള, കുറ്റിലായിക്കോട്ട് ശ്രീമാൻ രാമൻപിള്ള കൃഷ്ണപിള്ള, കോടൈലിൽ കുഞ്ഞുകൃഷ്ണപിള്ള, മാവേലിത്തോട്ടത്ത് ശ്രീ. സി. പത്മനാഭൻനായർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് വില്ലേജ് യൂണിയന്റെ ഉത്ഭവം. ആദ്യകാല മിനിറ്റ്സ് 10.12.1951 മുതൽക്കുള്ളതേ ലഭ്യമായിട്ടുള്ളൂ.

**ഒന്നാം കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്ത 5 അംഗങ്ങളാണുണ്ടായിരുന്നത്.**

1. ശ്രീ. കെ. കൃഷ്ണപിള്ള (പ്രസിഡന്റ്)
2. റവ. കെ. ചാക്കോ കശ്ശീശാ (വൈസ് പ്രസിഡന്റ്)
3. കെ.ആർ. ഗോപാലപിള്ള
4. രാമൻപിള്ള
5. കെ. അയ്യപ്പൻ

ഈ കമ്മിറ്റി 1951 മുതൽ 1954വരെ തുടർന്ന് പ്രവർത്തിച്ചു.

**രണ്ടാം കമ്മിറ്റി 1954 മുതൽ 1963 വരെ പ്രവർത്തിച്ചതിൽ**

1. റവ. ചാക്കോ കശ്ശീശാ (പ്രസിഡന്റ്)
2. ജി. ശ്രീധരൻനായർ (വൈസ് പ്രസിഡന്റ്)
3. വർഗ്ഗീസ് വൈദ്യൻ
4. എം.ഡി. കൃഷ്ണനുണ്ണിത്താൻ
5. എ. കണ്ണൻ
6. യോഹന്നാൻ കുരികേശു
7. എൻ. മാധവൻപിള്ള
8. റ്റി. കുഞ്ഞുകുഞ്ഞ്

എന്നിവർ വിവിധ വാർഡുകളിൽ പ്രതിനിധീകരിച്ച് പ്രവർത്തിച്ചു. 5 വാർഡുകൾ ജനസംഖ്യാനുപാതികമായി 8 വാർഡുകളായി വിഭജിച്ചു. 1954 ൽ വില്ലേജ് യൂണിയൻ നിയമം മൂലം പഞ്ചായത്തായി മാറുകയും വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തി പഞ്ചായത്ത് കമ്മറ്റി നിലവിൽ വരികയും ചെയ്തു. ഇക്കാലത്ത് ഉമ്മന്നൂർ ജംഗ്ഷനിൽ കാണുന്ന ഇരുനില കടയുടെ മുകളിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിന് സ്ഥിര ആസ്ഥാനം നിർമ്മിക്കുവാൻ നാട്ടുകാരുടെ സഹായത്തോടെ കമ്മിറ്റി രൂപീകരിച്ച് ശക്തമായ പ്രവർത്തനം തുടങ്ങുകയുമുണ്ടായി. 1954 മുതൽ തുടർന്ന കമ്മിറ്റിഅംഗങ്ങൾ തന്നെ പഞ്ചായത്ത് നിയമം നിലവിൽ വന്നശേഷവും തെരഞ്ഞെടുക്കപ്പെടുകയും 1963 വരെ തുടരുകയും ചെയ്തു. 1963 മുതൽ 1968 വരെ നിലവിലിരുന്ന കമ്മിറ്റി

ശ്രീ. ആർ. തങ്കപ്പൻപിള്ള (പ്രസിഡന്റ്)
ശ്രീ. കെ.പി. രാഘവൻപിള്ള
ശ്രീ. എ.ഭാസ്ക്കരൻപിള്ള (20.11.66 ൽ രാജിവച്ചു)
ശ്രീ. കെ. കുട്ടൻപിള്ള
ശ്രീ. വൈ. ജോർജ്ജ്കുട്ടി
ശ്രീ. പി. നാരായണപിള്ള
ശ്രീ. കെ. ഗോപാലൻ
ശ്രീമതി. ജി. സുമതിയമ്മ
ശ്രീ. സി. തര്യയൻ
ശ്രീ. കെ.സി. ഏബ്രഹാം ((6.12.66 ൽ രാജിവച്ചു)
ശ്രീ. ഐ. ജോർജ്ജ് (20.11.96 മുതൽ)
ശ്രീ. കെ.വി. ഫിലിപ്പ് (7.12.66 മുതൽ)

1968 മുതൽ 1978 വരെ

ശ്രീ. വൈ. ജോർജ്ജ്കുട്ടി (പ്രസിഡന്റ്)
ശ്രീ. പി. നാരായണപിള്ള (വൈസ് പ്രസിഡന്റ്)
ശ്രീ. ആർ. തങ്കപ്പൻപിള്ള
ശ്രീ. കെ.വി. ഫിലിപ്പ്
ശ്രീ. ഐ. ജോർജ്ജ്
ശ്രീ. സി. തര്യയൻ
ശ്രീ. കെ. കുട്ടൻപിള്ള
ശ്രീ. കെ. ഗോപാലൻ
ശ്രീ. കെ.പി. രാഘവൻപിള്ള
ശ്രീ. ജി. സുമതിയമ്മ

1979 മുതൽ 1984 വരെ

ശ്രീ. കെ.സി. ഏബ്രഹം (പ്രസിഡന്റ്)
ശ്രീ. കെ.എസ്. രാജേന്ദ്രൻ (വൈസ് പ്രസിഡന്റ്)
ശ്രീ. എ.ഒ. ബാബു
ശ്രീ. ആർ. സുകുമാരപിള്ള
ശ്രീ. എം. വിശ്വനാഥപിള്ള
ശ്രീ. ജി. ബാലകൃഷ്ണൻ
ശ്രീ. ഐ. ജോർജ്ജ്
ശ്രീ. റ്റി.റ്റി. രാമചന്ദ്രൻ
ശ്രീ. ഓ. ബേബി
ശ്രീമതി. കുഞ്ഞമ്മാതോമസ്
ശ്രീ. എ. വർഗ്ഗീസ്

**8.2.1988 മുതൽ 30.9.1995 വരെ**

ശ്രീ. എൻ. നെഹ്റൂപിള്ള (പ്രസിഡന്റ്)
ശ്രീമതി. തങ്കമ്മ വർഗ്ഗീസ് (വൈസ് പ്രസിഡന്റ്)
ശ്രീ. പി. വാസുദേവൻപിള്ള
ശ്രീ. എ. വിശ്വംഭരൻ
ശ്രീ. പി.വി. ജോൺ
ശ്രീ. അഡ്വ. കെ. ഉണ്ണികൃഷ്ണൻനായർ
ശ്രീ. എസ്സ്. ഗോവിന്ദൻ നമ്പൂതിരി
ശ്രീ. പുരുഷോത്തമൻപിള്ള
ശ്രീ. വി. ശ്രീധരൻപിള്ള
ശ്രീ. കെ. ആലീസ്കുട്ടി
ശ്രീ. വൈ. ജോർജ്ജ്
ശ്രീ. ഗീവർഗീസ്

നിലവിലുള്ള ഇപ്പോഴത്തെ കമ്മിറ്റി അംഗങ്ങൾ

ശ്രീ. എ.ഒ. ബാബു (പ്രസിഡന്റ്)
ശ്രീ. എം. രാജേന്ദ്രൻപിള്ള (വൈസ് പ്രസിഡന്റ്)
ശ്രീമതി. ജയശ്രീ വാസുദേവൻപിള്ള
ശ്രീമതി തങ്കമ്മാ വർഗ്ഗീസ്
ശ്രീ. എൻ. നെഹ്റൂപിള്ള
ശ്രീമതി. ജെ. ലീന
ശ്രീ. കെ.എസ്. രാജേന്ദ്രൻ
ശ്രീ. കെ. പുരുഷോത്തമൻ
ശ്രീ. ഇ.കെ. അനിഷ്
ശ്രീ. ഉമ്മൻജോർജ്ജ്
ശ്രീമതി. മേരിക്കുട്ടി ഡാനിയേൽ
ശ്രീ. കെ.സി. ജോൺ അമ്പലക്കര

# ഭൂപ്രകൃതിയും ഭൂവിഭവങ്ങളും

ഒരു പഞ്ചായത്തിൽ ലഭ്യമായ എല്ലാ പ്രകൃതി വിഭവങ്ങളും എല്ലാ മാനുഷിക വിഭവങ്ങളും ശാസ്ത്രീയമായി കൂട്ടിയിണക്കി ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുകയും, ഉൽപ്പന്നങ്ങൾ എല്ലാ ജനങ്ങൾക്കുമിടയിലും സമതുലിതമായി വിതരണം ചെയ്യുകയുമാണ് ആസൂത്രണത്തിന്റെ ലക്ഷ്യം.

ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ, ജലവിഭവങ്ങൾ, മാനുഷിക വിഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള സൂക്ഷ്മമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമായാൽ മാത്രമേ സമഗ്രവികസനം സാധ്യമാകൂ.

വെട്ടിക്കവല ബ്ലോക്കിലെ ആറ് പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ വിഭിന്നമായ ഭൂരൂപങ്ങളുള്ളത് ഉമ്മന്നൂർ പഞ്ചായത്തിലാണ്. ഉമ്മന്നൂർ 'പഞ്ചായത്ത തിർത്തിയിൽ നിന്നും രണ്ട് കിലോമീറ്റർ അടുത്താണ് ആയൂർ. കൊട്ടാരക്കരയിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഉമ്മന്നൂർ പഞ്ചായത്ത് നിമ്നോന്നത ഭൂവിഭാഗമാണ്. കേരളത്തിന്റെഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഇടനാട്ടിലാണ് ഉമ്മന്നൂർ സ്ഥിതിചെയ്യുന്നതെങ്കിലും 28 ശതമാനം പ്രദേശങ്ങളും 80 മീറ്ററിന് മുകളിലാണ്. പഞ്ചായത്തിന്റെ പൊതുവായ ചെരിവ് തെക്കു നിന്നും വടക്ക് പടിഞ്ഞാറോട്ട് ആണ്. സ്ഥാനം

ഉത്തര അക്ഷാംശം 8 54 മുതൽ 8 58 30 വരെയും പൂർവ്വരേഖാംശം 76 46 മുതൽ 76 51 വരെയുള്ളതാണ് ഭൂമിശാസ്ത്രപരമായി പഞ്ചായത്തിന്റെ സ്ഥാനം.

അതിരുകൾ ഭൂപടം 1 കാണുക

വടക്ക് വെട്ടിക്കവല പഞ്ചായത്ത് (8.88 കി.മീ.) വടക്ക് പടിഞ്ഞാറ് കൊട്ടാരക്കര പഞ്ചായത്ത് (4.08 കി.മീ.) തെക്ക് പടിഞ്ഞാറ് വെളിയം പഞ്ചായത്ത് (8.52 കി.മീ.) തെക്ക് ഇളമാട് പഞ്ചായത്ത് (7.52 കി.മീ.) കിഴക്ക് ഇടമുളയ്ക്കൽ പഞ്ചായത്ത് (8.2 കി.മീ.)

ഭൂപ്രകൃതിയനുസരിച്ച് ഉമ്മന്നൂർ പഞ്ചായത്തിനെ നാലായി തിരിക്കാം (ഭൂപടം 2)

1. ഉന്നതതടം
2. ചെരിവുകൂടിയ പ്രദേശങ്ങൾ
3. ചെരിവു പ്രദേശങ്ങൾ
4. താഴ്‌വരകൾ

ഇവ ഓരോ വിഭാഗത്തിന്റെയും വിസ്തൃതിയും ശതമാനവും താഴെക്കൊടുക്കുന്നു.

CESS REPORT

| ഭൂരൂപങ്ങൾ | വിസ്തൃതി(ഹെക്ടർ) | ശതമാനം |
|---|---|---|
| ഉന്നതതടം | 460 | 13.4 |
| ചെരിവുകൂടിയ പ്രദേശങ്ങൾ | 85 | 2.5 |
| ചെരിവുപ്രദേശങ്ങൾ | 2145 | 62.3 |
| താഴ്‌വരകൾ | 753 | 21.8 |
| ആകെ | 3443 | 100 |



ഭൂപടം.1
വാർഡുകൾ
76° 48'
76° 50'
8° 57'
8° 55'
N
0
1 KM
പഞ്ചായത്ത് അതിർത്തി
റോഡുകൾ
വാർഡ് അതിര്
പഞ്ചായത്ത് ആഫീസ്
അവലംബം: വിഭവഭൂപടം, CESS


ഭൂരൂപങ്ങൾ
N
ചെരിവു പ്രദേശങ്ങൾ
ചെരിവ് കൂടിയ പ്രദേശങ്ങൾ
ചെരിവിന്റെ ദിശ
8° 51'
8° 55'
8° 57'
76° 48'
76° 50'
അവലംബം; PRM, CESS

### ഉന്നതതടം

ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളാണിവ. പഞ്ചായത്തിന്റെ എല്ലാഭാഗത്തും തന്നെ ഉയരം കൂടിയ പ്രദേശങ്ങൾ കാണാം. തേവന്നൂർ, ആയൂർ തോടിനും കുളത്തിത്തോടിനും ഇടയിലായി ഏതാണ്ട് മധ്യഭാഗത്തുകൂടി ഉയർന്ന നിരകൾ കാണാം. ഉമ്മന്നൂർ അമ്പലക്കര വാർഡുകളുടെ മധ്യഭാഗങ്ങൾ, നെല്ലിക്കുന്നത്തിന് കിഴക്കുവശം, വിലങ്ങറ വാർഡിന് തെക്ക്, നെല്ലിക്കുന്നത്തിന് വടക്ക് കിഴക്ക്, അമ്പലക്കര വാർഡുകളുടെ മധ്യഭാഗങ്ങൾ, കമ്പംകോട്.

നീലമല, പേറയ്ക്കു വടക്കുഭാഗങ്ങൾ, തിരവട്ടൂർ കോളനി തുടങ്ങിയവ ഇതിൽപ്പെടുന്നു. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ ഭാഗമായ നീലമല സ്ഥിതി ചെയ്യുന്നത് അമ്പലക്കര പന്ത്രണ്ടാം വാർഡിലാണ്. ഇതിന്റെ ഉയരം 163 മീറ്റർ ആണ്. പറങ്കിമാവേ മുകളിന് തെക്കുപടിഞ്ഞാറ് കാണുന്ന ദേവക്കോട്ടുമല (200), ഐക്കരമല (175), വടക്കോട്ടു പള്ളിമുക്കിന് കിഴക്കുള്ള താമരമല (300), നിരപ്പുവിളയ്ക്ക് തെക്ക് വേലുമല (300), ആയിരവല്ലി നരിവമല (325), അമ്പലക്കരയ്ക്ക് പടിഞ്ഞാറ് പനയരമല (325), ചേപ്പിലോടിന് വടക്ക് സിറങ്കോട്ടുമല (125), ഉമ്മന്നൂരിനു കിഴക്ക് വുടിയൻമല, വാളകം സ്റ്റേഷൻ മുക്കിന് കിഴക്ക് വെറ്റേലിമല (175) തുടങ്ങി പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 13.4 ശതമാനം ഈ മേഖലയിൽപ്പെടുന്നു.

### 2. ചെരിവുകൂടിയ പ്രദേശങ്ങൾ

ഈ വിഭാഗങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗത്താണ് കാണുന്നുണ്ടെങ്കിലും കൂടുതലായും പഞ്ചായത്തിന്റെ മധ്യഭാഗത്തു നിന്നും, പടിഞ്ഞാറോട്ടുള്ള ഭാഗങ്ങളാണ്. അമ്പലക്കര, കമ്പംകോട്, നീലിമല ഭാഗങ്ങൾ, ചുങ്കത്തറയ്ക്ക് കിഴക്കുഭാഗം, നിരപ്പുവിളയ്ക്ക് വടക്ക്, വടകോടിന് വടക്ക് ഭാഗങ്ങൾ തുടങ്ങിയവയാണ്.

### 3. ചെരിവുപ്രദേശങ്ങൾ

ഉന്നത തടത്തിനും താഴ്വരയ്ക്കും ഇടയ്ക്കുള്ള ഭാഗങ്ങളാണിവ. ഉമ്മന്നൂർ പഞ്ചായത്തിൽ കൂടുതലായും ചെരിവുപ്രദേശങ്ങളാണ്. ചെരിവു താരതമ്യേന കൂടിയ പ്രദേശങ്ങളായ എം.സി. റോഡിന് പടിഞ്ഞാറ് വശങ്ങൾ, നെല്ലിക്കുന്നം ചെപ്ര റോഡിന് തെക്കുഭാഗം, അണ്ടൂർ ജംഗ്ഷന് കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ , പട്ടേരി ജംഗ്ഷന് വടക്കും തെക്കും, കൊട്ടാരക്കര ഓയൂർ റോഡിന് കിഴക്കുഭാഗങ്ങൾ ഇവയാണ്. ഇവ പഞ്ചായത്തിന്റെ 62.3 ശതമാനം വരുന്നു.

### 4. താഴ്വരകൾ

എം.സി. റോഡിന് സമാന്തരമായി കുളത്തിതോട് ഒഴുകുന്ന ഭാഗങ്ങൾ, തേവന്നൂർ ആയൂർ തോടിന്റെ ഭാഗങ്ങൾ, ചുങ്കത്തറ നെല്ലിക്കുന്നം റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് സമാന്തരമായി കാണുന്ന പ്രദേശങ്ങൾ, ചുങ്കത്തറയിൽ നിന്നും വിലങ്ങറയ്ക്ക് കാണുന്ന പാടങ്ങൾ, പട്ടേരിക്കാവിന് സമീപത്ത് കാണുന്ന ഏലകൾ, പൊലിക്കോടിന് പടിഞ്ഞാറ്ഭാഗം തുടങ്ങിയവയാണ് താഴ്വരകളിൽപ്പെടുന്നത്. മറ്റ് പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ താഴ്വരകളിലും റബ്ബർ കൃഷി ചെയ്യുന്നുണ്ട്.

ചെരിവുകളെ തരംതിരിക്കുന്ന രീതി അനുസരിച്ച് (Went worth Method) ഉമ്മന്നൂർ പഞ്ചായത്തിനെ (ഭൂപടം 3)

1. ചെരിവുകുറഞ്ഞ പ്രദേശങ്ങൾ
2. ഇടത്തരം ചെരിവുപ്രദേശങ്ങൾ
3. ചെരിവുകൂടിയ പ്രദേശങ്ങൾ
4. ചെരിവു വളരെക്കൂടിയ പ്രദേശങ്ങൾ

എന്നിങ്ങനെ തരംതിരിക്കാം.

ഇവയിൽ ഓരോ വിഭാഗത്തിന്റേയും വിസ്തൃതി താഴെ ചേർക്കുന്നു.


ചിത്രം. 3
ചെരിവ്
N
MTS
0 500 1500
76°48'
76°50'
8° 57'
8° 55'
ചെരിവ് വളരെക്കൂടിയ പ്രദേശങ്ങൾ
ചെരിവ് കൂടിയ പ്രദേശങ്ങൾ
ഇടത്തരം ചെരിവ് പ്രദേശങ്ങൾ
ചെരിവ് കുറഞ്ഞ പ്രദേശങ്ങൾ
അവലംബം: വിഭവഭൂപടം, CESS

CESS REPORT

| ചെരിവുമേഖലകൾ | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|
| ചെരിവുകുറഞ്ഞ പ്രദേങ്ങൾ | 304 | 8.8 |
| ഇടത്തരം ചെരിവു പ്രദേശങ്ങൾ | 973 | 28.2 |
| ചെരിവുകൂടിയ പ്രദേശങ്ങൾ | 1643 | 47.7 |
| ചെരിവു വളരെ കൂടിയ പ്രദേശങ്ങൾ | 523 | 15.3 |
| ആകെ | 3443 | 100 |

നിമ്നോന്നതയെ അടിസ്ഥാനമാക്കി ഉമ്മന്നൂർ പഞ്ചായത്തിനെ നാലായി തരംതിരിക്കാം (ഭൂപടം 4)

1. 40 മീറ്ററിൽ താഴെ
2. 40 മുതൽ 80 മീറ്റർ വരെ
3. 80 മുതൽ 100 മീറ്റർ വരെ
4. 100 മീറ്ററിന് മുകളിൽ

ഇവയിൽ ഓരോ മേഖലകളുടേയും വിസ്തീർണ്ണം പട്ടിക രൂപത്തിൽ താഴെക്കൊടുക്കുന്നു.

CESS REPORT

| നിമ്നോന്നതാമേഖലകൾ | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| 40 മീറ്ററിൽ താഴെ | 548 | 16 |
| 40 മുതൽ 80 മീറ്റർ വരെ | 1604 | 46 |
| 80 മുതൽ 100 മീറ്റർ വരെ | 946 | 28 |
| 100 മീറ്ററിനു മുകളിൽ | 345 | 10 |
| ആകെ | 3443 | 100 |


ഭൂപടം.4
76°48'
76°50'
നിമ്നോന്നത ഭൂപടം
N
0 500 1000 1500 MTS
സൂചിക
ഉന്നതി മീറ്ററിൽ
40 മീറ്ററിൽ താഴെ
40-80
80-100
100 മീറ്ററിനു മുകളിൽ
അവലംബം: PRM, CESS
76°48'
76°50'

1. 40 മീറ്ററിൽ താഴെ

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി 40 മീറ്ററിൽ താഴെ വരുന്ന പ്രദേശങ്ങൾ പ്രത്യേകിച്ചും പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗങ്ങളാണ്. നെല്ലിക്കുന്നം, മടത്തിയറ, കൊച്ചാലുംമൂട്, വിലങ്ങറ ഏലാഭാഗങ്ങൾ, പയിങ്ങയിൽ ജംഗ്ഷന് കിഴക്കുഭാഗം, പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് അതിർത്തിയോട് ചേർന്നുള്ള ഭാഗങ്ങൾ എന്നിവയാണ്. ഇവ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 16 ശതമാനം വരുന്നു.

2. 40 മുതൽ 80 മീറ്റർ വരെ

പഞ്ചായത്തിന്റെ കിഴക്കുഭാഗങ്ങൾ പ്രത്യേകിച്ചും എം.സി.റോഡിന് സമാന്തരമായി കാണുന്നു.(നെല്ലിക്കുന്നം, വിലയന്തൂർ വാർഡുകളിൽ 80 മീറ്ററിന് മുകളിൽ ഉയരമുള്ള പ്രദേശങ്ങൾ വളരെ വിരളമാണെങ്കിലും നെല്ലിക്കുന്നം ജംഗ്ഷന് പടിഞ്ഞാറ് ഭാഗമായി ഒരു പ്രദേശമുണ്ട്. വാളകം, അണ്ടൂർ, വയയ്ക്കൽ, കമ്പംകോട് വാർഡുകളുടെ ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെടുന്നു)

3. 80 മുതൽ 100 മീറ്റർ വരെ

വടക്കേ അമ്പലക്കര, തെക്കേ അമ്പലക്കര അണ്ടൂർ വാർഡിന് തെക്ക് പടിഞ്ഞാറ് ഭാഗങ്ങൾ, ഉമ്മന്നൂർ വിലങ്ങറ വാർഡിന് കിഴക്കുഭാഗം, നെടുമൺകാവിന് തെക്കും കിഴക്കും ഭാഗങ്ങൾ ഈ വിഭാഗത്തിപ്പെടുന്നു. ഈ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 28 ശതമാനം വരുന്നു.

4. 100 മീറ്ററിന് മുകളിൽ

ഉമ്മന്നൂർ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളാണിവ. തേവന്നൂർ, ആയൂർ തോടിന് കിഴക്കുഭാഗങ്ങൾ, ഉമ്മന്നൂരിന് തെക്ക് കിഴക്ക് ഭാഗങ്ങൾ, തെക്കേ അമ്പലക്കര വാർഡിന് വടക്ക് കിഴക്ക്. അമ്പലക്കര ജംഗ്ഷന് സമീപപ്രദേശങ്ങൾ നിരപ്പുവിള തെക്ക് കിഴക്ക് ഭാഗങ്ങൾ, അമ്പലക്കര എൽ.പി.എസിന് പടിഞ്ഞാറ് ഭാഗം, പേറയ്ക്ക് പടിഞ്ഞാറ് ഇടത്തിംഗൽ എന്നിവ ഈ മേഖലയിൽപ്പെടുന്നു.

## കാലാവസ്ഥ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം പ്രദേശത്തിന്റെ സ്ഥാനം, കിടപ്പ്, സമുദ്രസാമിപ്യം, അക്ഷാംശം എന്നിവയാണ് കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ. ഊഷ്മാവ്, മർദ്ദം, ആപേക്ഷിക ആർദ്രത, വർഷപാതം, കാറ്റ് എന്നിവയാണ് കാലാവസ്ഥയുടെ പ്രധാന ഘടകങ്ങൾ.

ഉമ്മന്നൂർ പഞ്ചായത്തിൽ മിതമായ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. തെക്കൻ ഇടനാട് കാർഷികകാലാവസ്ഥയിലാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. 1992 മുതൽ 1995 വരെ അനുഭവപ്പെട്ട മഴയുടെയും താപനിലയുടേയും അളവു പരിശോധിച്ചാൽ ജനുവരി മുതൽ ഏപ്രിൽ വരെയാണ് കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയാണ് ചൂട് കുറവ് അനുഭവപ്പെടുന്നത്.

**കൂടിയ താപനില - ഡിഗ്രി സെൽഷ്യസിൽ**

| YEAR | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|
| 1992 | 30.4 | 31.1 | 31.9 | 32.5 | 31.8 | 28.6 | 27.4 | 28.2 | 29.6 | 29.1 | 28.2 | 30.7 |
| 1993 | 31.7 | 34.2 | 34.5 | 33.2 | 32.2 | 30.2 | 29.2 | 29.0 | 31.2 | 31.4 | 30.2 | 29.6 |
| 1994 | 32.4 | 34.0 | 33.8 | 31.9 | 31.4 | 29.0 | 28.9 | 30.2 | 30.3 | 29.3 | 29.4 | 30.6 |
| 1995 | 32.4 | 33.1 | 33.2 | 32.7 | 31.2 | 28.5 | 27.6 | 29.8 | 27.8 | 28.9 | 29.2 | 30.2 |

സാമാന്യം നല്ലതോതിൽ മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും 92 മുതൽ 96 വരെയുള്ള കാലയളവിൽ 1992, 1993 വർഷങ്ങളിൽ രേഖപ്പെടുത്തിയ ഉയർന്ന വർഷപാതം 1994,1995,1996 എന്നീ വർഷങ്ങളിൽ ലഭിച്ചിട്ടില്ല. ഈ വർഷങ്ങളിൽ മഴയുടെ അളവ് കുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. 1992 മുതൽ 1995 വരെയുള്ള വർഷപാതം താഴെക്കൊടുക്കുന്നു. (ചിത്രം1)




തയ്യാറാക്കിയത്. PRM, CESS

ചിത്രം.1

1995 ലഭിച്ച താപനിലയുടേയും വർഷപാതത്തേയും താരതമ്യപ്പെടുത്തിയാൽ (ചിത്രം 2)



ചിത്രം 2

ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ മഴ കൂടുതലായിരുന്നുവെന്ന് കാണാം. മറ്റ് മാസങ്ങളിൽ താപനിലയാണ് കൂടുത ലായിരിക്കുന്നതെന്ന് മനസിലാക്കാം.

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലയളവിലാണ് പഞ്ചായത്തിൽ കൂടുതൽ മഴ ലഭിച്ചുവരുന്നത്. വടക്കു കിഴക്കൻ മൺസൂൺ കാലത്തും മിതമായ തോതിൽ മഴ ലഭിക്കുന്നുണ്ട്.

വർഷപാതവും ഊഷ്മാവും പോലെ കാലവസ്ഥയുടെ മറ്റൊരു പ്രധാന ഘടകമാണ് ആപേക്ഷികാർദ്രത. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ജലബാഷ്പമാണ് ആർദ്രത. വായുവിന് ഉൾക്കൊള്ളാൻ കഴിയുന്ന ആകെ ഈർപ്പത്തിന്റെ എത്ര ശതമാനം

യഥാർത്ഥത്തിൽ അടങ്ങിയിരിക്കുന്നുവെന്ന് പറയുന്നതാണ് ആപേക്ഷികാർദ്രത. 1994ൽ പഞ്ചായത്തിലനുഭവപ്പെട്ട ആപേക്ഷികാർദ്രതയുടെ അളവ് താഴെക്കൊടുക്കുന്നു.

| വർഷം | സമയം | മാസങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | J | F | M | A | M | J | J | A | S | O | N | D |
| 1994 | 0830hrs | 90 | 92 | 92 | 91 | 88 | 94 | 94 | 97 | 93 | 93 | 91 | 88 |
| | 1730hrs | 60 | 61 | 57 | 69 | 70 | 79 | 82 | 78 | 69 | 82 | 71 | 59 |

അന്തരീക്ഷ ഈർപ്പം ഈ കാലയളിവിൽ കൂടുതലുള്ളത് ജൂൺ ജൂലൈ ആഗ്സറ്റ് മാസങ്ങളിലാണ്.

## ജലവിഭവങ്ങൾ

പ്രധാനമായും രണ്ട് തരത്തിലുള്ള ജലസ്രോതസുകളാണ് ഇവിടെയുള്ളത്. ഉപരിതല ജലസ്രോതസും, ആർദ്രജലസ്രോതസും, തോടുകൾ, കുളങ്ങൾ, നീരുറവ, കിണറുകൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസുകൾ. ഇവയിലെ എല്ലാം തന്നെ ജലലഭ്യത മഴയെ ആശ്രയിച്ചാണിരിക്കുന്നത്. കാലവർഷത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ജലലഭ്യതയിലും വ്യത്യാസമുണ്ടായുന്നു.

വളരെ കുറച്ചുതൊടുകൾ മാത്രമേ ഉമ്മന്നൂർ പഞ്ചായത്തിൽ നിന്നും ഉത്ഭവിക്കുന്നുള്ളൂ. ഇത്തിക്കര ആറിന്റെ കൈവഴികളാണ് പഞ്ചായത്തിലെ തോടുകൾ. പഞ്ചയാത്തിന്റെ കിഴക്കേ അതിർത്തിയികൂടി ഒഴുകുന്ന കുളഞ്ഞിതോടിലും വടക്കുപടിഞ്ഞാറ് കൂടി ഒഴുകുന്ന നെല്ലിക്കുന്നം വിലയന്തൂർ തോടിലുമാണ് എല്ലാ കാലത്തും ജലലഭ്യതയുള്ളത്. തേവന്നൂർ ആയൂർ തോട്, ഉമ്മന്നൂർ വിലയന്തൂർ തോട് എന്നിവയാണ് മറ്റ് പ്രധാന തോടുകൾ.

പഞ്ചായത്തിന്റെ വിഭിന്ന ഭൂപ്രകൃതി കാരണം ജലനിർവാഴ്ച ശേഷി കുറഞ്ഞ പ്രദേശങ്ങളാണ് കൂടുതലായുള്ളത്. പഞ്ചായത്തിലെ പ്രധാന തോടുകളും അവയുടെ നീളവും താഴെക്കൊടുക്കുന്നു. (ഭൂപടം 5)

തോടുകൾ

CESS REPORT

| തോടുകളുടെ പേര് | നീളം (കി.മീ.) |
|---|---|
| 1. നെല്ലിക്കുന്നം വിലങ്ങറ തോട് | 7.0 |
| 2. ഉമ്മന്നൂർ വിലയന്തൂർ തോട് | 6.25 |
| 3. തേവന്നൂർ ആയൂർ തോട് | 5.75 |
| 4. കുളഞ്ഞിത്തോട് | 14.50 |
| ആകെ തോടുകളുടെ നീളം | 33.50 |


ഭൂപടം 5
നീർമറി പ്രദേശങ്ങൾ
76° 48'
76° 50'
8° 57'
8° 56'
N
MTS
0
500
1000
1500
① നെല്ലിക്കുന്നം വിലങ്ങറ തോട്
② ഉമ്മന്നൂർ വിലങ്ങറ തോട്
③ തേവന്നൂർ ആയൂർ തോട്
④ ഇളമാട് തോട്
തോടുകൾ
നീർമറി പ്രദേശത്തിന്റെ അതിര്
അവലംബം, വിഭവഭൂപടം, CESS

ചെരിവുകൂടിയ പ്രദേശങ്ങൾ ധാരാള മുള്ളതിനാൽ പ്രദേശത്ത് ലഭിക്കുന്ന ജലം വെറുതെ പാഴായിപ്പോകുന്നു. ഇവിടുത്തെ പാടങ്ങളിൽ രണ്ട് കൃഷി മാത്രമാണ് ചെയ്യുന്നത്. എന്നാൽ നീർമറി പ്രദേശവികസന പദ്ധതി നടപ്പിലാക്കിയാൽ ഒരളവുവരെ ഒഴുകി പോകുന്ന ജലം സംഭരിക്കാനും തന്മൂലം പഞ്ചയാത്തിലെ ജലലഭ്യതയുടെ അളവ് ഉയർത്താനും, ജലപീഠം ഉയർത്താനും കഴിയും.

അടുത്തടുത്തുള്ള രണ്ട് നീരൊഴുക്ക് തടങ്ങളെ തമ്മിൽ വേർതിരിക്കുന്ന ഉന്നത പ്രദേശങ്ങളാണ് നീർമറി പ്രദേശങ്ങൾ. പഞ്ചായത്തിലെ പ്രധാന നീർമറി പ്രദേശങ്ങളേയും അവയിൽ ഉൾപ്പെടുന്ന ഭൂരൂപങ്ങളുടെ/ഉ് വിസ്തൃതിതി

CESS REPORT

| നീർമറി പ്രദേശങ്ങൾ | | | | | |
|---|---|---|---|---|---|
| നീർമറി പ്രദേശത്തിന്റെ പേര് | ഭൂരൂപങ്ങൾ (ഹെക്ടറിൽ) | | | | |
| | ഉന്നതതടം | ചെരിവുകൂടിയ പ്രദേശങ്ങൾ | ചെരിവു പ്രദേശങ്ങൾ | താഴ്‌വരകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) |
| 1. നെല്ലിക്കുന്നം വിലങ്ങറ തോട് | 100 | 15 | 396 | 148 | 659 |
| 2. ഉമ്മന്നൂർ വിലയന്തൂർ തോട് | 152 | 70 | 1136 | 260 | 1618 |
| 3. തേവന്നൂർ ആയൂർ തോട് | 46 | ഇല്ല | 157 | 92 | 295 |
| 4. കുളഞ്ഞിത്തോട് | 162 | ഇല്ല | 456 | 253 | 871 |
| ആകെ | 460 | 85 | 2145 | 753 | 3443 |

താഴെക്കൊടുക്കുന്നു.

ചെരിവു പ്രദേശങ്ങളിൽ ബണ്ടുകൾ കെട്ടിയും കുഴികൾ കുഴിച്ചും ജലം ഊർന്നിറങ്ങാനുള്ള അവസരം ഉണ്ടാക്കി ജലലഭ്യത കൂട്ടാവുന്നതാണ്. ജലസേചനത്തിനുള്ള മറ്റൊരു പ്രധാന ഉപാധി കനാലുകളാണ്. നദിക്ക് കുറുകെ കെട്ടിയിട്ടുള്ള അണകളിൽ നിന്ന് കനാലുകൾ വഴി വെള്ളം തിരിച്ചു വിട്ടിട്ടാണ് പ്രധാനമായും നദികളിൽ നിന്ന് ജലസേചനം നടത്തുന്നത്.

നെല്ലിക്കുന്നം, വിലയന്തൂർ, വിലങ്ങറ, നെടുമൺകാവ് വാർഡുകളിൽ കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി കനാലുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ജലം എല്ലാ കാലത്തും കനാലുകളിൽ കൂടി കിട്ടുന്നുണ്ട്.

| | |
|---|---|
| കനാലുകളുടെ വിവരം താഴെക്കൊടുക്കുന്നു. | |
| 1. ഇടതുകര മെയിൽ കനാൽ | 1 കി.മീ. |
| 2. ഓയൂർ (ബ്രാഞ്ച്) | 6.50 കി.മീ. |
| സബ് കനാലുകൾ | |
| 1. നെല്ലിക്കുന്നം<br>2. വിലങ്ങറ | 4.50 കി.മീ.<br>4.00 കി.മീ. |

എന്നാൽ ഈ കനാലുകളിൽ ജലത്തിന്റെ അളവ് കൂടിയാൽ അത് തിരിച്ചുവിടാൻ സംവിധാനം ഇല്ലാത്തതിനാൽ പലപ്പോഴും ജലം ക്രമാതീതമായി വർദ്ധിക്കുന്നു. തോടുകൾക്ക് പുറമേ നീരുറവകളിൽ നിന്നും ചെറിയ തോതിൽ ജലം ലഭിക്കുന്നു. ഭൂമിക്കുള്ളിൽ ഉത്ഭവിച്ച് ബാഹ്യപ്രേരണകളില്ലാതെ സ്വയം ബഹിഗർമിക്കുന്ന ജലമാണ് നീരുറവ. വയയ്ക്കൽ വാർഡിൽ പെരുമ്പള്ളിൽ വാതുക്കൽ കുളത്തിന് സമീപമായി ഒരു നീരുറവ കാണുന്നു. ഉമ്മന്നൂർ വാർഡിൽ ആറായിക്കോണത്ത് കാവും ഊറ്റുകുഴിയും, അമ്പലക്കര വടക്കേ വാർഡിൽ പനയറ, ഇരുകുന്നം കുളപ്പാറ ഊറ്റുകുഴിയും ടി പഞ്ചായത്തിലെ ചെറിയ മറ്റു നീരുറവകളാണ്.

ഉമ്മന്നൂർ പഞ്ചായത്തിൽ ചെറുതും വലുതുമായി പ്രധാനപ്പെട്ട 21



കിണറുകൾ
0 1 KM
I
II
III
IV
V
VI
VII
VIII
IX
X
XI
XII
0
100
200
300
400
500
600
700
കിണറുകളുടെ എണ്ണം
വാർഡുകൾ
വറ്റാത്ത കിണറുകൾ
വറ്റുന്ന കിണറുകൾ
PRM.CESS


ചിത്രം-3

കുളങ്ങളുണ്ട്. ഇവിടെ പൂർണ്ണമായി വറ്റിപ്പോകുന്ന കുളങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിലെ കുളങ്ങളുടെ പേരും അവ സ്ഥിതി ചെയ്യുന്ന വാർഡിന്റെ വിവരവും താഴെക്കൊടുക്കുന്നു.

CESS REPORT

| വാർഡ് | കുളത്തിന്റെ പേര് |
|---|---|
| 1 | 1. മാത്തങ്കോട് കാവുംകുളം |
| 2 | 2. വിലങ്ങറ ക്ഷേത്രക്കുളം |
| | 3. വിലങ്ങറ ഉടയൻകാവ് കുളം |
| 3 | 4. വിലങ്ങറ കിഴക്കേക്ഷേത്രകുളം |
| | 5. ഐക്കോട്ടുകോണത്ത് ചിറ |
| 5. | 6. ഉമ്മന്നൂർ ചിറ |
| | 7. കുറ്റിക്കാട്ടുംകോണത്തു ചിറ |
| | 8. കുമ്പ്രോംക്കോണത്തുകുളം |
| | 9. ചെറുവള്ളൂർ കുളം |
| | 10. മംഗലത്ത് ഏലാകുളം |
| | 11. അഞ്ചുമൂർത്തിക്ഷേത്രകുളം |
| 6 | 12. തേവന്നൂർ ചിറ |
| 7 | 13. വയണമൂലക്കുളം |
| | 14. അരികോട്ടുതലക്കുളം |
| | 15. ചോംപ്പിലോട്ടു തലക്കുളം |
| 8 | 16. പൊലിക്കോട് ചിറ |
| | 17. പെരുമ്പള്ളിൽവാതുക്കൽകുളം |
| 9 | 18. അണ്ടൂർചിറ |
| | 19. മരങ്ങാട്ടുകോണം കുളം |
| | 20. നെടുമ്പാക്കൽകുളം |
| 11 | 21. നെല്ലിത്താനത്ത് വാതുക്കൽ ചിറ |
| 12 | 22. അമ്പലക്കര ഇരുകുന്നത്തുകുളം |

ഗാർഹിക ആവശ്യത്തിനായി ജനങ്ങൾ കൂടുതലായും ആശ്രയിക്കുന്നത് കിണറുകളെ ആണ്. പഞ്ചായത്തിലെ സന്നദ്ധസേവകരുടെ സർവ്വേ പ്രകാരം ആകെ 5781 കിണറുകളാണ് ഉള്ളത്. ഇതിൽ 1396 കിണറുകൾ വറ്റുന്നവയാണ്. കിണറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ പട്ടികാ രൂപത്തിൽ കൊടുത്തിരിക്കുന്നു. (ചിത്രം 3)

| കിണറുകളുടെ വിവരങ്ങൾ | | |
|---|---|---|
| വാർഡ് | വറ്റുന്നവ | വറ്റാത്തവ |
| 1 | 109 | 250 |
| 2 | 145 | 400 |
| 3 | 70 | 550 |
| 4 | 180 | 204 |
| 5 | 40 | 350 |
| 6 | 80 | 240 |
| 7 | 72 | 385 |
| 8 | 65 | 610 |
| 9 | 150 | 408 |
| 10 | 140 | 300 |
| 11 | 170 | 280 |
| 12 | 175 | 408 |

തേവന്നൂർ, കമ്പംകോട്, വയയ്ക്കൽ എന്നീ വാർഡുകളിൽ പൈപ്പുവഴി കുടിവെള്ളം എത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ സമയത്തും പൈപ്പിൽ കൂടി വെള്ളം ലഭിക്കാറില്ല.

## മണ്ണ്

അലൂവിയൽ മണ്ണ്, ലാറ്ററേറ്റ് (ചെങ്കൽ മണ്ണ്) എന്നീ പ്രധാനമായും രണ്ട് തരത്തിലുള്ള മണ്ണാണ് കാണപ്പെടുന്നതെങ്കിലും കുന്നിൻപുറങ്ങളിൽ ചില ഭാഗങ്ങളിൽ വനമണ്ണ് കാണപ്പെടുന്നു. (ഭൂപടം 6)

### ലാറ്ററൈറ്റ് (ചെങ്കൽമണ്ണ്)

പഞ്ചായത്തിൽ താഴ്വരകളിലൊഴികെ മറ്റ് എല്ലാ സ്ഥലങ്ങളിലും ഇത്തരത്തിലുള്ള മണ്ണ് കാണപ്പെടുന്നു. അമ്ല സ്വഭാവമുള്ള പാറകൾക്ക് വിവിധ ബാഹ്യകാരക ശക്തികൾ മുഖേനയും രാസായനികമായും അപക്ഷയം സംഭവിച്ചാണ് ഇത്തരത്തിലുള്ള മണ്ണ് ഉണ്ടാകുന്നത്. ചരലും, മണ്ണും ഇടകലർന്ന് ചെങ്കൽ നിറത്തിലാണ് ഈ മണ്ണ് കാണപ്പെടുന്നത്.

### എക്കൽ മണ്ണ് (അലൂവിയൽ മണ്ണ്)

പഞ്ചായത്തിലെ പാടശേഖരങ്ങളിലും താഴ്വരകളിലുമാണ് ഇത്തരത്തിലുള്ള മണ്ണ് കാണുന്നത്. പഞ്ചായത്തിന്റെ കിഴക്കും, തെക്കുകിഴക്കും ഭാഗങ്ങൾ, പടിഞ്ഞാറ് തുടങ്ങി തോടുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഭാഗങ്ങളിൽ ഈ മണ്ണ് കാണാം. ഇത് ജൈവാംശങ്ങളും നൈട്രജനും, പൊട്ടാസ്യവും ധാരാളം അടങ്ങിയ ഫലഭൂയിഷ്ടിയുള്ള മണ്ണാണ്.

### വനമണ്ണ്

ഈ മണ്ണിന്റെ ഉപരിഭാഗം വിവിധ ചെടികളുടെ ജൈവപദാർത്ഥങ്ങൾ വീണടിഞ്ഞതാണ്. നൈട്രജൻ ധാരാളം ഉണ്ടെങ്കിലും വെള്ളം ഉപരിതലത്തിൽ നിന്നും വാർന്നുപോകുന്നതിനാൽ ആവശ്യത്തിനുള്ള വെള്ളം ലഭിക്കുന്നില്ല. റബ്ബർ കൃഷി ചെയ്യുവാൻ വേണ്ടി സ്വാഭാവിക മരങ്ങളെ വെട്ടിത്തെളിച്ചതുമൂലം ഈ മണ്ണ് ലാറ്ററേറ്റീകരണത്തിന് വിധേയമാകുന്നു.

പഞ്ചായത്തിലെ 12-ാം വാർഡിലെ നീലമലകുന്ന്, അമ്പലക്കര എന്നീ പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള മണ്ണ് കാണുന്നു.

## പാറകൾ

ഉമ്മന്നൂർ പഞ്ചായത്തിൽ പാറകൾ ഇല്ലാത്ത വാർഡുകൾ ഇല്ലെന്നുതന്നെ പറയാം. കൃഷ്ണശിലയും, വെള്ളപ്പാറ, മണ്ണുക്കല്ല് എന്നുവിളിക്കപ്പെടുന്ന വിവിധതരം പാറകളാണ് കാണപ്പെടുന്നത്. അമ്പലക്കര, വിലങ്ങറ നെടുമൺകാവ് ഭാഗങ്ങളിൽ കൃഷ്ണശില വിഭാഗത്തിൽപ്പെട്ട പാറകളുടെ വൻശേഖരമുണ്ട്. കമ്പംകോട് ഭാഗത്ത് വെള്ളപ്പാറകളുടെ വലിയ


ചിത്രം. 6
മണ്ണ്
76° 48'
76° 50'
8° 57'
8° 55'
അലൂവിയൽ മണ്ണ്
ലാറ്ററൈറ്റ്
പാറകൾ
ആധാരം: PRH, CESS

സമ്പത്ത് തന്നെയുണ്ട്. അണ്ടൂർ ഭാഗത്ത് വൻതോതിൽ പാറകൾ കാണുന്നുണ്ടെങ്കിലും അവയിൽ ഒരു വലിയ വിഭാഗം ചൂഷണം ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രധാനപ്പെട്ട പാറകളുടെ പേരും അത് ഏത് വാർഡിൽ ഉൾപ്പെടുന്നുവെന്നും പട്ടികരൂപത്തിൽ രേഖപ്പെടുത്തുന്നു.

CESS REPORT

| വാർഡ് | പാറകളുടെ പേര് |
|---|---|
| 1 | തുടന്തലപ്പാറ |
| 2 | മൈലാടുംപെറയ്ക ഉരക്കത്തുപാറ |
| 4 | ചാത്തൻ പാറ, മുതുവപാറ, മുഴിയിൽപാറ, എലിമുള്ളിൻപാറ |
| 5 | മാടൻപാറ |
| 6 | മേൽക്കുളങ്ങര പാറ |
| 7 | ആയിരവല്ലിപാറ |
| 9 | കുന്നുപുറം (മരങ്ങാട്) വയ്ക്കോട്ടൂർ (സ്വാമി പാറ) |
| 12 | പത്തായപ്പാറ, ആയിരവല്ലിപ്പാറ, ചെന്നാൽപ്പാറ, കടുവാപ്പാറ, ചെറുകൊട്ടപ്പാറ |
| | ഇവയാണ് പഞ്ചായത്തിലെ പ്രധാന പാറകൾ |

വിലങ്ങറ, മേൽക്കുളങ്ങര, അമ്പലക്കര, കമ്പംകോട് ഭാഗം എന്നിവിടങ്ങളിൽ കറുത്ത നിറത്തിലുള്ള മണ്ണും കാണപ്പെടുന്നു.

ഭൂവിനിയോഗം

തെക്കൻ ഇടനാടൻ കാർഷിക കാലാവസ്ഥാ മേഖലയിലാണ് ഉമ്മന്നൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഉമ്മന്നൂർ, വാളകം എന്നീ വില്ലേജുകളിലായി 3461 ഹെക്ടർ ഭൂവിസ്തൃതി പഞ്ചായത്തിനുണ്ട്. എന്നാൽ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 3443 ഹെക്ടർ ആണുള്ളത്. വില്ലേജുകളിൽ നിന്ന് ലഭിച്ച രേഖകൾപ്രകാരം ഭൂമിയെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വിവിധ തരങ്ങളായി തിരിച്ചിരിക്കുന്നു. (ചിത്രം 4)




ചിത്രം 4

| വിസ്തീർണ്ണം ഹെക്ടറിൽ | | ശതമാനം (വില്ലേജ് രേഖകൾപ്രകാരം) |
|---|---|---|
| പുരയിടം | 2691 | 77.8 |
| നിലം | 451 | 13 |
| പുറമ്പോക്ക് | 238 | 6.8 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 81 | 2.4 |
| ആകെ | 3461 | 100 |

കൈവശ ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഭൂമിയെ ഏഴായി തരം തിരിച്ചിരിക്കുന്നു. (പട്ടിക നോക്കുക, ചിത്രം 5)




ചിത്രം 5

PRM, CESS

വില്ലേജ് രേഖകൾ

| വിസ്തീർണ്ണം (സെന്റിൽ) | 1-10 | 10-25 | 25-50 | 50-100 | 100-200 | 200-500 | 500 നുമുകളിൽ |
|---|---|---|---|---|---|---|---|
| തുണ്ട് ഭൂമികളുടെ എണ്ണം | 5705 | 4590 | 4766 | 2643 | 1233 | 620 | 221 |

വിഭിന്ന ഭൂപ്രകൃതി അനുസരിച്ച് വ്യത്യസ്ത രീതിയിലുള്ള കൃഷികളാണ് ഇവിടെ അനുവർത്തിച്ചുപോരുന്നത്. 70 ശതമാനത്തോളം ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ കൃഷി രീതികളാണ് ഇവിടെ നടക്കുന്നത്. (ഭൂപടം 7)

പഞ്ചായത്തിലെ സന്നദ്ധസേവകർ തയ്യാറാക്കിയ വിഭവ ഭൂപടത്തിന്റെ അടിസ്ഥാനത്തിലെ ഭൂവിനിയോഗത്തെക്കുറിച്ചുള്ള ഈ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു. (ചിത്രം 6)


ഭൂപടം. 7
ഭൂവിനിയോഗം
76° 48'
76° 50'
8° 57'
8° 55'
0
500
1000
1500
M
റബ്ബർ
നെല്ല്
മിശ്രിതവിളകൾ
അവലംബം, വിഭവ ഭൂപടം, CESS

ഭൂവിനിയോഗം




ചിത്രം. 6

PRM, CESS

CESS REPORT

| ഭൂവിനിയോഗം ശതമാനം | വിസ്തീർണ്ണം (ഹെക്ടറിൽ) | |
|---|---|---|
| മിശ്രിതകൃഷി | 1412 | 41 |
| റബ്ബർ | 1068 | 31 |
| നെല്ല് (വിരിപ്പ്മുണ്ടകൻ | 460 | 13.4 |
| മിശ്രിതകൃഷിയും | | |
| മിശ്രിത മരങ്ങളും | 430 | 12.5 |
| തെങ്ങ് | 26 | 0.8 |
| ഉപയോഗശൂന്യമായ ഭൂമി | 20 | 0.6 |
| പാടം നികത്തിയത് | 18 | 0.5 |
| വാഴ | 5 | 0.1 |
| മരച്ചീനി | 2 | 0.05 |
| മിശ്രിതമരങ്ങൾ | 2 | 0.05 |
| ആകെ | 3443 | 100 |

1970-75 കളിൽ പഞ്ചായത്തിലെ പ്രധാന കൃഷി മരച്ചീനി ആയിരുന്നു. അത് ഇന്ന് വെറും രണ്ട് ഹെക്ടർ ആയി ചുരുങ്ങിയിരിക്കുന്നു. മരച്ചീനി കൃഷി ചെയ്തിരുന്ന പ്രദേശം മുഴുവൻ റബ്ബർ കീഴടക്കിയിരിക്കുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പാടങ്ങളിൽ പോലും റബ്ബർ കൃഷി ചെയ്യുന്നു എന്നുള്ളതാണ് മറ്റൊരു സവിശേഷത.

കൃഷി ഭവനിൽ നിന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ 10 വർഷത്തിന് (1987) മുമ്പുള്ള കൃഷിയുടെ വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| റബ്ബർ | 691 ഹെക്ടർ |
| തെങ്ങ് | 680 ഹെക്ടർ |
| നെല്ല് | 487 ഹെക്ടർ |
| വാഴ | 200 ഹെക്ടർ |
| കശുമാവ് | 80 ഹെക്ടർ |
| മരച്ചീനി | 76 ഹെക്ടർ |
| കുരുമുളക് | 34 ഹെക്ടർ |
| ഇഞ്ചി | 31 ഹെക്ടർ |
| കമുക് | 24 ഹെക്ടർ |

റബ്ബർ 691 ഹെക്ടർ ആയിരുന്നത് ഇപ്പോൾ 1068 ഹെക്ടർ ആയതായി കാണാം. തെങ്ങ് 80 ഹെക്ടർ ഉണ്ടായിരുന്നത് 26 ഹെക്ടറായി മാറിയിരിക്കുന്നു. നെൽപ്പാടം 19 ഹെക്ടർ നികത്തി കഴിഞ്ഞു. റബ്ബറിന് മാത്രമാണ് വികാസം പ്രാപിച്ചത്.

### റബ്ബർ

ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ഒറ്റവിള റബ്ബർ ആണ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗം മുതൽ കിഴക്കോട്ട് ഏതാണ്ട് എല്ലാഭാഗത്തും റബ്ബർ കൃഷി ചെയ്യുന്നു. ഭൂപ്രകൃതി വിഭാഗത്തിൽ വിവരിച്ചിട്ടുള്ള കുന്നിൻപ്രദേശങ്ങളിൽ എല്ലാം തന്നെ റബ്ബർ ആണ് കൃഷി ചെയ്യുന്നത്. പടിഞ്ഞാറ് ഭാഗത്ത് വളരെക്കുറച്ച് ഭാഗങ്ങളിൽ മാത്രമേ റബ്ബർ കൃഷി ചെയ്യുന്നുള്ളൂ. പഞ്ചായത്തിന്റെ വിസ്തൃതിയുടെ ഏതാണ്ട് 55 ശതമാനം ഇപ്പോൾ റബ്ബർ കൃഷി ചെയ്യപ്പെടുന്നു.

### നെല്ല്

എം.സി. റോഡിന് കിഴക്ക് ഭാഗം, വാളകത്തിന് പടിഞ്ഞാറ് ഭാഗം, മരങ്ങാട്ടുകോണം ജംഗ്ഷന് പടിഞ്ഞാറ്, പൊലിക്കോടിന് പടിഞ്ഞാറ്, തേവന്നൂർ ആയൂർ തോടിന് സമീപപ്രദേശങ്ങൾ, തെക്കേ അമ്പലക്കരയ്ക്ക് വടക്ക് കിഴക്കുള്ള ഏലാ, നാലാം വാർഡിൽ കനാലിനോട് ചേർന്നുകിടക്കുന്ന ഏലകൾ, കൊച്ചാലിൻമൂടിന് വടക്ക്, ചുങ്കത്തറയ്ക്ക് തെക്ക് കിഴക്ക് ഏല, നെല്ലിക്കുന്നത്തിന് പടിഞ്ഞാറ്, മടത്തിയറയ്ക്ക് തെക്ക് വിലങ്ങറ ഏലാ തുടങ്ങിയവയാണ് നെൽകൃഷി ചെയ്യുന്ന പ്രധാന പാടങ്ങൾ.

### മിശ്രിത മരങ്ങൾ

പ്ലാവ്, മാവ്, ആഞ്ഞിൽ, കശുമാവ് മറ്റ്വിവിധ തരത്തിൽപ്പെട്ട മരങ്ങൾ ഇവ ഇടകലർന്ന് നിൽക്കുന്ന പ്രദേശങ്ങളാണിവ. ഇവ കൂടാതെ മരച്ചീനി, വാഴ, ഇഞ്ചി, ചേന തുടങ്ങിയവയും വിവിധ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നു.

പഞ്ചായത്തിലെ നിലവിലുള്ള കൃഷി രീതികളും അവയുടെ പാരിസ്ഥിതിത പ്രത്യാഘാതങ്ങളും, ജലലഭ്യത, മണ്ണൊലിപ്പ് ആശാസ്യമായ ഭൂവിനിയോഗ രീതികൾ, സംരക്ഷണ നടപടികൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

## മനുഷ്യവിഭവങ്ങൾ

1991 ലെ സെൻസസ് പ്രകാരം ഉമ്മന്നൂർ പഞ്ചായത്തിലെ ജനസംഖ്യ 31880 ആണ്. 1991 ലെ ജനസാന്ദ്രത 925 ആണ്. അതായത് 34.43 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള പഞ്ചായത്തിൽ ഓരോ ചതുരശ്ര കി.മീ. സ്ഥലത്തും 925 ജനങ്ങൾ വസിക്കുന്നു.

1961 മുതൽ 1991 വരെയുള്ള ജനസംഖ്യ പരിശോധിച്ചാൽ ജനസംഖ്യ വർദ്ധിച്ചു വരുന്നതായി കാണാം.

| വർഷം | ആകെ ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1961 | 19473 | 9721 | 9752 |
| 1971 | 24822 | 12334 | 12488 |
| 1981 | 29100 | 14256 | 14844 |
| 1991 | 31880 | 15510 | 16370 |

ഈ കാലയളവിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ വർദ്ധിച്ചു വരുന്നതായി കാണാം. 1961 ൽ 1000 പുരുന്മാർക്ക് 1003 സ്ത്രീകൾ ആയിരുന്നത് 71 ൽ 1012 ആയും, 1981 ൽ 1041 ആയും, 1991 ആയപ്പോൾ 1055 ആയും വർദ്ധിക്കുകയാണ് ഉണ്ടായത്.

1961 മുതലുള്ള പട്ടികജാതിക്കാരുടെ ജനസംഖ്യ താഴെക്കൊടുക്കുന്നു

| പട്ടികജാതിക്കാർ | | |
|---|---|---|
| വർഷം | പുരുഷന്മാർ | സ്ത്രീകൾ |
| 1961 | 1187 | 1275 |
| 1971 | 1523 | 1600 |
| 1981 | 2067 | 2167 |
| 1991 | 2206 | 2370 |

വിദ്യാഭ്യാസമുള്ളവരുടെ കാര്യത്തിൽ സ്ത്രീകളേക്കാൾ പുരുഷന്മാരാണ് മുന്നിൽ നിൽക്കുന്നത്. (ചിത്രം 7)




ചിത്രം 7

| വർഷം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 1961 | 5156 | 3677 |
| 1971 | 8165 | 7093 |
| 1981 | 11137 | 10458 |
| 1991 | 13013 | 13106 |

തൊഴിൽ നിലവാരം

| വർഷം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 1961 | 4680 | 1531 |
| 1971 | 5708 | 2019 |
| 1981 | 5561 | 1078 |
| 1991 | 6952 | 2096 |

തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ വളരെ സാവധാനത്തിലുള്ള വളർച്ച മാത്രമാണ് ഉണ്ടായിട്ടുള്ളത്. 1961 ൽ 4680 പുരുഷന്മാർ തൊഴിലെടുത്തിരുന്ന സ്ഥാനത്ത് 1991 ആയപ്പോൾ 6952 മാത്രമേ ആയിട്ടുള്ളൂ. അതായത് 30 വർഷം കൊണ്ട് 2272 പേരാണ് തൊഴിൽരംഗത്ത് കൂടുതലായുണ്ടായത്.

## പരിസ്ഥിതിബന്ധിത അവലോകനം

| ഭൂരൂപങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉപരിതല മണ്ണ് | ജലലഭ്യത | മണ്ണൊലിപ്പ് | ഭൂവിനിയോഗം | പരിസ്ഥിത പ്രദേശങ്ങൾ | ആശാസ്യമായ ഭൂവിനിയോഗരീതികൾ | സംരക്ഷണ നടപടികൾ |
|---|---|---|---|---|---|---|---|---|
| ഉന്നതതടം | 460 | ലാറ്ററൈറ്റ് വനമണ്ണ് പാറകൾ | വളരെക്കുറവ് | കുറവ് | കശുമാവ്, വട്ട, പേഴ്, മരച്ചീനി, കാഞ്ഞിരം, തേക്ക്, കുറ്റിച്ചെടികൾ | ഉപരിതല മണ്ണിന് കനം കുറവായതിനാൽ മണ്ണൊലിപ്പിന് സാധ്യത | കശുമാവ്, തേക്ക്, കാഞ്ഞിരം തുടങ്ങിയവ തുടരാവുന്നതാണ്. | ഹ്രസ്വകാല വിളയായ വാഴ മരച്ചീനി ഇവ ഒഴിവാക്കുക |
| ചെരിവുകൂടിയ പ്രദേശങ്ങൾ | 85 | ലാറ്ററൈറ്റ് പാറകൾ | മിതം ചിലയിടങ്ങളിൽ കുറവ് | ചില പ്രദേശങ്ങളിൽ തീവ്രമായി | റബ്ബർ, വാഴ, മരച്ചീനി, തെങ്ങ്, പ്ലാവ് തുടങ്ങിയവ | മണ്ണൊലിപ്പുണ്ടാകുന്ന ചിലയിടങ്ങളിൽ ജലലഭ്യത കുറവ് | റബ്ബർ, കശുമാവ് തുടരാവുന്നതാണ് | വേരുറപ്പുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, ചെരിവുകൾ തട്ടുകളായി തിരിക്കുക, കോണ്ടൂർ ബണ്ടിംഗ് നടപ്പിലാക്കുക, ജലത്തിന്റെ നീർവാഴ്ചയ്ക്ക് സൗകര്യം ഏർപ്പെടുത്തുക |
| ചെരിവു പ്രദേശങ്ങൾ | 2145 | ലാറ്ററൈറ്റ് പാറകൾ | മിതമായി ലഭിക്കുന്നു | താരതമ്യേന കൂടുതൽ | റബ്ബർ, വാഴ, തെങ്ങ്, പറങ്കിമാവ്, മരച്ചീനി മുതലായവ | ജലലഭ്യത ചില ഇടങ്ങളിൽ കുറവ് മണ്ണൊലിപ്പ് ഉണ്ടാകുന്നു | റബ്ബർ, തെങ്ങ്, കശുമാവ് തുടങ്ങിയവ തുടരാവുന്നതാണ് | ചെരിവുകൾ തിട്ടകളായി തിരിച്ച് കൃഷി ചെയ്യുക, ജല ദൗർലഭ്യത്തിന് ചെരിവുകളിൽ കുഴി കുഴിച്ച് ഒഴുകിപ്പോകുന്ന ജലം ശേഖരിക്കുക |
| താഴ്വരകൾ | 753 | അലൂവിയൽ മണ്ണ് | താരതമ്യേന കൂടുതൽ | ഇല്ല | നെല്ല്, ഇഞ്ചി, വാഴ മുതലായവ | വെള്ളക്കെട്ട് (മൈലോട്ടുകോണം ഏലയുടെ അടിഭാഗം എം.സി. റോഡിനോട് ചേർന്ന്) പാടം നികത്തൽ വിളകൾക്ക് ഉൽപ്പാദശേഷി ക്കുറവ് കുളഞ്ഞിത്തോടിന്റെ ഭാഗങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു | മൂന്നാം വിളയായി ധാന്യങ്ങൾ കൃഷിചെയ്യുക | മൈലോട്ട്കോണം ഏലയ്ക്ക് സമീപമുള്ള തോടിന് വീതി കൂട്ടി വെള്ളക്കെട്ട് പരിഹരിക്കാവുന്നതാണ്, പാടങ്ങൾ നികത്താതിരിക്കുക, തോടുകളും കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കുക, ജൈവവളം ഉപയോഗിക്കുക. |

# കൃഷിയും ജലസേചനവും

കാർഷികരാജ്യമായ ഇന്ത്യയും, അതിലെ നെല്ലറയും നാണ്യവിളകളുടെയും, ഭക്ഷ്യവിളകളുടെയും സുഗന്ധവ്യഞ്ജന വിളകളുടെയും കലവറയെന്നറിയപ്പെട്ടിരുന്ന കേരളവും പ്രാചീനകാലം മുതലേ വിദേശിയരെ ഇവിടേക്ക് ആകർഷിക്കുകയും ഇവിടെ ആധിപത്യം സ്ഥാപിക്കാൻ പടയും പടക്കോപ്പുകളും ധാരാളം ചെലവഴിക്കുകയും ചെയ്തിരുന്നു. ഇവിടുത്തെ ഉല്പന്നങ്ങൾക്ക് നല്ല വിലയും പ്രിയയും ലഭിച്ചിട്ടുണ്ട്. വിദേശകമ്പോളങ്ങളിൽ നമ്മുടെ ഉല്പന്നങ്ങൾക്കുണ്ടായിരുന്ന മേൽക്കോയ്മ ഇന്നു നഷ്ടപ്പെട്ടു. നമുക്കുശേഷം കാർഷികരംഗത്തേക്കു പ്രവേശിച്ച രാഷ്ട്രങ്ങൾ കുത്തകകൾ സ്ഥാപിക്കുകയും ചെയ്തു കഴിഞ്ഞു. ഈ കാർഷിക തകർച്ചയിൽ നിന്നും കരകയറുവാൻ സമഗ്രമായ ഒരു കാർഷികനയം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

**കാർഷികചരിത്ര**

ഉമ്മന്നൂർ പഞ്ചായത്തിന്റെ കാർഷികചരിത്രം പരിശോധിക്കുമ്പോൾപണ്ടും ഇന്നും ഈ പഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. ഭാരതത്തിൽ നിലനിന്നിരുന്ന ജന്മികുടിയാൻ സമ്പ്രദായം ഈ പ്രദേശത്തും നിലനിന്നിരുന്നു. കൃഷിഭൂമിയിൽ ഏറിയപങ്കും മന,വകയോ മഠം,വകയോ ചില തറവാട് വകയോ ആയിരുന്നു. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഈ സമ്പ്രദായത്തിനു ശക്തി കുറഞ്ഞു ഇന്ന് പൂർണ്ണമായും ഇല്ലാതായി. ഈ കാലഘട്ടത്തിൽ ജന്മിത്വാധിഷ്ഠിതമായ കൃഷിരീതികളും നിലനിന്നിരുന്നു. അക്കാലത്ത് നെല്ല്, മരച്ചീനി, തെങ്ങ്, കശുമാവ്, മാവ്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പുളി, ഔഷധച്ചെടികൾ, പയർ, മുതിര, എള്ള്, വെറ്റില തുടങ്ങിയവ വ്യാപകമായി കൃഷി ചെയ്തിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ജന്മി-കുടിയാൻ വ്യവസ്ഥിതിക്കു മാറ്റങ്ങൾ കണ്ടുതുടങ്ങുകയും പഞ്ചവത്സരപദ്ധതികളും കാർഷികഗവേഷണഫലങ്ങളും, വിദ്യാഭ്യാസ സാമൂഹ്യ പരിഷ്ക്കരണങ്ങളും, ഭൂപരിഷ്ക്കരണബില്ലുകളും മറ്റും ജന്മിത്വസമ്പ്രദായത്തിന് വിരാമമിടുകയും, കൃഷിഭൂമി കർഷകന് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും , കാർഷികവിപ്ലവത്തിനു കളമൊരുക്കുകയും ചെയ്തു.

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ വരവും, ശാസ്ത്രീയകൃഷിസമ്പ്രദായങ്ങളും , രാസവളപ്രയോഗവും, നവീനകാർഷികോപകരണങ്ങളും ഇവിടുത്തെ കാർഷികരംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചു. കൃഷിവകുപ്പ്, N.E.S ബ്ലോക്ക്, I.P.D യൂണിറ്റുകൾ, കൃഷിവികസനഓഫീസുകൾ എന്നിവ ആവിഷ്ക്കൃതമായതോടെ ഹരിതവിപ്ലവത്തിലേക്കു നയിക്കപ്പെട്ടു. പരീക്ഷണശാലയിൽ നിന്ന് പാടത്തിലേക്ക് എന്ന കർമ്മ പരിപാടിയും പരിശീലന സന്ദർശന പരിപാടിയും കർഷകരെ പ്രബുദ്ധരാക്കി. കൃഷിച്ചെലവു കുറച്ച് ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പഞ്ചായത്തു തലത്തിൽ കൃഷിഭവൻ വന്നതോടെ കാർഷികരംഗത്ത് വലിയ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും കൈവന്നു.

എന്നാൽ രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ്, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, യന്ത്രവല്ക്കരണത്തിന്റെ അപര്യാപ്തത, കർഷകന്റെ സാമ്പത്തികപരാധീനത എന്നിവ മൂലം ഉല്പാദനച്ചെലവ് വർദ്ധിക്കുകയും ഉല്പന്നങ്ങളുടെ വിലക്കുറവും കാരണം ഇന്നത്തെ കാർഷികമേഖല തളർച്ചയെ നേരിടുകയാണ്. ഇവിടുത്തെ കൃഷിഭൂമി ഭൂരിഭാഗവും തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കർഷകന്റെ ഉപജീവനത്തിനാവശ്യമായ വരുമാനം പോലും ഈ മേഖലയിൽ നിന്ന് ലഭിക്കുന്നില്ല.

പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന കരക്കൃഷികളുടെ സ്ഥാനം റബ്ബർ കൈയ്യടക്കി. നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു. ചില ഭാഗങ്ങളിൽ നിലം ഇഷ്ടികനിർമ്മാണത്തിനാവശ്യമായ അസംസ്ക്കൃതവസ്തുവാക്കുന്നു. നിലങ്ങൾ കരക്കൃഷികളും കെട്ടിടങ്ങളുമായി പരിവർത്തനം ചെയ്യപ്പെടുന്നു. കർഷകർക്ക് സാമ്പത്തിക നേട്ടം ഉണ്ടായെങ്കിലും ഭക്ഷ്യവിളകളുടെ ഉല്പാദനം ഗണ്യമായി കുറഞ്ഞു. തെങ്ങുകൃഷിയെ മാരകമായ രോഗങ്ങൾ ഗ്രസിച്ചു കഴിഞ്ഞു. ഉല്പാദനവും ഉല്പാദക്ഷമതയും പിന്നോക്കം പോയി. കൃഷി ലാഭകരമല്ലാത്തതിനാൽ കർഷകർ മറ്റു മേഖലകളിലേക്ക് തിരിയുന്നു. യുവജനങ്ങൾക്ക് കൃഷിയിൽ ആഭിമുഖ്യം ഇല്ലാതെയായി. അവർ തൊഴിലന്വഷിച്ച് അന്യസംസ്ഥാനങ്ങളിലേക്കോ രാജ്യങ്ങളിലേക്കോ ചേക്കേറുന്നു.

നെൽക്കൃഷിയിലും തെങ്ങുകൃഷിയിലും നമുക്കുണ്ടായിരുന്ന കുത്തക നഷ്ടമായി. അരിയും പച്ചക്കറികൾക്കുമെല്ലാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നെൽക്കൃഷി ലാഭകരമല്ലാതായതോടെ നിലങ്ങൾ തരിശിടുന്നു. നിലം വിറ്റ് ബാങ്കിൽ നിക്ഷേപിച്ച് പലിശവാങ്ങി ഉപജീവനം നടത്തിക്കൊള്ളാമെന്ന മനോഭാവത്തിലാണ് നെൽക്കൃഷിക്കാരധികവും കൂടാതെ വേനൽക്കാലത്തുണ്ടാകുന്ന രൂക്ഷമായ വരൾച്ചയും, വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കവും കൊടുങ്കാറ്റും കൂനിന്മേൽ കുരുവെന്നപോലെ കർഷകരെ കാർഷിക മേഖലയിൽനിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നു. ഇടയ്ക്കിടെ സർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡിയും

ദുരിതാശ്വാസ സഹായധനവും കർഷകർക്ക് തെല്ലും ആശ്വാസം നൽകുന്നില്ല.

കർഷകത്തൊഴിലാളികളുടെ ദൗർലഭ്യമാണ് മറ്റൊരു പ്രശ്നം. മുൻകാലങ്ങളിൽ പാടവും പറമ്പും ഉള്ളവൻ സമ്പന്നരായിരുന്നു. ഒരു കാർഷികകുടുംബത്തെ ആശ്രയിച്ച് അനവധി നിർദ്ധനകുടുംബങ്ങൾ ഉപജീവിച്ചു പോന്നു. ഇന്ന് പാടവും പറമ്പും ഉള്ളവൻ അതിൽ കൃഷിയിറക്കുവാൻ എത്രയോ പേരെ ആശ്രയിക്കേണ്ടിവരുന്നു

കുന്നിൻ പ്രദേശങ്ങളും , താഴവരകളും , പാടശേഖരങ്ങളും, പാറക്കെട്ടുകളും , ചരിവുകളും ഇടകലർന്ന പ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. 50 വർഷങ്ങൾക്കുമുമ്പുവരെ ഈ പഞ്ചായത്തിലെ 20 ശതമാനം സ്ഥലവും വനഭൂമിയായിരുന്നു. ഇവിടുത്തെ മണ്ണും കാലാവസ്ഥയും മിക്ക കാർഷികവിളകൾക്കും അനുയോജ്യമാണ് നിമ്നോന്നതമായ ഭൂപ്രകൃതിയായതിനാൽ മഴക്കാലത്ത് ഫലഭൂയയിഷ്ഠിയുള്ള മേൽമണ്ണും ജൈവാംശവും ഒലിച്ചു നഷ്ടപ്പെടുന്നു. മണ്ണിൽ ജൈവാംശത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതാണ്

സമഗ്രമായ ഒരു കാർഷികനയ സമീപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാർഷികത്തകർച്ചയിൽനിന്നും ഇവിടുത്തെ കർഷകരെ രക്ഷിക്കാനാവൂ. യുവജനങ്ങളെ കാർഷികമേഖലയിലേക്ക ആകർഷിക്കുവാനും പിടിച്ചുനിർത്തുവാനും ഉതകുന്ന പദ്ധതികൾ രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെ ആവിശ്യകത അനിവാര്യമായിത്തീർന്നിരിക്കുന്നു.

കൈവശഭൂമി വിസ്തീർണ്ണം

കൈവശഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ കർഷകരെ മൂന്നായി തരംതിരിക്കാം.

| | | |
|---|---|---|
| 1 | നാമമാത്ര കർഷകർ (1ഹെക്ടറിൽ താഴെയുള്ളവർ) | 19265 |
| 2 | ചെറുകിട കർഷകർ (1 ഹെ.മുതൽ 2 ഹെ.വരെയുള്ളവർ) | 310 |
| 3 | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) | 221 |
| | ആകെ | 19796 |

പഞ്ചായത്തിന്റെ ഭൂമിസംബന്ധമായ ഇപ്പോഴത്തെ സ്ഥിതി

| ക്രമ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | കൃഷിയോഗ്യപുരയിടം | 2691 |
| 2 | നിലം | 400 |
| 3 | നിലം കരയാക്കിയത് | 51 |
| 4 | പുറമ്പോക്ക് | 238 |
| 5 | കൃഷിയോഗ്യതരിശ് | — |
| 6 | കൃഷിയോഗ്യമല്ലാത്തതരിശ് | 81 |
| | ആകെ | 3461 |

ഇന്നത്തെ വിളചേരുവയും ഉല്പാദനക്ഷമതയും

| ക്രമ മ്പർ | വിള | വിസ്തീർണ്ണം (ഹെ.) | മൊത്തം ഉല്പാദനം ടണ്ണിൽ | ഉല്പാദനക്ഷമത (ഹെക്ടറിൽ) ടൺ |
|---|---|---|---|---|
| 1 | നെല്ല്-ഒന്നാംവിള | 400 | 1000 | 2.50 |
| 2 | നെല്ല്-രണ്ടാംവിള | 400 | 900 | 2.30 |
| 3 | നെല്ല്-മൂന്നാംവിള | — | — | — |
| 4 | പയർ | 35 | 28 | 0.80 |
| 5 | എള്ള് | 2 | 0.400 | 0.20 |

| | | | | |
|---|---|---|---|---|
| 6 | പച്ചക്കറികൾ | 28 | 28 | 1.00 |
| 7 | തെങ്ങ് | 1040 | 50,00,000 | 4375 |
| 8 | വാഴ | 235 | 1290 | 5.50 |
| 9 | മരച്ചീനി | 55 | 825 | 15.- |
| 10 | കുരുമുളക് | 35 | 20 | 0.600 |
| 11 | പ്ലാവ് | 20 | 100 | 5.00 |
| 12 | കശുമാവ് | 62 | 434 | 7.00 |
| 13 | മാവ് | 38 | 190 | 5.00 |
| 14 | റബ്ബർ | 1200 | 4800 | 4.00 |
| 15 | കമുക് | 62 | 434 | 7.00 |
| 16 | ഇഞ്ചി | 55 | 110 | 2.00 |
| 17 | മഞ്ഞൾ | 5 | 10 | 2.00 |
| 18 | കിഴങ്ങുവർഗ്ഗങ്ങൾ | 100 | 200 | 2.00 |

ജലസേചനസൗകര്യങ്ങൾ

കാർഷികവിളകൾക്കുള്ള ജലസേചനസൗകര്യങ്ങൾ ഇന്ന് അപര്യാപ്തമാണ്. K.I.P, മെയ്ൻ കനാൽ 1കി.മീറ്ററോളവും ഓയൂർ ബ്രാഞ്ച് 6 കി.മീ നെല്ലിക്കുന്നം, വിലങ്ങറ ഡിസ്ട്രിബ്യൂട്ടറുകളിൽ 8 കി.മീറ്ററും ഉണ്ടെങ്കിലും ഈ പദ്ധതി പണിതീർന്നാൽ 150 ഹെക്ടറിൽ താഴെ മാത്രമേ ജലസേചനത്തിന് ഉപകരിക്കുകയുള്ളൂ. ഈ പഞ്ചായത്തിലെ വിലയന്തൂർ, ഉമ്മന്നൂർ, അണ്ടൂർ, പൊലിക്കോട്, വയയ്ക്കൽ, പനക്കോട്ടുകോണം, എടത്തിങ്കൽ, തളിർമാൻകുന്ന്, വയണാമൂല, അമ്പരക്കല, കുരുമ്പേലിമൂല, നെടുമ്പാക്കൽ, മഴവൻപേരി, അരിയോട്, എന്നീ സ്ഥലങ്ങളിൽ ചിറ നിലവിലുണ്ടെങ്കിലും ജലസേചനത്തിന് ഇന്ന് ഫലപ്രദമല്ല. നെല്ലിക്കുന്നം വലിയതോട്, കൊളഞ്ഞിതോട്, വിലയന്തൂർതോട്, വിലങ്ങറതോട്, എന്നീ തോടുകളിൽ നാമമാത്രമായി തടയണകൾ നിലവിലുണ്ട്. ജലസേചനത്തിന് പല പദ്ധതികളായി ധാരാളം കിണറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും ഫലപ്രദമായി ഉപയോഗത്തിലില്ല.

ഉല്പന്നങ്ങളുടെ വിലയും വിപണനവും

ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുവാൻ വാളകം, ഉമ്മന്നൂർ, പിണറ്റിൻമൂട്, നെല്ലിക്കുന്നം, അമ്പലക്കര, എന്നിവിടങ്ങളിൽ മാർക്കറ്റുകൾ ഉണ്ടെങ്കിലും അഞ്ചൽ, കൊട്ടാരക്കര, നെടുമൺകാവ്, ഓടനാവട്ടം എന്നിവിടങ്ങളിലാണു കൂടുതലും വിൽക്കുന്നത്. നല്ല ഒരു മാർക്കറ്റിന്റെ അഭാവമുണ്ട്. ഉമ്മന്നൂരിൽ ഒരു സഹകരണബാങ്ക് പ്രവർത്തിക്കുന്നുവെങ്കിലും ഉല്പന്നങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനം നാളിതുവരെയില്ല. ഇവിടെ ഉല്പ്പാദിപ്പിക്കുന്ന പാൽ സംഭരിക്കുവാൻ വയയ്ക്കൽ, പഴിഞ്ഞം, നെല്ലിക്കുന്നം, എന്നിവിടങ്ങളിൽ ക്ഷീരസംഘങ്ങളുണ്ട്. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ സംഭരണി കേന്ദ്രങ്ങൾ വയയ്ക്കൽ, ഉമ്മന്നൂർ എന്നിവിടങ്ങളിൽ നിലവിലുണ്ട്. എങ്കിലും സ്വകാര്യ ഏജൻസികൾ നടത്തുന്ന മേഖലയിലേക്കാണ് ഈ പ്രദേശത്തെ 75 ശതമാനം റബ്ബറും വിറ്റഴിയുന്നത്. പച്ചക്കറി പഴ വർഗ്ഗമാർക്കറ്റ് ഇല്ലാത്തതുമൂലം കച്ചവടക്കാരും ഇടതത്തട്ടുകാരായ ഏജൻസികളും ലാഭം കൊയ്യുകയും ഉല്പാദകർക്ക് ന്യായമായ വില കിട്ടാതെയും വരുന്നു. എന്നാൽ ഉപഭോക്താക്കളിൽ നിന്നും കൂടുതൽ വില ഈടാക്കുകയും ചെയ്യുന്നുണ്ട്.

കാർഷിക ബന്ധങ്ങൾ

കൃഷി ആദായകരമല്ലാത്തതിനാൽ ലാഭകരമായ മറ്റു മേഖലകളിലേക്ക് കൃഷിയിൽ ഏർപ്പെട്ടിരുന്നവരും കർഷകത്തൊഴിലാളികളും പാലായനം ചെയ്യുന്നതിനാൽ ഈ രംഗത്തു പണിയെടുക്കുന്നവരുടെ എണ്ണം ക്രമാതീതമായി കുറയുന്നു. സ്വന്തംഭൂമിയിൽ പണിയെടുക്കുന്ന കർഷകർ 25ശതമാനത്തിൽ താഴെയാണ്. കർഷകത്തൊഴിലാളികളുടെ എണ്ണം പരിശോധിച്ചാൽ ആയത് ആകെയുള്ള ജനസംഖ്യയുടെ 15 ശതമാനത്തിൽ കവിയില്ല.

കൂലിസേവനവ്യവസ്ഥകൾ

കാർഷിക പ്രവർത്തനങ്ങളിൽ മാനുഷികബന്ധം അടിസ്ഥാനമാക്കി പരസ്പരം സഹകരിച്ച് കൃഷിപ്പണികൾ ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഉഴവ്, കിള, കൊയ്ത്ത്, കറ്റകെട്ട്, മെതി, തുറ വിടൽ തുടങ്ങി ഓരോ പണികൾക്കും പ്രത്യേകം പ്രത്യേകം കൂലി ചോദിച്ചു വാങ്ങുന്ന പ്രവണതയാണുള്ളത്.

കൂലിനിരക്ക്

നെൽക്കൃഷി

| | |
|---|---|
| കാളയും കലപ്പയും ഉപയോഗിച്ച് 10സെന്റിന്(നിലം ഒരുക്കുന്നതിന്) | 250 രൂപ |
| ട്രാക്ടർ ഉപയോഗിച്ച് 1 മണിക്കൂർ | 200.- |
| ട്രില്ലർ ഉപയോഗിച്ച 1 മണിക്കൂർ | 100.- |
| കൃഷിപ്പണികൾ - പുരുഷൻ | 100.- |
| സ്ത്രീ | 60 |
| കൊയ്ത്ത്, മെതി - (പതം) | |
| കറ്റകെട്ട് (ചുമട്) പുരുഷൻ | 150- |
| ചാണകം പച്ചില ചുമട് | 125- |
| കീടനാശിനി പ്രയോഗം ഒരു ദിവസം | 200- |
| തേങ്ങയിടീൽ (ശരാശരി 10 തേങ്ങയും) | 150- |
| റബ്ബർ ടാപ്പിംഗ് (മരം ഒന്നിന്) | 25 പൈസ |
| റബ്ബറിനു മരുന്നു തളി | 150- |

വളം ഉപഭോഗം

കുഞ്ഞിന്റെ ആരോഗ്യത്തിന് മുലപ്പാൽ എന്നപോലെ മണ്ണിൽ ആവിശ്യം വേണ്ടതും , ഫലപുഷ്ടി നിലനിർത്തുന്നതും ചെടികൾക്ക് രോഗപ്രതിരോധശക്തിയും ഉല്പന്നങ്ങൾക്ക് രുചിയും ഗുണവും നൽകുന്നതുമായ ജൈവവളത്തിന്റെ പ്രയോഗം ഇന്നു വിരളമാണ്. പ്രതിവർഷം ഇവിടെ 20,000 ടൺ ജൈവവളം ആവിശ്യമുണ്ട്. ഉല്പാദനം 10000 ടൺ ആണ്. ഇതിൽത്തന്നെ 5000 ടണ്ണിൽ താഴെ മാത്രമേ കൃഷിഭൂമിയിൽ ഉപയോഗിക്കുവാൻ കഴിയുന്നുള്ളൂ. ചാണകവും പച്ചിലയും കൂടുതൽ ലഭ്യമാക്കാമെങ്കിലും അതു കൃഷിഭൂമിയിലെത്തിക്കാൻ തൊഴിലാളികൾക്കുള്ള വൈമുഖ്യവും കൂലിക്കൂടുതലും മൂലം ജൈവളപ്രയോഗത്തിൽനിന്നും കർഷകർ പിന്തിരിയുന്നു. വളം വില്പനശാലകളിലൂടെ ലഭിക്കുന്ന റെഡിമെയ്ഡ് ജൈവവളങ്ങൾ ഉപയോഗിച്ചുതുടങ്ങി. ഇവയുടെ ഗുണമേന്മയെപ്പറ്റി ഇപ്പോൾ കർഷകർ ആശങ്കാകുലരാണ്.

ഉമ്മന്നൂർ സഹകരണബാങ്കുവഴിയും 13 സ്വകാര്യവളംഡിപ്പോകൾ വഴിയും രാസവളം വിതരണം ചെയ്യുന്നു. കൃഷിഭവൻ വഴിയും സബ്സിഡിനിരക്കിൽ ചില വിളകൾക്ക് രാസവളം ലഭിക്കാറുണ്ട്. രാസവളത്തിന്റെയും കീടനാശിനികളുടെയും ഉപഭോഗം പ്രതിവർഷം അനുക്രമമായി വർദ്ധിക്കുന്നതായി കാണുന്നു.

വളം കീടനാശിനി ഉപഭോഗം

| വർഷം | രാസവളം | കീടനാശിനികൾ | |
|---|---|---|---|
| | | ഖരം | ദ്രവം |
| 1993-94 | 1329 ടൺ | 150kg | 100 Litre |
| 1994-95 | 1460 ടൺ | 180kg | 110Litre |
| 1995-96 | 1568 ടൺ | 200 kg | 125 Litre |

നടപ്പു പദ്ധതികളുടെ അവലോകനം

കൃഷിവകുപ്പിൽനിന്നും ഉമ്മന്നൂർ കൃഷിഭവനിലൂടെ സമീപകാലത്ത് നടപ്പാക്കിയിട്ടുള്ളതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വികസനപദ്ധതികളുടെ അവലോകനം.

നെൽക്കൃഷി വികസനം - പൊതുസ്വഭാവം

അത്യുല്പാദനശേഷിയുള്ള മദ്ധ്യകാലമൂപ്പിനത്തിൽപ്പെട്ട സങ്കരയിനം വിത്തുകളായ ജ്യോതി, പവിഴം തുടങ്ങിയ വിത്തുകൾ കൃഷിചെയ്യുന്നതിലാണ് ഇവിടുത്തെ കർഷകർക്ക് താല്പര്യം. ഒന്നാം വിളക്കാലത്ത് ഇവ കൃഷി ചെയ്യുമെങ്കിലും രണ്ടാം വിളക്കാലത്ത് വൈക്കോലിന്റെ ആവിശ്യം കണക്കിലെടുത്ത് വൈക്കോൽ കൂടുതൽ ലഭിക്കുന്ന ചേറാടി, നാലാംനമ്പർ, ഇരുപത്, എച്ച്4 എന്നീ മൂപ്പ്കൂടിയ വിത്തുകളും ഉപയോഗിക്കുന്നു. സങ്കരയിനങ്ങളുടെ ഉല്പാദനശേഷി ഹെക്ടറിൽ 3000-3500 കി.ഗ്രാം വരെയും നാടൻ വിത്തിനങ്ങളുടെ ഉല്പാദനശേഷിഹെക്ടറിന് 2000-2500 കി.ഗ്രാം വരെയുമാണ്.

നെൽക്കൃഷി വികസന പദ്ധതികൾ

ഗ്രൂപ്പ് ഫാമിംഗ് ഒരു പാടശേഖരത്തിലെ നെൽക്കൃഷിക്കാരുടെ കൂട്ടായ പ്രവർത്തനമാണ് പദ്ധതിയുടെ ലക്ഷ്യം. ആ പാടശേഖരത്തിന്റെ പരിധിക്കുള്ളിലുള്ള കർഷകരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കു

കയും അതിൽനിന്നും ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ആ ഭരണസമിതിയുടെ നേതൃത്വത്തിൽ ആ പാടശേഖരത്തിൽ മുഴുവൻ ഒരേ സമയത്തു കൃഷിയിറക്കുക, ഒരേയിനം വിത്തുപയോഗിക്കുക, കൂട്ടായി വളപ്രയോഗവുംസസ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തുക തന്മൂലം കൃഷിച്ചെലവു കുറയ്ക്കുക. എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 1990-91ൽ 11 ഗ്രൂപ്പ്ഫാമിംഗ് സമിതികൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 400 ഹെക്ടറോളം നിലം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂട്ടായ്മയുടെ അഭാവംമൂലം ഈ പദ്ധതി വിജയപ്രദമാക്കാൻകഴിഞ്ഞില്ല. തുടക്കത്തിൽ കുറെയോക്കെ കൂട്ടായ പ്രവർത്തനം നടന്നുവെങ്കിലും ഇപ്പോൾ രാസവളസബ്സിഡി വാങ്ങാൻ മാത്രമേ ഈ സമിതികൾ പ്രയോജനപ്പെടുന്നുള്ളൂ.

ഗ്രൂപ്പ് ഫാമിംഗ് സമിതികൾ

| ക്രമ നമ്പർ | സമിതിയുടെ പേര് | ഉൾക്കൊള്ളുന്ന വാർഡ് | വിസ്തീർണ്ണം (ഹെ.) |
|---|---|---|---|
| 1 | നെല്ലിക്കുന്നം-പ്ലാപ്പള്ളി ഏലാ | 1, നെല്ലിക്കുന്നം-പ്ലാപ്പള്ളി | 25 |
| 2 | നെല്ലിക്കുന്നം-കടാട്ട് ഏലാ | 2,3,4 നെല്ലിക്കുന്നം-വിലങ്ങറ വിലയന്തൂർ | 90 |
| 3 | വടകോട്-മണ്ണത്താമര ഏലാ | 4, വിലങ്ങറ, വടകോട്, നെടുമൺകാവ് | 20 |
| 4 | പഴിഞ്ഞം-പെരുമ്പേൽ ഏലാ | 5 ഉമ്മന്നൂർ, പഴിഞ്ഞം, പെരുമ്പ | 70 |
| 5 | മേൽക്കുളങ്ങര-അമ്പിക്കുടിഏലാ | 6,8 മേൽക്കുളങ്ങര | 18 |
| 6 | പേറ-തേവന്നൂർ ഏലാ | 6 തേവന്നൂർ | 50 |
| 7 | വയണാമൂല-കമ്പംകോട്ഏലാ | 7 തേവന്നൂർ-കമ്പംകോട് | 18 |
| 8 | വയയ്ക്കൽ-പൊലിക്കോട് | 8. വയയ്ക്കൽ-പൊലിക്കോട് | 50 |
| 9 | അണ്ടൂർ-കുട്ടിയാംകോട് | 9. അണ്ടൂർ-കുട്ടിയാംകോട് | 20 |
| 10 | വാളകം-മരങ്ങോട്ടുകോണം | 10 വാളകം, മരങ്ങോട്ടുകോണം പൊലിക്കാട് | 20 |
| 11 | കണ്ണംകുളം-പട്ടേരി | 11,12 അമ്പലക്കര | 20 |
| | | ആകെ | 401 |

പൊതുഞാറ്റടി

മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്നു ഇപ്പോൾ ഈ പദ്ധതി ഇല്ല.

ഒരു പാടശേഖരത്തിനാവശ്യമായ പൊതു ഞാറ്റടി തയ്യാറാക്കുന്നതുമൂലം ഗുണമേൻമയുള്ള ഞാറ് ലഭിക്കുകയും കൃഷിച്ചെലവ് കുറയ്ക്കുകയും ചെയ്യാം

കുമ്മായവസ്തുക്കളുടെ വിതരണം

മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്നു. ഈ പഞ്ചായത്തിലെ നിലങ്ങൾ പൊതുവെ അമ്ലരസമുള്ളതാണ്. കുമ്മായവസ്തുക്കളുടെ ഉപയോഗം മൂലം മണ്ണിൽ അമ്ലത നിർവീര്യമാകുകയും സസ്യപോഷക മൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിച്ച് ഉല്പാദനം കൂടുകയും ചെയ്യും.

സസ്യസംരക്ഷണമരുന്നുകളുടെ വിതരണം

നെൽക്കൃഷിയെ ബാധിക്കുന്ന കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിനും കളകളുടെ വളർച്ചയെ തടയുന്നതിനുള്ള കീടനാശിനികളും കുമിൾനാശിനികളും കളനാശിനികളും സൗജന്യനിരക്കിൽ വിതരണം ചെയ്തിരുന്നു. ഇത് വളരെ പ്രയോജനം ചെയ്തിരുന്നു. ഈ പദ്ധതി ഇപ്പോൾ എന്നാൽ നാമമാത്രമായി വിലകുറച്ചു കീടനാശിനികൾ വിതരണം ചെയ്യുന്നുണ്ട്.

സംയോജിതകീടനിയന്ത്രണം

കീടനാശിനി പ്രയോഗം ഒഴിവാക്കി മിത്രകീടങ്ങളുടെ വർദ്ധനവിലൂടെ ശത്രുകീടങ്ങളെ നശിപ്പിക്കുകയും പരിതസ്ഥിതിസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുന്ന കാർഷികരീതിയാണ് ഇത് കർഷകർക്ക് ബോധവൽക്കരണം നല്കി ഈ രീതി വിജയിപ്പിക്കാവുന്നതാണ്.

രാസവളം സബ്സിഡി (ഉല്പാദക ബോണസ്സ്)

ഹെക്ടറിന് 250 രൂപാ വീതം വിരിപ്പുകൃഷിക്കും മുണ്ടകൻ കൃഷിക്കും നൽകി വരുന്നു.

കാർഷികയന്ത്രവല്ക്കരണം

കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുവാൻ കാർഷികയന്ത്രവൽക്കരണം അനിവാര്യമാണ്. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ മുഖേന 50 ശതമാനം സബ്സിഡിനിരക്കിൽ ട്രാക്ടർ, ട്രില്ലർ,മെതിയന്ത്രം, പാറ്റുയന്ത്രം, 6 സ്പ്രയറുകൾ മുതലായവ വിതരണം ചെയ്തുവരുന്നു. ഇതിനകം ഒരു ട്രാക്ടറും 3 ട്രില്ലറുകളും ഇവിടെ വാങ്ങിയിട്ടുണ്ട്. ഗ്രൂപ്പ്ഫാമിംഗ് സമിതികൾക്ക് സ്പ്രേയറുകളും സബ്സിഡിയോടുകൂടി വിതരണം ചെയ്തിട്ടുണ്ട്.

വിത്തുല്പാദനപദ്ധതി(രജിസ്റ്റേർഡ് സീഡ് ഗ്രോവർ പ്രോഗ്രാം)

കർഷകർക്കു ഗുണമേന്മയുള്ള വിത്ത് യഥാർത്ഥസമയത്തു ലഭ്യമാക്കുന്നതിന് കർഷകരെ വിത്തുല്പാദകരായി രജിസ്റ്റർ ചെയ്യുന്നു. ഇവർ ഉല്പാദിപ്പിക്കുന്ന വിത്ത് ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മറ്റു കർഷകർക്കു വിതരണം ചെയ്യുന്നു. ഈ പദ്ധതി വിജയപ്രദമായി നടക്കുന്നില്ല.

നെൽവിത്തുമിനി കിറ്റു വിതരണം

കാർഷികഗവേഷണകേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന പുതിയ നെൽവിത്തിനങ്ങളുടെ സാമ്പിളുകൾ (മിനികിറ്റുകൾ) വിതരണം ചെയ്തു വരുന്നു. ഇവിടുത്തെ നിലങ്ങളിൽ അവയുടെ വളർച്ച, സ്വഭാവം, ഉല്പാദനശേഷി, രോഗകീടങ്ങൾക്കെതിരെയുള്ള പ്രതിരോധശക്തി മുതലായവ മനസ്സിലാക്കുന്നതിനു വേണ്ടിയാണത്.

കൂടാതെ നാഷണൽ സീഡ് കോർപ്പറേഷനും ഡിപ്പാർട്ട്മെന്റ് ഫാമുകളും ഉല്പാദിപ്പിക്കുന്ന വിത്തുകളും കൃഷിഭവൻ വഴി വിതരണം ചെയ്യുന്നു.

തെങ്ങുകൃഷി വികസനം

ഈ പഞ്ചായത്തിൽ ഏകദേശം 1040 ഹെക്ടർ സ്ഥലത്ത് ഉദ്ദേശം ഒന്നരലക്ഷത്തോളം തെങ്ങുകൾ ഉണ്ട്. 90ശതമാനം തെങ്ങുകളും നാടൻ ഇനങ്ങളാണ്. സങ്കര ഇനങ്ങളായ TxD, DxT മുതലായവ പ്രചരിച്ചിട്ടുണ്ടെങ്കിലും രോഗകീടങ്ങളുടെ ആക്രമണവും, ദീർഘകാലം ഉല്പാദനം നൽകാത്തതിനാലും സങ്കരഇനങ്ങളോട് കർഷകർക്ക് താല്പര്യം ഇല്ല. ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പുചീയൽ,മഞ്ഞളിപ്പ, കീടബാധ, ജലസേചനക്കുറവ്, ശരിയായ പരിചരണമില്ലായ്മ എന്നിവ തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ഉല്പാദനകൂടുതലുള്ള സീസണിൽ തേങ്ങയുടെ വിലക്കുറവും പ്രധാനകാരണമാണ്

തെങ്ങുകൃഷിയുടെ സമഗ്രവികസനത്തിനും വിവിധപദ്ധതികൾ നടപ്പിലാക്കിവരുന്നു.

സമഗ്രകേരവികസനപദ്ധതി

ഈ പദ്ധതി പ്രകാരം തെങ്ങുകൾക്ക് ജലസേചനത്തിനായി കുളം/കിണർ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയും കൃഷിവകുപ്പിൽനിന്ന് സബ്സിഡിയും അനുവദിക്കുന്നു. പൊതുജലസേചനയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് (5 ഹെ - 10ഹെ.വരെ) 85 ശതമാനം വരെ സഹായധനം ലഭിക്കും. കൂടാതെ കണികാജലസേചനം നടത്തുന്നതിനും ധനസഹായം നൽകുന്നു.

ജലസേചനത്തിനനുവദിക്കുന്ന കിണറും പമ്പുസെറ്റും ഇന്ന് കുടിവെള്ളത്തിനുപയോഗിക്കുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

രാസവളകിറ്റു വിതരണം

തെങ്ങുകൾക്കു വളപ്രയോഗം നടത്തുന്നതിന് സൗജന്യനിരക്കിൽ വളംകിറ്റുകൾ വിതരണം ചെയ്യുന്നു. പല കർഷകരും ഈ വളം മറ്റു വിളകൾക്ക് ഉപയോഗിക്കുന്നതായി കണ്ടുവരുന്നു.

പച്ചില വളച്ചെടികളുടെ വിത്തുവിതരണം

തെങ്ങിന് ജൈവവളം ലഭ്യമാക്കുന്നതിന് പച്ചിലവളച്ചെടികൾ വളർത്തുന്നതിലേക്ക് വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. എന്നാൽ കർഷകർക്ക് ഇതിൽ യാതൊരു താല്പര്യവും ഇല്ല.

തെങ്ങിൻതൈവിതരണം

രോഗപ്രതിരോധശേഷിയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ വെസ്റ്റ് കോസറ്റ് ടാൾ (WCT), TxD, DxT ഇനത്തിൽപ്പെട്ട തെങ്ങിൻതൈകൾ കൃഷിഭവൻ വഴിയും, കൃഷിവകുപ്പിന്റെ അംഗീകൃതനഴ്സറികൾ വഴിയും വിതരണം ചെയ്തുവരുന്നു. എന്നാൽ ഇവ വാങ്ങുന്ന കാര്യത്തിലും കേരകർഷകർക്ക് പ്രതിപത്തി ഒട്ടും തന്നെ ഇല്ല.

തെങ്ങിനെ ബാധിക്കുന്ന കുമിൾരോഗത്തിനെതിരെ വ്യാപകമായിന്നു മരുന്നു തളിക്കുന്ന പദ്ധതി പണ്ട് ഉണ്ടായിരുന്നു. ഈ പദ്ധതി വളരെ പ്രയോജനം ചെയ്തിരുന്നു. മരുന്നു തളി സമ്പ്രദായം വീണ്ടും നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കാറ്റുവീഴ്ച ബാധിച്ച് ഉല്പാദനം കുറഞ്ഞതെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കു

ന്നതിന് ധനസഹായം നൽകുന്ന പദ്ധതി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. 300 തൈകൾ വെട്ടിമാറ്റി ധനസഹായം നൽകുകയും പുതിയതൈകൾ വച്ചു പിടിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഈ പദ്ധതി നിലവിലില്ല. ഈ പദ്ധതി തെങ്ങുകൃഷിവികസനത്തിന് അത്യന്താപേക്ഷിതമായി നടപ്പിലാക്കേണ്ട താണ്.

കൂടാതെ തെങ്ങിനു മരുന്നു തളിക്കുന്നതിനുള്ള റോക്കർ സ്പ്രേയർ, തെങ്ങുകയറ്റയന്ത്രം എന്നിവ വാങ്ങുന്നതിന് സബ്സിഡിയും കൃഷിഭവൻ മുഖേന അനുവദിക്കുന്നതാണ്. എന്നാൽ ഇത് എണ്ണത്തിൽ പരിമിതമാണ്.

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങുകൃഷി വിസ്തീർണ്ണം | തെങ്ങ്എണ്ണം കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗംബാധിച്ച തെങ്ങ് റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 85ഹെ. | 6000 | 7000 | 13000 | 2000 | 4000 | 580 | 120 | 100 | 4700 |
| 2 | 78ഹെ | 5200 | 6500 | 11700 | 1200 | 1350 | 450 | 80 | 80 | 3160 |
| 3 | 90ഹെ | 6000 | 7500 | 13500 | 1500 | 1600 | 500 | 100 | 150 | 3850 |
| 4 | 85ഹെ | 5700 | 7050 | 12750 | 1600 | 2400 | 360 | 140 | 160 | 4060 |
| 5 | 85ഹെ | 5600 | 7150 | 12750 | 1600 | 2400 | 260 | 100 | 260 | 4660 |
| 6 | 72ഹെ | 4800 | 6000 | 10800 | 1400 | 2100 | 150 | 80 | 210 | 3940 |
| 7 | 65ഹെ | 4000 | 5750 | 9750 | 1360 | 1940 | 160 | 80 | 200 | 3740 |
| 8 | 65ഹെ | 4000 | 5750 | 9750 | 1300 | 2000 | 160 | 80 | 200 | 3740 |
| 9 | 90ഹെ | 4350 | 9000 | 13500 | 2000 | 1900 | 180 | 100 | 180 | 4370 |
| 10 | 95ഹെ | 6250 | 8000 | 14250 | 1800 | 1700 | 130 | 100 | 180 | 3910 |
| 11 | 105ഹെ | 6750 | 9000 | 15750 | 2400 | 2100 | 210 | 130 | 250 | 5090 |
| 12 | 125ഹെ | 8650 | 10100 | 18750 | 2800 | 3100 | 360 | 180 | 480 | 6890 |

പയർകൃഷിവികസനം

ഈ പഞ്ചായത്തിൽ ഏകദേശം 35 ഹെക്ടർ സ്ഥലത്ത് പയർവർഗ്ഗങ്ങൾ കൃഷിചെയ്യുന്നു. ഉല്പാദനക്ഷമത ഹെക്ടറിന് 800 കി.ഗ്രാം. മുണ്ടകൻ കൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിൽ മൂന്നാം വിളക്കാലത്ത് പയർക്കൃഷിചെയ്യുന്നു. ഇതോടൊപ്പം ഉഴുന്ന്, ചെറുപയർ എന്നിവയും കൃഷിചെയ്യാറുണ്ട്. വളരെ ഔഷധഗുണമുള്ള മുതിര ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. ഇടവപ്പാതിക്കാലത്ത് പുരയിടങ്ങളിൽ വിപുലമായി കൃഷി ചെയ്തിരുന്ന രീതി ഇപ്പോൾ സർവ്വസാധാരണമല്ല.

പയർകൃഷിമൂലം ഉല്പാദനം വർദ്ധിക്കുന്നതോടൊപ്പം മണ്ണിൽനൈട്രജന്റെ സംഭരണം, ജൈവാംശത്തിന്റെ തോത് വർദ്ധിപ്പിക്കൽ മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തൽ എന്നീപ്രയോജനങ്ങളും ലഭിക്കുന്നു.

കൃഷിഭവൻ മുഖേന C152,S488 ഇനത്തിൽപ്പെട്ട പയർവിത്തുംT 9,Co2 ഇനത്തിൽപ്പെട്ട ഉഴുന്നുവിത്തും റൈസോബിയയും വിതരണം ചെയ്യാറുണ്ടെങ്കിലും വേണ്ടത്രയളവിൽ എല്ലാകർഷകർക്കും വിത്തു ലഭിക്കുന്നില്ല.

ചില നിലങ്ങളിൽ മൂന്നാം വിളക്കാലത്ത് എള്ള് കൃഷിചെയ്യാറുണ്ട്. എന്നാൽ ഉല്പാദനതോത് വളരെ തുച്ഛമാണ്. ഏതാനും കിറ്റുകൾ കൃഷിഭവനിൽ നിന്നും വിതരണം ചെയ്യുന്നു.

പഴവർഗ്ഗങ്ങൾ പുരയിടങ്ങളിൽനിന്നും മരച്ചീനിക്ക്യഷി നികത്തുനിലങ്ങളിലേക്കു മാറ്റപ്പെട്ടിരിക്കുന്നു. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ മറ്റു കിഴങ്ങുവിളകളും കൃഷിചെയ്യുന്നു. 7 മാസം കൊണ്ടു വിളവെടുക്കാവുന്ന ശ്രീപ്രകാശ് എന്ന ഇനം മരച്ചീനിയുടെ കൃഷി പ്രചാരത്തിലായിട്ടുണ്ട്. കിഴങ്ങുവർഗ്ഗകിറ്റുകൾ നാമമാത്രമായ വില ഈടാക്കി കൃഷിഭവൻ വിതരണം ചെയ്യുന്നു. എന്നാൽ വളരെ പരിമിതമാണ്.

വർദ്ധിച്ചുവരുന്ന എലിശല്യം കിഴങ്ങുവർഗ്ഗ വിളകളെ സാരമായി ബാധിക്കുന്നു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തുതലത്തിൽ എലിനശീകരണയഞ്ജം മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ട്. (Ro-

dent Control Campaign) ഇത്തരം പ്രവർത്തനങ്ങളിലൂടെ എലിശല്യം കുറെയെങ്കിലും പരിഹരിക്കാവുന്നതാണ്

പച്ചക്കറിക്കൃഷി

ഏകദേശം 28 ഹെ ്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നു. വേനൽക്കാലപച്ചക്കറി കൃഷിയ്ക്കാണ് പ്രധാന്യം. സ്ക്കൂൾകുട്ടികളുടെ വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷിചെയ്യുന്നതിനുള്ള വിത്തുകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇതിനു പ്രോത്സാഹന സമ്മാനങ്ങളും നൽകിവരുന്നുണ്ട്. ഈ വിതച്ചതുകളുടെ അങ്കുരണശേഷിയെപ്പറ്റി മോശമായ അഭിപ്രായമാണു പരക്കെ ഉള്ളത്.

96–97 വർഷത്തിൽ പച്ചക്കറിക്കൃഷിയുടെ പ്രോത്സാഹനത്തിനായി ഈ പഞ്ചായത്ത് പച്ചക്കറിഗ്രാമമായി തെരെഞ്ഞെടുത്തതായി ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്നു.

കുരുമുളകുകൃഷി ഈ പഞ്ചായത്തിൽ 85 ഹെക്ടറോളം കുരുമുളകുകൃഷിയുണ്ട്. പ്രധാനഇനങ്ങൾ കരിയിലാഞ്ചി, നാടൻ, കരിമുണ്ട പന്നിയൂർ എന്നിവയാണ്.

വേരുപിടിച്ച് കുരുമുളകുവള്ളികൾ സൗജന്യമായും സൗജന്യനിരക്കിലും കൃഷിഭവനിൽനിന്നും വിതരണം ചെയ്യുന്നുണ്ട്. കുരുമുളകുകൃഷിവികസന പദ്ധതി പ്രകാരം നാമമാത്രമായ ആനുകൂല്യങ്ങളും നല്കുന്നു. ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങളും ജലസേചന സൗകര്യമില്ലായ്മയും കാരണം കർഷകർ കുരുമുളകുകൃഷിയിൽ താല്പര്യം കാണിക്കുന്നില്ല. കുരുമുളകുകൃഷിക്ക് പഞ്ചായത്തുതലത്തിൽ സമഗ്രമായ മരുന്നുതളി നടത്തിയാൽ രോഗങ്ങളെ കുറയോക്കെ നിയന്ത്രിക്കാം

കശുമാവ്കൃഷി

ഒരു കാലത്ത് ഈ പഞ്ചായത്ത് കശുമാവ് കൃഷിമേഖല ആയിരുന്നു. ഇപ്പോൾ 62 ഹെ. സ്ഥലത്ത് കശുമാവ്കൃഷിഉണ്ട്. കശുമാവ്കൃഷി വികസനത്തിനായി അത്യുല്പാദനശേഷിയുള്ള ഗ്രഫ്റ്റ് തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കഴിഞ്ഞവർഷങ്ങളിൽ വളം കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. ഇപ്പോൾ വളവും കീടനാശിനികളും.സൗജന്യനിരക്കിൽ നല്കുന്നുണ്ട്. എന്നാൽ ഇവ മിക്ക കർഷകരും മറ്റു വിളകൾക്ക് ഉപയോഗിക്കുന്നു

വെറ്റിലക്കൃഷി പഞ്ചായത്തിലെ പല വാർഡുകളിലായി 3 ഹെക്ടറോളം സ്ഥലത്തു വെറ്റിലക്കൃഷിയുണ്ട്. നാമമാത്രമായ രീതിയിൽ ആനുകൂല്യങ്ങളും നൽകുന്നു. ഇത് തീർത്തും അപര്യാപ്തമാണ്.

വാഴക്കൃഷി പാടത്തും പറമ്പുകളിലുമായി 235 ഹെക്ടറോളം വാഴക്കൃഷി ചെയ്യുന്നു. നേന്ത്രൻ, കപ്പവാഴ, ഞാലിപ്പൂവൻ, പാളയംകോടൻ, റോബസ്റ്റ തുടങ്ങിയ ഇനങ്ങളാണ് പ്രധാനം

കറുനാമ്പുരോഗം വരാതിരിക്കാൻ തത്വദീക്ഷയില്ലാതെ ഫുറഡാൻ ഉപയോഗിക്കുന്നു. ഇതിന്റെ പരിണതഫലത്തെപ്പറ്റി കർഷകരെ ബോധവാന്മാരാക്കേണ്ടതുണ്ട്.

വാഴക്കൃഷിക്ക് കൃഷിഭവനിലൂടെ മുൻകാലങ്ങളിൽ ആനുകൂല്യങ്ങളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഈ വർഷം 'ഓണത്തിന് ഒരു കുലകായ്' എന്ന പദ്ധതി പ്രകാരം ഉമ്മന്നൂർ സെന്റ് ജോൺസ് ഹൈസ്ക്കൂളിലെ 50 വിദ്യാർത്ഥികൾക്കായി 150 വാഴവിത്തുകൾ വിതരണം ചെയ്തു.

റബ്ബർകൃഷി ഇവിടെ 1200 ഹെക്ടറിൽ റബ്ബർകൃഷിയാണ്. RR 11–105 എന്ന ഇനമാണ് ഏറിയപങ്കും. റബ്ബർബോർഡിന്റെ ചില ആനുകൂല്യങ്ങൾ ലഭിക്കുന്നു. കൃഷിഭവൻ മുഖേന ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല.

കൈതച്ചക്കകൃഷി വളരെ വികസന സാദ്ധ്യതയുള്ള കൃഷിയാണ് കൈതച്ചക്കകൃഷി. ഇപ്പോൾ ഈ പദ്ധതിക്ക് ആനുകൂല്യങ്ങൾ ഒന്നും ഇല്ല. മുൻകാലങ്ങളിൽ പ്രാദേശിക വിളവികസന പദ്ധതിപ്രകാരം ചില ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു.

സുഗന്ധവിളവികസനപദ്ധതി ഈ പദ്ധതി പ്രകാരം ഇഞ്ചി, മഞ്ഞൾ, മറ്റു സുഗന്ധവിളകൾ, കമുകു മുതലായവയുടെ കൃഷിയും ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നു. എന്നാൽ ഈ പദ്ധതികളുടെ എണ്ണം പരിമിതമാകയാൽ എല്ലാകൃഷിക്കാർക്കും ലഭിക്കുന്നില്ല.

ഇതരപദ്ധതികൾ

നടീൽ വസ്തുക്കളുടെ വിതരണം

നെൽവിത്ത്, തെങ്ങിൻതൈകൾ, വേരുപിടിപ്പിച്ച കുരുമുളകുവള്ളികൾ, ജൈവവളച്ചെടികളുടെ വിത്തുകൾ, പയർവിത്ത, എള്ളുവിത്ത്, ജാതി, ഗ്രമ്പൂ തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഒട്ടുമാവ്, പ്ലാവ്, തുടങ്ങിയ ഫല

വർഗ്ഗചെടികൾ തുടങ്ങിയവ വിതരണം ചെയ്യാറുണ്ട്. തെങ്ങിൻ തൈകളുടെ കുരുമുളകുവള്ളികളുടെയും വിതരണം ഇപ്പോൾ ഫലപ്രദമല്ല.

നടീൽ വസ്തുക്കൾ നടീൽ സമയത്തിന്റെ ആരംഭത്തിൽ കിട്ടുന്നില്ല. വിതരണത്തിനൊത്തു തൈകളിൽ ഗുണമേന്മ കുറഞ്ഞവയും കടന്നുകൂടുന്നു തുടങ്ങിയ പോരായ്മകൾ നിലനിൽക്കുന്നു.

സസ്യസംരക്ഷണം കീടനാശിനികൾ വിലകുറച്ചുവിതരണം ചെയ്യുന്നു. എന്നാൽ സ്പ്രേയറുകൾ ആവശ്യത്തിനു ലഭ്യമല്ല. കൃഷിഭവനിലുള്ള സ്പ്രേയറുകൾ നന്നാക്കിയാൽ പോലും ഉപയോഗിക്കുവാൻ പാടുന്നവയല്ല. ഇവ ലേലം ചെയ്തു കൊടുക്കുകയോ പുതിയ സ്പ്രയറുകൾ വാങ്ങുകയോ ചെയ്യേണ്ടതാണ്.

ജൈവവളവികസനപദ്ധതി ഈ പദ്ധതിപ്രകാരം ജൈവവളച്ചെടികളുടെ വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. കർഷകർ ഇതു വാങ്ങാത്തതിനാൽ സാമ്പത്തികഭാരം ജീവനക്കാരുടെ മേൽ വന്നനുഭവിക്കുന്നു. കമ്പോസ്റ്റു കുഴി നിർമ്മിക്കുന്നതിനുള്ള സബ്സിഡി നാമമാത്രമായതിനാൽ ഈ പദ്ധതികൾ വിജയപ്രദമല്ല.

പൊതുജനസമ്പർക്കപരിപാടി കർഷകപരിശീലന പരിപാടികൾ, കർഷകദിനാചരണം, കാർഷികവിളകൾക്കുള്ള മത്സരങ്ങൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറിക്കൃഷിയുടെ പ്രോത്സാഹനസമ്മാനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ കീഴിൽ വരുന്നത്. കർഷകരുടെ താല്പര്യക്കുറവുമൂലം ഈ പദ്ധതികൾ ഫലപ്രദമല്ല.

ബയോഗ്യാസ് പ്ലാന്റുനിർമ്മാണം

ഇന്ധനക്ഷാമം വൈദ്യുതിക്ഷാമം അനുഭവപ്പെടുന്ന കാലത്ത് ബയോഗ്യാസ് പ്ലാന്റു നിർമ്മാണം കൊണ്ട് ഇത് പരിഹരിക്കാമെന്നു മാത്രമല്ല ചാണകത്തെ പൂർണ്ണമായും ആഗിരണയോഗ്യമാക്കിത്തീർക്കുകയും ചെയ്യാം L.P.G ഗ്യാസിനോടുള്ള താല്പര്യവും കന്നുകാലികളെ വളർത്തുവാനുള്ള ബുദ്ധിമുട്ടും ചാണകം കൈകാര്യം ചെയ്യാനുള്ള വൈമുഖ്യം കാരണം കർഷകർ ഈ പദ്ധതിയോടു വൈമുഖ്യം കാട്ടുന്നു.

മണ്ണു പരിശോധന മണ്ണിന്റെ ഗുണമേന്മ, അമ്ലാക്ഷരനിലവാരംപോഷകമൂല്യങ്ങളുടെ അളവും അഭാവവും, നൽകേണ്ട വളങ്ങളും കുമ്മായവസ്തുക്കളും എന്നിവയൊക്കെ മനസ്സിലാക്കി കൃഷിചെയ്താൽ കൃഷിച്ചെലവു കുറയും. ഇവ അറിയുന്നതിനായി മണ്ണു പരിശോധന നടത്തേണ്ടതാണ്. കൃഷിഭവനിൽ ലഭിക്കുന്ന സാമ്പിളുകൾ ലാബട്ടറികളിലയച്ചു പരിശോധന നടത്താനുള്ള സൗകര്യവും ഉണ്ട്. പക്ഷെ കർഷകർക്ക് ഇതിൽ ഒരു താല്പര്യവും ഇല്ല. ജീവനക്കാർ നിർബന്ധിച്ചു ചെയ്യിക്കുന്ന ഒരു പദ്ധതിയായി മാറിയിരിക്കുകയാണ്

വിളഇൻഷ്വറൻസ് പദ്ധതി

25 കാർഷികവിളകൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതി 95-96 ൽ ആരംഭിച്ചു. പ്രകൃതിക്ഷോഭം മൂലം കാർഷികവിളകൾക്കു നഷ്ടം സംഭവിക്കുന്ന കർഷകർക്ക് ഈ പദ്ധതി ആശ്വാസത്തിന് വക നൽകുന്നു. എന്നാൽ പദ്ധതിയോടും കർഷകർ പ്രതിപത്തി കാണിക്കുന്നില്ല. ആകയാൽ ഈ പദ്ധതിയും ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കുന്നില്ല. പ്രകൃതിക്ഷോഭം മൂലം കാർഷികവിളകൾ നശിച്ചശേഷമാണ് പലകർഷകരും ഇതിൽ അംഗമാകാൻ താല്പര്യം കാണിച്ചത്. ഏജന്റുമാർക്ക് ആകർഷകമായ പ്രതിഫലം നൽകിയാലേ ഈ പദ്ധതി വിജയിക്കുകയുള്ളൂ.

യുവജനങ്ങൾക്കുള്ള കാർഷികമേഖലയിൽ തൊഴിൽ പദ്ധതി

ഒരു ലക്ഷം യുവജനങ്ങൾക്കു കാർഷികമേഖലയിൽ തൊഴിൽ എന്ന പദ്ധതിപ്രകാരം 100 പേർ ഈ പഞ്ചായത്തിൽ നിന്നും അംഗങ്ങളായി ചേർന്നിട്ടുണ്ട്. സ്വയം തൊഴിലിനുള്ള താല്പര്യമല്ല മറിച്ച്, പെൻഷൻ. അവകാശിക്കുള്ള സഹായം, ഇൻഷ്വറൻസ്സആനുകൂല്യം എന്നിവയാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. അപൂർവ്വം ചിലർ മാത്രമേ ഇതിൻപ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളു.

പ്രത്യേകഘടകപദ്ധതി

ഈ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വിവിധകാർഷികപദ്ധതികൾ നടപ്പിലാക്കിവരുന്നു. നിർദ്ധനനരും, കൂലിപ്പണിക്കാരും, കർഷകത്തൊഴിലാളികളും, തുച്ഛമായ ഭൂടമസ്ഥരുമായ ഇവരുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനായി ഓരോ കോളനികളിലും മാറി മാറി വികസനപ്രവർത്തനങ്ങൾ നടത്തുന്നു. എല്ലാ കോളനികളിലും നടീൽ വസ്തുക്കൾ വിതരണം ചെയ്തു നിലവിലുള്ള വിളകൾക്കു വളം നൽകി. ജലസേചനത്തിനും പൊതുക്കിണറുകൾ നിർമ്മിച്ചുകൊടുത്തു. കാർഷികോപകരണങ്ങൾ നൽകി. പട്ടികജാതി സഹകരണസംഘത്തിനും ട്രാക്ടർ നൽകി. ആഗ്രോസർവ്വീസ് സെന്ററുകൾ പണിതു നൽകി. തെങ്ങുകയറ്റത്തിൽ ചിലർക്കു പരിശീലനവും തെങ്ങുകയറ്റയന്ത്രവും നൽകി. ഫാം ഹൗസുകൾ നൽകി. ഇവയൊന്നും ഉദ്ദേശിച്ച ഫലം നൽകിയിട്ടില്ല. ഈ ആനുകൂല്യങ്ങൾ മിക്കതും ദുരുപയോഗം ചെയ്തിരിക്കുകയാണ്. ട്രാക്ടറും കാർഷികോപകരണങ്ങളുമെല്ലാം തുരുമ്പെടുത്തു നശിച്ചു. ശരിയായബോധവല്ക്കരണം നടത്തിയിട്ടും

ഈ പദ്ധതി ഫലപ്രദമായിട്ടില്ല.

നീർമറിപ്രദേശവികസനപദ്ധതി കേന്ദ്രഗവൺമെന്റുസഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. നെടുമൺകാവ് വാട്ടർഷെഡ്സ്റ്റ് ഡെവലപ്പ്മെന്റ് പദ്ധതി എന്നപേരിലറിയപ്പെടുന്ന ഈ പദ്ധതികൊണ്ട് ഈ പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കുറച്ചു ഭാഗത്തിനു മാത്രമേ പ്രയോജനം ലഭിക്കുകയുള്ളൂ. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. ഉമ്മന്നൂർ പഞ്ചായത്തിലെമ്പാടും ഈ പദ്ധതി നിലവിൽ വരണം

മൾബറികൃഷിയും പട്ടുനൂൽ പുഴു വളർത്തലും

പട്ടുനൂൽനിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന മൾബറികഷിയും പട്ടുനൂൽവളർത്തലിനും ചില ആനുകൂല്യങ്ങൾ ഏതാനും വർഷങ്ങൾക്കുമുൻമ്പു നൽകിയിരുന്നുവെങ്കിലും പട്ടുനൂൽപുഴുവളർത്തലിനും കൊക്കൂൺ വിപണനക്കിനും ഇവിടുത്തെ കാലാവസ്ഥ അനുയോജ്യമല്ലാതിരുന്നതിനാൽ ഈ പദ്ധതി തികച്ചും പരാജയമായിപ്പോയി.

ഔഷധസസ്യക്കൃഷി, പുഷ്പക്കൃഷി, കൂൺകൃഷി തുടങ്ങിങ്ങിയവയ്ക്ക ഇവിടെ സാദ്ധ്യതകളേറെയുണ്ട്. എന്നാൽ ഇന്നത്തെ കർഷകർക്ക് കാർഷികാര്യങ്ങളോടുള്ള വിരക്തി, കാർഷികപുരോഗതിയുടെ മുന്നിൽ ഒരു ചോദ്യ ചിഹ്നമായി നിൽക്കുകയാണ്.

വായ്പാസൗകര്യങ്ങൾ

സ്വന്തമായി മുതൽ മുടക്കി കൃഷിയിറക്കാനുള്ള സാമ്പത്തികനിലവാരമുള്ള കർഷകർ ഈ പഞ്ചായത്തിൽ തുലോം വിരളമാണ്. ആകയാൽ അവർക്ക് ധനകാര്യസ്ഥാപനങ്ങളെ ആശ്രയ്ക്കേണ്ടിവരുന്നു. വസ്തുജാമ്യത്തിന്മേലും വ്യക്തിജാമ്യത്തിന്മേലും, സ്വർണ്ണപ്പണയത്തിൻമേലും ഈ ധനകാർസ്ഥാപനങ്ങളിൽനിന്നും ഇവർക്ക് വായ്പ ലഭിക്കുന്നു

ഉമ്മന്നൂരിൽ പ്രവർത്തിക്കുന്ന ഉമ്മന്നൂർ സർവ്വീസ്സ് സഹകരണബാങ്ക്, കോർപ്പറേഷൻ ബാങ്ക്, വാളകം ഫെഡറൽ ബാങ്ക് എന്നീബാങ്കുകൾ ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നു. കൂടാതെ ഫെഡറൽ ബാങ്ക് ഓടനാവട്ടം, സിൻഡിക്കേറ്റ്ബാങ്ക്; പനവേലി, കൊല്ലം ജില്ലാ സഹകരണബാങ്ക്, കൊട്ടാരക്കരബ്രാഞ്ച് എന്നീ ബാങ്കുകളിൽനിന്നും വായ്പ ലഭിക്കും.

മണ്ണുസംരക്ഷണം, കിണർ-പമ്പുസെറ്റുസ്ഥാപിക്കൽ, ബയോഗ്ലാസ്സ് പ്ലാന്റ് നിർമ്മാണം, കാലിവളർത്തൽ തുടങ്ങിയ പദ്ധതികൾ ദീർഘകാലവായ്പകളും കാർഷികവിളകൾക്ക് ഹ്രസ്വകാലവായ്പകളും ലഭ്യമാണ്

കാർഷികാവിശ്യത്തിനെന്നു കാണിച്ച് എടുക്കുന്ന ഈ തുകകളിൽഭൂരിഭാഗവും മറ്റ് ആവിശ്യങ്ങൾക്കായി ചെലവഴിക്കുന്നവരാണ് ഏറിയ പങ്കും. ആയതിനാൽ കാർഷികാഭിവൃദ്ധി ഉണ്ടാകുന്നുമില്ല. ഇവർകടക്കെണിയിലകപ്പെടുകയും ചെയ്യുന്നു.

കാർഷികവികസനപ്രവർത്തനങ്ങൾ

നടപ്പുപദ്ധതികളുടെ അവലോകനത്തിൽപരാമർശിച്ചിട്ടുള്ലവകൂടാതെ പശ്ചിമഘട്ടവികസനപദ്ധതിപ്രകാരം നടീൽവസ്തുക്കൾ വിതരണം ചെയ്യുകയുംമണ്ണൊലിപ്പു നിവാരണപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേകതൊഴിൽദാന പദ്ധതി പ്രകാരം കിണർ, മണ്ണുസംരക്ഷണപ്രവർത്തങ്ങൾ എന്നിവയും നടപ്പിൽ വരുത്തി. പ്രധാമമന്ത്രിയുടെ പ്രത്യേകതൊഴിൽദാന പദ്ധതിപ്രകാരം പഴിഞ്ഞം, പെരുമ്പ, ഏലായിലും വാളകം ബ്ലാക്കോണം ഏലായിലും 1,75,00 രൂപ മുടക്കി വരമ്പുകൾ കെട്ടി. 15 ബയോഗ്ലാസ്സു പ്ലാന്റുകൾക്ക് സഹായധനം കൊടുത്തിട്ടുണ്ട്. 92 ലെ വെള്ളപ്പൊക്കദുരിതാശ്വാസപദ്ധതിപ്രകാരം 7 ടൺ നെൽവിത്തും സഹായധനവും അനുവദിച്ചു.

കാർഷികവികസനപ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ പഞ്ചായത്തുതല വികസനസമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുപരിധിയിലുള്ള നെൽക്കൃഷിക്കാരെ ഉൾക്കൊള്ളിച്ച് പാടശേഖരസമിതികളും 12 വാർഡുകളെയും പ്രതിനിധീകരിച്ച് കേരവികസനസമിതിയും രൂപീകരിച്ചിട്ടുണ്ട്. ഒരു കുരുമുളകുസമിതിയും രജിസ്റ്റർ ചെയ്തു. വികസനപ്രവർത്തനങ്ങളെയും പദ്ധതികളെയും കുറിച്ച് ഈ സമിതികളുമായും ഗ്രാമപഞ്ചായത്തു കമ്മിറ്റിയിലും ചർച്ച ചെയ്യാറുണ്ട്. സെമിനാറുകളും ചർച്ചാക്ലാസ്സുകളും സമിതിയോഗങ്ങളും കാർഷികവികസനപ്രവർത്തനങ്ങളുടെ നടത്തിപ്പിനെ സഹായിക്കുന്നു.

കാർഷികവികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാനുള്ള കൃഷിഭവൻ ഈ പഞ്ചായത്തിന്റെ ഒറ്റപ്പെട്ട കോണിലുള്ള മേൽക്കുളങ്ങര എന്ന സ്ഥലത്താണ്. അവിടെ എത്തിച്ചേരാൻ ആവിശ്യത്തിനുള്ള യാത്രാസൗകര്യങ്ങളില്ലാത്തതുകൊണ്ട് കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും മറ്റും വാങ്ങാൻ പഞ്ചായത്തിലെ ഇതരപ്രദേശത്തുള്ള കർഷകർക്കു കഴിയാത്തതിനാൽ കൃഷിഭവന്റെ സഹായം പൂർണ്ണമായും

പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ സ്ഥാപനം ഈ പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗത്തായാൽ കർഷകർക്ക് സൗകര്യപ്രദമായിരിക്കും

പ്രധാനവിളകളെ ബാധിക്കുന്ന രോഗകീടങ്ങൾ

| ക്രമ നമ്പർ | വിള | രോഗങ്ങൾ | കീടങ്ങൾ |
|---|---|---|---|
| 1 | നെല്ല് | ബ്ലാസ്റ്റ്, ഷീത്ത്ബ്ലൈറ്റ് ബാക്ടീരിയൽ,ഇലകരിച്ചിൽ ഗ്രാസിസ്റ്റണ്ട് | ഇലപ്പേൻ, ഗാളീച്ച, ഓലചുരുട്ടി തണ്ടുതുരപ്പൻ, കുഴൽപ്പുഴു മുഞ്ഞ, ചാഴി |
| 2 | തെങ്ങ് | കൂമ്പുചീയൽ, ഓലചീയൽ മഞ്ഞളിപ്പ്, മച്ചിങ്ങപൊഴിച്ചിൽ,കാറ്റുവീഴ്ച, ചെന്നീരൊലിപ്പ് | കൊമ്പൻചെല്ലി, ചെമ്പൻചെല്ലി പൂങ്കുലച്ചാഴി, എലി |
| 3 | വാഴ | കുറുനാമ്പുരോഗം | മാണപ്പുഴു, വാഴപ്പേൻ |
| 4 | മരച്ചീനി | ഇലകുരുടൽ(മൊസേക്) | എലി |
| 5 | റബ്ബർ | അകകാലികഇലകൊഴിച്ചിൽ പട്ടമരപ്പ്, പിങ്കുരോഗം | വേരുതീനിപ്പുഴു, എലി |
| 6 | കശുമാവ് | കൊമ്പുണക്കം | തടിതുരപ്പൻ, തേയിലക്കൊതുക് |
| 7 | കമുക് | കൂമ്പുചീയൽ, മച്ചങ്ങകൊഴിച്ചിൽ, മഞ്ഞളിപ്പ് | വേരുതീനിപ്പുഴു, മണ്ടപ്പുഴു |
| 8 | കുരുമുളക് | ദ്രുതവാട്ടം, സാവധാനം | പൊള്ളുവണ്ട്, ഇലപ്പേൻ, തണ്ടുതുരപ്പൻ നിമാവിരകൾ |
| 9 | ഇഞ്ചി | മുടുചീയൽ,ഇലമഞ്ഞളിപ്പ് | തണ്ടുതുരപ്പൻ |
| 10 | മാവ് | കൊമ്പുണക്കം | ഇലതീനികീടം |
| 11 | പച്ചക്കറി പയർവർഗ്ഗങ്ങൾ | ഇലകുരുടൽ,ഇലപ്പുള്ളി, പൊടിക്കുമിൾ,തൈചീയൽ കായ്ചീയൽ, കൊച്ചിലമൊസേക് വാട്ടം | തണ്ടുതുരപ്പൻ, കായീച്ച,ഇലതീനികൾ സസ്യരസചൂഷകകീടം, എപ്പിലാക്നകീടം |
| 12 | കിഴങ്ങുവർഗ്ഗങ്ങൾ | ഇലപ്പുള്ളിരോഗം | ഇലതീനികീടങ്ങൾ |
| 13 | എള്ള് | ഫല്ലോഡിരോഗം | ഇലതീനിക്കീടം, കായ്തുരപ്പൻ |
| 14 | വെറ്റില | ഇലപ്പുള്ളിരോഗം | മിറിഡ് ബഗ് |

കൃഷിയും ജലസേചനവും

| പ്രശ്നങ്ങൾ | ബധ്യതകൾ |
|---|---|
| 1 മണ്ണ് | |
| മണ്ണ്പരിശോധന | പഞ്ചായത്ത്തലത്തിൽ മണ്ണ്പരിശോധനാസംവിധാനം ഉണ്ടാക്കുക. പരിശോധനാഫലം യഥാസമയംകർഷകരെ അറിയിക്കുക. |
| നെല്പ്പാടങ്ങൾക്കു മണ്ണിട്ടു നികത്തുന്നതുമൂലം ജലസേചന നിർഗ്ഗമനം അസാധ്യമാകുന്നു | നെല്പ്പാടംനികത്തുന്നതിനെ നിയമം മൂലം തടയുകയും നെൽക്കൃഷിയെപ്രോത്സാഹിപ്പിക്കുകയും ചെയ്യുക. |
| 2. ജലം | |
| ജലസേചനസൗകര്യം ജലനിർഗ്ഗമന സൗകര്യം എന്നിവയുടെ അപര്യാപ്തത | പഴയതലക്കുളങ്ങൾ പുതുക്കുകയും പുതിയവ നിർമ്മിക്കുകയും, ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക, കല്ലടജലസേചനപദ്ധതിയിൽനിന്നും ജലം എത്തിച്ചും ജലസേചനം മെച്ചപ്പെടുത്താം, തോടുകൾ വീതികൂട്ടിയും, ആഴം കൂട്ടി |

യും ജലനിർഗ്ഗമനം വർദ്ധിപ്പിക്കാം.

തലക്കുളങ്ങൾക്ക് വേണ്ട സ്ഥലങ്ങളും തോടുകൾ നിർമ്മിക്കുകയും വേണ്ട ഭാഗങ്ങൾ

| സ്ഥലം | തോടുകൾ വൃത്തിയാക്കൽ ഭാഗം | തലക്കുളം പഴയതുനന്നാക്കേണ്ടത് | പുതിയവവേണ്ടത് |
|---|---|---|---|
| നെല്ലിക്കുന്നം പ്ലാപ്പള്ളി | | | Lift irrigation |
| നെല്ലിക്കുന്നം-കടാട്ട് | കടാട്ടുമുതൽ നെല്ലിക്കുന്നം ഭാഗം, പെരുങ്കല്ലൂർ ഭാഗം കൊരുതുവിളഭാഗം | വിലയന്തൂർഭാഗം വിലങ്ങറ U.P.Sഭാഗം കടാട്ടുഭാഗം, വിലങ്ങറ ക്ഷേത്രഭാഗം | ചേങ്ങോട്ടുകോണം ഭാഗം |
| വിലയന്തൂർ | കൊച്ചാലുമൂടു മുതൽ മുണ്ടാംമൂട് വരെയുള്ള ഭാഗം വിലയന്തൂർ ഏലായുടെ ഭാഗത്തുള്ളതോട് കെട്ടി വൃത്തിയാക്കുക | കൊച്ചാലുംമൂട് വിലയന്തൂർ ഏലായുടെ ഭാഗത്തുള്ള തോട് | |
| വിലങ്ങറ നെടുമൺ മണ്ണത്താമര | ആലിക്കോണം-മൂഴിയിൽ ഭാഗം, നെല്ലിക്കുന്നം-കടാട്ട് ഏലായുടെ സൈഡ് | മരുതിക്കോണം കുരുമ്പേലിമൂല | മണ്ണത്താമരഭാഗം,മുണ്ടു വയൽഭാഗം, കോരുതു വിള, പേജൂർകോണം ചാത്തറ, ഇരുവേലി ഭാഗങ്ങൾ |
| പഴിഞ്ഞം-പെരുമ്പ | ചെറുവല്ലൂർ,മംഗലത്തുവാതുക്കൽ, കുമ്പ്രംകോണം-പഴിഞ്ഞം ക്ഷേത്രത്തിനു പടിഞ്ഞാറുഭാഗം ചെറുവല്ലൂർ മുതൽപഴിഞ്ഞംവരെ പഴിഞ്ഞം-ആലിക്കോണംഭാഗം | ഉമ്മന്നൂർചിറ, കുറ്റി ക്കാട്ടുകോണംചിറ (കളിയിലഴികംകുളം) | കുമ്പ്രംകകോണം തല ക്കൽ |
| പേറ-തേവന്നൂർ | പേറമുതൽ തേവന്നൂർകൊയ്പ്പള്ളിഭാഗം വരെ തോടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യണം | തളിർമാംകുന്നുചിറ നെട്ടൂർകുളം | അരീക്കൽ-മേൽക്കുളങ്ങരഭാഗം മഴുവഞ്ചേരിഭാഗം പേറ- ആട്ടറ |
| കമ്പംകോട് | | Lift irrigation | |
| വയയ്ക്കൽ - പൊലിക്കോട് | പണയിൽ ഭാഗം മുതൽ പൂവത്തൂർഭാഗം വരെ | പനക്കോട്ടുകുളം പൊലിക്കോട്ട്ചിറ വയയ്ക്കൽ ചിറ പെരുമ്പള്ളിചിറ | അരീക്കുടി പൊലിക്കോട്ട് മേൽക്കുളങ്ങര |
| അണ്ടൂർ-കുട്ടിയാം കോട് | അണ്ടൂർചിറമുതൽ പെരുമ്പഭാഗംവരെ കുട്ടിയാംകോട് കൈതളാവ്, മരങ്ങോട്ടുകോണം | അണ്ടൂർചിറ | കൈതളാവ് തലക്കൽഭാഗം |
| വാളകം-പൊലിക്കോട് | കുമ്പുക്കാടുഭാഗം മുതൽ വാളകം ജംഗ്ഷൻവരെ | കുമ്പുക്കാട്ടുതലക്കൽ | കോട്ടുമലഭാഗം |
| കണ്ണംകുളം-പട്ടേരി | തെക്കെഅമ്പലക്കരമുതൽ കണ്ണംകുളംവരെ, പാതിയോടു ഭാഗംമുതൽ വാഴവിളഭാഗം പഴിഞ്ഞംവരെ | | കുഴവിക്കോണം ഭാഗം |
| മേൽക്കുളങ്ങര- | അണ്ടൂർമുതൽ | | |

# അനുബന്ധം 1

**കൃഷി ജലസേചനം**

1 പ്രധാനപ്പെട്ട തോടുകളിലുള്ള തടയണകൾ റിപ്പയർ ചെയ്ത് ജലസേചനം നടത്തുക.

വാളകം–പൊടിയാട്ടുവിള എന്ന സ്ഥലത്ത് തുടങ്ങി ഇത്തിക്കര ആറിൽ ചേരുന്ന വാളകം വില്ലേജിന്റെ കിഴക്കേ അതിർത്തിയിൽകൂടി ഒഴുകുന്ന തോട് വീതി കുറഞ്ഞു ജലനിർഗ്ഗമനം ശരിയാകാത്തതിനാൽ വെള്ളപ്പൊക്കമുണ്ടായി വാളകം വില്ലേജിന്റെ കിഴക്ക് ഭാഗത്തുള്ള നിലങ്ങൾ കൃഷി നാശം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി തോട് വീതിയും ആഴവുംകൂട്ടി ജല നിർഗ്ഗമന സൗകര്യം ഉണ്ടാക്കേണ്ടതാകുന്നു. ഒന്നോ, രണ്ടോ തടയണ ഉണ്ടാക്കി വേനൽക്കാലത്ത് ജലം സംഭരിച്ചു നിറുത്തിയാൽ സമീപ പ്രദേശങ്ങളിലെ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

2 ഗ്രൂപ്പ ഫാമിംഗിലെ നെൽക്കൃഷിക്കാർക്ക് കൃഷി സമയത്ത് സാമ്പത്തിക സഹായം നൽകി യഥാസമയത്തുള്ള കൃഷി ഇറക്കും, വിളവെടുപ്പും നടത്തുക. വിളവെടുപ്പോടുകൂടി സഹായധനം (ലോൺ) തിരിച്ചടപ്പിക്കുക.

3 ഗ്രൂപ്പ് ഫാമിംഗ് കമ്മററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4 കാർഷിക ഉപകരണങ്ങൾ, സ്പ്രേയറുകൾ യന്ത്രങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ കർഷക സമ്മതികൾക്ക് നൽകുക.

5 രണ്ടാം വാർഡിലുൾപ്പെട്ട മടത്തിയറ കൊച്ചാലുംമൂട് മാന്താനം എന്നീ ഏലാകൾ ചേർത്തു ഏലാ സമതി രൂപീകരിക്കുകയോ, മറേറതെങ്കിലും ഏലാ സമതികളിൽ ഉൾപ്പെടുത്തുകയോ ചെയ്യുക.

6 വിലയന്തൂർ മുണ്ടാംമൂട്ടിൻ വലിയ തോട്ടിൽവരെ ചേരുന്ന ചെറുതോടിന്റെ വരമ്പുകൾ കെട്ടി കൃഷിനാശം ഒഴിവാക്കുക.

7 വിള ഇൻഷുറൻസ് പദ്ധതിയിൽ മാററം വരുത്തണം. പ്രത്യേകിച്ചു കുരുമുളകിന്റെ ദ്രുതവാട്ടത്തിന് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തണം.

8 ഈ പഞ്ചായത്തിൽ പല ഭാഗങ്ങളിലും നിലങ്ങൾ നികത്തി തെങ്ങ് വച്ചിട്ടുണ്ട്. ഇതിൽ ആദായകരമല്ലാത്ത സ്ഥലങ്ങൾ പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. സ്വന്തമായി കൃഷി ഇറക്കാൻ തയ്യാറാകാത്തപക്ഷം സ്ഥലം പഞ്ചായത്ത് പാട്ടത്തിനെടുത്ത് താൽപ്പര്യമുള്ള യുവജനങ്ങൾ മുഖേന പച്ചക്കറി കൃഷി, പുൽകൃഷി എന്നിവ നടത്താവുന്നതാണ്.

9 കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം കട്ടിയവരില്ലാത്തതിനാൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുക.

10 ഉമ്മന്നൂർ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് 5 സെൻറ് സ്ഥലം ലഭിച്ചാൽ ഒരു അഗ്രോ ക്ലിനിക് (മിനി കൃഷി ഭവൻ) സ്ഥാപിക്കുക.

11 **റാമ്പുകൾ ആവശ്യമുള്ളവ**

(1) രണ്ടാം വാർഡ്–മാന്താനം–ചുങ്കത്തറ ഏലാ– 2 റാമ്പ്

(2) വാളകം വാർഡിൽ പുലിയം ഏലായിൽ ഒരു റാമ്പ്

(3) എട്ടാം വാർഡ്–പൊലിക്കോട് ഏലായിൽ ഇടയം റോഡിൽ 2 റാമ്പ്

(4) അണ്ടൂർ വാർഡിൽ–മരങ്ങാട്ടുകോണം അണ്ടൂർ ഏലായിൽ 2 റാമ്പ്

(5) പതിനൊന്നാം വാർഡ്–തെക്കേ അമ്പലക്കര മാനാടി ഏലായിൽ വരമ്പ് സൈഡ് കെട്ടി നടപ്പാത ഉണ്ടാക്കണം

(6) പത്താം വാർഡിൽ പെരുമ്പ–നെടിയകോണം ഏലായിൽ ഒരു നടപ്പാലം ഉണ്ടാക്കണം

| | | | |
|---|---|---|---|
| അരീക്കുഴി | അരീക്കുഴിഭാഗംവരെ | — | — |

യന്ത്രോപകരണങ്ങൾ ഇറക്കുന്നതിന് റാമ്പുകൾ വേണ്ട സ്ഥലം

| | വാർഡ് നമ്പർ | റാമ്പുകൾ വേണ്ട ഭാഗങ്ങൾ |
|---|---|---|
| 1 | 1 | നെല്ലിക്കുന്നം പനച്ചമൂട്ഭാഗം മുതൽ മേലോട്ടുപോകുന്നഭാഗം |
| 2 | 2 | വിലയന്തൂർ- വിലങ്ങറ യു.പി.എസ് നു താഴെ(കിഴക്കെഭാഗം)<br>വിലയന്തൂർ ഏലായിൽ<br>കൊച്ചാലുംമൂട് ഏലായിൽ(3റാമ്പുകൾ) |
| 3 | 3 | ഇടയിലഴികത്തുവാതുക്കൽ, പൗട്ടറഭാഗം, കോരുതവിളഭാഗം(3റാമ്പുകൾ) |
| 4 | 4 | അരീക്കുന്നിൽഭാഗം, മണ്ണത്താമരഭാഗം(2റാമ്പുകൾ) |
| 5 | 5 | ചെറുവല്ലൂർഭാഗം, രണ്ടുസൈഡികളിലും, മംഗലത്തുവാതുക്കൽ, അമ്പലഭാഗത്ത്, പള്ളിമുക്ക്ഭാഗം, കുറ്റിക്കാട്ട്, ഉമ്മന്നൂർചിറഭാഗം (7റാമ്പുകൾ) |
| 6 | 6 | വയയ്ക്കൽ-ഉമ്മന്നൂർറോഡിൽ തേവന്നൂർഭാഗത്ത് രണ്ടുസൈഡിലും ഓരോന്ന്, ഉഴിത്രപ്പള്ളിമഠംഭാഗം, വലിയമഠംഭാഗം ( 4എണ്ണം) |
| 7 | 7 | കമ്പംകോട്ഭാഗം (2 റാമ്പുകൾ) |
| 8 | 8 | കോതവേലിക്കോണം ഭാഗം (2 റാമ്പുകൾ)<br>അരിയോട്ടുഭാഗം, വയയ്ക്കൽ മരങ്ങാട്ട് ഏലായിൽ (2 റാമ്പുകൾ)<br>വയയ്ക്കൽ അരിമുകിൽ ഭാഗത്ത് (2 റാമ്പ്) |
| 9 | 9 | കൈതളാവിൽഭാഗം, കട്ടിയാകോടുഭാഗം, അണ്ടൂർക്ഷേത്രഭാഗം, രാമമംഗലംഭാഗം, പെരുമ്പഭാഗം, (6 റാമ്പുകൾ) |
| 10 | 10 | കോട്ടുമലഭാഗം, പെരുമ്പനെടിയകോണംഭാഗം (2റാമ്പുകൾ) |
| 11 | 11 | പാതിയോടുഭാഗം, കുഴവിക്കോണംഭാഗം, കണ്ണംകുളംഭാഗം (3 റാമ്പുകൾ) |
| 12 | 12 | പുലിമുഖത്ത്ഭാഗം, പനയറ, റാങ്ങോട്, മുതക്കുന്നം, ഇരുകുന്നം, കൊടുമണ്ണൂർ കോണംഹരിജൻ കോളനി ഭാഗം(3റാമ്പുകൾ) |
| 13 | കൃഷിഭവൻ | ഉമ്മന്നൂർപഞ്ചായത്തിൽ ഉമ്മന്നൂർ, വാളകം എന്നീ വില്ലേജുകളുണ്ട്, ഇപ്പോൾ പ്രവർത്തിക്കുന്ന കൃഷിഭവൻ വാളകം വില്ലേജിലാണ്. ഉമ്മന്നൂർ വില്ലേജിൽ ഒരു കൃഷിഭവൻ സ്ഥാപിക്കണം. |

# മൃഗസംരക്ഷണവും, ക്ഷീരവികസനവും

ആമുഖം - തികച്ചും കാർഷികപ്രാധാന്യമുള്ളഗ്രാമമായ ഉമ്മന്നൂർ പഞ്ചായത്തിലെ കർഷകരുടെ ഒരു പ്രധാന വരുമാനമാർഗ്ഗമാണ്കന്നുകാലി വളർത്തലും അനുബന്ധമേഖലയും. സംസ്ഥാനകന്നുകാലി സമ്പത്തിന്റെ 94 ശതമാനം ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ഭൂരിപക്ഷം ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹികപ്രക്രിയ എന്നതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണസമ്പത്ത്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം.

ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ചുള്ളആളോഹരിവിഹിതമായ 250 ഗ്രാം പാൽ ഒരു മുട്ട 15 ഗ്രാം മാംസ്യം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണമെങ്കിൽ നാം മൃഗസംരക്ഷണമേഖലയിൽ വളരെയേറെ മുമ്പോട്ട് പോകേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ട്ദശാബ്ദക്കാലമായി മൃഗസംരക്ഷണമേഖലയിലെ കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ഉല്പാദനക്ഷമതാവർദ്ധനവും സാധ്യമായിട്ടുണ്ട്..

ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് കുറഞ്ഞമുതൽ മുടക്കിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാകുന്ന മേഖല എന്നിതിനുപരി കൂടുതൽ ആളുകൾക്ക് തൊഴിലും നാമമാത്ര തൊഴിലുള്ളവർക്കും കർഷകകുടുംബങ്ങൾക്കുമെല്ലാം തന്നെ വരുമാനവർദ്ധനവിന്റെ സ്രോതസ്സ് തുറക്കുന്നതുമായ മേഖലയാണിത്.

ചാണകം പോലെയുള്ള വസ്തുക്കളിൽ നിന്നും ഉണ്ടാകുന്ന വാതകം ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിഹാരമാകുമെന്ന് കണ്ടെത്തിയിരിക്കുന്നു. കൂടാതെ മനുഷ്യന്റെ ചികിൽസയ്ക്കാവിശ്യമായ വാക്സിൻ, 6 ഹാർമോൺ, എൻസൈമുകൾ എന്നിവ മൃഗങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത്.

ശുദ്ധമായ മാംസോൽപ്പാദനം, പാലുൽപ്പാദനം, ക്ഷീരഉല്പന്നവിതരണം ഇവ പൊതുജനാരോഗ്യം, പീഡിതജനതയുടെ ഉദ്ധാരണം, വനിതാക്ഷേമം എന്നീ രംഗങ്ങളിലെല്ലാം മൃസംരക്ഷണമേഖലയ്ക്ക് കാര്യമായി സംഭാവനകൾ നൽകാൻ കഴിയും.

1. കന്നുകാലി സെൻസസ്

പക്ഷിമൃഗാദികളുടെ വിവരം

| | | |
|---|---|---|
| 1 | സങ്കര ഇനം പശുക്കൾ | 5200 എണ്ണം |
| 2 | നാടൻ പശുക്കൾ | 1530 |
| 3 | കാള, സങ്കര ഇനം | 65 |
| 4 | കാള, നാടൻ | 90 |
| 5 | എരുമ | 30 |
| 6 | പോത്ത് | 35 |
| 7 | ആട് | 2870 |
| 8 | പട്ടി | 2160 |
| 9 | കോഴി | 23500 |
| 10 | താറാവ് | 260 |
| 11 | ആന | 1 |

11 മൃഗസംരക്ഷണ സ്ഥാപനങ്ങൾ

30-3-1996-ൽ ആണ് ഉമ്മന്നൂരിൽ വയക്കലും മൃഗാശുപത്രി സ്ഥാപിതമായത് മറ്റ് പഞ്ചായത്തുകൾക്ക് വിഭിന്നമായി ഉമ്മന്നൂർ പഞ്ചായത്തിൽ രണ്ട് മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചികിത്സാസൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഇവയെ കൂടാതെ അമ്പലക്കര, വിലങ്ങറ, എന്നീ സ്ഥലങ്ങളിൽ രണ്ട് സബ്സെന്ററുകളും പ്രവർത്തിക്കുന്നു. രണ്ട് മൃഗാശുപത്രികളിലും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു. ഉമ്മന്നൂർ, വയക്കൽ, എന്നീ മൃഗാശുപത്രികൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടസൗകര്യങ്ങൾ ഇന്നത്തെ ആവിശ്യത്തിനു തികയുന്നില്ല. സബ്സെന്ററുകളിൽ പശുക്കളെ കെട്ടി നിർത്തി പരിശോധിക്കുന്നതിനുള്ള ട്രെവീസ് പോലുമില്ലെന്നുള്ളത് ഒരു നഗ്നസത്യമാണ്.

മരുന്നിന്റെ ലഭ്യത ഏറ്റവും അപര്യാപ്തവും വളരെ ഗൗരവമേറിയതുമായ ഒരു പ്രശ്നം തന്നെയാണ്. ഗതാഗതസൗകര്യങ്ങളും മരുന്ന് കടകളും ദുർലഭമായ ഈ പഞ്ചായത്തിൽ ഇവയുടെ ന്യായമായ ലഭ്യതക്ക് വലിയ പ്രധാന്യമുണ്ട്.

പരിഹാരങ്ങൾ

1. മൃഗാശുപത്രികൾ/സബ്സെന്ററുകൾക്ക് സർക്കാർവക കെട്ടിടം പണിയുക.
2. മൃഗാശുപത്രിയിലെ ഉദ്യോഗസ്ഥരുടെ അപര്യാപ്തത പരിഹരിക്കുക.
3. ഉമ്മന്നൂർ പഞ്ചായത്തിൽ പ്ലാപ്പള്ളിയിൽ ഒരു I.C.D.P സബ്സെന്റർ തുടങ്ങുക
4. ആശുപത്രിവികസന സമിതി രൂപീകരിക്കുക.
5. മൃഗാശുപത്രിയോട് ചേർന്ന്/ക്ഷീരസംഘത്തിനോട് ചേർന്ന് ന്യായവില മെഡിക്കൽ ഷോപ്പുകൾ തുടങ്ങുക.
6. ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിതവും, വിരമരുന്നും ലഭ്യമാക്കുക.
7. മൃഗാശുപത്രി സൗകര്യങ്ങൾ ആധുനീകരിക്കുക.
ടെലഫോൺ, ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, സ്റ്റെറിലൈസർ, കർഷകപരിശീലനഹാൾ മുതലായവ
8. മൃഗാശുപത്രിയുടെ സേവനം എല്ലാകർഷകർക്കും ലഭ്യമാക്കുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുക.
9. ജില്ലാതലത്തിൽ പേവിഷ നിർണ്ണയത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

കഴിഞ്ഞ പഞ്ചവത്സരക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

| വർഷം | പദ്ധതിയുടെ പേര് | ചിലവഴിച്ചതുക | കോളനി/സ്ഥലത്തിന്റെപേര് |
|---|---|---|---|
| 1992–93 | ഗോരക്ഷാക്യാമ്പുകൾ | 400/- | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് |
| 93–94 | ' | ' | ' |
| 94–95 | ' | | |
| 95–96 | ' | ' | ' |
| 93–94 | മാസീവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം | 17,460/-<br>71,760/- | കരീക്കുഴി<br>കൊടുവന്നൂർകോണം |
| 92–93<br>94–95 | വെള്ളപ്പൊക്കദുരിതാശ്വാസം | 9750/-<br>25/- | കരീക്കുഴി വടകക്കേക്കര<br>ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് |
| 95–96 | സ്വാശ്രയപഞ്ചായത്തുകൾക്കുള്ള പദ്ധതി | 1,32,000/- | ഉമ്മന്നൂർഗ്രാമപഞ്ചായത്ത് |
| 92–93 | കാഫ്ഫീഡ് സബ്സിഡി സ്കീം | 77,760 | |
| 93–94 | ' | 116,640 | ഉമ്മന്നൂർ |
| 94–95 | ' | 76,140 | |
| 95–96 | | — | വയക്കൽ |

111 കന്നുകുട്ടി പരിപാലനപരിപാടി

മേൽത്തരം സങ്കരവർഗ്ഗപശുക്കുട്ടികൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റയും ശാസ്ത്രീയപരിചരണവും നൽകി 30–ാം മാസം ആദ്യപ്രസവം സാധ്യമാക്കുക. പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യം. 4 മാസം മുതൽ 9 മാസം വരെയുള്ള പശുക്കുട്ടികളെ ഉൾപ്പെടുത്തി 32 മാസം പ്രായമാകുന്നതുവരെയോ അതിനു മുമ്പോ പ്രസവിക്കുന്നെങ്കിൽ അതുവരെയോ 50 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ആടുവളർത്തൽ പദ്ധതി

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതിക്ക് അനുയോജ്യമായതുകൊണ്ടും വൈവിദ്ധ്യമായ പരിതസ്ഥിതികളോട് വേഗം ഇണങ്ങിച്ചേരാനുള്ള കഴിവുള്ളതുകൊണ്ടും എപ്പോൾ വേണമെങ്കിലും സ്വർണ്ണം പോലെ പണമാക്കിമാറ്റാൻ പറ്റുന്ന സ്വത്ത് എന്നതിനാലും ആടുവളർത്തൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഉമ്മന്നൂർ പോലെയുള്ള ഗ്രാമത്തിൽ ആടുകൾക്ക് ധാരാളം തീറ്റ സൗകര്യമുള്ളതിനാൽ ഈ മേഖലയെ വികസിപ്പിച്ചെടുക്കാവുന്നതാണ്. മാംസ്യത്തിന്റെ ആവിശ്യത്തിന് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കു

ന്നതിനും കുടുംബാംഗങ്ങളുടെ അധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തികുടുംബവരുമാനം മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി ഉപകരിക്കും. ആയതിനായി
1. കർഷകരുടെ ആവിശ്യാനുസരണം നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക.
2. ആടുവളർത്തലിനാവിശ്യമായ പച്ചില, പുല്ല് എന്നിവ വീട് പരിസരങ്ങളിലും പൊതുസ്ഥലങ്ങൾ, തരിശു ഭൂമി ഇവയിൽ വച്ചു പിടിപ്പിക്കുക.
3.അനുബന്ധത്തൊഴിലായി ഇതു സ്വീകരിക്കുന്നതിന് 2-3 ആടുള്ള ഒരു യൂണിറ്റും മുഖ്യതൊഴിലായി തിരഞ്ഞെടുക്കുന്നവർക്ക് പത്തോ അതിൽ കൂടുതലുള്ള യൂണിറ്റോ നൽകുക.
4. ഗ്രാമപഞ്ചായത്തിൽ കർഷകർക്ക് ആടുവളർത്തൽ പരിശീലനം നൽകുക.

(5) പന്നിവളർത്തൽ യൂണിറ്റ്

മാംസാവിശ്യങ്ങൾക്കാണ് പന്നികളെ സാധാരണ വളർത്തുന്നത്. ഒരു പ്രസവത്തിൽ തന്നെയുള്ള കുഞ്ഞുങ്ങളുടെ ആധിക്യം വർദ്ധിച്ച വളർച്ചനിരക്കും ഉയർന്ന തീറ്റ പരിവർത്തനശേഷിയും ഉള്ളവയാണ് ഇവ. ചുരുങ്ങിയ മുതൽ മുടക്കിൽ ഹോട്ടൽ അവശിഷ്ടങ്ങളും ഗാർഹികഅവശിഷ്ടങ്ങളും കൊണ്ട് ഇവയെ വളർത്താവുന്നതിനാൽ താഴ്ന്ന വരുമാനമുള്ള കർഷകർക്കും ലാഭകരമായി പ്രാവർത്തികമായി നടപ്പാക്കാൻ പറ്റുന്ന ഒന്നാണ് പന്നിവളർത്തൽ. ആയതിലേക്ക്
1. ശാസ്ത്രീയമായ രീതിയിൽ പന്നിവളർത്തുകയും മാംസം ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിന് താല്പര്യമുള്ള കർഷകർക്ക് പരിശീലനം നൽകണം.
2. രണ്ട് പന്നികളുള്ള യൂണിറ്റോ അഞ്ച് പന്നികളുള്ള യൂണിറ്റോ വീതം കർഷകർക്ക് ലഭ്യമാക്കണം

(6) മുയൽ വളർത്തൽ

കുറഞ്ഞമുതൽമുടക്കിൽസ്ത്രീകൾക്കും സ്ക്കൂൾ കുട്ടികൾക്കും ഒഴിവു സമയം ഫലപ്രദമായരീതിയിൽ ഉപയോഗിക്കാവുന്നതാണ്. മുയൽ വളർത്തൽ. സുലഭമായ പച്ചിലകളും കുറഞ്ഞ അളവിൽ ഗുരുത്വാഹാരവും നൽകി മുയലുകളെ സംരക്ഷിക്കാവുന്നതാണ്. വിശിഷ്ടമായ മാംസ്യം എന്നതിനുപരി മുയലിന്റെ തുകലും ഇന്ന് കമ്പോളത്തിൽ നല്ല മൂല്യമുള്ള വസ്തുവാണ്.

(7) മാംസ്യോല്പാദന രംഗം

പഞ്ചായത്തിലെ 90 ശതമാനം ആളുകളും മാംസ്യഭുക്കുകളാണ്. എന്നാൽ മാംസ്യോല്പാദനസംസ്ക്കരണ വിപണനരംഗം തീർത്തും അസംഘടിതവും ആശാസ്ത്രീയവുമാണ്. പ്രാകൃതവും ക്രൂരമായ രീതികളുമാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. രോഗബാധിതമായി ചത്ത മൃഗത്തിന്റെയും രോഗം ബാധിച്ച മൃഗത്തിന്റെയും മാംസം ഇറച്ചിക്കടകളിലൂടെ വിൽക്കപ്പെടുന്നു. പൊതുജനാരോഗ്യപ്രധാനമായ വിഷയമായതിനാൽ മാംസ പരിശോധന കർക്കശമാക്കുകയും ഇതിന് നിയമനിർമ്മാണം നടത്തുകയും വേണം. നമ്മുടെ സംസ്ഥാനത്ത് മാംസോല്പാദനത്തിനുള്ള മൃഗങ്ങളിൽ 85-90ശതമാനം വരെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയാണ്. അതിനാൽ ശുദ്ധമായ മാംസം നമ്മുടെ പ്രദേശത്ത് ലഭിക്കുന്നില്ല.

പരിഹാരങ്ങൾ
1. ശാസ്ത്രീയ ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
2. മുയൽ വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
3. പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
4. ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക
5. അനധികൃതമായി നടത്തുന്ന കശാപ്പുശാലകൾ പൂർണ്ണമായി നിർത്തുക
6. മാംസം വെറ്റിനറി പരിശോധനക്ക് വിധേയമാക്കുക
7. പഞ്ചായത്ത് മാർക്കറ്റിൽ ആധുനിക അറവുശാല സ്ഥാപിക്കുകയും ശാസ്ത്രീയമായ രീതികൾ ഈ തലത്തിൽ അവലംബിക്കുകയും ചെയ്യുക.
8. അറവുശാലയോട് ചേർന്ന് ഒരു കോൾഡ് സ്റ്റോറേജ് കൂടി സ്ഥാപിച്ച് ഏതു സമയവും ശുചിയായ മാംസം ലഭ്യമാക്കുക.
9. അറവുശാലയിലെ ഉപയോഗശൂന്യമായ വസ്തുക്കളും ബൈ പ്രൊഡക്ടറ്റസും ബാഗ്, ചെരുപ്പ്, ബ്ലഡ്മീൽ, ജലാറ്റിൻ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കുക

(8) കോഴിവളർരത്തൽ

കോഴിവളർത്തൽ യൂണിറ്റുകൾതൂലോം കുറവായ ഉമ്മന്നൂർ പഞ്ചായത്തിൽ ഈ മേഖലയിലേക്ക് കർഷകരെ കൊണ്ടുവരേണ്ടത് ആവിശ്യമാണ്. ഇതു മൂലം തൊഴിലില്ലാത്ത് യുവതിയുവാക്കൾക്കും പ്രത്യേ

കിച്ച് വനിതകൾക്ക് വളരെ ഏറെ തൊഴിൽ നൽകുന്ന സാമ്പത്തികമേഖലയാണ്. കോഴിവളർത്തൽ പഞ്ചായത്ത് തലത്തിൽ പുഷ്ടിപ്പെടുത്തുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ചെയ്യാവുന്നതാണ്.

1. 250 കോഴികൾ വീതമുള്ള ബോയിലർ കോഴിവളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിന്റെ ഓരോ വാർഡിലും തുടങ്ങുക.
2. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിന് കോഴിക്കുഞ്ഞുങ്ങളുടെ തീറ്റ, വിപണനം സഹകരണസംഘങ്ങൾ വഴിയാക്കുക.
3. മരുന്ന്, വാക്സിൻ എന്നിവ മൃഗാശുപത്രിയിൽ വഴി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.
4 കർഷകർക്ക് പരിശീലനം നൽകുക.

(9) മുട്ടയുല്പാദനം

മുട്ടയുടെ ഉപഭോഗത്തിൽ നാം വളരെ മുന്നോട്ടാണ് എന്നാൽ ഈ തരത്തിൽ സ്വയം പര്യാപ്തത ഇനിയും കൈവരിച്ചിട്ടില്ല. നാം കഴിക്കുന്ന മുട്ടയിൽ ഭൂരിഭാഗവും അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയാണ്. നമ്മുടെ പഞ്ചായത്തിലെ മുട്ടയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

1. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക അതിനായി വീട്ടമ്മമാരെ ബോധവൽക്കരിക്കുകയും ശാസ്ത്രീയമായരീതിയിൽ പരിശീലിപ്പിക്കുകയും ചെയ്യുക.
2. ഓരോ പഞ്ചായത്തിലും എഗ്ഗർ നഴ്സറികൾ ഓരോന്നെങ്കിലും തുടങ്ങുക.
3. മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ വിതരണം ഉറപ്പുവരുത്തുക.
4. മുട്ട സംഭരണത്തിനും വിതരണത്തിനും സഹകരണസംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കുക.
5. നമ്മുടെ പഞ്ചായത്തിൽ തന്നെ ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്രീയ കോഴിത്തീറ്റ നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനം നൽകുക.
6. സ്ക്കൂൾ പൗൾട്രി ക്ലബുകൾ തുടങ്ങണം. ഇതിലേക്ക് 60 ദിവസം പ്രായമായ മൂന്ന കോഴിക്കുഞ്ഞുങ്ങളെ വീതം തിരഞ്ഞെടുത്ത് കുട്ടികൾക്ക് സൗജന്യമായി നൽകണം

(10) ജൈവവളം/ഊർജ്ജം

ചാണകത്തിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം വളരെ കുറച്ച് ആൾക്കാർ മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. 98ശതമാനം ഊർജ്ജവും നഷ്ടപ്പെടുന്ന ഈ മേഖല വളരെയേറെ പ്രധാന്യമർഹിക്കുന്നു. ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുന്നതുവഴിയുള്ള ഗുണങ്ങൾ കർഷകരെ പറഞ്ഞു മനസ്സിലാക്കുകയും രണ്ടോ അതിൽ കൂടുതലോ പശുക്കളെ വളർത്തുന്ന കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഊർജ്ജപ്രതിസന്ധിക്ക് ഒരി പരിധിവരെ പരിഹാരം കാണാവുന്നതാണ്.

(11) കർഷകപരിശീലനം

കർഷകർക്ക വേണ്ടത്ര പരിശീലനം ലഭിക്കാത്തതിന്റെ പാളിച്ചകൾ മൃഗപരിപാലനരംഗത്ത് വീഴ്ചകൾക്ക് വഴിതെളിച്ചിട്ടുണ്ട്. ഇതിനായി സമഗ്രകാർഷിക പരിശീലനം ഉറപ്പു വരുത്തണം.

പരിഹാരമാർഗ്ഗങ്ങൾ

1. വാർഡ്തലത്തിൽ പരിശീലന ക്ലാസ്സുകൾ സമയബന്ധിതമായി നടപ്പാക്കുക.
2. ട്രയിനിംഗ് രംഗത്ത് പുതിയ പരിശീലന മാർഗ്ഗങ്ങളായ വീഡിയോ-ആഡിയോ മാർഗ്ഗങ്ങൾ അവലംബിക്കുക.
3. കർഷകരെ ഗ്രാമങ്ങളിൽ നിന്നും സർക്കാർ ഫാമുകളിലും മറ്റും കൊണ്ടുപോയി പരിശീലനം നൽകുക.

(12) പേവിഷനിർമ്മാർജ്ജനം

മൃങ്ങളിൽനിന്നും മനുഷ്യരിലേക്ക് പകരാവുന്ന മാരകമായ ഒരു രോഗമാണിത്. ഈരോഗം പകരുന്നത് 90 ശതമാനം പേവിഷബാധയേറ്റ നായ്ക്കളളിലൂടെയാണ്. ഇത് തടയുന്നതിന് വേണ്ടി താഴെ പറയുന്ന മാർഗ്ഗങ്ങൾ ചെയ്യാവുന്നതാണ്

1. ചികിത്സ ഫലപ്രദമല്ലാത്ത ഈ രോഗത്തിനെതിരെ പഞ്ചായത്ത് തലത്തിൽ ശക്തമായ ബോധവല്ക്കരണം നടത്തുക.
2. തെരുവ് നായ്ക്കളെ നശിപ്പിക്കുകയും വളർത്ത് നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
3. വാർഡ്തലത്തിൽ പേവിഷനിർമ്മാർജ്ജന സ്ക്വാഡുകൾ രൂപീകരിച്ച് സൗജന്യവാക്സിനുകൾ വിതരണം ചെയ്യുക
4. വർഷംതോറും നായ്ക്കളെ പ്രതിരോധകുത്തിവെയ്പ്പിന് വിധേയമാക്കുക.

5. ഇതൊരു തുടർപദ്ധതി എന്ന നിലയിൽ പഞ്ചായത്ത് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയും വേണം.

(13) പാൽഉല്പാദനവിപണനമേഖല

1994-95 കാലയളവിൽ കേരളത്തിലെ പാലുല്പാദനം 2.25 ലക്ഷം മെട്രിക് ടൺ ആയയിരുന്നത് 1994-95 ൽ22.46 മെട്രിക് ടൺ ആയി ഉയർന്നു. 2000 -ാം അണ്ടോട് പാൽ ഉല്പാദനം 35 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കന്നുകാലി വളർത്തൽ പ്രോത്സാഹിക്കപ്പെടുകയും ഉല്പാദനം കാര്യമായി വർദ്ധിക്കുകയും ചെയ്തെങ്കിലും ഈ മേഖലയിലെ കർഷകർ ഏറെ അസംതൃപ്തരാണ്. ഉല്പാദനചിലവിന് ആനുപാതികമായി പാലിന് വില ലഭിക്കുന്നില്ല എന്ന സത്യം മറച്ചുവയ്ക്കാൻ സാധ്യമല്ല. പ്രതിവർഷം 2000,000/- രൂപയുടെ പാൽ ഈ പഞ്ചായത്തിൽ നിന്നും ഉല്പാദിപ്പിക്കുകയും ഇതിന്റെ വിതരണം പഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് അപ്കോസ്, രണ്ടു വ്യവസായസംഘങ്ങൾ, കടകൾ, വീടുകൾ എന്നിവ വഴി നടത്തുന്നു. നാടൻ ക്ഷീരോല്പന്നങ്ങളുടെ 4 നിർമാമാണ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. തൊഴിൽ രഹിതരും അഭ്യസ്തവുദ്യരായ വനിതകൾക്ക് പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകണം.

(14) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

1. ലാഭകരമായ പാൽ ഉല്പാദനത്തിന് കാലിത്തീറ്റയുടെയും വൈക്കോലിന്റെയും വില നിയന്ത്രിക്കുക.
2. 'ഒരരു വീട്ടിൽ ഒരു പശു'- പശുവളർത്തൽ ഒരു തൊഴിൽ എന്നതിനുപരി ജീവിതശീലമാണെന്നതിനുള്ള ബോധം ഇളം തലമുറക്കുണ്ടാകുന്നതിനും കുടുംബാവിശ്യങ്ങൾക്കുള്ള പാലിന്റെ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനും ജൈവവളപ്രയോഗങ്ങളിലൂടെ ഭൂമിയുടെ ഫലഭൂയിഷ്ടി മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.
3. പശുവളർത്തൽ താല്പര്യമുള്ള കർഷകരെ ഉൾപ്പെടുത്തി കളക്ടീവ് ഡയറിഫാം ആരംഭിക്കുക.
4. ഗ്രാമീണവനിതകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉപതൊഴിൽ എന്ന നിലയൂൽ ക്ഷീരോല്പാദക മേഖലയിലേക്ക് ആകർഷിച്ച് രണ്ട് പശു വീതമുള്ള മിനി ഡയറിയൂണിറ്റുകൾ ആരംഭിക്കുക. ഈ പദ്ധതി കൊണ്ട് ജൈവവളമായ ചാണകമുപയോഗിച്ച് അടുക്കളത്തോട്ടവും ഗോവർഗ്യാസും ഉണ്ടാക്കാവുന്നതാണ്.
5. കന്നുകുട്ടി പരിപാലനപരിപാടി - മേൽത്തരം സങ്കരവർഗ്ഗപശുക്കുട്ടികൾക്ക് ഗുണമേന്മയും കാലിത്തീറ്റയും ശാസ്ത്രീയപരിചരണവും നൽകി 32 മാസം പ്രായമാകുന്നതുവരെയോ അതിനുമുമ്പോയി പ്രസവിക്കുന്നുവെങ്കിൽ അതതുവരെയോ 50 ശതമാനം സബ്സിഡിനിരക്കിൽ കാലിത്തീറ്റനൽകുക.

(15) ശാസ്ത്രീയ കറവ പരിശീലനം

ക്ഷീര കർഷകർക്ക് ഏറ്റവുമധികം സാമ്പത്തികനഷ്ടം ഉണ്ടാക്കുന്ന അകിട് വീക്കത്തിന് ഒരു പ്രധാന കാരണം അശാസ്ത്രീയമായ കറവയാണ്. ശാസ്ത്രീയമായ കറവപരിശീലനം കൊണ്ട് കറവ മെച്ചപ്പെടുത്തുന്നതിന് പുറമെ കൂറെപ്പേർക്ക് തൊഴിലവസരം നൽകുന്നതിനും സഹായിക്കുന്നു.. സ്റ്റൈപ്പന്റോടുകൂടിയ 20 ദിവസത്തെ പരിശീലനം തിരഞ്ഞെടുത്ത് കർഷകർക്ക് - തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് നൽകാവുന്നതാണ്.

(16) തൊഴുത്ത് നവീകരണം

അശാസ്ത്രീയവും വൃത്തിഹീനവുമായ തൊഴുത്തുകൾ രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നു. അകിടുവീക്കം കുറഞ്ഞത് 5 ശതമാനം ഉല്പാദനനഷ്ടം ഉണ്ടാക്കുന്നു. വൃത്തിയുള്ള കോൺക്രീറ്റ് തറയോടുകൂടിയ തൊഴുത്ത് നിർമ്മിക്കുന്നതിനാവിശ്യമായ സാമ്പത്തികസഹായം പഞ്ചായത്തത്തിലെ മൊത്തം ക്ഷീരകർഷകർക്കും വരുമാനടിസ്ഥാനത്തിൽ കൊടുക്കുക. കൂടാതെ അകിടുവീക്കം നിയന്ത്രിക്കുന്നതിന് കർഷകർക്ക് സ്വയം ഉപയോഗിക്കാവുന്ന കിറ്റ് നൽകുക.

(17) കാലിത്തീറ്റ നിർമ്മാണം

പാൽ ഉല്പാദനത്തിന്റെ 80 ശതമാനവും തീറ്റയുടെ ചിലവാണ് എന്നാൽ ലഭ്യമായ പ്രകൃതിവിഭങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉല്പാദനച്ചിലവ് കുറക്കുകയും , ഉല്പാദനക്ഷമത കൂട്ടുകയും ചെയ്യും.

മാതൃകാ തീറ്റപ്പുൽക്കൃഷിത്തോട്ടവും പഞ്ചായത്തിന്റെ വിവിധമേഖലയിൽ

തുടങ്ങുന്നതുമൂലം ഗുണമേന്മയയേറിയ തീറ്റപ്പുൽ ലഭ്യമാക്കുന്നതുവഴി ഉല്പാദനച്ചിലവ് കുറക്കാവുന്നതാണ്. കൂടാതെ മണ്ണിന്റെ ജൈവാംശം, വളക്കൂറ്, രാസഘടന എന്നിവ മെച്ചപ്പെടുത്താനും മണ്ണൊലിപ്പ് തടയാനും സാധിക്കും. പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെതെങ്ങിൻതോപ്പുകൾ, തിരിശ്ഭൂമികൾ, വഴിയോരങ്ങൾ, സ്ക്കൂൾ കാമ്പൗണ്ടുകൾ, കനാൽ വരമ്പുകൾ എന്നീ സ്ഥലങ്ങളിൽ തീറ്റപ്പുൽക്കൃഷി നടത്തുകയും കന്നു

കാലികൾക്ക് ശാസ്ത്രീയമായ തീറ്റി ക്രമം അവലംബിക്കുവാൻ കർഷകരെ ബോധവൽക്കരിക്കുകയും വേണം. പ്രദേശശിയതലത്തിൽ ജനകീയ തീറ്റപ്പുൽക്കൃഷി സാധ്യമാക്കാവുന്നതാണ്. ആവിശ്യമായ സന്ദർഭങ്ങളിൽ പച്ചപ്പുൽ സംഭരിച്ച് അവ വേനൽക്കാലത്തേക്ക് ലഭ്യമാക്കുന്നതിന് 'സൈലേജ്' നിർമ്മാണയൂണിറ്റുകൾ സഹകരണടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ തുടങ്ങണം.

പ്രാദേശികമായി ലഭ്യമാക്കുന്ന അസംസ്ക്കൃത പദാർത്ഥങ്ങളുപയോഗിച്ച് തീറ്റ മിശ്രിതയൂണിറ്റ് സഹകരണമേഖലാടിസ്ഥാനത്തിൽ ആരംഭിക്കണം. നമ്മുടെ പഞ്ചായത്തിൽത്തന്നെ ലഭ്യമായിട്ടുള്ള പാരമ്പര്യേതര കാലിത്തീറ്റ സ്രോതസ്സുകളായ മരച്ചീനി, തേങ്ങാപ്പിണ്ണാക്ക, റബ്ബർകുരു, പുളിങ്കുരു എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ മേൽപ്പറഞ്ഞ യൂണിറ്റ് കൊണ്ട് കഴിയുന്നു.മരച്ചീനിക്കൃഷിക്കാവിശ്യമായ പ്രോത്സാഹനം നൽകുകയും അവയുടെ സംസ്ക്കരണവും, സംഭരണവും കാലിത്തീറ്റ ഉല്പാദന ശ്രംഗലയമായി ബന്ധപ്പെടുത്തണം. തീറ്റ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിലൂടെ അസംസ്ക്കൃതപദാരത്ഥങ്ങളുടെ സംഭരണം നടത്തണം. കാലിത്തീറ്റ അംഗീകൃതലാബുകളിൽ ഗുണനിലവാരപരിശോധനക്ക് വിധേയമാക്കണം

ഉമ്മന്നൂർ പഞ്ചായത്തിലെ ക്ഷീര സംഘങ്ങൾ

1. ഉമ്മന്നൂർ K.U.C.S Ltd. No. Q 251 (D) APCOS
2. നെല്ലിക്കുന്നം KUCS LTD NO: Q 252 (D) APCOS
3. വയക്കൽ KUCS LTD NO: Q 50 (D)
4. അമ്പലക്കര KUCS LTD NO: Q 60 (D)

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതവിലയും , പാലിന്റെ വിലക്കുറവും.
2. ശാസ്ത്രീയമുറകളെക്കുറിച്ച് കർഷകർക്കുള്ള അജ്ഞത.
3. തീറ്റപ്പുൽക്കൃഷി വേണ്ടത്ര വ്യാപിച്ചിട്ടില്ല.
4. പ്രദേശികമായി വിറ്റഴിക്കപ്പെടുന്ന പാലും പാലുല്പന്നങ്ങളും ഗുണനിലവാരം കുറവാണ്.
5. ക്ഷീലവികസന ഓഫീസിലെ എല്ലാ പഞ്ചായത്തുകൾക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നത്. തന്മൂലം സാങ്കേതികഉദ്യോഗസ്ഥൻമാരുടെ സേവനം യഥാസമയം ലഭിക്കുന്നില്ല
6. കറവ മാടുകളെ വാങ്ങാൻ ലോൺ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.

സാധ്യതകൾ

1. കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്തുക
2. കാലിത്തീറ്റ ഫാക്ടറി സഹകരണമേഖലയിൽ സ്ഥാപിക്കുക.
3. ക്ഷീരവികസനസംബന്ധമായ വിജ്ഞാനവ്യാപനം വർദ്ധിപ്പിക്കുക.
4. മിനി ഡയറിഫാമുകൾ പ്രോത്സാഹിപ്പിക്കുക
5. തീറ്റപ്പുൽക്കൃഷി വികസിപ്പിക്കേണ്ടതിന് തീവ്രശ്രമം നടത്തുക.
6. പഞ്ചായത്തിൽ ക്ഷീരവികസന ഓഫീസ് സ്ഥാപിക്കുക
7. പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്ന പാലിനും പാലുല്പന്നങ്ങൾക്കും ഗുണനിലവാരം കർശനമാക്കുക.
8. സംസക്കരിച്ച വൈക്കോലിന്റെ ലഭ്യത ഉറപ്പു വരുത്തുക.
9. ക്ഷീരസംഘങ്ങൾ ശക്തിപ്പെടുത്തുക.
10. വിലയന്നൂർ, വിലങ്ങറ നെടുമൺകാവ്, തേവന്നൂർ എന്നീ വാർഡുകളിൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കു.
11. APCOS സംഘങ്ങളുടെ നിയന്ത്രണം പൂർണ്ണമായും ക്ഷീരവികസനവകുപ്പിൽ നിക്ഷിപ്തമാക്കുക.
12. കറവമാട് വാങ്ങുന്നതിനുള്ള ലോൺ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യുക. ആവിശ്യമായ തുക ബാങ്കിൽ നിന്നും സംഘങ്ഹൾക്ക് നൽകുക.
13. ക്ഷീരോല്പാദകസഹകരണസംഘങ്ങളുടെ അപ്പക്സ് സംഘങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ രൂപീകരിക്കുക.
14. ക്ഷീരകർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡുകൾ ഏർപെടുത്തുക.
15. ക്ഷീരോല്പന്ന നിർമ്മാണുണിറ്റുകളുടെ പ്രവർത്തനം തെരെഞ്ഞെടുത്ത സ്ക്കൂളുകളിലേക്ക മാറ്റുക

ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ

1. വിജ്ഞാന വ്യാപന പരിപാടികൾ
1. കർഷകസമ്പർക്കപരിപാടി – തെരെഞ്ഞെടുത്ത കേന്ദ്രത്തിൽവച്ച്.

ക്ഷീരോല്പാദകരുമായുള്ള ചർച്ചയും സാങ്കേതിക ഉപദേശങ്ങളും.

2. നാടൻ ക്ഷീരോല്പാദക നിർമ്മാണ പ്രദർശനം

തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽവച്ച് വനിതകൾക്കും ക്ഷീരകർഷകർക്കും പാലുല്പന്നം നിർമ്മിക്കുന്നതിന് പരിശീലനം

3. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

തിരഞ്ഞെടുത്ത കർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സാങ്കേതിക ഉപദേശങ്ങളും ധനസഹായങ്ങളും ( 1250/-)

4. മോഡൽ ഡയറിഫാം പദ്ധതി

രണ്ട് പശുക്കൾ, മാതൃകാ കാലിത്തൊഴുത്ത്, 25 സെന്റ് പുൽക്കൃഷി, ജലസേചനസൗകര്യങ്ങൾ, ബയോ ഗ്യാസ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം. ( 7000+ ബയോഗ്യാസിനുള്ള പ്രത്യകധനസഹായം 2600/-) (കൃഷിവകുപ്പ്)

5. ധാതുലവണ മിശ്രിതവും വൈറ്റമിൻ സപ്ലിമെന്റ്

തിരഞ്ഞെടുത്ത കർഷകർക്ക് നാമമാത്രവിലക്ക് വിതരണം ചെയ്യുന്നു. (ധാതുലവണ മിശ്രിതം 8/- വൈറ്റമിൻ സപ്ലിമെന്റ് 22/ രൂപക്ക്)

6. ശുദ്ധമായ പാൽ ഉല്പാദന കിറ്റ്

തിരഞ്ഞെടുത്ത ക്ഷീരകർഷകർക്ക് ശുചിയായ പാൽ ഉല്പാദനത്തിന് സഹായിക്കുന്ന കിറ്റ് നാമ മാത്ര വിലക്ക നൽകുന്നു. താഴെപ്പറയുന്ന ഘടകങ്ങങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

1. പശുക്കളുടെ ശരീരം തടവി വെടിപ്പാക്കുന്നതിനുള്ള ബ്രഷ്.
2. പൊട്ടാസ്യം പെർമാംഗനേറ്റ് - അകിടു കഴുകുന്നതിനുള്ള അണുനാശിനിയായി ഉപയോഗിക്കുന്നു.
3. അണു നാശകലോഷൻ, തൊഴുത്തു കഴുകുന്നതിന്.

നേട്ടം

1. അകിട് രോഗങ്ങൾ കുറക്കുന്നു.
2. പരിസരത്തുള്ള ദുർഗ്ഗന്ധമില്ലാത്തതിനാൽ പാലിന്റെ നറുമണം കാത്തു സൂക്ഷിക്കുന്നു.

11 പാൽ പരിശോധന

പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുന്നു.

2. ബ്ലോക്കിലെ കന്നുകാലി പ്രദർശനം വർഷത്തിൽ ഒരു കന്നുകാലി പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നു.

11 തീറ്റപ്പുൽകൃഷി വികസന പദ്ധതി

1. ദീർഘകാല പുൽക്കൃഷി. ദീർഘകാല പുല്ലിനങ്ങളായ ഗിനി, കോംഗോ, സിഗ്നൽ, സ്റ്റൈലോഎന്നിവ കൃഷി ചെയ്യുന്നതിന് നാമമാത്ര വിത്തും പുൽക്കടകളും രാസവള സബ്സിഡിയും ലഭ്യമാക്കുന്നു.

2, ഹ്രസ്വകാല പുൽക്കൃഷി – ചോളം, വൻപയർ എന്നിവയുടെ വിത്ത് നാമമാത്രവിലക്ക ലഭ്യമാക്കുകയും രാസവളസബ്സിഡി നൽകുകയും ചെയ്യുന്നു. മകരക്കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ ഈ കൃഷി ചെയ്യുന്നത് വേനൽക്കാലത്തെ തീറ്റപ്പുൽ ക്ഷാമം പരിഹരിക്കാനാവും

3. വാണിജ്യപുൽക്കൃഷി - ഒരു ഹെക്ടറോ അതിൽക്കൂടുതലോ സ്ഥലത്ത ജലസേചനസൗകര്യത്തോടുകൂടി പുൽക്കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടൊറൊന്നിന് 15,000/- ( പതിനയ്യായിരം രൂപ) ക്രമത്തിൽ ധവനസഹായം വ്യക്തികൾക്കും സംഘടനകൾക്കും നൽകിവരുന്നു.

4. സൈലേജ് - അധികമുള്ള പച്ചപ്പുൽ പോഷകമൂല്യം നഷ്ടപ്പെടാതെ വായു കടക്കാത്ത രീതികളിൽ കുഴികളിലോ അറകളിലോ മൂന്നുമാസം കാലം വരെ സൂക്ഷിച്ച് പച്ചപ്പുല്ലിന് ദൗർലഭ്യമുള്ള കാലത്ത് കാലിത്തീറ്റയായി. നൽകാവുന്ന ഉല്പന്നമാണ്.

സൈലേജ് ഒരു മെട്രികി ടണ്ണിന് 125/- രൂപ ധനസഹായം , ആവിശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതാണ്.

5. ഹെ നിർമ്മാണം ( ഉണക്കപ്പുല്ല്)

പച്ചപ്പുല്ല് ഉണക്കി സൂക്ഷിക്കുന്നതിന് ഒരു ശശാസ്ത്രീയ മാർഗ്ഗമാണ് ഇത്. ഒരു ടണ്ണിന് 200/- രൂപ ധനസഹായം.

6. വൈക്കോൽ സമ്പുഷ്ടമാക്കൽ പദ്ധതി

വൈക്കോലിൽ നാരിന്റെ അംശം കൂടുതലായതു കൊണ്ട് പോഷകഗുണം താരതമ്യേന വളരെ കുറവാണ്. കന്നുകാലികളുടെ ആമാശയത്തിൽ വൈക്കോൽ മറ്റ് ആഹാരവസ്തുക്കളെപ്പോലെ എളുപ്പം ദഹിക്കുന്നില്ല. ഈ കുറവ് നികത്താനും ഒരളവുവരെ ക്ഷീരോല്പാദനം ലാഭകരമാക്കാനും ഉണ്ടാകുന്ന ഒരു സാങ്കേതിക രീതിയാണ് ഇത് ഒരു ഗുണഭോക്താവിന് 500/- രൂപ ധനസഹായം ലഭിക്കുന്നു.

111 ക്ഷീരസംഘങ്ങളുടെ നവീകരണം

1. ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് - 20,000/-
2. ഫോഡർ ബാങ്ക് നിർമ്മിക്കുന്നതിന് - 10,000/-
3. പ്രവർത്തന മൂലധനം - 5000/-
4. മാനേജീരിയൽ ഗ്രാന്റ് - 7200/-
5. ഫർണ്ണിച്ചർ ഗ്രാന്റ് - 5000/-
6 മിൽക്ക് ക്യാൻ -1.2000/-
7. തീറ്റപ്പുൽ വിപണന പദ്ധതി - 13,500/-
8. പാൽ പരിശോധന ഉപകരണങ്ങൾ 50 ശതമാനം ധനസഹായത്തിൽ മിൽക്കോടെസ്റ്റർ, സെൻട്രിഫ്യൂജ് എന്നിവ നൽകുന്നു.

(4)ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ

വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്ന പദ്ധതി. 4 വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റ് ഏതതെങ്കിലും രജിസ്റ്റേർഡ് സംഘട സ്പോൺസർ ചെയ്യണം. ക്ഷീരോല്പന്നനിർമ്മാണത്തിൽ 15 ദിവസത്തെ ദിനബത്തയോട്കൂടി പരിശീലനം ഉപകരണങ്ങൾ വാങ്ങുന്നതിന് 20,250/- രൂപ ധനസഹായം

(5) പ്രത്യേകഘടകപദ്ധതി

തൊഴുത്ത്, കറവപ്പശു, ആദ്യത്തെ രണ്ടുമാസം കാലിത്തീറ്റ, സൗജന്യഇൻഷ്വറൻസ്, ദിനബത്തയോടുകൂടിയ പരിശീലനം എന്നിവ ഉൾക്കൊള്ളിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് 6500/- രൂപയുടെ ധനസഹായം തയ്യാറാക്കിയത് പി.ഒ. ശോശാമ്മ (വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പൻസറി, ഉമ്മന്നൂർ)
പി.വി. അലക്സാണ്ടർ.(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പ്രസിഡന്റ് ക്ഷീരോല്പാദകസഹകരണസംഘം, ഉമ്മന്നൂർ)

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഊർജ്ജിതകന്നുകാലി സംരക്ഷണ ഉപകേന്ദ്രങ്ങൾ ആവിശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക
2. പേവിഷബാധക്കെതിരെ കുത്തിവെയ്പ്പ് നടത്തുക.
3. എല്ലാ വാർഡിലും ക്ഷീരസഹകരണസംഘങ്ങൾ ആരംഭിക്കുക.
4. കളക്ടീവ് ഡയറിഫാം ആരംഭിക്കുക
5. സഹകരണമേഖലയിൽ കാലിത്തീറ്റഫാക്ടറി ആരംഭിക്കുക.
6. പുൽക്കൃഷിത്തോട്ടങ്ങൾ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ആരംഭിക്കുക.
7. പൊതുസ്ഥലങ്ങളിൽ കാലിത്തീറ്റക്കാവിശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുക.
8. ജില്ലാ സഹകരണബാങ്കിൽനിന്നും കറവമാടുകളെ വാങ്ങുന്നതിന് ക്ഷീരസഹകരണസംഘങ്ങൾ വഴി ഉദാരമായ ലോൺ ഏർപ്പെടുത്തിക്കൊടുക്കുക.
9. മൃഗ ചികിത്സക്കാവിശ്യമായ സൗകര്യങ്ങൾ എല്ലാപ്രദേശത്തും എത്തുന്നതിനുവേണ്ടി ഒരു മെയിൻ യൂണിറ്റ് ആരംഭിക്കുക.
10. പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒന്നോ രണ്ടോ ക്ഷീരസംഘങ്ങളിൽ സഹകരണമെഡിക്കൽ സ്റ്റോർ ആരംഭിച്ച് മൃഗചികിത്സക്ക് ആവിശ്യമായ മരുന്ന് യഥേഷ്ടം ലഭ്യമാക്കുക.
11. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ആവിശ്യമായ എഗ്ഗർ നഴ്സറികൾ ആരംഭിക്കുക
12. സ്ത്രീകൾക്ക് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ശുചിയായ മാംസം ലഭിക്കുന്നതിനും വേണ്ടി ബ്രോയിലർ യൂണിറ്റുകൾ ആരംഭിക്കുക.
13. തൊഴുത്ത് നിർമ്മാണത്തിന് പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകർക്കും സഹായം അനുവദിക്കുക.
14. പഞ്ചായത്തിൽ 500 കന്നുകുട്ടികൾക്കെങ്കിലും കാഫ്ഫീസ് സബ്സിഡി സ്ക്കീം നടപ്പാക്കുക
15. പാലിന് ന്യായമായ വില ലഭിക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നാടൻ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകളും , മിൽക്ക ബാറുകളും അനുവദിക്കുക.

# വിദ്യാഭ്യാസം

സാർവ്വത്രിക വിദ്യാഭ്യാസകാര്യത്തിൽകേരളം പണ്ടുമുതൽ തന്നെ ഖ്യാതി നേടിയിട്ടുണ്ട്. അന്ന്‌വിദ്യാലയങ്ങൾ പരിമിതമായിരുന്നെങ്കിലും ഗുണനിലവാരത്തിൽ ഏറെ മെച്ചമായിരുന്നു.എന്നാൽ ഇന്ന് വിദ്യാലയങ്ങളുടെ എണ്ണത്തിലുള്ള മികവ് ഗുണപരമായ കാര്യത്തിൽ തൃപ്തികരമല്ല. വൻതോതിൽ കൊടുക്കേണ്ടിവരുന്ന മോഡറേഷൻ തന്നെ ഇതിനുദാഹരണമാണ്. ഇന്ന്ഗൈഡ്പുസ്തക സംസ്കാരം ശക്തിപ്പെട്ടതും ട്യൂട്ടോറിയൽ സമ്പ്രദായം വ്യപകമായതും വിദ്യാഭ്യാസം എത്രകണ്ട് അകന്നുവെന്നുള്ളതിൻെറ സൂചനയാണ്. വിലകൊടുത്തു വാങ്ങാവുന്ന ഒരു ഉൽപ്പന്നമാണ് വിദ്യാഭ്യാസമെന്നും പൊതാവിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനാവില്ലെന്നുമുള്ള ധാരണ ഇന്ന് ബലപ്പെട്ടു വരുന്നുണ്ട്. ഒരു ഗ്രന്ഥശാലാ സംസ്കാരം വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്.

ഈ പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ ആദ്യകാലത്ത് അക്ഷര ജ്ഞാനത്തിന് നിലത്തെഴുത്ത് കളരികൾ നിലനിന്നിരുന്നു. ഇവ സവർണ്ണർക്കുമാത്രം പ്രാപ്യമായിരുന്നു. ഏതാണ്ട് നൂറ് വർഷങ്ങൾക്ക് മുമ്പു തന്നെ അവർണ്ണർക്കും അക്ഷരജ്ഞാനം നൽകണമെന്ന ലക്ഷ്യത്തോട് സി. എസ്സ്. ഐ സഭയുടെ ആഭിമുഖ്യത്തിൽ വാളകത്ത് പ്രൈമറി വിദ്യാലയമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരികവിദ്യാഭ്യാസസ്ഥാപനം. ഏതാനും വർഷങ്ങൾക്കുശേഷം അതിൻെറ പ്രവർത്തനം നിലയ്ക്കുകയും ആ സ്ഥാനത്ത് വാളകം കൊട്ടാരത്തിൻെറ (രാജകുടുംബം) ചുമതലയിൽ ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുകയും ചെയ്തു അതാണ്ഇന്ന്നിലവിലുള്ള ജി. എൽ. പി. സ്കൂൾ . ഈ സ്ഥാപനത്തിൻെറ തുടക്കം മൂലം ഇവിടുത്തെ പിന്നോക്ക വിഭാഗക്കാർക്ക് അക്ഷരജ്ഞാനം നിഷിദ്ധമല്ലാതായിതീർന്നു. തുടർന്ന്പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഒരു അപ്പർ പ്രൈമറി വിദ്യാലയവും വാളകത്ത് സ്ഥാപിച്ചു. ഇത് ഇംഗ്ലീഷ്മീഡിയം സ്കൂളായി ട്ടാണ് ആരംഭിച്ചത് . പിന്നിടത് അപ്ഗ്രേഡ് ചെയ്ത് മലയാളം മീഡിയം ഹൈസ്കൂളാക്കി ഉയർത്തി. ഈ പഞ്ചായത്തിൽ ആദ്യം ആരംഭിച്ച ഹൈസ്കൂളാണിത്. (വാളകം എം. റ്റി. എച്ച്. എസ്.) ഈ വിദ്യാലയത്തിൽ പഠിച്ച പലരും രാഷ്ട്രീയ-സാമൂഹിക - ഔദ്യാഗിക നിലകളിൽ അറിയപ്പെടുന്നവരായിട്ടുണ്ട്.വിദ്യാഭ്യാസത്തിൽ ഉന്നതനിലവാരം പുലർത്തിപോരുന്ന. ഈ സ്ക്കൂളിലെ അദ്ധ്യാപകന് അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പിന്നീട് ഉണ്ടായിട്ടുള്ള ഏക ഹൈസ്കൂളാണ് സെൻറ് ജോൺസ് എച്ച്. എസ് ഉമ്മന്നൂർ. ഇന്നിത് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി പ്രവർത്തിക്കുന്നു. ഈ വിദ്യാലയവും വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തി പോരുന്നുണ്ട്. ഈ പഞ്ചായത്തിലെ ഇതര വിദ്യാലയങ്ങളെല്ലാം തന്നെ പത്തുവർഷത്തിനു മേൽ പഴക്കമുള്ളതും കാലാകാലങ്ങളിൽ സ്ഥപിച്ചിട്ടുള്ളതുമാണ്. ഇതിൽ ജി.എൽ. പി. എസ്. വിലങ്ങറ ഹരിജൻ ക്ഷേമോദ്ധാരണത്തിനായി ഹിന്ദു മിഷൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുകയും പിന്നീട് ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കുകയും ഇപ്പോൾ സർക്കാർ സ്കൂളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

എയിഡഡ്സ്കൂളുകളായി ഇപ്പോൾ പഞ്ചായത്തിൽ മൂന്ന് ഹൈസ്ക്കൂളും, മൂന്ന് അപ്പർ പ്രൈമറി സ്ക്കൂളുകളും, എട്ട് ലോവർ പ്രൈമറി സ്ക്കുളുകളും( അതിൽ 3 എണ്ണം പഞ്ചായത്തിൻെറ ചുമതലയിലാണ്. കൂടാതെ വാളകം കേന്ദ്രമാക്കി സി. എസ്സ്. ഐ സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു

എയിഡഡ് ബധിര മൂക ഹൈസ്കൂളും അതിനോടനുബന്ധിച്ച് ബധിര മൂക അദ്ധ്യാപക പരിശീലന കേന്ദ്രവും, ഇന്ത്യയിലെ ഒരേ ഒരു ബധിര മൂക കോളേജും ഇവിടെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

1991 ലെ സാക്ഷരതാ സർവ്വേ അനുസരിച്ച് ഇവിടെ രണ്ടായിരത്തി നാനൂറ്റി എഴുപത് (2470) പേർ നിരക്ഷരാണ്. അതിൽ ആയിരത്തി ഒരുനൂറ്റി എൺപത്തിഒൻപത് പേർ (1189 )പട്ടികജാതിയിൽ ഉൾപ്പെടുന്നു. ഇവരെ സാക്ഷരാക്കുന്നതിനു വേണ്ടി 216 സാക്ഷരതാകേന്ദ്രങ്ങൾ പ്രവർത്തന മാരംഭിച്ചിരുന്നു. രണ്ടാം ഘട്ടമായപ്പോഴേക്കും ഇത് 23 അക്ഷര സംഘങ്ങളായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഇവിടെ മൂന്ന് ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 95-96 സ്ക്കൂൾ വർഷത്തിൽ പ്രൈമറിസകൂളുകളിൽ നിന്നും കൊഴിഞ്ഞു പോയ എട്ട് വിദ്യാർത്ഥികളെ കണ്ടെത്തുകയും അവരിൽ മൂന്നുപേരേ വീണ്ടും വിദ്യാലയത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഇവിടുത്തെ സാക്ഷരതാസമിതിയുടെ ആത്മാർത്ഥമായ പരിശ്രമം മൂലമാണ്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ വളരെ പ്രാധാന്യ മർഹിക്കുന്നവയാണ വായനശാല കൾ, ഗ്രന്ഥശാലകൾ. കലാകായികസമിതികൾ എന്നിവ .ഈ പഞ്ചായത്തിൽ നാമാത്രമായിട്ടുമാത്രമേ പ്രവർത്തിക്കുന്നുണ്ടെങ്കിലും . അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ദേശീയബോധം വളർത്തുന്നതിന് അനിവാര്യമായ ദേശീയാഘോഷദിനങ്ങൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നില്ല. പഞ്ചായത്ത് മേളകളും സമുചിതമായ രീതിയിൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

ഇവിടുത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനുള്ള കാരണങ്ങൾ നിരവധിയാണെങ്കിലും അതിൽ ഏതാനും എണ്ണം ചുവടെ ചേർക്കുന്നു.

1. പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം മോശമാണെന്ന ധാരണ

2,ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോട് രക്ഷകർത്താക്കൾക്ക് കണ്ടുവരുന്ന താൽപര്യം

3, അനധികൃത വിദ്യാലയങ്ങളുടെ പ്രവർത്തനം.

4, ജനനിരക്ക് കുറഞ്ഞുവരുന്നത്

5, പൊതുവിദ്യാലയങ്ങളിലെ ഭൗതിക, പഠന സൗകര്യങ്ങളുടെ അപര്യാപ്തത.

പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിലേക്ക് വേണ്ടി ഈ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും പി. റ്റി. എയും. മാതൃ സമിതികളും രൂപീകരിച്ചിട്ടുണ്ട് ഈ സംഘടനകൾ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില. ഇവിടുത്തെ സ്കൂളുകളിൽ പാഠ്യാനുബന്ധപ്രവർത്തനമെന്ന നിലയിൽ യുവജനോത്സവം, ബാലകലോത്സവം, സംസ്കൃതോൽസവം, എന്നിവകളിൽ ശരിയായ താൽപര്യം കാണിക്കുന്നില്ല.

പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1, വിദ്യാലയങ്ങളിലെ ആവശ്യത്തിന് സ്കൂൾ ഉപകരണങ്ങളും, പഠനോപകരണങ്ങളും , ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുക.

2, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

3,വിദ്യാലയങ്ങളിലും, പഞ്ചായത്തിലെ ഓരോ വാർഡിലും ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4, സർക്കാർ ചെലവിൽ പഠനപര്യടനം നടത്തുക.

5,വിദ്യാലയങ്ങളിൽ കക്ഷി രാഷ്ട്രീയം ഒഴിവാക്കുക.

6, പി. റ്റി. എ യുടെയും മാതൃസംഗമത്തിന്റേയും പ്രവർത്തനം ഫലപ്രദമാക്കുക.

7, പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക.

8, സ്കൂൾ കോംപ്ലക്സിന്റെ ആഭിമുഖ്യത്തിൽ വർഷാരംഭത്തിൽ പ്രീ ടെസ്റ്റ് നടത്തുക.

9, മൂല്യനിർണ്ണയത്തിൽ ലിഖിതം, വാചികം, പ്രവൃത്തി എന്നുവയ്ക്ക് പരീക്ഷ നടത്തുക. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പിരീഡുകൾ വർദ്ധിപ്പിക്കുക.

**ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഗ്രാമസഭകളുടെ ആവശ്യപ്രകാരം പഞ്ചായത്തുതലത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ**

1, നിലവിലുള്ള വിദ്യാലയങ്ങൾ, ആവശ്യമുള്ള് കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ. പാചകപ്പുരകൾ, ചുറ്റുമതിലുകൾ, കിണറുകൾ, പമ്പ്സെറ്റുകൾ, വൈദ്യുതി, സ്കൂൾലൈബ്രറികൾ, കളിസ്ഥലം, കക്കൂസ്, മൂത്രപ്പുര, എന്നിവകൾ സ്ഥാപിക്കുക.

2, വാർഡുകളിൽ ആവശ്യമുള്ളിടത്ത്പുതിയ വിദ്യാലയങ്ങൾ സ്ഥാപിക്കുക,

3, പഞ്ചായത്തിൽ ഉചിതമായ സ്ഥലങ്ങളിൽ രണ്ട് ഐ. റ്റി. സി. കൾ സ്ഥാപിക്കുക.

4, എല്ലാ പ്രൈമറി വിദ്യാലയങ്ങ ളോടനുബന്ധിച്ച് പ്രീ പ്രൈമറി കൾ സ്ഥാപിക്കുക.

5, അംഗൻവാടികൾ ആവശ്യമുള്ളിടത്ത് ഇനിയും സ്ഥാപിക്കുക.
നിലവിലുള്ളവയ്ക്ക് ആവശ്യമെങ്കിൽ സ്ഥലം കെട്ടിടം, പഠനോപകരണങ്ങള, കിണറുകൾ പാചകത്തിന് ആവശ്യമുള്ള പാത്രങ്ങൾ. എന്നിവ നൽകുക.

ഈ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി പൊതുവിൽ കണ്ടുവരുന്ന പ്രവണതയാണ് അദ്ധ്യാപികമാരുടെ വർദ്ധനവ്. ജനസംഖ്യയിലെ സ്ത്രീകളുടെ വർദ്ധനവും.തൊഴിലിനോട് സ്ത്രീകൾക്കുള്ള താത്പര്യവും വിദ്യാഭ്യാസത്തിൽ അവർക്കുള്ള വളർച്ചയും കാരണങ്ങളായിരിക്കാം.

ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതി അവിടുത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്ന വസ്തുത കണക്കിലെ ടുത്തുകൊണ്ട് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങളും നിലവാരവും അവലോകനവും ചെയ്ത്. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട ആവിശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ റിപ്പോർട്ട് അവതരിപ്പിക്കുന്നത്.

താഴെ കൊടുത്തിരിക്കുന്ന ആറ് പട്ടികകൾ ( ചാർട്ടുകൾ ) കളിലായി പഞ്ചായത്തിലെ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള പൊതുവിവരങ്ങൾ ഉൾക്കൊള്ളിച്ചിരി ക്കുന്നു.

# അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | വേണ്ടത്രയുള്ളത് | വേണ്ടത്രയില്ലാത്തത് | വേണ്ടത്രയുള്ളത് | വേണ്ടത്രയില്ലാത്തത് |
| H.S. | 24 | 38 | 62 | 773 | 715 | 1488 | | 2 | 1 | 2 | 1 |
| U.P.S. | 21 | 49 | 70 | 918 | 819 | 1737 | | 3 | - | 2 | 1 |
| L.P.S. | 23 | 48 | 71 | 903 | 848 | 1751 | | 7 | 4 | 4 | 7 |
| TOTAL | 68 | 165 | 203 | 2594 | 2382 | 4976 | | 12 | 5 | 8 | 9 |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു; ഇല്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു; ഇല്ല | പഠനോപകരണങ്ങൾ/മാപ്പുകൾ/ചാർട്ടുകൾ/ഗ്ലോബുകൾ വേണ്ടത്രയുണ്ട്. ഇല്ല | റേഡിയോ | ടേപ്പ്റിക്കാർഡറുകൾ | ടിവി സെറ്റ് | വിസിആർ., വിസിപി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കംപ്യൂട്ടർ | ബ്ലാക്ക്ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക്ബോർഡ് നിലവിലുള്ളത് | 1995 96 ൽ ലഭിച്ച അധ്യയന ദിവസം | സമരംമൂലം നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | പ്രത്യേക പൊതു അവധിയിലൂടെ നഷ്ടമായ അധ്യയന ദിവസങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം(S) സജീവമല്ല (D) | ക്ലാസ് പി.ടി.എ കൾ പ്രവർത്തിക്കുന്നു/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| C.S.I. വൊക്കേഷണൽ H.S. ഫോർ ദി ഡഫ് | YES | YES | YES | YES | YES | YES | YES | YES | YES | NO | YES | 40 | 32 | 195 | NO | NO | S | YES |
| M.T.H.S. വാളകം | YES | YES | YES | NO | YES | YES | NO | NO | NO | NO | NO | 2 | 23 | 194 | NO | NO | S | YES |
| സെന്റ് ജോൺസ് H.S. ഉമ്മന്നൂർ | YES | YES | YES | YES | NO | NO | NO | NO | NO | NO | NO | 30 | 30 | 193 | NO | NO | D | NO |
| U.P.S. വിലങ്ങറ | YES | NO | NO | YES | YES | NO | NO | NO | NO | NO | NO | 11 | 15 | 193 | NO | 7 | S | YES |
| D.V.U.P.S. വയയ്ക്കൽ | YES | NO | YES | YES | NO | NO | NO | NO | NO | NO | NO | 9 | 12 | 195 | 4 | 15 | S | NO |
| സെന്റ് മേരീസ് U.P.S. അമ്പലക്കര | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | 7 | 4 | 193 | NO | 28 | D | YES |
| G.L.P.S. അമ്പലക്കര | YES | NO | NO | YES | YES | NO | NO | NO | NO | NO | NO | 6 | 6 | 195 | NO | NO | S | YES |
| L.M.S.L.P.S. വിലങ്ങറ | YES | NO | YES | NO | NO | NO | NO | NO | NO | NO | NO | 4 | 4 | 194 | NO | NO | S | YES |
| N.M.L.P.S. വിലങ്ങറ | YES | YES | YES | YES | YES | NO | NO | NO | NO | NO | NO | 4 | 4 | 194 | NO | NO | S | YES |
| G.W.L.P.S. വിലങ്ങറ | YES | YES | YES | YES | YES | NO | NO | NO | NO | NO | NO | 4 | 4 | 194 | NO | 6 | S | YES |
| G.L.P.S. ഉമ്മന്നൂർ | YES | YES | YES | NO | NO | NO | NO | NO | NO | NO | NO | 6 | 6 | 193 | 1 | 1 | S | YES |
| സെന്റ് ജോൺസ് L.P.S. ഉമ്മന്നൂർ | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | 4 | 4 | 193 | NO | 28 | D | YES |
| G.L.P.S. വാളകം | YES | YES | NO | YES | YES | NO | NO | NO | NO | NO | NO | 6 | 6 | 194 | NO | 3 | S | YES |
| S.C.L.P.S. വാളകം | YES | NO | YES | NO | NO | NO | NO | NO | NO | NO | NO | 8 | 8 | 192 | NO | NO | S | NO |
| M.M.L.P.S. അണ്ടൂർ | YES | NO | NO | YES | YES | NO | NO | NO | NO | NO | NO | 6 | 6 | 194 | NO | 2 | S | YES |
| L.M.S.L.P.S. വയയ്ക്കൽ | YES | NO | NO | YES | YES | NO | NO | NO | NO | NO | NO | 4 | 4 | 194 | NO | NO | S | YES |
| പഞ്ചായത്ത് L.P.S. കമ്പംകോട് | YES | YES | YES | YES | YES | NO | NO | NO | NO | NO | NO | 4 | 8 | 194 | NO | 7 | D | NO |

# അക്കാദമിക് നിലവാരം

| കുട്ടികളുടെ പൊതു നിലവാരം | | | | | | | | എസ്.എസ്.എൽ.സി. വിജയശതമാനം | | | | സ്കൂളിന്റെ പേര് |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60 ശതമാനത്തിൽ കൂടുതൽ നേടുന്നവർ | 91-92 ൽ കൂടുതൽ നേടിയവർ | 92 - 93 ശതമാനം | 93 - 94 ശതമാനം | 94 - 95 ശതമാനം | 95 - 96 ശതമാനം | |
| 1 | | | | | | | | 100 | 100 | 99 | 99 | C.S.I. VOCATIONAL HIGHER SECONDARY SCHOOL FOR THE DUFF VALAKOME |
| 2 | | | | | | | | 58 | 68 | 62 | 65 | M.T.H.S., VALAKOM |
| 3 | | | | | | | | 60 | 61 | 64 | 57 | ST. JOHNS V.H.S.S. UMMANNOOR. |
| 4 | | | | | | | | | | | | |
| 5 | | | | | | | | | | | | |
| 6 | | | | | | | | | | | | |
| 7 | | | | | | | | | | | | |
| 8 | | | | | | | | | | | | |
| 9 | | | | | | | | | | | | |
| 10 SSLC [illegible] | | | | | | | | 73 | 76 | 78 | 77 | ഉമ്മന്നൂർ പഞ്ചായത്തിലെ വിജയ ശതമാനം |

# ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| | | | | | | | | | | | | | | | | | | | | | ഇനിആവശ്യ മുള്ളവയുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം കെട്ടിടങ്ങളുടെ എണ്ണം | അസ്ഥിരകെട്ടിടങ്ങളുടെ എണ്ണം | താൽക്കാലിക കെട്ടിടം | സ്ഥിരം മുറികളുടെ എണ്ണം | അസ്ഥിര മുറികളുടെ എണ്ണം | താൽക്കാലിക മുറികളുടെ എണ്ണം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | അതിനാവശ്യമായ ഭൂമി ഉണ്ട് (A) ഇല്ല (B) | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനമുണ്ട് (A) ഇല്ല (B) കിണർ (1) പൈപ്പ് (2) | വൈദ്യുതീകരണമുണ്ട് (A) ഇല്ല (B) | പാചകപ്പുര | സ്റ്റോറും | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകും (A) ഇല്ല (B) | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| C.S.I. വൊക്കേഷണൽ H.S. ഫോർ ദി ഡഫ് | 32 | 1 | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| M.T.H.S. വാളകം | 23 | 6 | 2 | - | 8 | 15 | - | 15 | A | 3 | 10 | 1 | 1 | - | A2 | A | A | A | B | 25 | 25 | 4 | 5 | - |
| സെന്റ് ജോൺസ് H.S. ഉമ്മന്നൂർ | 30 | 4 | - | - | 40 | 14 | - | - | B | 4 | 25 | 4 | 1 | 1 | A2 | A | A | A | A | - | - | - | - | - |
| U.P.S. വിലങ്ങറ | 11 | 4 | 1 | - | 10 | 1 | - | - | - | 1 | 2 | 3 | 1 | - | A2 | A | B | A | A | - | - | - | - | - |
| D.V.U.P.S. വയയ്ക്കൽ | 9 | 1 | 2 | - | 1 | 12 | - | - | A | 2 | 16 | - | 1 | - | A2 | A | A | A | B | 10 | 10 | 5 | 5 | 2 |
| സെന്റ് മേരീസ് U.P.S. അമ്പലക്കര | 5 | 1 | 1 | - | 5 | 1 | - | - | A | 2 | 15 | - | - | - | A1 | B | A | A | B | 25 | - | - | - | - |
| G.L.P.S. അമ്പലക്കര | 6 | 6 | - | - | 7 | - | - | - | - | 1 | 1 | 3 | - | 2 | A1 | B | A | A | B | 30 | 2 | 2 | 4 | 3 |
| L.M.S.L.P.S. വിലങ്ങറ | 4 | 1 | - | - | 1 | - | - | 2 | A | 1 | 1 | 2 | - | - | A1 | B | A | B | B | 22 | 10 | 2 | 4 | - |
| N.M.L.P.S. വിലങ്ങറ | 4 | 1 | - | - | 5 | - | - | - | - | 1 | 5 | - | 1 | - | A1 | B | A | A | B | 1 | 10 | 2 | 2 | 1 |
| G.W.L.P.S. വിലങ്ങറ | 4 | 1 | 1 | - | 5 | 3 | - | - | 1 | 1 | 2 | 1 | 1 | - | A1 | A | B | B | B | 25 | - | - | - | - |
| G.L.P.S. ഉമ്മന്നൂർ | 6 | 1 | - | - | 2 | - | - | - | - | 1 | 5 | - | 2 | 1 | A1 | B | B | B | A | - | - | - | - | - |
| സെന്റ് ജോൺസ് L.P.S. ഉമ്മന്നൂർ | 4 | ✓ | - | - | 3 | - | - | N | N | 1 | - | - | - | - | A1 | B | B | A | B | - | 4 | 2 | 2 | - |
| G.L.P.S. വാളകം | 5 | 1 | - | - | 1 | - | - | 2 | A | 1 | 1 | 3 | 1 | B | A1 | B | B | B | B | 20 | - | 5 | 5 | 2 |
| S.C.L.P.S. വാളകം | 8 | 2 | - | - | 8 | - | - | - | - | - | - | 1 | - | - | A1 | B | A | B | A | - | - | - | - | - |
| M.M.L.P.S. അണ്ടൂർ | 6 | 1 | - | - | 6 | - | - | 1 | A | 1 | 2 | 1 | - | - | A1 | B | B | B | B | 12 | 5 | 2 | 6 | 1 |
| L.M.S.L.P.S. വയയ്ക്കൽ | 4 | - | - | - | - | - | - | - | - | - | - | - | 1 | - | A1 | B | - | - | A | - | - | - | - | - |
| പഞ്ചായത്ത് L.P.S. കമ്പംകോട് | 4 | 2 | 1 | - | 2 | 4 | - | - | - | 1 | 2 | - | 1 | - | A1 | B | B | B | B | 20 | 44 | 9 | 7 | 1 |

# ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | H.S, U.P, L.P.S. | സ്കൂളിന്റെ ഉടമസ്ഥത സർക്കാർ (G) എയ്ഡഡ് (A) അൺ എയ്ഡഡ് (UA) | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | അദ്ധ്യാപകരുടെ ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം | ചുറ്റുമതിൽ | അറ്റകുറ്റപണികൾ | ഫർണിച്ചറുകൾ | വിദ്യുത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| C.S.I. വൊക്കേഷണൽ H.S. ഫോർ ദി ഡഫ് | H.S | A | 175 | 133 | 308 | 32 | 32 | - | 1 | 5 Acre | 1 Acre | - | ✗ | ✓ | ✓ | ✓ |
| M.T.H.S. വാളകം | H.S | A | 564 | 464 | 1028 | 33 | 33 | | 1 | 3 Acre | 70 Cent | | ✗ | ✓ | ✓ | ✓ |
| സെന്റ് ജോൺസ് H.S. ഉമ്മന്നൂർ | H.S | A | 606 | 609 | 1215 | 30 | 45 | - | 7 | 3.5 Acre | 1 Acre | - | ✗ | ✓ | ✓ | ✓ |
| U.P.S. വിലങ്ങറ | U.P | A | 183 | 165 | 348 | 15 | 15 | - | - | 2.5 Acre | 75 Cent | 50 Cent | ✓ | ✓ | ✓ | ✓ |
| D.V.U.P.S. വയയ്ക്കൽ | U.P | A | 169 | 154 | 323 | 14 | 14 | - | - | 2.5 Acre | 25X15 m2 | - | ✗ | ✗ | ✗ | ✓ |
| സെന്റ് മേരീസ് U.P.S. അമ്പലക്കര | U.P | A | 83 | 72 | 155 | 7 | 7 | - | - | 2 Acre | 1 Acre | 40 Cent | ✗ | ✓ | ✓ | ✓ |
| G.L.P.S. അമ്പലക്കര | LP | A | 85 | 85 | 170 | 6 | 6 | - | - | 90 Cent | 40 ച.മീ | - | ✗ | ✓ | ✓ | ✓ |
| L.M.S.L.P.S. വിലങ്ങറ | LP | A | 45 | 68 | 113 | 4 | 3 | 1 | | 50 Cent | - | - | ✗ | ✓ | ✓ | ✓ |
| N.M.L.P.S. വിലങ്ങറ | LP | A | 73 | 58 | 131 | 4 | 4 | - | 1 | 1.5 Cent | 50 Cent | - | ✗ | ✓ | ✓ | ✓ |
| G.W.L.P.S. വിലങ്ങറ | LP | G | 64 | 51 | 115 | 4 | 4 | - | - | 50 Cent | - | - | ✗ | ✓ | ✓ | ✓ |
| G.L.P.S. ഉമ്മന്നൂർ | LP | G | 89 | 84 | 173 | 6 | 6 | - | - | 50 Cent | - | - | ✗ | ✗ | ✗ | ✗ |
| സെന്റ് ജോൺസ് L.P.S. ഉമ്മന്നൂർ | LP | A | 66 | 61 | 124 | 4 | 4 | | | 320 ച.മീ | 100 ച.മീ | - | ✗ | ✓ | ✓ | ✓ |
| G.L.P.S. വാളകം | LP | G | 66 | 63 | 129 | 5 | 5 | - | - | 70 Cent | 30 Cent | 20 Cent | ✗ | ✗ | ✗ | ✗ |
| S.C.L.P.S. വാളകം | LP | A | 103 | 116 | 219 | 8 | 6 | 2 | - | 50 Cent | - | - | ✗ | ✓ | ✓ | ✓ |
| M.M.L.P.S. അണ്ടൂർ | LP | A | 92 | 84 | 176 | 6 | 6 | | | 50 Cent | - | | ✗ | ✓ | ✓ | ✓ |
| L.M.S.L.P.S. വയയ്ക്കൽ | LP | A | 74 | 63 | 137 | 5 | 5 | - | - | 52 Cent | 5 Cent | 25 Cent | ✗ | ✓ | ✓ | ✓ |
| പഞ്ചായത്ത് L.P.S. കമ്പംകോട് | LP | A | 58 | 51 | 109 | 5 | 5 | - | | 1 Acre | | 50 Cent | ✗ | ✓ | ✓ | ✓ |

# ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്
## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ SC/ST | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| STD | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | |
| I | 254 | 232 | 486 | 41 | 51 | 92 | 1 | 1 | 2 | 3 | 1 | 4 | 1 | 1 | 2 | 6 | 1 | 7 | 9 |
| II | 227 | 193 | 420 | 40 | 46 | 86 | 2 | 2 | 4 | 10 | 4 | 14 | 4 | 3 | 7 | 3 | 2 | 5 | 12 |
| II | 232 | 258 | 490 | 49 | 48 | 97 | 3 | 2 | 5 | 5 | 7 | 12 | | - | - | - | | - | - |
| IV | 258 | 222 | 480 | 54 | 40 | 94 | 3 | 4 | 7 | 6 | 5 | 11 | | - | - | 4 | 2 | 6 | 6 |
| V | 284 | 286 | 570 | 57 | 56 | 113 | 6 | 4 | 10 | 10 | 4 | 14 | | 2 | 2 | - | | - | 2 |
| VI | 278 | 245 | 523 | 45 | 52 | 97 | 5 | 3 | 8 | 11 | 10 | 21 | | - | - | 2 | 1 | 3 | 3 |
| VII | 278 | 236 | 514 | 67 | 41 | 108 | 14 | 9 | 23 | 20 | 14 | 34 | 3 | 3 | 6 | 2 | 2 | 4 | 10 |
| VIII | 287 | 231 | 518 | 71 | 43 | 114 | 8 | 2 | 10 | 10 | 5 | 15 | 2 | 3 | 5 | 5 | 3 | 8 | 13 |
| IX | 280 | 228 | 508 | 58 | 47 | 105 | 0 | 4 | 4 | 12 | 9 | 21 | 0 | 0 | 0 | 4 | 4 | 8 | 8 |
| X | 215 | 242 | 457 | 17 | 32 | 49 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 1 |

# അനുബന്ധം 3

**വിദ്യാഭ്യാസം**

1 വാളകം M. T. H. S. ലെ അദ്ധ്യാപകരിൽ, സംസ്ഥാന അവാർഡു നേടിയ, പത്മനാഭനായ കുമ്പുക്കാട്ട് പടിഞ്ഞാറേതിൽ സി. ഉമ്മൻ അദ്ധ്യാപക ശ്രേഷ്ഠരിൽ പ്രമുഖനാണ്

2 ക്ലാസ് തലത്തിൽ മാതൃസമതി വിളിച്ചു കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണണം

3 സ്കൂൾ വികസന സമതി ഉണ്ടാക്കണം

4 പൂർവ്വ വിദ്യാർത്ഥികളുടെ സമതി രൂപീകരിച്ചു സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തണം

5 അനധികൃത സ്കൂളുകൾ നിയമംമൂലം നിരോധിക്കുക (K.E.R. ൻെറ പരിധിയിൽ വരാത്തത്)

6 അദ്ധ്യാപകർക്ക് ആവശ്യമായ ഇൻ സർവ്വീസ് കോഴ്സ് പഞ്ചായത്ത് തലത്തിൽ നടത്തുക

7 അക്കാഡമിക്ക് ഇൻസ്പെക്ഷൻ നിർബന്ധമാക്കണം.

8 പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ S. C. / S. T. വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

9 ഉച്ചഭക്ഷണവിതരണം സാർവത്രികവും, ഫലപ്രദവുമാക്കുക

10 നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ട്യൂ സമ്പ്രദായം ഏർപ്പെടുത്തുക

# പൊതുജനാരോഗ്യം
# പരിസരശുചിത്വം
# കുടിവെള്ളം

ഈ പഞ്ചായത്തിലെ
പൊതുജനാരോഗ്യത്തെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ താഴെ പറയുന്നു.

പഞ്ചായത്തിലെ ജനസംഖ്യ 1996-32535
പൊതുമരണനിരക്ക് - 4.4
ശിശുമരണനിരക്ക് - 10.7
മാതൃമരണനിരക്ക് - ഇല്ല
ജനനനിരക്ക് - 13.1

ആരോഗ്യസൂചികകൾ സംസ്ഥാനശരാശരിയേക്കാൾ താഴ്ന്നു നിൽക്കുന്നത് ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയെ സൂചിപ്പിക്കുന്നുവെങ്കിലും പകർച്ചവ്യാധികൾ, മറ്റുള്ളവ ആരോഗ്യപ്രശ്നങ്ങളെ പഞ്ചായത്തിലെ നിലനിൽക്കുന്നു. താഴ്ന്ന വരുമാനക്കാർക്കിടയിൽ നിരവധി ആരോഗ്യ പ്രശ്ങ്ങൾ ഉയർന്ന തോതിൽ കാണപ്പെടുന്നുണ്ട്താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രയോജനം കിട്ടുന്ന രീതിയിൽ പ്രത്യേകം പരിപാടികൾആവിഷ്കരിക്കേണ്ടതുണ്ട്.

പ്രായഘടന അനുസരിച്ചുള്ള കുട്ടികളുടെ കണക്ക് താഴെ പറയുന്നു.

| പ്രായം | എണ്ണം |
|---|---|
| 0-1 | 476 |
| 1-2 | 486 |
| 2-6 | 1392 |
| ആകെ | 2354 |

പട്ടിക - 1

ഈ പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാനശരാശരിയേക്കാഠ താഴ്ന്നതാണ്. കുടുംബക്ഷേമമാർഗ്ഗങ്ങഠ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും താഴ്ന്ന വരുമാനക്കാർക്കിടയിലും പ്രത്യേകിച്ച് കോളനിവാസികഠക്കിടയിൽ കൂടുതൽ പ്രചരിപ്പിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകഠ താഴെ ക്കാണിക്കുന്നു.

**1, ദമ്പതിമാരുടെ എണ്ണം സ്ത്രീയുടെ പ്രായക്രമത്തിൽ)**

| പ്രായം | എണ്ണം |
|---|---|
| 15 - 19 | 64 |
| 20 - 24 | 772 |
| 25 - 29 | 1006 |
| 30 - 34 | 982 |
| 35 - 39 | 624 |
| 40 - 44 | 268 |

**പട്ടിക - 2**

**2, അമ്മമാരുടെ എണ്ണം ( ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ)**

| കുട്ടികളുടെ എണ്ണം | ആകെ ദമ്പതിമാർ |
|---|---|
| 1 കുട്ടി | 1507 |
| 2 കുട്ടികഠ | 1602 |
| 2 ൽ കൂടുതൽ- കുട്ടികഠ | 211 |

3,കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ-
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ചഅമ്മമാർ |
|---|---|
| 1 കുട്ടി | 118 |
| 2കുട്ടികൾ | 1305 |
| 2 ൽകൂടുതൽ കുട്ടികൾ | 165 |

താഴ്ന്ന വരുമാനക്കാർ ക്കിടയിൽ നിന്നും കുടുംബക്ഷേമമാർഗ്ഗം സ്വീകരിക്കുന്നവർക്ക് പ്രോത്സാഹനങ്ങൾ
നൽകി കുറെകൂടി വ്യാപിക്കാവുന്നതാണ്.

വൈകല്യനിരക്ക്

ഈപഞ്ചായത്തിലെ വൈകല്യനിരക്ക് മന്നിൽ താഴെ യാണ്. ഇതു സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ താഴെ കാണിച്ചിരിക്കുന്നു.

അംഗവൈകല്യമുള്ളവർ

| | |
|---|---|
| അന്ധർ | 3 |
| ബധിരർ | 4 |
| മൂകർ | 2 |
| ബധിര മൂകർ | 1 |
| ചലന വൈകല്യങ്ങൾ ഉള്ളവർ | 12 |
| ആകെ | 22 |

പട്ടിക(5)

## മന്ദബുദ്ധികൾ

| പ്രായം | എണ്ണം |
|---|---|
| 0 - 5 | 11 |
| 6 - 10 | 13 |
| 11 - 15 | 14 |
| 16 ന് മുകളിൽ | 13 |

പട്ടിക (6)

## സ്ഥായിയായ രോഗബാധിതർ

| | |
|---|---|
| a രക്ത സമ്മർദ്ദം | 105 |
| b പ്രമേഹം | 109 |
| c. കുഷ്ഠം | 12 |
| c. ക്ഷയം | 16 |
| d.ഹൃദ്രോഗം | 16 |
| e. കാൻസർ | 10 |

പട്ടിക(7)

## രോഗാതുരത

മുൻ വർഷങ്ങളിലെ കണക്കുകളുമായി താരതമ്യപ്പെടുത്തി രോഗാതുരത സംബന്ധിച്ച വിവരങ്ങൾ താഴെ കാണിക്കുന്നു

### രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം

| വർഷം | ഔട്ട്പേഷ്യൻറ് | ത്വക്ക്രോഗം | വാതരോഗം | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 92-93 | 1069 | 1121 | 50 | 483 | 1 | 9115 | 10769 |
| 93-94 | 7168 | 606 | 461 | 26 | 1 | 6075 | 7168 |
| 94-95 | 8475 | 119 | 164 | 34 | 1 | 8158 | 8475 |
| 95-96 | 7635 | 20 | 150 | 27 | -- | 7635 | 7825 |

# പകർച്ചാവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജല രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993 - 94 | 31 | 19 | 9 | 7 |
| 1994 - 95 | 28 | 22 | 7 | 5 |
| 1995-96 | 30 | 18 | 8 | 6 |

വർഷകാലങ്ങളിൽ വയറിളക്കരോഗങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങിൽ കാണപ്പെടുന്നുണ്ട്. രോഗാതുരത കുറയ്ക്കുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

കുട്ടികളുടെ പോഷണ നിലവാരം

1995-96 വർഷത്തിൽ നടന്ന 426 ജനനങ്ങളിൽ 11എണ്ണ ഭാരം കുറഞ്ഞ കുട്ടികളായിരുന്നു. സാമ്പത്തിക നില താഴ്ന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പോഷണ നിലവാരം ഉയർത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സ്ഥാപനങ്ങളും, ജീവനക്കാരും.

ഉമ്മന്നൂരിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ പ്രധാന ആരോഗ്യസ്ഥാപനം 1.3.1980 ൽ സ്ഥാപിതമായ ഈ ആശുപത്രിയിൽ ഒരു ഡോക്ടറും, ഒരു ഹെൽത്ത് ഇൻസ്പെക്ടറും, ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറും ഉൾപ്പെടെ 16 ജീവനക്കാർ ഉണ്ട്. 1995.96 വർഷത്തിൽ 80167.7 രായുടെ മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രം വഴി വിതരണം ചെയ്തു.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ.

1. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ.
2. മാതൃ ശിശു സംരക്ഷണം.
3. ആരോഗ്യ വിദ്യാഭ്യാസം
4. ജലജന്യരോഗങ്ങളെ നിയന്ത്രിക്കുന്നതിനായി ബ്ലീച്ചിംങ്പൗഡർ, ഒ.ആർ.എസ് പായ്ക്കറ്റുകൾ എന്നിവയുടെ വിതരണം.
5. കുടുംബക്ഷേമ പ്രവർത്തനങ്ങൾ.
6. കുട്ടികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അംഗൻവാടിക നടത്തുന്ന പ്രവർത്തനങ്ങളോടുള്ള സഹകരണവും, മേൽനോട്ടവും.
7. രോഗങ്ങൾക്കുള്ള ചികിൽസ
8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും, സ്കൂളുകളിലുമുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ.
9. ദേശീയാരോഗ്യ പരിപാടികൾ.
10. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുമായി ചേർന്നുള്ള പ്രവർത്തനം

സ്വന്തമായി വാഹനം ഇല്ലാത്തതും, വാക്സിനുകൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനും ഉള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ രണ്ടു തസ്തികകൾ സ്ഥിരമായി ഒഴിഞ്ഞു കിടക്കുന്നതും, പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്ത നങ്ങളെ ബാധിക്കുന്നുണ്ട്. ഇവ പരിഹരിക്കപ്പെടേണ്ടതുണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ആവിശ്യത്തിലേക്കായിഒരുമോട്ടോർ സ്ഥാപിക്കേണ്ടതായിഉണ്ട് കൂടാതെ സ്ഥാന ത്തിന്ചുറ്റു മതിൽ കെട്ടേണ്ടതും, ഉപകരണ ങ്ങളുടെ അണുനാശനത്തിനായി എൽ.പി.ജി. കണക്ഷനും, ടെലഫോൺ സൗകര്യവും ഏർപ്പെടുത്തേണ്ടതുണ്ട്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഫർണ്ണിച്ചറുകളുടെ അപര്യാപ്തത നികത്തേണ്ടതുണ്ട്.

**കുടുംബക്ഷേമഉപകേന്ദ്രങ്ങൾ:-**

ഉമ്മന്നൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വിശദ വിവരങ്ങൾ താഴെ കാണിക്കുന്നു

| ക്രമനമ്പർ | പേര് | പ്രവർത്തമേഖല | സ്വന്തംകെട്ടിടം | അപര്യാപ്തത |
|---|---|---|---|---|
| 1 | ഉമ്മന്നൂർ മെയിൻ | 5 ഉമ്മന്നൂർ | ഉണ്ട് | |
| 2 | ഉമ്മന്നൂർ | 4വിലങ്ങറ<br>9.നെടുമൺകാവ് (ഭാഗികം) | ഉണ്ട് | വെള്ളം<br>വൈദ്യുതി<br>ഇല്ല |
| 3 | കമ്പംകോട് | 7കമ്പംകോട്<br>6 തേവന്നൂർ (ഭാഗികം) | ഉണ്ട് | വൈദ്യുതി<br>ഇല്ല<br>ചോർച്ച |
| 4. | വയയ്ക്കൽ | 8 വയയ്ക്കൽ<br>6തേവന്നൂ (ഭാഗികം ) | ഉണ്ട് | |
| 5 | അണ്ടൂർ | 10.വാളകം<br>9.അണ്ടൂർ (ഭാഗികം) | ഇല്ല | കെട്ടിടം<br>ഇല്ല |
| 6 | പ്ലാപ്പള്ളി | 1. നെല്ലിക്കുന്നം<br>3. വിലങ്ങറ (ഭാഗികം) | ഇല്ല | കെട്ടിടം<br>ഇല്ല |
| 7. | അമ്പലക്കര | 11അമ്പലക്കര<br>12 മലവിള | ഇല്ല | കെട്ടിടം<br>ഇല്ല |
| 8. | നെല്ലിക്കുന്നം | 2.വിലയന്തൂർ<br>3 വിലങ്ങറ (ഭാഗികം) | ഉണ്ട് | വെള്ളം<br>വൈദ്യുതി<br>ഇല്ല<br>ചോർച്ച |

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നിന്നുള്ള സേവനങ്ങൾ.**

1. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
2. മാതൃ-ശിശുസംരക്ഷണ പ്രവർത്തനങ്ങൾ.
3. കുടുംബക്ഷേമപ്രവർത്തനങ്ങൾ.
4. പ്രതിരോധ കുത്തിവയ്പ്പുകൾ
5. രോഗ പ്രതിരോധ നിയന്ത്രണ പരിപാടികൾ.
6. വയറിളക്കരോഗ നിയന്ത്രണ പരിപാടികൾ.
7. പരിസര ശുചീകരണ പരിപാടികൾ.
8. മലേറിയ നിയന്ത്രണപരിപാടികൾ.
9. പൊതുജനാരോഗ്യത്തെസംബന്ധിച്ച സ്ഥിതിവിവരണ കണക്കുകളുടെ ശേഖരണം.
10. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കൂടി നടപ്പിലാക്കുന്ന മറ്റ് ആരോഗ്യ പരിപാടികൾ.

വയറിളക്കരോഗങ്ങൾ പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും ഉണ്ടാകാറുണ്ട്. ഇതുതടയാനിടയി പഞ്ചായത്തിലെ എല്ലാകിണറുകളിലും ചുറ്റുഭിത്തികെട്ടി സംരക്ഷിക്കുകയും, ആരോഗ്യ ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്

എല്ലാകുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ഫർണിച്ചറുകളുടെ അപര്യാപ്തത ഉണ്ട്. ഉപ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ഉപകേന്ദ്രങ്ങളിൽ ഫർണിച്ചറുകൾ ഏർപ്പെടുത്തേണ്ടതുണ്ട്.

**ജല ലഭ്യത**

ഈ പഞ്ചായത്തിലെ 90% ആളുകളും ജലത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ40%കിണറുകളിലെയും ജലം വേനൽക്കാലത്ത് വറ്റുന്നു. വേനൽ ക്കാലങ്ങളിൽ

4205

കുഴൽകിണർ, പൈപ്പുവെള്ളം എന്നിവയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ പൈപ്പുവെള്ളം ലഭ്യമാകുന്നുള്ളൂ. എല്ലാസ്ഥലങ്ങളിലും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

കിണറുകളില്ലാത്തകുടുംബങ്ങൾക്ക് കിണറുകൾ നിർമ്മിച്ച് നൽകേണ്ടതാണ്. നിലവിലുള്ള വയിൽ തന്നെ മിക്കകിണറുകളും ചുറ്റുമതി ഇല്ലാത്തവയാണ്. അവയിൽ നിന്നും ജലം ഉപയോഗിക്കുന്നതിനാൽ സാംക്രമിക രോഗങ്ങൾ ഇടവിട്ട് കാണാറുണ്ട്. ചുറ്റു മതി ഇല്ലാത്ത കിണറുകൾക്ക് അത് നിർമ്മിച്ച് നൽകേണ്ടതാണ്.

ഉമ്മന്നൂർ പഞ്ചായത്തിൽ 1986 ൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം സ്ഥാപിച്ചവാട്ടർ സപ്ലൈ സ്കീം പ്രവർത്തന വൈകല്യം മൂലം വലിയ പാളിച്ചയായി. കമ്പംകോട്, തേവന്നൂർ, ഉമ്മന്നൂർ, ആണ്ടൂർ തുടങ്ങി പഞ്ചായത്തിന്റെ ഭൂരിഭാഗവും പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുവാൻ കഴിയുമായിരുന്ന ഈ പദ്ധതി കാര്യക്ഷമമായ ആസൂത്രണമില്ലായ്മ നിമിത്തം തികഞ്ഞ പരാജയമായി. കിഴക്കൻ മേഖലയിലെ മിക്കപ്രദേശങ്ങളിലും ടാപ്പുകൾ സ്ഥാപിച്ചെങ്കിലും ടാങ്കിന്റെ ഉയരമില്ലായ്മ മൂലം ഭൂരിഭാഗം പ്രദേശങ്ങളിലും നാളിതുവരെ ജലം കിട്ടിയിട്ടില്ല. ആയൂർ ആറ്റിൽ നിന്നും, കമ്പംകോട് കുഴൽകിണറിൽ നിന്നും. ജലം പമ്പ് ചെയ്ത് കമ്പം കോട് വാർഡിൽകൊച്ചുകുന്നും പുറത്ത് 15 മീറ്റർ ഉയരത്തിൽ ടാങ്ക് കട്ടി പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ജലം എത്തിക്കുന്നതിനുള്ള പരിപാടിയായി ആദ്യം ആവിഷ്ക്കരിച്ച പദ്ധതി അവസാനം പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്തിയത് നിമിത്തം ഓവർ ഹെഡ് ടാങ്കിന് പകരം തറയിൽ ടാങ്ക് കെട്ടി. ഇതുമൂലം, ഈ പദ്ധതി പ്രയോജനമില്ലാതായിത്തീർന്നു. ഇവിടെ 15 മീറ്റർ ഉയരത്തിൽ പുതുതായി ഒരുടാങ്ക് പണിത് വെള്ളം പമ്പ് ചെയതാൽ ഇന്ന് സ്ഥാപിച്ചിരിക്കുന്ന എല്ലാ ടാപ്പുകളിലും വെള്ളമെത്തും.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണറുകളും, പൊതു കിണറുകളും നിർമ്മിച്ചാൽ കുടിവെള്ളത്തിന്റെ പ്രശ്നം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ കഴിയും.

ഉമ്മന്നൂർ പഞ്ചായത്തിൽ ഏറ്റവും ഉയരം കൂടിയ ഏകദേശം 2 ഏക്കർ സ്ഥലം സർക്കാർ വകയായി കിടകകുന്ന ചെപ്ര മുളവപ്പാറ എന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് ചെപ്ര ഉടയനകാവ് ഏലാ ഭാഗത്ത് നിന്ന് വെള്ളം പമ്പ് ചെയ്ത് തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കാൻ കഴിയും.

## വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ.

ഈ പഞ്ചായത്തിൽ കക്കൂസുകളുടെ അപര്യാപ്തി നിരവധി പകർച്ചവ്യാധികൾക്ക് കാരണമാകുന്നു. ദുർബല വിഭാഗങ്ങൾ കൂടുതലായുള്ള ഈ പഞ്ചായത്തിൽ കക്കൂസുകളുടെ കുറവ് ഒരു വലിയ ആരോഗ്യ പ്രശ്നമാണ് ആയതിനാൽ കക്കൂസ് ഇല്ലാത്ത എല്ലാകുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്

| ആകെവീടുകൾ | കക്കൂസില്ലാത്ത വീടുകൾ | ശതമാനം |
|---|---|---|
| 7501 | 3376 | 45 |

ഈ പഞ്ചായത്തിലെ വാളകം, വയയ്ക്കൽ, നെല്ലിക്കുന്നം എന്നീസ്ഥലങ്ങളിൽ കൂടുതൽ ഹോട്ടലുകൾ, ചന്ത, ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന മറ്റുസ്ഥാപനങ്ങൾ എന്നിവ

ഉണ്ട് അവിടെനിന്നും പുറത്തള്ളുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാനുള്ള സംവിധാനം ഇ് നിലവിലില്ല. ആയതിനാൽ നിലവിലുള്ള ഓടകൾ വൃത്തിയാക്കി സൂക്ഷിക്കുകയും, ഓടകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അത് നിർമ്മിക്കുകയും വേണം. മാലിന്യങ്ങൾ സംസ്കരിക്കാൻ കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിക്കേണ്ടതാണ്.

പേവിഷബാധ നിയന്ത്രിക്കുന്നതിനായി അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കാൻ ഊർജ്ജിതമായ ശ്രമങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കേണ്ടതാണ്.

അറവുശാലയിൽ നിന്നുള്ള മാലിന്യങ്ങൾ ആരോഗ്യകരമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കർശനമായും ഏർപ്പെടുത്തേണ്ടതാണ്.

പാകംചെയ്ത ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന ഹോട്ടലുകൾക്ക് ആരോഗ്യ വകുപ്പിന്റെ സർട്ടിഫിക്കറ്റോടുകൂടി ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ തനതായി മലേറിയാരോഗമില്ലെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും മലേറിയാ രോഗികൾ ഇവിടെ എത്തിച്ചേരാറുണ്ട്. മലേറിയാ രോഗം 1996 ൽ ആറ് രോഗികൾക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മലേറിയാ രോഗം പടർന്നു പിടിക്കുന്നത് തടയാനായി കൊതുക്നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തേണ്ടതുണ്ട്. പഞ്ചായത്തിൽ അറവുശാല യ്ക്ക് ഒരു സ്പോട്ടർ ഹൗസ് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്ത് നിന്നും പോളിയോ നിർമ്മാർജ്ജനം ചെയ്യുന്ന മഹായജ്ഞത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾ ഉമ്മന്നൂർ പഞ്ചായത്തിലും വിജയകരമായി നടക്കുന്നുണ്ട്. 1996 ഡിസംബർ 7ം തീയതി ആകെ 2644 കുട്ടികൾക്ക് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി വാക്സിൻ നൽകി.

കൂടുതൽ പൊതുജന പങ്കാളിത്തത്തോടെ, പോരായ്മകൾ പരിഹരിച്ച് മേൽപറഞ്ഞ പരിപാടികൾ വിജയിപ്പിക്കേണ്ടതാണ്.

# അനുബന്ധം 4

## പൊതുജനാരോഗ്യം, പരിസര ശുചിത്വം, കുടിവെള്ളം

1 പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഒരു വാഹനസൗകര്യം ഏർപ്പെടുത്തുക

2 പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കുറഞ്ഞത് 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

3 കുട്ടികളുടെയും, ഗർഭിണികളുടെയും രക്ഷയ്ക്ക് പ്രത്യേകം പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുക.

4 സ്വന്തമായി കെട്ടിടമില്ലാത്ത നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്കും കെട്ടിടം പണിയുക,

5 അമ്പലക്കര 11-ാംവാർഡിൽ പുതിയ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക.

6 4-ാംവാർഡിൽ വടകോട് ജംഗ്ഷനിൽ ഒരു ഉപകേന്ദ്രം തുടങ്ങുക.

7 ഉമ്മന്നൂർകേന്ദ്രമാക്കി ഒരു ആയുർവ്വേദ ആശുപത്രി ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

8 നിലവിലുള്ള കുഴൽക്കിണറുകളിൽനിന്നും തുരുമ്പിന്റെ അംശം ഒഴിവാക്കുവാൻ G I പൈപ്പിനു പകരം P V C പൈപ്പ് സ്ഥാപിക്കുക

9 വാർഡുതല ജലസമതി രൂപീകരിച്ചു പൈപ്പുകളുടെ അററകുററപ്പണികൾചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

10 വാളകം വാർഡിലെ മാമ്പുഴ ലക്ഷംവീട് കോളനിയിൽ നിലവിലുള്ള ഒരു കിണററിൽനിന്നും ആവശ്യത്തിന് കുടിവെള്ളം ലഭിക്കുക്കുന്നില്ല. ഒരു കിണർകൂടി കുഴിപ്പിച്ച് ജലദൌർബല്യം ഒഴിവാക്കുക.

11 അനധികൃതമായി മൃഗങ്ങളെ കശാപ്പുചെയ്യുന്നത് നിരോധിക്കുക.

12 വാളകം സി. എസ്. ഐ. ബധിര-മൂകരുടെ സ്കൂളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി പൈപ്പ്ലൈൻ നീട്ടുക.

# വ്യവസായം

കാർഷിക മേഖലയായ ഉമ്മന്നൂർ പഞ്ചായത്ത് താരതമ്യേന വളരെ വിസ്തൃതിയുള്ള ഒരു പ്രദേശമാണ് പരമ്പരാഗത വ്യവസായമായ കശുവണ്ടി ഒഴിച്ചാൽ മറ്റുള്ളവ നാമമാത്രമാണ് ഇഷ്ടികനിർമ്മാണത്തിൽ വയർകട്ട് ബ്രിക്സ്, നാടൻകട്ടകൾ, കോൺ ക്രീറ്റ്, ഹോളോ ബ്രിക്സ്, പാറക്വോറികൾ, റോക്ക് ക്രഷർമിൽ, സാമില്ലുകൾ, റൈസ് മില്ലുകൾ, സഹകരണ ബാങ്ക്,വനിതാ സഹകരണ സംഘങ്ങൾ, ക്ഷീരോൽപാദന സഹകരണസംഘങ്ങൾ, പൗൾട്രിയൂണിറ്റ്, വില്ലേജ് ഡെവലപ്പ്മെൻറ് സൊസൈറ്റി, ഒപ്റ്റിക്കൽ യൂണിറ്റ്, വെൽഡിംഗ് യൂണിറ്റ്, ഓയിൽ മില്ലുകൾ ഇവകളാണുള്ളത്

## കശുവണ്ടി വ്യവസായം

ഇവിടെ അര നൂറ്റാണ്ടിനു മുൻപ് 'കുടിപ്പിറപ്പ് ' രൂപത്തിൽ നെല്ലി ക്കുന്നത്ത് പ്രവർത്തിച്ചു തുടങ്ങിയ കശുവണ്ടി ഫാക്ടറിയാണ് പഞ്ചായത്തിലെ ആദ്യവ്യവ സായ സംരംഭം. ഈ രംഗത്തെ പൊതുമേഖലാ വ്യവസായം നെല്ലിക്കുന്നത്ത് ലക്ഷ്മൺ കാഷ്യൂഫാക്ടറി ഇടക്കാലത്ത് ഏറ്റെടുത്ത് ആരംഭിച്ചുവെങ്കിലും അത് സ്വകാര്യവത്ക്ക രിച്ചതോടെ ഈരംഗത്ത് പൊതുമേഖലാ വ്യവസായമില്ലായി . വിലയന്തൂർ വാർഡിലെ 'വീണാമോഹൻ കാഷ്യൂ ഫാക്ടി' മൂന്നാം വാർഡിലെ 'രാജൻ ഫാക്ടറി' അഞ്ചാം വാർഡിലെ 'ചാറയ്ക്കൽ കാഷ്യൂഫാക്ടറികൾ, പാക്കിംഗ്യൂണിറ്റ്, ആണ്ടൂർവാർഡിലെ സീമാ കാഷ്യൂഫാക്ടറി, പുല്ലുമല കാഷ്യൂ ഫാക്ടറി, പത്താം വാർഡിലെ വിജയാ കാഷ്യൂഫാക്ടറി, എന്നിങ്ങനെ എട്ടു കാഷ്യൂഫാക്ടറികൾ ഈ പഞ്ചായത്തിലുണ്ട്. കൂടാതെ അമ്പലക്കര 11ാം വാർഡിൽ ഈ അടുത്ത കാലത്തു പുതിയൊരു കശുവണ്ടി ഫാക്ടറി സ്ഥാപിതമായിട്ടുണ്ട്.

1981 ലെ കണക്കനുസരിച്ച് ആയിരത്തിനുമേൽ സ്ത്രീതൊഴിലാളികളും നൂറ്റിഅമ്പതിനുമേൽ പുരുഷൻമാരും ഈരംഗത്ത്പണിയെടുക്കുന്നു. എന്നാൽ മിക്കതും തുടർച്ചയായി സ്തംഭനാവസ്തയിലാണ്. അന്യസംസ്ഥാനങ്ങളിലേക്കുള്ള പറിച്ചുനടീൽ വേജസ് ഏകീകരണമില്ലായ്മ അശാസ്ത്രീയമായ തൊഴിൽ പ്രശ്നങ്ങൾ അസംസ്കൃതവസ്തുവിൻെറ സംഭരണത്തിലുള്ള ന്യൂനതകൾ എന്നിവയാണ് ഈ സത്ഭംനാവസ്ഥയ്ക്ക് കാരണങ്ങൾ

## ഇഷ്ടികനിർമ്മാണം

വാളകം, നെല്ലിക്കുന്നം, വലിയന്നൂർ, തേവന്നൂർ,വയ്ക്കൽ വാർഡുകളിലായി ആറ് ഇഷ്ടികനിർമ്മാണ ഫാക്ടറികൾപ്രവർത്തിക്കുന്നു.സ്ത്രീതൊഴിലാളികൾ ഉൾപ്പെടെ നൂറിൽകൂടു തൽ തൊഴിലാളികൾ സീസണിലായി ഈമേഖലയിൽ പണിയെടുക്കുന്നു. കാലാവസ്ഥയെആശ്ര യിക്കുന്നതിനാൽ സീസണിലായി പണി യും പരിമിതപ്പെടുന്നു എന്നുള്ളതിനു പരിയായി അസംസ്കൃതവസ്തു ശേഖരിക്കുന്നതിനുള്ള നിയമതടസ്സവും മറ്റും ഇതിനെ സ്തംഭനാവസ്ഥയിലേക്ക് നയിക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേ ണ്ടതാണ്. മെറ്റൽ ക്രെഷർയൂണിറ്റ് പാറക്വോറികളും ഈ പഞ്ചായത്തിലെ മെറ്റൽ ക്രെഷർയൂണിറ്റ് അമ്പലക്കര പൂവോട്ട് ഇൻഡസ്ട്രീസ് ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായി 20 മേൽ പാറക്വോറികൾ നടക്കുന്നു, ഉദ്ദേശം മുന്നൂറിൽ കൂടുതൽ തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ മൂലം ഉപജീവനം നടത്തുന്നു.

## ഹോളോബ്രിക്സ്

നെല്ലിക്കുന്നം, കൊച്ചാലുംമൂട്, (വിലയന്തൂർ വാർഡ്) വാളകം, മണൽകുളങ്ങ എന്നിവടങ്ങളിലായി ആകെ 3 ഹോളോബ്രിക്സ് യൂണിറ്റുകൾ ഭേദപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## സാമില്ലുകൾ

ഏഴു വാർഡുകളിലായി എട്ട് സാമില്ലുകൾ പ്രവർത്തിച്ചുവരുന്നു. [illegible] തൊഴിലാളികൾ ഈ മില്ലുകൾ പണിയെടുക്കുന്നു. വൈദ്യുതിയുടെ അപര്യാപ്തതയും, മൂലധനനിക്ഷേപത്തിനുള്ള പരിമിതി യും അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കു റവും ഈ വ്യവസായത്തെ സ്തംഭനാവ സ്ഥയിലെത്തിച്ചിട്ടുണ്ട്.

സഹകരണമേഖലയിലുള്ള പ്രവർത്തനം ഉമ്മന്നൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനം ഒഴിച്ചാൽ ഈ പഞ്ചായത്തിലുള്ള മറ്റ് സഹകരണ പ്രസ്ഥാനങ്ങൾ മിക്കതും വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. തൻമൂലം തൊഴിൽ ദിനങ്ങൾ കുറയുന്നു. കശുവണ്ടികഴിഞ്ഞാൽ പരമ്പരാഗതവ്യവസായത്തിൽപെട്ട ചൂരൽ, ഈറ, തഴ, എന്നിവകൊണ്ടുള്ള ഗാർഹികോപകരണങ്ങളുടെ നിർമ്മാണരംഗത്ത് പിന്നോക്ക വിഭാഗത്തിൽ പെട്ട തൊഴിലാളികൾ ഉൾപ്പെടെ നൂറുകണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്നു. ഇത് കേന്ദ്രീകരിച്ചിരുന്നത്, പഞ്ചായത്തിലെ മൂന്നാം വാർഡിൽ പെട്ട കാക്കത്താനത്താ യിരുന്നു കാര്യക്ഷമമായി പ്രവർത്തിക്കുന്നത് നെല്ലിക്കുന്നത്തുള്ള ഉമ്മന്നൂർ വില്ലേജ് ഡവലപ്പ്മെന്റ് സൊസൈറ്റിയാണ് അവിടെ പണിയെടുക്കുന്നതിന് ഈ പ്രദേശത്തെ പരമ്പരാഗത മേഖലയിൽ പണിയെടുത്തവർക്ക് കൂടുതൽ അവസരം ലഭിക്കുന്നില്ല

## കളിമൺ വ്യവസായം

പരമ്പാരാഗത വ്യവസായത്തിൽപെട്ട കളിമൺ പാത്ര വ്യവസായം ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ കേന്ദ്രീകരിച്ചു നടന്നിരുന്നതിനാൽ 200 ഓളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും പണിയെടുത്തിരുന്നു. ഇന്നാരംഗം അന്ന്യം നിന്നിരിക്കുന്നു. അസംസ്കൃത സാധനമായ ചെളി, വൈക്കോൽ, വിറക് എന്നിവയുടെ ലഭ്യതക്കുറവ്, വിലവർദ്ധനവ് എന്നതിലുപരിയായി അന്ന്യ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് വിലക്കുറച്ച് മാർക്കറ്റിൽ സാധനങ്ങൾ ഇറക്കി വിപണനരംഗം പിടിച്ചടക്കിയതും ഈ വ്യവസായത്തെ തകർച്ചയിലെത്തിച്ചു.

## ഓയിൽ മിൽ ഭക്ഷ്യപ്രാസംസ്കരണയൂണിറ്റ്

ഈ പഞ്ചായത്തിൽ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നത് വിലയന്തൂർ വാർഡിലെ 'ജയാ ഓയിൽ മിൽ 'മാത്രമാണ്. കൂടാതെ കൂലിയെട്ടുമില്ലുകൾ ആറെണ്ണം പ്രവർത്തിക്കുന്നുണ്ട് അസംസ്കൃത വസ്തുവിന്റെ ലഭ്യതയ്ക്കനുസരിച്ച വേണ്ടത്രവികസന പ്രവർത്തനങ്ങൾ അർഹിക്കുന്നു.

ഈ പഞ്ചായത്തിന്റെ പൊതു സ്ഥിതി വിലയിരുത്തുമ്പോൾ മനുഷ്യാദ്ധ്വാനവും കാർഷിക മേഖലയിലെ ജൈവസമ്പത്തും മറ്റ് ഭൗതിക സാഹചര്യങ്ങളും പ്രയോഗ തലത്തിൽ വേണ്ടത്ര പ്രയോജനപ്പെടുത്താതിരുന്നതുമൂലം ഈ പഞ്ചായത്തിന് വ്യവസായികമായി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല മാത്രമല്ല അവഗണനയിൽ പിന്തള്ളപ്പെട്ട അവികസിത മേഖലയാണെന്ന് മനസ്സിലാക്കാൻ കഴിയും. സാമൂഹ്യതിൻമയെ വളർത്തി സാധാരണക്കാരന്റെ കുടുംബജീവിതത്തേയും നാടിനേയും നശിപ്പിക്കുന്ന വ്യാജമദ്യ നിർമ്മാണം കർശനമായ നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്തുന്നതിലുള്ള പാളിച്ച മൂലം ജനജീവിതം ദുരിതപൂർണ്ണമായിരിക്കുന്നു. ഇതിനെതിരായ ബോധവൽക്കരണവും സംഘടിത പ്രക്ഷോഭണവും അനിവാര്യമാണ്.

# അനുബന്ധം 5

## വ്യവസായം

കശുവണ്ടി വ്യവസായത്തിൽ തൊഴിൽ സ്തംഭനം പരിഹരിക്കുന്നതിന് വേണ്ടത് ചെയ്യുക

ചുടുകട്ട വ്യവസായ രംഗത്ത് പുതിയവ തുടങ്ങുന്നതിന് താൽപര്യം ഉന്നയിച്ചെങ്കിലും. അസംസ്കൃത സാധനമായ ക്ലേ കിട്ടാനുള്ള സാധ്യത, നിലം കുഴിയ്ക്കാൻ നിയമാനുസൃതമായി തടസപ്പെടുന്നതിനാൽ ഈ വ്യവസായം വെല്ലുവിളിയെ നേരിടുന്നു. കൂടാതെ പരിസ്ഥിതി പ്രശ്നങ്ങളും നിയമ തടസ്സമായി തീർന്നിട്ടുണ്ട്

## ഹോളോ ബ്രിക്സ്

പുതിയ സംരംഭകർക്ക് കമ്പോള ലഭ്യത അനുസരിച്ച് തുടങ്ങാവുന്നതാണ്

## ഓയിൽ മിൽ

സൊസൈററിയടിസ്ഥാനത്തിൽ വിപുലീകരിച്ചു കൊപ്രാസംഭരണവും, വെളിച്ചെണ്ണ നിർമ്മാണം മൊത്തമായും. ചെറുകിട യൂണിററുകൾ മൂലം പാക്കിംഗ് നടത്തി വിതരണം നടത്താം

റബർ ഉപയോഗിച്ചുള്ള ചെറുകിട ഉൽപ്പാദന യൂണിററുകൾ സ്ഥാപിക്കുന്നതിനും,തടി കൊണ്ടുള്ള ചെറിയതരം ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതയും, പ്രയോജനപ്പെടുത്താവുന്നതാണ്

സാമില്ലുകളോട് ചേർന്നു ഫർണിച്ചർ തുടങ്ങി ഗാർഹിക ഉപകരണങ്ങളുടെ നിർമ്മാണംമൂലം തൊഴിൽ സാദ്ധ്യതയുണ്ട്

വ്യവസായ രംഗത്ത് ട്രെയിനിംഗ് ഇല്ലാത്തതിന് പരിഹാരമായി ടെക്നിക്ക് ട്രെയിനിംഗിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കണം

## നിർദ്ദേശങ്ങൾ

1. കാർഷികമേഖലയിലെ ഉൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തി വാർഡുകളിൽ വ്യവസായ യൂണിറ്റ് രൂപീകരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകരിച്ച് കുത്തകകളുമായി മത്സരയോഗ്യമാക്കണം.

2. നിലവിലുള്ള വ്യവസായസ്ഥാപനങ്ങളിൽ സ്തംഭനത്തിലുള്ളത് പുനരുദ്ധരിക്കുക.

3. പരമ്പരാഗതവ്യവസായങ്ങളുടെ പുനരുദ്ധാരണം.

4. വനിതകളുടെ ക്ഷേമത്തിനായി ഓരോ വാർഡിലും ചെറുകിട വ്യവസായങ്ങൾ രൂപീകരിക്കുക.

5. കാർഷികോൽപ്പന്നങ്ങളുടെ സംഭരണ വിപണന പൊതുമേഖലാടിസ്ഥാനനത്തിൽ കൊണ്ടു വരിക.

6. ക്ഷീരോൽപന്നങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങുക.

7. കാലിത്തീറ്റ നിർമ്മാണ വ്യവസായം പഞ്ചായത്ത് കേന്ദ്രീകരിച്ച് തുടങ്ങുക.

8. ചെറുകിട വ്യവസായയൂണിറ്റുകൾ 12 വാർഡിലും ആരംഭിച്ച് പ്രവർത്തിക്കുവാൻ ഒരു കേന്ദ്രമായി വ്യവസായം തുടങ്ങുക, തയ്യൽ എംബ്രോയിഡറി എന്നിവയ്ക്ക് പ്രോത്സാഹനമായി പ്രാഥമികമായി തുണി ശാസ്ത്രീയ രീതിയിലുള്ള കട്ടിംഗ് എന്നിവയുടെ ചുമതലയും എംബ്രോയിഡറി, തയ്യൽ എന്നിവ പൂർത്തിയാക്കി മാതൃ കേന്ദ്രത്തിൽ സംഭരിച്ച് പാക്കിംഗ്, പരസ്യം ആധുനിക രീതിയിൽ നടത്തി കുത്തക വ്യവസായമായി തുടരുകയും പൊതുവിപണിയിൽ എത്തിക്കുകയും ഉപസംഘങ്ങളായ യൂണിറ്റുകളെ നിലനിറുത്തുകയും ചെയ്യുക.

9. പ്രധാനകേരോൽപന്നമായ തെങ്ങിൽ നിന്നുള്ള ചകിരി, കയർ എന്നിവയുടെ നിർമ്മാണത്തിൽ നിന്നുള്ള വ്യവസായയൂണിറ്റ്.

## തടസ്സങ്ങൾ

1. പരിസ്ഥിതി പ്രശ്നങ്ങൾ

2. അശാസ്ത്രീയമായ സേവന വേതന പ്രശ്നങ്ങൾ

3. വൈദ്യുതിയുടെ ലഭ്യതക്കുറവ്

4. വായ്പകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന വൈകല്യങ്ങൾ

5. ഗതാഗതത്തിന്റെ അപര്യാപ്തത

6. നിലവിലുള്ള വ്യവസായത്തിലെ ഉൽപാദന തകർച്ച

7. സാങ്കേതിക പരിജ്ഞാനക്കുറവ്

# ഗതാഗതം

നമ്മുടെ പഞ്ചായത്തിലെ ഗതാഗതമാർഗ്ഗം റോഡ്‌വഴി മാത്രമാണ്. നാടിന്റെ വികസനത്തിനും ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ഗതാഗത സൗകര്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് റോഡുകളുടെ സ്ഥിതിയും ഗതാഗത മാർഗ്ഗങ്ങളും വികസിച്ചിട്ടില്ല.

ഗ്രാമസഭകളിൽ റോഡുകളുടെ അപര്യാപ്തതയെ സംബന്ധിച്ച് നിരവധി പരാതികളും നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്ത പി.ഡബ്ലിയു. ഡി. റോഡുകളും കെ. ഐ. പി. റോഡുകളും അതുവഴിയുള്ള യാത്രാദുഷ്കരമാക്കുന്നു, പലഭാഗത്തും റോഡു സംരക്ഷിക്കുന്ന അരികു ഭിത്തികൾ ഇല്ലാത്തത് അപകടസാധ്യത ഉളവാക്കുന്നു. പഞ്ചായത്തിൽ സ്റ്റേറ്റ് ഹൈവേ 8 കി.മി:ഉം പി. ഡബ്ളിയൂ. ഡി. റോഡുകൾ 36 കിലോമീറ്ററും കെ. ഐ. പി റോഡുകൾ 10 കിലോമീറ്ററുമുണ്ട് പഞ്ചായത്തിന്റെ സംരക്ഷണയിൽ 276 കിലോമീറ്റർ റോഡുകളാണ് ഉള്ളത്. പഞ്ചായത്തിലെ റോഡുകളുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.

### ബസ്സ് സർവ്വീസുള്ള പ്രധാന റോഡുകളുടെ വിവരം

1, ഓടനാവട്ടം-വാളകം റോഡ്
(വാളകം മുതൽ ചെപ്ര വരെ)
2, നെല്ലിക്കുന്നം - ചെപ്പ്ര റോഡ്.-
തകർന്നതും അടിയന്തിരമായി പുനർനിർമ്മാണവും ആവശ്യമുണ്ട്
3, ഉമ്മന്നൂർ - വയക്കൽ റോഡ്-
4, പനവേലി - വാളകം റോഡ് -
(അമ്പലക്കര വഴി) -
അറ്റകുറ്റ പണികൾ അടിയന്തിരമായി നടത്തേണ്ടതാണ്.
5, കൊട്ടാരക്കര - ഓയൂർ (നെല്ലിക്കുന്നം-ചുങ്കത്തറ) - അറ്റകുറ്റ പണികൾ അടിയന്തിരമായി നടത്തേണ്ടതാണ്.
6. അണ്ടൂർ- മേൽക്കുളങ്ങര-പൊലിക്കോട് റോഡ്- അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തേണ്ടതാണ്
7. ഉമ്മന്നൂർ- (ചെപ്ര പള്ളിമുക്ക്) -സദാനന്ദപുരം റോഡ് അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തേണ്ടതാണ്
8. പൈങ്ങൽ- അടൂർ മുക്ക് കോരുതുവിള റോഡ് - അരക്കിലോമീറ്റർ ടാറിംഗ് ആവശ്യമുണ്ട്.
9. ഉമ്മന്നൂർ സൊസൈറ്റി ജംഗ്ഷൻ പഴിഞ്ഞം റോഡ്- അറ്റകുറ്റ പണികൾ ആവശ്യമുണ്ട്
10. അണ്ടൂർ- പേറ- തേവന്നൂർ- റോഡ്

റോഡുകളുടെ തകർച്ചമൂലം താഴെ പറയുന്ന റൂട്ടുകളിൽ ബസ്സ് സർവ്വീസ്നിറുത്തിയിരിക്കുകയാണ്.

1, പൈങ്ങയിൽ - സദാനന്ദപുരം - കെ. ഐ. പി. റോഡ്.
2, നെല്ലിക്കുന്നം - പ്ലാപ്പള്ളി റോഡ്
3, അമ്പലക്കര പള്ളിമുക്ക് - പട്ടേരിമുക്ക് റോഡ്.
4, പൈങ്ങയിൽ - മലവിള - അമ്പലക്കര റോഡ്.

പ്രധാനപാടശേഖരങ്ങളിലേക്കുള്ള പഞ്ചായത്ത് റോഡുകൾ പൂർത്തിയാക്കാത്തതും സഞ്ചാരയോഗ്യമല്ലാത്തതും, കാർഷികോപകരണങ്ങൾ വിത്തും, വളവും മറ്റ് കാർഷികോൽപന്നങ്ങളും കൊണ്ടു വരുന്നതിന് കർഷകർക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു. കാർഷികാവശ്യത്തിന് ഉപകരിക്കുന്ന നിരവധി റോഡുകളുടെ നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

റോഡുകൾ പുതുതായി നിർമ്മിക്കുന്നതിനുവശ്യമായ ഭൂമി പരമാവധി സംഭാവനയായി സ്വീകരിക്കാവുന്നതും മനുഷ്യാദ്ധ്വാനം ഇക്കാര്യത്തിൽ പരമാവധി

പ്രയോജനപ്പെടുക്കേണ്ടതുമാണ്. വിവിധ ഏജൻസികളുടെ സഹായവും പഞ്ചായത്ത് ഫണ്ടും നല്ലൊരു പങ്ക് മനുഷ്യാദ്ധ്വാനവും മറ്റ് സംഭാവനകളും സംഭരിച്ച് റോഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണിയും നടത്താൻ കഴിയും. കാർഷികാവശ്യത്തിനുള്ള റോഡുകൾക്കും ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾക്കും മുന്തിയ പരിഗണന ആവശ്യമാണ്.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും ദൈനംദിനആവശ്യങ്ങൾക്ക് തൊട്ടടുത്ത പ്രദേശങ്ങളിലേക്കും യാത്ര ചെയ്യേണ്ടിവരുന്നു. പഞ്ചായത്ത് ഹൈസ്കൂൾ തലം കഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യേണ്ടി വരുന്നു.

ജില്ലാകേന്ദ്രത്തിലേക്കും തിരുവനന്തപുരത്തേക്കും പഞ്ചായത്തിലൂടെ ഉണ്ടായിരുന്ന കെ. എസ്.. ആർ. ടി. സി. സർവ്വീസുകൾ പുനസ്ഥാപി ക്കേണ്ടത് അടിയന്തിരാവശ്യമാണ്. കൂടാതെ പ്രധാന പട്ടണങ്ങളിലേക്കും ആവശ്യത്തിന് ബസ്സ് സർവ്വീസ് ആരംഭിക്കേണ്ടതുണ്ട്. നിലവിലുള്ള യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ ബസ്സ് സർവ്വീസ് അനുവദിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. നാടിന്റെ സമഗ്രമായ പുരോഗതിക്കും അഭിവൃദ്ധിക്കും പ്രാഥമികോപാധിയായി ഗതാഗത സൗകര്യം പരിഗണിച്ച് ആവശ്യമായ പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ റോഡുകളെ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങള താഴെകൊടുക്കുന്നു.

ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വാർഡ് 1.

1. നെല്ലിക്കുന്നം പ്ലാപ്പള്ളിറോഡിൽ മാർത്തോമാ ചർച്ച് മുതൽ മഞ്ഞക്കോട്ടുകോണം വഴി കാഞ്ഞിക്കൽ എത്തുന്ന തോട്ടിൽ പാലം പണിത് റോഡ് പണി പൂർത്തിയാക്കി ടാർ ചെയ്യുക.

2. കൊച്ചാലും മൂട് വേലൻകോണം റോഡിൽ തോമ്പിയിൽ ഭാഗത്ത് പാലം കെട്ടി റോഡ് പൂർത്തിയാക്കുക.

3. തുടന്തല പാലവും റോഡും-തുടന്തല പാലം നിർമ്മിച്ച് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

4. തെറ്റിയോട്ട്- തളിരോട്ട് റോഡ് ടാർചെയ്ത് വൃത്തിയാക്കുക.

5. നെല്ലിക്കുന്നം-മഞ്ഞക്കോട്ടുകാവുറോഡ് ടാർ ചെയ്ത് ഗതാഗയോഗ്യമാക്കുക.

6. മാവിള ഭാഗത്ത് വലിയ തോട്ടിൽ നടപ്പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

7. നെല്ലിക്കുന്നം നിലേശ്വരം റോഡിൽനിന്നും ഇടയ്ക്കല്ലൂർ ഭാഗത്തുകൂടി കരിക്കോണം ഭാഗത്തേക്ക് പുതുതായി റോഡു നിർമ്മിക്കുക.

8. തുടന്തല അക്വഡേറ്റ് മുതൽ പണക്കാട്ടുവഴി വേലൻ കോണത്ത് റോഡ് അടിയന്തിരമായി നിർമ്മിക്കുക.

9. പ്ലാപ്പള്ളി ജംഗ്ഷൻമുതൽ കടവറ ഭാഗത്തുകൂടി ഗാന്ധിനഗർ റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.

10. പ്ലാപ്പള്ളി റോഡിൽ പാറവിള ഭാഗത്ത്നിന്നും ഗാന്ധിനഗറിലേക്ക പോകുന്നതിന് ഒരു പുതിയ റോഡ് നിർമ്മിക്കുക.

### വാർഡ് 11

1. ചുങ്കത്തറ-പിണറ്റിൻ മൂട് റോഡ്-ഏലാ സൈഡുകെട്ടി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

2. ചുങ്കത്തറ-വിലയന്തൂർറോഡ്-ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

3. ചുങ്കത്തറ-സെൻറ് തോമസ് ചർച്ച് റോഡ് വിലയന്തൂർ ഏലസൈ ഡുകെട്ടി മണ്ണിട്ട് ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

4. ചുങ്കത്തറ വിലയന്തൂർ ഏലായിൽ കൂടി റോഡ് നിർമ്മിച്ച് മൈലക്കാട് യോഗ്യമാക്കുക.

5. ചുങ്കത്തറ സാൽവേഷൻ ആർമിറോഡ് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

6. വിലങ്ങറ- മടത്തിയറ റോഡ്ടാറിട്ട്

ഗതാഗതയോഗ്യമാക്കുക.

7.രക്ഷാസൈന്യംപള്ളി-കൊച്ചാലും മൂട് റോഡ്-കയറ്റം താഴ്ത്തി ടാറിംഗ് നടത്തുക

8.ചുങ്കത്തറ-മുണ്ടാംമൂട് റോഡ്-ടാറിട്ട് ഗതാഗത യോഗ്യമാക്കുക.

9. പടിഞ്ഞാറ്റുംകര ചുങ്കത്തററോഡ്ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

10. പിണറ്റും മുകം-കല്ലുപാലം റോഡ് ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

11.കാഞ്ഞിരിക്കൽ മുതൽ തുറവൂർ വരെയുള്ള റോഡ്ടാറിട്ട്ഗതാഗതയോഗ്യമാക്കുക.

12. ചുങ്കത്തറ- മൈലാടും പൊയ്കറോഡ് ഏലാകെട്ടിടാറിട്ട്ഗതാഗതയോഗ്യമാക്കുക.

13.കൊച്ചാലും മൂട് തലക്കേട്ടു നിരപ്പിൽ റോഡ്-ഏലാസൈഡ് കെട്ടി ടാറിട്ട് ഗതാഗതയോഗ്യമാക്കുക

14. പടിഞ്ഞാറ്റിൻ കര- വിലയന്തൂർ റോഡ്ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

15. മൈലാടും പൊയ്ക-ബഥേൽ പള്ളിമുക്ക് പൂവണം പൊയ്ക റോഡ് ടാറിട്ട് ഗതാഗത യോഗ്യമാക്കുക.

16. പടിഞ്ഞാറ്റിൻകര കല്ലുവാതുക്കൽ ചുങ്കത്തറ റോഡ്ടാറിട്ട്ഗതാഗതയോഗ്യമാക്കുക.

17. കാഞ്ഞിരിക്കൽ-തുറവൂർ റോഡ് ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

18. പടിഞ്ഞാറ്റിൻ കരവാതുക്കൽ-തുറവൂർ റോഡ്വീതികൂട്ടിഗതാഗതയോഗ്യമാക്കുക.

### പാലം

വിലയന്തൂർ മാങ്ങാംമൂട്, വെളിയം പഞ്ചായത്തു മായി യോജിപ്പിക്കാൻ വാഹനഗതാഗതത്തിന് അനുയോജ്യമായ പാലം നിർമ്മിക്കേണ്ടതാണ്

**ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് 111 വാർഡ് റോഡ്**

1.നെല്ലിക്കുന്നം- കോരുതുവിള റോഡു പണിപൂർത്തിയാക്കി മെറ്റൽ ചെയ്തു ടാർ ചെയ്യുക.

2. പിണറ്റിൻ മുകം- വിലങ്ങറ കിഴക്കേ അമ്പലം മെറ്റൽ ചെയ്ത കെ.ഐ.പി. റോഡ്ടാർ ചെയ്യുക.

3.മുരുങ്ങേലിക്കോണം- ഉരക്കുത്ത്പാറ ജംഗ്ഷൻ മുതൽ വിലങ്ങറ കിഴക്കേ ക്ഷേത്രം റോഡ്മെറ്റൽ ചെയ്തു ടാർ ചെയ്യുക.

4. ഐക്കാട്ടുകോണം ഹരിജൻ കോളനി റോഡ് നിർമ്മിക്കുക. റോഡിൽ ബന്ധിപ്പിക്കുന്ന പുതി റോഡ്നിർമ്മിക്കുക.

5.നെല്ലിക്കുന്നം പ്ലാപ്പള്ളിറോഡിൽ പുളിവേലി ൽ ജംഗ്ഷൻ മുതൽ മാന്തോട്ടത്ത്, പൗട്ടറ വഴി നെല്ലിക്കുന്നം കോരുതുവിള റോഡിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡ്നിർമ്മിക്കുക.

6. ചേക്കാട്ടുകോണം ഹരിജൻ കോളനി മുതൽ കാക്കാനം ഹരിജൻ കോളനി റോഡ് നിർമ്മിക്കുക.

7. മാന്തോട്ടത്തു- പൗട്ടറ റോഡിൽനിന്നും ചേക്കാട്ടു കോണം, കാക്കത്താനം ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.(ഈറോഡ്50 ഹെക്ടർ നിലംകൃഷിക്ക്പ്രയോജനകരമായിരിക്കും

8. കാക്കത്താനം- പെരിങ്കല്ലൂർ വടക്കേക്കരനിന്നും നെല്ലിക്കുന്നം കോരുതുവിള റോഡുമായിബന്ധിപ്പിക്കുന്ന പുതിയ റോഡ്നിർമ്മിക്കുക.

9. വിലങ്ങറ കിഴക്കേക്ഷേത്രം വിലങ്ങറ യു.പി.എസ്. റോഡ് മെറ്റൽചെയ്ത് ടാർ ചെയ്യുക.

10. കുക്കത്താനം പഞ്ചായത്ത് കിണർ- കരിമരത്തിൻ മൂട് ഹരിജൻ കോളനിറോഡ് വീതികൂട്ടിവെട്ടുക.

11. കാക്കത്താനം ബാപ്റ്റിസ്റ്റ് ചർച്ചുമുതൽ ഹരിജൻ കോളനിയിൽ കൂടികൊച്ചക്കാട്ടുവിള പാലം ജംഗ്ഷൻ വരെയുള്ള റോഡ് മെറ്റൽ ചെയ്തു ടാർ ചെയ്യുക.

12. കോരുതുവിള- ബംഗ്ലാവിൽ റോഡ് വീതികൂട്ടുക.

13. നെല്ലിക്കുന്നം പ്ലാപ്പള്ളി റോഡിൽ പാറവിള ജംഗ്ഷനിൽ നിന്നും മണ്ണാർ കോണത്ത് ഏലാ റോഡ്വീതി കൂട്ടുക.

14. നെല്ലിക്കുന്നം- പ്ലാപ്പള്ളി റോഡിൽ വടക്കേവിള ജംഗ്ഷനിൽ നിന്നും ചക്കുള കോണം ഏലാ വരെയുള്ള റോഡു വീതി കൂട്ടുക.

വാർഡ് 4

1. പൈങ്ങൽ ജംഗ്ഷൻ- ഇഞ്ചവിള റോഡ്മെറ്റലിട്ട് ടാർ ചെയ്യുക.
2. ഇഞ്ചവിള ജംഗ്ഷൻ- അമ്പലക്കരറോഡ് ടാർ ചെയ്യുക.
3. നെല്ലക്കുന്നം -ചെപ്ര റോഡ് സൈഡ്കെട്ടി വീതികൂട്ടി റീ-ടാർ ചെയ്യുക
4. വടവോട്- ഉമ്മന്നൂർ പള്ളിമുക്ക് റോഡ് മെറ്റലിട്ട് ടാർ ചെയ്യുക.
5. നെല്ലിക്കുന്നം- കോരുതുവിള റോഡ്, കളീലഴികത്ത് റോഡുമായി ബന്ധിപ്പിക്കുക.
6. പൈങ്ങയിൽ - പ്ലാപ്പള്ളിറോഡ് കെ.ഐ.പി. റോഡ് റീ-ടാർ ചെയ്യുക
7. പള്ളിമുക്ക്- തിരുട്ടൂർ റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
8. പള്ളിമുക്ക്- മണ്ണത്താമര ഏലാവഴി, കുരീക്കുന്നിൽ പള്ളിറോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
9. പൈങ്ങയിൽ- തിരുവട്ടൂർ റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
10. പൈങ്ങയിൽ - കുളമുടികെ.ഐ.പി. റോഡ്, റീടാർ ചെയ്യുക
11. പയിങ്ങ-ഉദയാജംഗ്ഷൻ-ആയിരവല്ലിറോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
12. ചാറക്കൽ വാതുക്കൽ- മണ്ണത്താമര ഏലാവഴി കുരീക്കുന്നിൽ പള്ളിവരെ റോഡു വെട്ടി ടാർ ചെയ്യുക.
13. ഒഴുകുപാറക്കൽ - മണ്ണത്താമര ഏലാവഴി കുരീക്കുന്നിൽ പള്ളി വരെ റോഡ്വെട്ടി ടാർ ചെയ്യുക.
14. രാങ്ങോട്- ആയിരവല്ലി പട്ടികജാതി കോളനിറോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
15. കോരുതുവിള- കളീലഴികത്തു കടജംഗ്ഷൻ മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
16. കരിക്കത്തിൽ ഭാഗമ മുതൽ- മണ്ണത്താമര ഏലാവരെയുള്ള പഞ്ചായത്ത് ഇടവഴി റോഡ് വെട്ടി ടാർ ചെയ്യുക.
17. അടൂർ ജംഗ്ഷൻ-ചാത്തറ ഏലാറോഡ് വെട്ടി ടാർ ചെയ്യുക.
18. വിലങ്ങമൂഴിയിൽ പാലം അഴിച്ച് പുതിയ പാലം പണിയുക
19. ചെപ്ര- മണ്ണന്താമര ഏലാറോഡ് ഗതാഗതയോഗ്യമാക്കുക.

ഉമ്മന്നൂർ വാർഡ് 5

1. ചെറുവള്ളൂർ രക്ഷാസൈന്യപള്ളി-പോറ്റിമുക്ക് റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.
2. ഗവ: എൽ.പി. എസ് ആശുപത്രി റോഡ് നിർമ്മിച്ച ഗതാഗതയോഗ്യമാക്കുക.
3. മത്തായിമുക്കിൽ നിന്നും ഉമ്മന്നൂർ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ്മെറ്റലിംഗ്നടത്തി ടാർ ചെയ്യുക.
4. വലിയ വിള ജംഗ്ഷൻ- കുമ്പ്രാകോണം റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം
5. ചാറയ്ക്കൽ ജംഗ്ഷൻ- പേരുമ്പയിൽ ഏലാറോഡ് സഞ്ചാ യോഗ്യമാക്കണം
6. തേക്കിൻ കാട്ടിൽ ജംഗ്ഷൻ- കണ്ണൻ കര കോണം റോഡ് സഞ്ചാര യോഗ്യമാക്കണം
7. തെങ്ങുവിള ജംഗ്ഷൻ- ഗവ: ആശുപത്രിറോഡ് പണി പൂർത്തീകരിച്ച് സഞ്ചാര യോഗ്യമാക്കുക.
8. കുരീക്കുന്നിൽ- ബാലവാടി ജംഗ്ഷൻ റോഡ് സഞ്ചായോഗ്യമാക്കുക.
9. മുകളുവിള- ഹരിജൻകോളനിറോഡ് സഞ്ചാരയോഗ്യമാക്കുക.
10. കുറ്റിക്കാട് പഴിഞ്ഞം റോഡ് വീതികൂട്ടി പണിപൂർത്തീകരിക്കുക.
11. പഴിഞ്ഞം ഓണോലിറോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം
12. ഈയാം കോട്- പോറ്റി മുക്ക് റോഡ് ഗതാഗതയോഗ്യമാക്കുക.
13. പഴിഞ്ഞം പുളിയാതെങ്ങൽ തേക്കിൻ കാട് റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
14. വൃന്ദാവനം-ചെറുവല്ലൂർ റോഡ് ഗതാഗത യോഗ്യമാക്കണം.
15. മാർക്കറ്റ് ജംഗ്ഷൻ- മാവിള ജംഗ്ഷൻ വരെ റോഡ് നിർമ്മിച്ച് സഞ്ചാര യോഗ്യമാക്കണം.
16. നെല്ലികുന്നം- ചെപ്രറോഡ് അടിയന്തിമായി പണി പൂർത്തീകരിച്ച് ആവശ്യമുള്ള ഭാഗങ്ങളിൽ സംരക്ഷണ മതിൽ കെട്ടി ഗതാഗത യോഗ്യമാക്കണം.

17. ഓടനാവട്ടം- വാളകം റോഡിൽ അമ്പിയിൽ ഭാഗത്ത് സൈഡുകെട്ടി വീതികൂട്ടുക.
18. പഴിഞ്ഞം പുളിയത്തുംഗൽ റോഡ് നിർമ്മിക്കുക.
19.ചെറുവല്ലൂർ-ഉദിയൻകോട്-പോറ്റിമുക്ക്-റോഡ് ഗതാഗതയോഗ്യമാക്കുക
20. നെടുമൺ വിളയിൽ ഏല- പഴിഞ്ഞം റോഡ് സഞ്ചാരയോഗ്യമാക്കണം.

വാർഡ് 6 തേവന്നൂർ

1. കെട്ടിടത്തിൽ വാതുക്കൽ തേവന്നൂർ റോഡിൽ ചേന്നറ കൊല്ല ഭാഗം വയൽ നികത്തി കുരിക്കാട്ട് ജംഗ്ഷൻ വരെ ടാറിട്ട് ഗതാഗതയോഗ്യമാക്കണം.
2.കവലക്ക പച്ച കൊയ്പള്ളിറോഡ് -എസ്റ്റേറ്റുജംഗ്ഷൻ വഞ്ചിക്കോട് റോഡുമായി ബന്ധപ്പെടുത്തി ടാറിട്ട് ഗതാഗതയോഗ്യമാക്കണം
3. പാണാം കോണം- മേൽകുളങ്ങരറോഡ് പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക
4 നമ്പ്യാരു കോണം തേവന്നൂർ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.
5. മേൽകുളങ്ങര- വൈങ്കോട്ടൂർ റോഡ് ടാറിട്ട്ഗതാഗതയോഗ്യമാക്കുക
6. ചെറിവട്ടിക്കോണം ചൂരോട് വാതുക്കൽറോഡ് വീതികൂട്ടിടാറിട്ട്ഗതാഗത യോഗ്യമാക്കുക
7. തേവന്നൂർ തളിർമാംകുന്ന് ക്ഷേത്രം- കിഴക്കടംവാതുക്കൽ റോഡ് വീതികൂട്ടി തേവന്നൂർ കെട്ടിടത്തിൽ വാതുക്കൽ റോഡുമായി ബന്ധപ്പെടുത്തി ഗതാഗതയോഗ്യമാക്കുക
8. ഇലവും പൊയ്ക- അഞ്ചുമല റോഡ് വീതികൂട്ടിഗതാഗതയോഗ്യമാക്കുക
9. വഞ്ചിപ്പുര- പുതിയിടം റോഡ് ടാറിട്ട് ഗതാഗതയോഗ്യമാക്കുക
10 ചാത്തൻ കുടി-പുതിയിടം റോഡ് നിർമ്മിച്ച്ഗതാഗതയോഗ്യമാക്കുക
11.ഇടത്തുങ്ങൽ-വരയിടിഞ്ഞിടം -കൈതറ റോഡ് വീതികൂട്ടി ഗതാഗത യോഗ്യ മാക്കുക
12. പേറ- തേവന്നൂർ ബംഗ്ലാവിൽ വാതുക്കൽ റോഡ് നിർമ്മിച്ച്ഗതാഗതയോഗ്യമാക്കുക
13. കല്ലേറ്റാട് - മാരായ്ക്കോട് റോഡ് വീതികൂട്ടിഗതാഗതയോഗ്യമാക്കുക
14. അണ്ടൂർ- ഇഞ്ചവിള റോഡ് മേൽകുളങ്ങരയുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക
15.പേറ പാറയിൽകൂടിയുള്ള റോഡ് വീതികൂട്ടി ഉമ്മന്നൂർ വയയ്ക്കൽ റോഡുമുയി ബന്ധിപ്പിക്കുക.
16. മേൽകുളങ്ങര ആരം പുന്നറോഡ് വീതികൂട്ടി ഉമ്മന്നൂർ വയയ്ക്കൽ റോഡുമായി ബന്ധിപ്പിക്കുക.
17. ചേന്നറകൊല്ല കുരിക്കാട് റോഡ് ഉമ്മന്നൂർ വയയ്ക്കൽ റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

കമ്പം കോട് വാർഡ് 7

1. ഇടക്കാട്ടറ തേവന്നൂർ ക്ഷേത്രം റോഡ് ടാർ ചെയ്ത് പണിപൂർത്തീകരിക്കുക.
2. വയയ്ക്കൽ, പുതിയിടം ക്ഷേത്രം റോഡ് പണിപൂർത്തീകരിച്ച്ഗതാഗതയോഗ്യമാക്കുക
3. വയയ്ക്കൽ കമ്പം കോട് എൽ.പി.എസ്. റോഡപണി പൂർത്തീകരിച്ച്ഗതാഗതയോഗ്യമാക്കുക
4. കൊച്ചുകുന്നുംപുറം റോഡ് വയണാം മൂലറോഡുമായി ബന്ധിപ്പിച്ച് പണി പൂർത്തീകരിക്കുക.
5. കമ്പം കോട് ഹരിജൻകോളനിറോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക
6. കമ്പം കോട് ഹെൽത്ത് സെന്റർ -മുളയമ്പള്ളിറോഡ് ടാർ ചെയ്ത് പണി പൂർത്തീകരിക്കുക.
7. വയയ്ക്കൽ ഹെൽത്ത് സെൻറർ മുതൽ അരിയോടു ജംഗ്ഷൻ വരെയുള്ള റോഡ് പണിപൂർത്തീകരിക്കുക.
8. മുളയമ്പള്ളി പുതിയിടം ക്ഷേത്രം റോഡ് ടാർ ചെയ്ത്ഗതാഗതയോഗ്യമാക്കുക
9. മുളയമ്പള്ളി പാലമുറ്റം റോഡ് കൊച്ചുകുന്നുംപുറം റോഡുമായി ബന്ധപ്പെടുത്തി പണിപൂർത്തീകരിക്കുക.
10. പുതിയിടം മഴവഞ്ചേരി റോഡ് തേവന്നൂർ ഇടക്കാട്ടാ റോഡുമുയി ബന്ധപ്പെടുത്തി പണി പൂർത്തീകരിക്കുക.
11. വയയ്ക്കൽ കുന്നുംപുറം റോഡു ഇടയ്ക്കാട്ടറ

റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യ മാക്കുക

12. മരുതംപള്ളി കണ്ണങ്കരമഠം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക

13. മരുതം പള്ളി- പാലമുറ്റം റോഡ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.

14. കമ്പം കോട്‌വട്ടയം റോഡ്നിർമ്മിച്ച്എം സി. റോഡുമായി ബന്ധിപ്പിക്കുക.

15. കമ്പം കോട് പാലമുറ്റം റോഡു നിർമ്മിച്ച് സഞ്ചായോഗ്യമാക്കുക.

16. വയണാം മൂല- മൂഴിയിൽ റോഡു നിർമ്മിച്ച് അകമൺ പാലം കെട്ടി എം.സി. റോഡുമുയി ബന്ധിപ്പിക്കുക.

17. കുളക്കോട്ടുകോണം മുളയമ്പള്ളിറോഡുപണി പൂർത്തിയാക്കുക

18. മരുതിയററോഡ് , വയയ്ക്കൽ പുതിയിടം റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

19. വാര്യം ഇടവട്ടം റോഡ്ഗതാഗത യോഗ്യമാക്കുക.

### വാർഡ് 8

1. വയയ്ക്കൽ- കുളക്കോട്ടുകോണം റോഡ് മെറ്റൽചെയ്ത് ടാർ ചെയ്യണം.

2. എം.സി. റോഡിൽ നിന്ന് മുട്ടവിള ഒഴിയിൽ വഴി ഉമ്മന്നൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡു നിർമ്മിക്കുക.

3. ഒരണിക്കാവ്- പൂവത്തൂർ റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക

4. മേൽകുളങ്ങര- പച്ചയിൽ റോഡ്‌വീതികൂട്ടിഗതാഗതയോഗ്യമാക്കുക

5. ആനാട് ജംഗ്ഷനിൽ- നിന്നുംഞാങ്ങാണത്ത് വയൽ റോഡ് ഗതാഗതയോഗ്യമാക്കുക

6. പൊലിക്കോട് അംഗനവാടി- ചെന്നേലിറോഡ്പണി പൂർത്തിയാക്കി ഗതാ ഗത യോഗ്യമാക്കുക

7. വയയ്ക്കൽ ഹെൽത്ത് സെൻറർ-പുതിയുടം ക്ഷേത്രം വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

8, ഉമ്മന്നൂർ റോഡിൽചീനിവിളമുക്കുമുതൽ മരങ്ങാട്ട് വയലിലേക്കുള്ള റോഡു നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക
( തോടിൽ കലുങ്ക് നിർമ്മിക്കണം)

9, ചെന്നേലി - അംഗനവാടി റോഡ് നിർമ്മിക്കുക.

10 മുട്ടവിള - കാഞ്ഞിരം വിള ഭാഗം - ഉമ്മന്നൂർ റോഡ് ഗതാഗതയോഗ്യമാക്കുക.

11, ഡി.വി. യു. പി. എസ് -ചാവറഴികം കോളനിറോഡ് ഗതാഗതയോഗ്യമാക്കുക.

12, എം. സി റോഡിൽ തെക്കുപുറത്തുനിന്നും വയക്കൽ- ഉമ്മന്നൂർ റോഡിലേ് ലിങ്ക് റോഡ് നിർമ്മിക്കുക.

13. ഒരണിക്കാവ് നങ്ങാണം റോഡ് ഗതാഗതയോഗ്യമാക്കുക.

14. വയക്കൽ ഹെൽത്ത്സെൻറർ ഇട്ടിയാം കോണം റോഡ് ഗതാഗതയൊഗ്യമാക്കുക.

15. വെങ്കോട്ടൂർ ചെന്നേലിറോഡിൽ അഗൻ വാടിക്ക്സമീപം കലുങ്ക്നിർമ്മിക്കണം.

16. വയക്കൽ എം.സി. റോഡിൽ നിന്നും വയക്കൽ ക്രിസ്ത്യൻപള്ളി വാതുക്കൽ റോഡ് ഗതാഗതയോഗ്യമാക്കണം.

17.വെങ്കൊട്ടൂർ ഒരണിക്കാവ് മുകം റോഡ് ഗതാഗതയോഗ്യമാക്കുക.

18, വയ്ക്കൽ പൊലിക്കോട് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ്ഷെഡ്പണിയണം.

വാർഡ് 9

1,കട്ടിയാം കോട്-അണ്ടൂർ - കൈതളാവ് - ഉഞ്ഞന്നൂർ റോഡ് ഗതാഗതയോഗ്യമാക്കുക.

2, അണ്ടൂർ - മരങ്ങാട്ടുകോണം റോഡ് ടാർ ചെയ്യുക .

3,അണ്ടൂർ - കുരുവിളമുക്ക് - ചുണ്ട - മരങ്ങാട്ടുകോണം റോഡ് ഗതാഗതയോഗ്യമാക്കുക.

4,മുള്ളിയിൽ - മർത്തോമാപള്ളി - പെരുമ്പറോഡ് വെട്ടി ടാർ ചെയ്യുക.

5, വൈക്കോട്ടൂർ ആറ്റൂർ റോഡ് ഗതാഗതയോഗ്യമാക്കുക.

6, കുരുവിള ജംഗ്ഷൻ - തേവൻകോട് - മരങ്ങാട്ടുകോണം റോഡ് ഗതാഗതയോഗ്യമാക്കുക.

7, അണ്ടൂർ ഗ്രന്ഥശാലാസംഘം ജംഗ്ഷൻ - പൊലിക്കോട് റോഡ് നിർമ്മികകുക.

8,കട്ടിയാം കോട് പെരുമ്പറോഡ് പൂർത്തിയാക്കുക.

9,ആണ്ടൂർ എം. എം. എൽ .പി. എസ്സിൻെറ പടിഞ്ഞാറുഭാഗത്തുകൂടിയുള്ള റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

10, അണ്ടൂർ എൽ. പി. എസ്. - താന്നിവിള - പേരമാർത്തോമാപള്ളി റോഡ് വീതികൂട്ടുക.

11, മുള്ളിയിൽ - കട്ടിയാം കോട് ഏല - മണിമല റോഡ് പണിപൂർത്തിയാക്കുക

12, അണ്ടൂർ കോയിക്കൽ - ഐക്കരിഴികം റോഡ് ഗതാഗതയോഗ്യമാക്കുക.

13, ചൂരല്ലൂർ ഏല - ചുണ്ടറോഡ് ഗതാഗതയോഗ്യമാക്കുക.

14, മരങ്ങാട്ടുകോണം - മംഗളാം കുന്ന് ഭാഗത്തേക്കുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

15, അണ്ടൂർ - കൊച്ചങ്ങേൽ - കട്ടിയാം കോട് ഗതാഗതയോഗ്യമാക്കുക.

16, മരങ്ങാട്ടുകോണം - മണിക്കമൺ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.

17, അണ്ടൂർ - കരിഞ്ഞഴി - വടക്കേകര- ഐ. എച്ച്. ഡി. പി റോഡ് മെറ്റൽ വിരിച്ച് ടാർ ചെയ്യുക.

18. അരിവണ്ണൂർ - രാമമംഗലം - അണ്ടൂർ ഏല റോഡ് മെറ്റൽ വിരിച്ചടാർചെയ്യുക.

19, അണ്ടൂർമർത്തോമാ പള്ളിയുടെ സമീപത്തുകൂടിയുള്ള റോഡ് ഗതാഗതയോ ഗ്യമാക്കുക.

വാർഡ് 10

1, മേഴ്സി ഹോസ്പിറ്റൽ അമ്പലക്കരറോഡ്

2,കരുമാം കോട് - മുള്ളിയിൽ മുക്ക്

3, വൈ. എ സി. എ പാലക്കുടി കോളനി

4, ട്ടിയോട്ട് പെരുമ്പയിലേക്കുള്ള റോഡ്

5, വാളകം ിശ്ശടി ജംഗ്ഷൻ - അമ്പലക്കര റോഡിൻെറ ബാക്കി ടാർ ചെയ്യണം.

6,ഇലക്ട്രിസിറ്റി ഓഫീസ് - ലക്ഷം വീട്.

7, വാളകം സി.എസ്സ്,ഐ. ജംഗ്ഷൻ - കപ്യാർ റോഡ് (വഴി) ഇടയം കോളനി ബാക്കി ടാർ ചെയ്യണം.

8, പാച്ചംകോണം - തെക്കേകര ഭാഗത്ത് നടപ്പാത

9, മുള്ളിയിൽ ജംഗ്ഷൻ- പെരുമ്പറോഡ്

10, മൈലോട്ട് കോണം - കുരുന്നാം കാവ് ഏലാ

11, ഇടയം കോളനി റോഡ്.

12, വാളകം എം. എൽ. എ ജംഗ്ഷൻ - മുഴിയിൽ ജംഗ്ഷൻ റോഡ് പുതുക്കിപണിയുക.

13, കുറ്റിയിട ജംഗ്ഷൻ - കരുമാം കോട് ഏലായിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

14, വാളകം മേഴ്സി ഹോസ്പിറ്റൽ ജംഗ്ഷനിൽ പഞ്ചായത്ത് ചിലവിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിക്കണം

വാർഡ് 11

തെക്കേഅമ്പലക്കര

1. ചാവരുവാതുക്കൽ - റീത്തുപള്ളി വഴി ഇളവൂർ റോഡ് നിർമ്മിക്കുക.

2.ദേവദാസൻമുക്ക് - വാഴവിളറോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

3.തെക്കേ അമ്പലക്കര - പട്ടേരിമുക്ക് റേഡ് ഗതാഗതയോഗ്യമാക്കുക.

4. അമ്പലക്കര ലക്ഷം വീട്- മേഴ്സി ആശുപത്രി റോഡ് ഗതാഗതയോഗ്യമാക്കുക.

5. കെട്ടിടത്തിൽ വാതുക്കൽ പന്ത്രണ്ടുപറ റോഡ് ഗതാഗതയോഗ്യമാക്കുക.

6, മുട്ടുകോണം - ചങ്കൂർ റോഡ് അറ്റകുറ്റ പണിനടത്തി ഗതാഗതയോഗ്യമാക്കുക

7.ചാവരുവാതുക്കൽ - പുത്തലഴികത്ത് റോഡ് കൊടുവന്നൂർ റോഡുമായി ബന്ധിപ്പിക്കുക.

8. പട്ടേരിമുക്ക് - പള്ളിമുക്ക് റോഡ് റീ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

9. അമ്പലക്കര - പെരുമ്പറേഡ്.

10. പട്ടേരി മുക്ക് - മാക്കോണം - കാളച്ചന്തറോഡ് എന്നിവ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

11. പട്ടേരിമുക്ക് - ഉമ്മന്നൂർ റോഡ് ടാർ ചെയ്യുക.

13. അമ്പലക്കരകൊടുവന്നൂർ കോണം -പഴിഞ്ഞം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

14. മുട്ടുകോണം - വേലൻകോണം റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

15. പനവേലി-മുള്ളിയിൽ റോഡ് ഗതാഗത യോഗ്യമാക്കുക.

16. അമ്പലക്കര-മാനാടിയിൽ റോഡ് ഗതാഗത യോഗ്യമാക്കുക.

17. അമ്പലക്കര - ഇളവൂർ - കണ്ണംകുളം റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

18. വാഴവിള - കണ്ണം കുളം റോഡ്

19. അമ്പലക്കര എൽ. പി. എസ്. പൂവോട് റോഡ്.

20. കൊടുവന്നൂർ കോണം - പാമ്പാടിറോഡ്

21പട്ടേരിമുക്ക് - അമ്പലംറോഡ് എന്നിവ അറ്റകുറ്റ പണിനടത്തി ഗതാഗതയോഗ്യമാക്കുക.

22.പെരുമ്പ- ഇലപ്പമൂട്ടിൽ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

23. കണ്ണംകുളം- ലക്ഷം വീടുമുതൽ വടക്കേവാതുക്കൽ വരെ റോഡു നിർമ്മിക്കുക.

# വാർഡ് XII

1. ഇളവൂർ തെക്കേ അമ്പലക്കര-വാളകം റോഡിൽ റീത്ത് പള്ളിക്ക് സമീപം വയൽ നികത്തി പാലം പണിത് റോഡ് ഗതാഗതായോഗ്യമാക്കുക.
2. പള്ളിമുക്ക്-പഴിഞ്ഞം റോഡ് അടിയന്തരമായി ടാർ ചെയ്യുക.
3. പള്ളിമുക്ക് മലവിളറോഡിൽ നിന്നും മുതക്കുന്നം ആയിരവല്ലിക്ഷേത്രത്തിലേക്കുള്ള റോഡ് നിർമ്മിക്കുക.
4. ഫെയ്ത്ത് ഹോംമുക്കിൽ നിന്നും മുതക്കുന്നം വയലിലേക്കുറോഡ് നിർമ്മിക്കുക.
5. മലവിളറോഡിൽ നിന്നും ഇരുകുന്നം വയലിലേക്ക് റോഡ് നിർമ്മിക്കുക.
6. ആയിരവല്ലിക്ഷേത്രം - ഇരുകുന്നം ഏലാറോഡ് പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുക.
7. മലവിള-റാംകോട് റോഡ് വീതികൂട്ടി ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
8. കാരിപ്പൊയ്ക - ഹരിജൻ കോളനിറോഡ് വീതികൂട്ടി വാഹനഗതാഗതമാക്കുക.
9. പനയറ-അംഗനവാടി - കൊട്ടപ്പാററോഡ് - വീതികൂട്ടി വാഹനഗതാഗതാമാക്കുക.
10. തലയ്ക്കൽ മുക്ക് - റാംകോട് റോഡ് വീതികൂട്ടി വാഹനഗതാഗതമാക്കുക.
11. ഇളവൂർ- ഇളവൂർ ഏലാവഴി സഞ്ചാരയോഗ്യമാക്കുക.
12. ഇളവൂർ-നീലിമല-മുതുകുന്നം റോഡ് വീതികൂട്ടി വാഹനഗതാഗത സജ്ജമാക്കുക.
13. പനയറ റോഡിൽ നിന്നുംഇരുകുന്നം വയലിലേക്ക് റോഡ് നിർമ്മിക്കുക.
14. ഇരുകുന്നം പ്ലാങ്ങോട് റോഡ് വയൽ ഏറ്റെടുത്ത് പൂർത്തിയാക്കുക.
15. ഐ.പി.സി. ജംഗ്ഷൻ - റാംറോഡ് - സത്യന്മുക്ക്റോഡ് ഗതാഗതായോഗ്യമാക്കുക.
16. തെക്കേവിള വാതുക്കൽ-ഇരുകുന്നംപരമേശ്വരന്മുക്ക്റോഡ് ഗതാഗതയോഗ്യമാക്കുക.
17. ഹരിജൻ കോളനിയിലേക്കുള്ള റോഡിൽമാവറതോട്ടിൽ മാവറയിൽ പാലം പണിയുക.
18. പനയറ-പനയറവയൽറോഡ് ട്രാക്ടർ ഇറങ്ങത്തക്കരീതിയിൽ സഞ്ചാരയോഗ്യമാക്കുക.

# അനുബന്ധം 6

## ഗതാഗതം

ചാരുംമുകൾ സ്കൂളിൽനിന്നും തേനൂർക്കോണംവഴി ഗതാഗത യോഗ്യമാക്കുക. പുത്തൻ പ്രാവിറ ഭാഗത്തുനിന്നും KIP റോഡി ലേക്കുള്ളവഴി ഗതാഗതയോഗ്യമാക്കുക ചാങ്കൂർ–ചാരുംമുകൾ നരിക്കോണംവഴി നന്നാക്കണം.

മടത്തിയറ ജംഗ്ഷനിൽനിന്നും കുന്നുംപുറത്തുകൂടി തലയ് ക്കോട്ടുകോണത്തേക്കുള്ള റോഡ്, മൈലാടുംപൊയ്ക പൂവണം പൊയ്ക തോട്ടിൽ പാലം, പിണററിൻമുകൾ ഭാഗം ഹെയ്ത്ത് ഹോം ജംഗ്ഷൻമുതൽ ചൂരക്കോടുവഴി കിടക്കുന്ന റോഡ് സൈഡ് കെട്ടി മണ്ണിട്ട് വീതികൂട്ടുക, എന്നിവ ചെയ്യുക.

അണ്ടൂർ വായനശാല ജംഗ്ഷൻ റോഡ് വൈകോട്ടൂർ ഭരണിക്കാവ് റോഡിൽ ബന്ധിപ്പിക്കുക.

കണ്ണംകുളം L P S ലേക്കുള്ള നടവരമ്പ് ഫുട്ട്സ്ലാബ് ഇടുക യും വീതി കൂട്ടുകയും ചെയ്യുക.

അമ്പലക്കര അംഗൻവാടി ചെറുവിള റോഡ് അവസാനിക്കുന്ന ഭാഗം കൈപ്പട കെട്ടുക.

രാങ്ങോട് മിച്ചഭൂമിക്ക് അരികിലൂടെ മലവിള റോഡിൽ പഠാ ജംഗ്ഷൻവരെ ടാർചെയ്യുക

നെല്ലിക്കുന്നം വേലംകോണം റോഡിൽനിന്നും പഞ്ചായത്ത് സ്റേറഡിയത്തിന്റെ സൈഡ്വഴി വീതികൂട്ടി ടാർചെയ്യുക,

ഉമ്മന്നൂർ വാർഡിൽ ഉമ്മന്നൂർ ആശുപത്രി മുകളുവിള കോളനി ഉമ്മന്നൂർ ജംഗ്ഷൻ റോഡ് വീതികൂട്ടി വെട്ടി ഗതാഗത യോഗ്യമാ ക്കുക

വാളകം കുററിയിട ജംഗ്ഷൻ മുതൽ കുന്നത്തുംകോന്നത്ത് ഏലായിലേക്കുള്ള വഴി വീതികൂട്ടി വെട്ടി ഗതാഗത യോഗ്യമാക്കുക

**മാർക്കററ്**

1. വാളകത്ത് ഒരു സസ്യമാർക്കററ് സ്ഥാപിക്കുക
2. പഞ്ചായത്ത് മാർക്കററുകൾ കോമ്പൗണ്ട് വാൾ കെട്ടിതിരിക്കുക
3. ചുകത്താറ ഭാഗത്ത് ഒരു അറവുശാല സ്ഥാപിക്കുക

# പഞ്ചായത്തിന്റെ സംരക്ഷണയിലുള്ളതും പുതുതായി ആവശ്യമുള്ളതുമായ റോഡുകളുടെ വിവരം

| വാർഡ് | നിലവിലുള്ള റോഡുകളുടെ എണ്ണം | ടാർ | മെറ്റൽ | ചരൽ/മണ്ണ് | അടിയന്തിര പുനരുദ്ധാരണം ആവശ്യമുള്ളത് | പുതുതായി നിർമ്മിക്കേണ്ടത് |
|---|---|---|---|---|---|---|
| നെല്ലിക്കുന്നം 1 | 20 | 1 | — | 19 | 9 | 3 |
| വിലയന്തൂർ 2 | 19 | 3 | — | 16 | 8 | 5 |
| വിലങ്ങറ 3 | 18 | 3 | — | 15 | 8 | 3 |
| നെടുമൺകാവ് 4 | 41 | 3 | | 38 | 3 | 2 |
| ഉമ്മന്നൂർ 5 | 29 | 1 | | 28 | 5 | 5 |
| തേവന്നൂർ 6 | 24 | 2 | | 22 | 5 | 5 |
| കമ്പംകോട് 7 | 17 | 1 | 1 | 15 | 6 | 4 |
| വയയ്ക്കൽ 8 | 24 | 1 | | 23 | 3 | 2 |
| അണ്ടൂർ 9 | 20 | 1 | — | 19 | 5 | 3 |
| വാളകം 10 | 17 | 1+1 | | 15+1 ഭാഗികം | 3 | 2 |
| അമ്പലക്കര 11 | 15 | 1 | | 14 | 8 | 4 |
| അമ്പലക്കര 12 | 20 | - | 1 | 19 | 8 | 4 |
| ആകെ | 264 | 18+1 ഭാഗികം | 2 | 243+1 ഭാഗികം | 64 | 38 |

## സാദ്ധ്യതകാം

1. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രം ആസ്ഥാനമാക്കി ആധുനിക സജ്ജീകരണങ്ങ ളോടുകൂടിയ ഒരു വിപണന കേന്ദ്രം ആരംഭി ക്കുകയും, ഇവിടെ എല്ലാവിധ കാർഷിക നാണ്യവിളകളും, വളർത്തുമൃഗങ്ങളായ ആട്, കോഴി, കറവ മാടുകാം,ഉഴവുമാടുകാം മുതലാ യവ മാസത്തിൽ ഒരു ദിവസം രാവിലെ മുതൽ വൈകിട്ടുവരെ ക്രയവിക്രയം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക

2,പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്നും മാർക്കറ്റിനെ ബന്ധപ്പെടുത്തി ഗതാഗത യോഗ്യമായ റോഡുകാം നിർമ്മിക്കുക.

3, പ്രവർത്തനം നിലച്ചുപോയ കമ്പംകോട് ചന്ത (പഞ്ചായത്ത്വക) പുനരുദ്ധരിക്കുക.

4, നിലവിലുള്ള മാർറ്റുകളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.

5, പഞ്ചായത്തിൽ രണ്ട് അറവുശാലകാം സ്ഥാപിക്കുക.

# ഊർജ്ജം

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജ സ്രോതസ്സുകളായവിറക് മണ്ണെണ്ണ, പാചകവാതകം കൽക്കരി, എണ്ണ ഉത്പ്പന്നങ്ങൾ തുടങ്ങിയവയെല്ലാം അടിസ്ഥാനമാക്കികൊണ്ടുള്ള ഊർജ്ജാസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാൽവൈദ്യുതി, വിറക്, മണ്ണെണ്ണ, പാചകവാതകം (കുറഞ്ഞതോതിൽ) ബൈയോ ഗ്യാസ്പ്ലാൻറ് (നേരിയതോതിൽ എന്നീ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം മാത്രമേ നമ്മുടെ പഞ്ചായിത്തിനകത്ത് ഇന്നുള്ളൂ അവയുടെ സംരക്ഷണവും കാർഷിക, വ്യാപാര, വ്യാവസായിക, ഗാർഹിക മേഖലകളിൽ അവയുടെ വിതരണവും പഞ്ചായത്ത് പരിധിയിൽ വരുന്നതാണ് ഊർജ്ജ പ്രതിസന്ധി വളരെയേറെ അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് വികസനരംഗത്ത് വളരെ പിന്നോക്കം നിൽക്കാനുള്ള പ്രധാന ഘടകം ഒരു പരിധിവരെ ഊർജ്ജപ്രതിസ്ന്ധിതന്നെയാകണം അതിനു പരിഹാരം കാണാൻഈ പഞ്ചായത്ത് പ്രദേശത്ത് ചെറിയ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ ഏറെ സാധ്യതകൾ ഉണ്ട്.

ഈ പഞ്ചായത്തിലെ മൂന്ന് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നായി (വെളിയം, ആയൂർ, വാളകം) ഏകദേശം 50% വീടുകൾക്കുമാത്രമേ വെളിച്ചത്തിന്വൈദ്യുതി ലഭിച്ചിട്ടുള്ളൂ.ബാക്കി നല്ല ശതമാനം വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്നവരാണ്, അവരുൾപ്പെടെ ബാക്കിയുള്ളവർക്ക് വെളിച്ചത്തിന് മണ്ണെണ്ണയാണ് ആശ്രയം. ഇന്നത്തെ അവസ്ഥയിൽ മണ്ണെണ്ണയുടെ ലഭ്യതയും കുറഞ്ഞ തോതിലാണ്. രണ്ട് ഐ.എച്ച്.ഡി.പി. കോളനികൾ ഉൾപ്പെടെ പന്ത്രണ്ട്വാർഡുകളായി പതിനാലോളം പ്രദേശങ്ങളിൽ പട്ടികജാതിക്കാർ തിങ്ങിപാർക്കുന്നുണ്ട്. അവയിൽ ഏറിയ പങ്ക് വീടുകൾക്കും വൈദ്യുതി ലഭിക്കാത്തവയാണ്. അവിടെയും വെളിച്ചത്തിനായി മണ്ണെണ്ണയെ ശരണം പ്രാപിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിരിക്കുന്നത്ഗാർഹിക ഉപയോഗത്തിനാണ്. വ്യാവസായിക ആവിശ്യങ്ങൾക്ക് ചെറിയ ശതമാനം മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളൂ. കാർഷിക മേഖലക്ക് മുൻതൂക്കമുള്ള പ്രദേശമാണെങ്കിലും കാർഷികാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവർ വളരെ കുറച്ചേ ഉള്ളൂ.

ഈ പഞ്ചായത്ത് പ്രദേശത്ത് ഇരുപത്തിരണ്ടോളം ട്രാൻസ് ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ആയതിനാൽ എല്ലാവാർഡു കളിലും വോൾട്ടേജ് ക്ഷാമം അതി രൂക്ഷമാണ്. അതുപോലെതന്നെ വർഷം തോറും നല്ല ഒരുതുക പഞ്ചായത്തിൽ നിന്നും സട്രീറ്റ് ലൈറ്റിനുവേണ്ടി വൈദ്യുതി ബോർഡിൽ അടക്കുന്നുണ്ടെങ്കിലും (1995-96 നടപ്പുവർഷം R.M 118250/-) മിക്ക സ്ട്രീറ്റുലൈറ്റുകളും കത്താറില്ല എന്നതും ഇവിടുത്തെ ഒരുസ്ഥിരം കാഴ്ചയാണ്. മലയോര പ്രദേശമാകയാൽ വൈദ്യുതി ലൈനിൽ വൃക്ഷ ശിഖരങ്ങൾ തട്ടിയും വൈദ്യുതി വിതരണം തകരാറിലാകും, അപ്രഖ്യാപിത പവർകട്ടും വൈദ്യുതി വിതരണത്തെ തടസ്സപ്പെടുത്തുന്നുണ്ട്. ഉൾപ്രദേശങ്ങളിൽ നിന്ന് വളരെ അകലത്തായി സ്ഥിതിചെയ്യുന്ന ഇലക്ട്രിസിറ്റിഓഫീസുകളുടെ സഹായം ഉപഭോക്താക്കൾക്ക് ചില അവസരങ്ങളിൽ ലഭിക്കാറില്ല.

ഈ പഞ്ചായത്തിൻെറ 85% കുടുംബങ്ങളും പാചകത്തിന് വിറകുൽപ്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. അടുത്ത കാലത്താണ് പാചക വാതകം ഈ പഞ്ചായത്തിൽ എത്തിയത് അതും ഒരു ചെറിയ ശതമാനം സമ്പന്ന കുടുംബങ്ങളിൽ മാത്രം. അ കുടുംബങ്ങളിലും പുറത്തെ അവിശ്യങ്ങൾക്ക് വിറക് ഉപയോ ഗിക്കുന്നുണ്ട്. പാചകത്തിന് ബയോഗ്യാസും ഒരു ചെറിയതോതിൽ

ഉപയോഗിക്കുന്നുണ്ട്. കോളനി പ്രദേശത്ത് താമസിക്കുന്നവർക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്കും വിറകിന്റെ ഉപയോഗം പോലും വളരെ പ്രതിസന്ധി യിലാണ്. ഈ പഞ്ചായത്തുൾപ്പെടു ന്ന ബ്ലോക്ക് അതിർത്തിയിൽ എ.എൻ.ഇ.ആർ.റ്റി. ന്റെ ഒരുഓഫീസ് തുറന്നു എങ്കിലും വേണ്ടത്ര രീതിയിൽ പ്രചാരണമോ പ്രവർത്തനമോഈ പഞ്ചായത്ത് പ്രദേശത്ത് എത്തിയിട്ടില്ല. അനർട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ നല്ല ശതമാനം സാധാരണക്കാർക്ക് ഒരു പരിധിവരെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

ഈ പഞ്ചായത്തിലെ, ഗാർഹികം, വ്യാപാരം, വ്യവസായം, കാർഷികം, ആവിശ്യങ്ങൾക്കായി ഉപയോഗിക്കുന്നു

പഞ്ചായത്തിൽ പന്ത്രണ്ട് വാർഡുകളിലുമായി ആകെയുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ചുവടെചേർക്കുന്നു.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ് ഫോമറുകളുടെ എണ്ണവും പേരുകളും.

1, നെല്ലിക്കുന്നം 1
2, നെല്ലിക്കുന്നം 2
3, പ്ലാപ്പള്ളി
4, തുറവൂർ
5, കൊച്ചാലുംമൂട്
6, പിണറ്റിൻമുകൾ
7, വിലങ്ങറ
8, പൈങ്ങേൽ
9, കോരുതുവിള
10, ചെപ്ര
11, പഴിഞ്ഞം
12, കണ്ണംകുളം
13, ഉമ്മന്നൂർ
14, അണ്ടൂർ
15, അമ്പലക്കര
16, പെരുമ്പ
17, വാളകം
18, പെരുമണ്ണൂർ
19, പൊലിക്കോട്
20, വയയ്ക്കൽ
21, കമ്പംകോട്
22, മേൽകുളങ്ങര

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ ഒരുവാർഡിലും ആവശ്യത്തിനു വൈദ്യുതി എത്തിയിട്ടില്ല. ആപ്രദേശങ്ങളിൽ വൈദ്യുതി പ്രതിസന്ധി തുടരുന്നു.

2. ഇരുപത്തിരണ്ടോളം ട്രാൻസ്ഫോർമറുകൾ ഈപ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ട് എങ്കിലും എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

3. വർഷം തോറും നല്ലതുക സ്ട്രീറ്റുലൈറ്റുകൾക്കായി പഞ്ചായത്തിൽ നിന്നും അടക്കുന്നു എങ്കിലും അവയിൽ ഏറിയ പങ്കും കത്താറില്ല

4. പഞ്ചായത്തിലെ തിരുവട്ടൂർ വേടർ കോളനി , രണ്ട് ഐ. ആർ.ഡി.പി. കോളനി ഉൾപ്പെടെ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ധാരാളം കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി ലഭിക്കാനുണ്ട്.

5. പഞ്ചായത്തിലെ ചില അംഗൻവാടികളും, ഹെൽത്ത് സെൻററുകളും, സ്കൂളുകളും ഇനിയും വൈദ്യുതീകരിച്ചിട്ടില്ല

**ഈ പഞ്ചായത്തിലെ ഗാർഹികം, വ്യാപാരം, വ്യവസായം, കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു**

| | |
|---|---|
| ഗാർഹികം | 4319 |
| വ്യവസായം | 229 |
| വ്യാപാരം | 280 |
| കാർഷികം | 16 |

പഞ്ചായത്തിൽ 12 വാർഡുകളിലുമായി ആകെയുള്ള സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ബൾബ് | 25W | 40W | 60w | 100w | ട്യൂബ് | മെർക്കുറി | സോഡിയം |
|---|---|---|---|---|---|---|---|
| | Nil | 841 | 52 | Nil | 101 | വേപ്പർ 6 | വേപ്പർ 2 |

**പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോമറുകളുടെ എണ്ണവും പേരുകളും**

**1. നെല്ലിക്കുന്നം 1**
**2. നെല്ലിക്കുന്നം 2**
**2. പ്ലാപ്പള്ളി**
**4. തുറവൂർ**
**5. കൊച്ചാലുംമട്**
**6. പിണറ്റിൻമുകൾ**
**7, വിലങ്ങറ**
**8. പൈങ്ങേൽ**
**9. കോരുതുവിള**
**10. ചെപ്ര**
**11 .പഴിഞ്ഞം**
**12കണ്ണംകുളം**
**13.ഉമ്മന്നൂർ**
**14.അണ്ടൂർ**
**15.അമ്പലക്കര**
**16.പെരുമ്പ**
**17.പെരുമണ്ണൂർ**
**18.വാളകം**
**19. പൊലിക്കോട്**
**20 വയയ്ക്കൽ**
**21 കമ്പംകോട്**
**22. മേൽക്കുളങ്ങര**

**കോളനിയിലെ വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.**

| കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ചകുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതി ഉപഭോക്താക്കൾ | പണംനൽകി വൈദ്യുതി കണക്ഷൽ ലഭിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|
| പാലക്കുടി | 7 | ഇല്ല | ഇല്ല |
| കരിക്കുഴി | 18 | 3 | 15 |
| അണ്ടൂർ വടക്കേക്കര | 12 | ഇല്ല | ഇല്ല |
| മുള്ളിയിൽ | 4 | 2 | 2 |
| കൊടുവന്നൂർ കോണം | 12 | 4 | 8 |
| ചെമ്ൻകോട് | 11 | 3 | 8 |
| മുകളുവിള | 5 | ഇല്ല | ഇല്ല |
| പാവൂകോണം | 5 | 2 | 3 |
| മണിക്കമൺ | 7 | ഇല്ല | ഇല്ല |
| തിരുവട്ടൂർ വേടർ കോളനി | 8 | ഇല്ല | ഇല്ല |
| കാക്കത്താനം | 48 | ഇല്ല | ഇല്ല |

6. വൈദ്യുതിലൈനിൽ തട്ടുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റാത്തതുകൊണ്ട് വൈദ്യുതി തടസ്സം ഒരു സ്ഥിരം സംഭവമാണ്.

7. വൈദ്യുതിസെക്ഷൻ ഓഫീസുകൾ അകലത്ത് സ്ഥിതിചെയ്യുന്നതുകാരണം ഉപഭോക്താക്കൾക്ക് പലതരം വിഷമങ്ങളും അനുഭവപ്പെടുന്നു.

8. റോഡുകളുടെ ഇരുവശങ്ങളിലും ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിസിറ്റിക്ക് പോസ്റ്റുകൾ ധാരാളം സ്ഥിചെയ്യുന്നു

9. ഇലക്ട്രിക്ക് ബില്ല് അടക്കുന്നതിന് വിലങ്ങറ ആസ്ഥാനമാക്കി ഒരു ആഫീസ് തുടങ്ങണം.

## സാധ്യതകൾ

1. പഞ്ചായത്തുതല വൈദ്യുതി വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ ബോർഡിനേയും സർക്കാരിനേയും പ്രേരിപ്പിക്കുക.

2. വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ ഉള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ആവശ്യമായ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

3. പഞ്ചായത്തിലെ നിലവിലുള്ള സട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമതയില്ലായ്മ പരിഹരിക്കുകയും, ആവശ്യമായ പ്രദേശങ്ങളിൽ സട്രീററു ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

4. വീടുകൾതോറും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക്കുന്നതിനായി എ.എൻ.ഇ. ആർ.റ്റി-ൻെറ സഹായം തേടപ്പെടുത്തുക.

5. തരിശ് ഭൂമി, പുറമ്പോക്കുസ്ഥലം,മിച്ചഭൂമി എന്നിവടങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വിറക് ക്ഷാമംപരിഹരിക്കുക.

6. ബയോഗ്യാസ് ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക.

7. ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

8. കാറ്റാടിപ്പാലം സ്ഥാപിച്ച് ഇലക്ട്രിസിറ്റി പ്രതിസന്ധി പരിഹരിക്കുക.

9. പഞ്ചായത്തിൽ ഉപഭോക്താക്കൾക്ക് എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്ത് ഇലക്ട്രിസിറ്റി ബോർഡിൻെറ ഒരു ഓഫീസ് തുറന്ന് പ്രവർത്തിക്കുക.

10. സോളാർ ലാമ്പുകളുടെ ഉപയോഗം വീടുകളിലും കവലകളിലും നടപ്പാക്കിയാൽ ഒരുപരിധിവരെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

# മാർക്കറ്റ്

ഒരു പ്രദേശത്തിൻെറ മാറ്റത്തിൻെറ പ്രദാന കണ്ണിയാണ് മാർക്കറ്റ്. ഉമ്മന്നൂർ പഞ്ചായത്ത് മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് 80% ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ് നമ്മുടെ പഞ്ചായത്തിൽ വളരെ പുരതനകാലം മുതൽ മാർക്കറ്റിംഗ് സമ്പ്ര ദായം നിലനിന്നിരുന്നു. ഈ പഞ്ചായത്തിൽ ഏകദേശം നൂറു വർഷങ്ങൾക്ക് മുൻപ് പല കാലി ചന്തകളും മറ്റ് കാർഷികേതര ഉൽപ്പന്നളും വിപണനം നടത്താനായി മറ്റ് ചന്തകളും ഉണ്ടായിരുന്നു. ഇവയിൽ പ്രധാനപ്പെട്ടവയാണ് നെല്ലിക്കുന്നം മൂഴിയിൽ ചന്ത, കമ്പം കോട് ചന്ത വാളകം കാലി ചന്തയിൽ വാളകം കാലിചന്ത മാത്രം ഇപ്പോഴും കഷ്ടിച്ച് നടത്തിവരുന്നുണ്ട്. പല മാർക്കറ്റുകളും കാലപഴക്കത്തിൽ നിന്നു പോകാൻ കാരണം സ്വകാര്യ വ്യക്തികളുടെ വസ്തുക്കളി ലായിരുന്നു അവയിൽ പലതും നടന്നുവന്നി രുന്നത്. കാലക്രമേണയുള്ള ജീവിതമത്സര ത്തിൽ ചന്ത നടന്നസ്ഥലങ്ങൾ പാർപ്പിടങ്ങളും മറ്റ് കൃഷിസമ്പ്രദായങ്ങളുമായി മാറിക്കഴിഞ്ഞു.പൊതു വിപണനസ്ഥലങ്ങൾനിലനിൽക്കണമെന്നുണ്ടെങ്കിൽ അതിനു പഞ്ചായത്തുവക പൊതുസ്ഥലം തന്നെ വേണം.

ഒരുപഞ്ചായത്തിൻെറ എല്ലാവാർഡുകളിലുംഅല്ലെങ്കിൽ പല വാർഡുകൾ ചേരുന്ന ഭാഗത്ത് മാർക്കറ്റ്സ്ഥാപിച്ചാൽ അത് പ്രദേശത്തെ മുഴുവൻ കർഷകർക്കും മറ്റ് ജനങ്ങൾക്കും ഒരുപോലെ പ്രയോജനം ചെയ്യും. അതുമൂലം ജനങ്ങൾക്ക് പല അധികചിലവുകളും ഒഴിവാക്കാൻകഴിയും . 34.43 ച:കി:മി: ചുറ്റളവുള്ള ഈ പഞ്ചായത്തലെ ജനങ്ങൾവിപണനത്തിനും മറ്റുമായി പോകുന്നത് കൊട്ടാരക്കര. അഞ്ചൽ, പരുത്തിയറ നെടുമൺകാവ് തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള മാർക്കറ്റുകളിലേക്കാണ്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷി വിളകളായ നേന്ത്രവാഴക്കുല നെല്ല്, കിഴങ്ങ്വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, കശുകണ്ടി, നാളികേരം , അടക്ക, കുരുമുളക്, റബ്ബർ, വെറ്റില, പച്ചക്കറികൾ ഇവ വിറ്റഴിക്കാൻ സൗകര്യമുള്ള സഹകരണ സംഘങ്ങളോ, പൊതുവിപണിയോ ഇല്ലാത്തത് ഏറ്റവും പ്രധാനപ്പെട്ട ഒരു പോരായ്മയാണ്. **ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള മാർക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| വാർഡിൻെറ പേര് | മാർക്കറ്റ് സ്ഥലത്തിൻെറ പേർ | സ്വകാര്യം | പഞ്ചായത്ത് വക |
|---|---|---|---|
| നെല്ലിക്കുന്നം | നെല്ലിക്കുന്നം | സ്വകാര്യം | |
| വിലയന്തൂർ | ഇല്ല | | |
| വിലങ്ങറ | പിണറ്റിൻമുകൾ | സ്വകാര്യം | |
| നെടുമൺകാവ് | ഇല്ല | | |
| ഉമ്മന്നൂർ | ഉമ്മന്നൂർ | | പഞ്ചായത്ത് വക |
| തേവന്നൂർ | ഇല്ല | | |
| കമ്പംകോട് | കമ്പംകോട് | | പഞ്ചായത്ത്വക പ്രവർത്തനം ഇല്ല |
| വയ്ക്കൽ | വയ്ക്കൽ<br>പൊലിക്കോട് | സ്വകാര്യം<br>സ്വകാര്യം | |
| അണ്ടൂർ | ഇല്ല | | |
| വാളകം | 1 വാളകം<br>2കാളച്ചന്ത | .സ്വകാര്യം | പഞ്ചായത്ത്വക<br>കാളച്ചന്ത |
| അമ്പലക്കര | ഇല്ല | | |
| അമ്പലക്കര | അമ്പലക്കര | സ്വകാര്യം | |

## പ്രശ്നങ്ങൾ

1, പഞ്ചായത്ത് കേന്ദ്രമാക്കി ഒരു പൊതു വിപണ നം ഇല്ല.

2, ട്രാൻസ്പോർട്ടിംഗ് സംവിധാനക്കുറവ്

3,കാർഷികഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹകര ണ മാർക്കറ്റ് ഇല്ല.

4, നിലവിലുള്ള മാർക്കറ്റുകൾ (സ്വകാര്യം പഞ്ചായത്തുവക)സ്റ്റാളിൻെറ അപര്യാപ്തത.

5,പഞ്ചായത്തിലെ റോഡുകൾ പൊതുവിപണന കേന്ദ്രവുമായി ബന്ധപെട്ടിട്ടില്ല.

6. വൈദ്യുതിലൈനിൽ തട്ടുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റാത്തതുകൊണ്ട് വൈദ്യുതി തടസ്സം ഒരു സ്ഥിരം സംഭവമാണ്.

7. വൈദ്യുതിസെക്ഷൻ ഓഫീസുകൾ അകലത്ത് സ്ഥിതിചെയ്യുന്നതുകാരണം ഉപഭോക്താക്കൾക്ക് പലതരം വിഷമങ്ങളും അനുഭവപ്പെടുന്നു.

8. റോഡുകളുടെ ഇരുവശങ്ങളിലും ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിസിറ്റിക്ക് പോസ്റ്റുകൾ ധാരാളം സ്ഥിചെയ്യുന്നു

9. ഇലക്ട്രിക്ക് ബില്ല് അടക്കുന്നതിന് വിലങ്ങറ ആസ്ഥാനമാക്കി ഒരു ആഫീസ് തുടങ്ങണം.

## സാധ്യതകൾ

1. പഞ്ചായത്തുതല വൈദ്യുതി വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ ബോർഡിനേയും സർക്കാരിനേയും പ്രേരിപ്പിക്കുക.

2. വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ ഉള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ആവശ്യമായ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

3. പഞ്ചായത്തിലെ നിലവിലുള്ള സട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമതയില്ലായ്മ പരിഹരിക്കുകയും, ആവശ്യമായ പ്രദേശങ്ങളിൽ സട്രീററു ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

4. വീടുകൾതോറും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക്കുന്നതിനായി എ.എൻ.ഇ. ആർ.റ്റി-ന്റെ സഹായം മെച്ചപ്പെടുത്തുക.

5. തരിശ് ഭൂമി, പുറമ്പോക്കുസ്ഥലം,മിച്ചഭൂമി എന്നിവടങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വിറക് ക്ഷാമംപരിഹരിക്കുക.

6. ബയോഗ്യാസ് ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക.

7. ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

8. കാറ്റാടിപ്പാലം സ്ഥാപിച്ച് ഇലക്ട്രിസിറ്റി പ്രതിസന്ധി പരിഹരിക്കുക.

9. പഞ്ചായത്തിൽ ഉപഭോക്താക്കൾക്ക് എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ഓഫീസ് തുറന്ന് പ്രവർത്തിക്കുക.

10. സോളാർ ലാമ്പുകളുടെ ഉപയോഗം വീടുകളിലും കവലകളിലും നടപ്പാക്കിയാൽ ഒരുപരിധിവരെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

# പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാം സ്ഥാനമാണ് പാർപ്പിടവും പ്രാഥമിക ആവശ്യത്തിനുളള സൗകര്യവും. ജനസാന്ദ്രതയിൽ കണ്ടുവരുന്ന വർദ്ധനവും, അമിതമായ ജനവർദ്ധനവും, കൂടാതെ കൂട്ടുകുടുംബസമ്പ്രദായത്തിന്റെ തകർച്ചയും ചെറിയ കുടുംബം എന്ന ആശയവും പുതുതായി വളരെയധികം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ആവശ്യമായി വരുന്നു.

നമ്മുടെ പഞ്ചായത്തിൽ 1995 ലെ കണക്കനുസരിച്ച് 7501 കുടുംബങ്ങൾ ഉള്ളതിൽ 2056 കുടുംബങ്ങൾക്ക് നിലവിൽ വാസയോഗ്യമായ വീടില്ലെന്ന് കണക്കാക്കിയിരിക്കുന്നു. അതോടൊപ്പം തന്നെ സാനിട്ടറി സൗകര്യവും ശുദ്ധജലവിതരണ സംവിധാനവും അപര്യാപ്തമാണ്. എട്ടാം പദ്ധതി കാലത്ത് വിവിധ ഭവന നിർമ്മാണ ഏജൻസികൾ വഴി 237 വീടുകൾ പട്ടികജാതിക്കാർക്കും മറ്റ് ഇതര വിഭാഗങ്ങൾക്കും കൂടി നൽകുകയുണ്ടായി.

പട്ടികജാതി സങ്കേതങ്ങളിൽ മുൻകാലങ്ങളിൽ നൽകിയിരുന്ന വീടുകൾ കുറെയൊക്കെ വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. നിലവിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് സ്വന്തമായ വീട് നിർമ്മിക്കുവാൻ നിവർത്തിയില്ലാത്തവരുമാണ്. ആയതിനാൽ ഈ പഞ്ചായത്ത് ഭരണസമിതി ഈ പ്രശ്നം വളരെ ഗൗരവമായി കാണുന്നു. കെട്ടിടനിർമ്മാണ സാമഗ്രികൾ ഈ പഞ്ചയാത്തിന്റെ മിക്കവാർഡുകളിലും ലഭ്യമാണ്. എന്നാൽ കൂലികൂടുതൽ, വിദഗ്ദ്ധ ജോലിക്കാരുടെ ലഭ്യതകുറവ്, അസംസ്കൃതസാധനങ്ങളുടെ വിലക്കൂടുതൽ എന്നിവ വീടുനിർമ്മാണ് രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### *പ്രശ്നങ്ങൾ*

1. സർക്കാർ ഭവനനിർമ്മാണരംഗത്ത് അനുവദിക്കുന്ന തുക അപര്യാപ്തമാണ്.
2. വീടു നിർമ്മിക്കുന്നതിനായി വിവിധ പദ്ധതികളിൽ കൂടി അനുവദിക്കുന്ന തുക കുറവാണ്.
3. വീട് നിർമ്മിക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ.
4. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, കൂലി വർദ്ധനവ്, അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവ്, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
5. കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കുന്നതിന് ഗുണഭോക്ത്താവിന്റെ അറിവില്ലായ്മ.

### *സാദ്ധ്യതകൾ*

1. ഭവനനിർമ്മാണ രംഗത്ത് സർക്കാർ കൂടുതൽ തുക അനുവദിക്കുക.
2. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ച് വീട് നിർമ്മാണത്തിന് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക
3. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാമിഗ്രികൾ നിർമ്മിക്കുന്ന ഒരു സൊസൈറ്റി പഞ്ചായത്ത്തലത്തിൽ ആരംഭിക്കുക.
4. കുറഞ്ഞ ചെലവിലുള്ള ഭവന നിർമ്മാണത്തിനാവശ്യമായ വിദഗ്ദ്ധ തൊഴിവാളികളെ പരിശീലിപ്പിക്കുന്നതിന് യുവാക്കൾക്ക് ട്രെയിനിംഗ് നൽകുക (TRYSEM).
5. ഹൗസിംഗ് ബോർഡ്, ഹഡ്കോ, രാജീവ് ദശലക്ഷഭവനിർമ്മാണ പദ്ധതി എന്നീ ഏജൻസികളിൽ നിന്നും വായ്പ എടുത്ത് വീടു വയ്ക്കുന്നതിനുള്ള അപേക്ഷകൾ പഞ്ചയാത്ത്തലത്തിൽ സ്വീകരിക്കുകയും, നിബന്ധനകൾ ഉദാരവത്കരിക്കുകയും ചെയ്യുക.

6. കുറഞ്ഞ ചെലവിലുള്ള വീട് നിർമ്മിക്കുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് വാർഡ് തലത്തിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് സെമിനാറുകൾ നടത്തുക.

## ഇന്ദിരാ ആവാസ് യോജന

ഈ പദ്ധതി പ്രകാരം സമൂഹത്തിലെ ദുർബ്ബല വിഭാഗക്കാർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം നൽകി വരുന്നു. പട്ടികജാതിയിപ്പെട്ടവരെക്കൂടാതെ മൊത്തം വിഹിതത്തിലെ 40 ശതമാനം സമൂഹത്തിലെ ഇതര ജനവിഭാഗങ്ങൾക്കും നൽകുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ
2. വിധവകൾ, വികലാംഗർ എന്നിവർ കുടുംബനാഥരായവർ.
3. അടിമപണിയിൽ നിന്ന് മോചനം നേടിയവർ.
4. പ്രകൃതിക്ഷോഭത്തിന് ഇരയായ കുടുംബങ്ങൾ
5. ക്രൂരതകൾക്ക് ഇരയായ കുടുംബങ്ങൾ

## J.R.Y (ജെ.ആർ.വൈ.)

തൊഴിൽ രഹിതരായ ഗ്രാമീണസമൂഹത്തിന് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതോടൊപ്പം അടിസ്ഥാനസൗകര്യവും പൊതുവാസ്ഥി[illegible] സൃഷ്ടിക്കപ്പെടുന്നു. പദ്ധതിയുടെ വിഹിത[illegible] എന്ന അനുപാതത്തിൽ വീതിക്കുന്നു[illegible] ശതമാനം ഡി.ആർ.ഡി.എ. വഴി ചെലവാകുന്നു.

## എട്ടാം പദ്ധതി കാലത്ത് നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം

| | | |
|---|---|---|
| 92 - 93 | റാമ്പ് (മേൽക്കുളങ്ങര)<br>കൾവർട്ട് 1 (പിണറ്റുംമുകൾ)<br>T.V. കിയോസ്ക് 1 (പേറ) | 18774.00<br>258218.00 |
| 93 - 94 | C.D., കിണർ (കൊടുമന്തർകോണം)<br>C.D., കിണർ (കൊടുമന്തർകോണം)<br>C.D., കിണർ (മുള്ളിയിൽ കാരിക്കുഴി<br>T.V., കിയോസ്ക് - കാരിക്കുഴി | 8915.00<br>8560.00<br>15000.00<br>------------ |
| 94 - 95 | ഉമ്മന്നൂർ അമ്പലക്കര റോഡ് ടാറിംഗ് (Flood) | 125000.00 |
| 95 - 96 | റാമ്പ് 1 (കണ്ണംകുളം) | 30286.00 |
| 95 - 96 | വെയിറ്റിംഗ് ഷെഡ് (വയയ്ക്കൽ) | 19586.00 |
| 96 - 97 | കിണർ (Drought) കുമ്പനാംകോണം<br>കിണർ മാർത്തോമ്മാ ചർച്ച്, നെല്ലിക്കുന്നം<br>വെയിറ്റിംഗ് ഷെഡ് ഉമ്മന്നൂർ | 10000.00<br>10000.00 |

# അനുബന്ധം 7

## പാർപ്പിടവും—സാമൂഹ്യക്ഷേമവും

ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ വീടും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും അവ ലഭ്യമാക്കണം.

ഇതിനുവേണ്ടി സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവരുടെയും ഭൂമിയുള്ള വീടില്ലാത്തവരുടെയും ഒരു സർവ്വേയിൽകൂടി ഗുണഭോക്താക്കളെ കണ്ടെത്തണം. ഇത്തരം വിഭാഗങ്ങളിലും പട്ടികജാതി കുടുംബങ്ങളുടെ എണ്ണം പ്രത്യേകമായി കണക്കാക്കണം.

വിവിധ ഭവനനിർമ്മാണ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിയ്ക്കണം. ഭവന നിർമ്മാണ ഏജൻസികൾ, ദേശസാൽകൃതബാങ്ക്, ഷെഡ്യൂൾബാങ്ക് സഹകരണ ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ശേഖരിയ്ക്കണം.

2056 സമൂഹത്തിന്റെ ഏററവും താഴെ തട്ടിലുള്ളവർക്ക് സൗജന്യവീടുകളും, ഇടത്തരക്കാർക്ക് ഗ്രാന്റും വായ്പയും മടങ്ങുന്ന വീടുകളും ഇങ്ങനെ രണ്ടായി തരംതിരിച്ചു നിർമ്മിക്കുന്നതാണുത്തമമെന്നും ഗ്രൂപ്പു തീരുമാനിച്ചു ചെലവുകുറഞ്ഞ വീടു നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനം ആവശ്യമാണ് അവ നടത്തണം.

ചെലവു കുറഞ്ഞ ഭവനനിർമ്മാണത്തിനുള്ള പരിശീലനം (മേസൻെററി, കാർപ്പൻെററി നൽകണം) ലക്ഷംവീടുകളിൽ, യഥാർത്ഥ ഗുണഭോക്താക്കളുടെ വീടുകളിൽ ആവശ്യമായ അററകുററപണികൾ നടത്തണം.

പഞ്ചായത്തുവകയും, മററു വകുപ്പുകൾ ഏറെറടുത്തു ഉപയോഗിക്കാതെയും കിടക്കുന്ന പൊതുസ്ഥലങ്ങൾ ഭൂരഹിതയായ അർഹതയുള്ള കുടുംബങ്ങൾക്ക് നൽകി വീടു നിർമ്മിച്ചു നൽകണം.

വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ സഹായ തുക കാലോചിതമായി പരിഷ്ക്കരിക്കുക. വീടു നിർമ്മാണത്തിന് ആവശ്യമായ സർട്ടിഫിക്കററുകൾ ലഭ്യമാക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുക.

## സാമൂഹ്യക്ഷേമം

നിലവിലുള്ള സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തം കെട്ടിടവും, അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കണം.

അനുബന്ധ സൗകര്യങ്ങൾ മാത്രം ആവശ്യമുള്ള അംഗൻവാടികൾക്ക് അവ ലഭ്യമാക്കണം.

വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനും, സംരംഭങ്ങൾ ഉണ്ടാകുന്നതിനും പഞ്ചായത്തുതല കേന്ദ്രം ഉണ്ടാകണം.

പഞ്ചായത്തുതലത്തിൽ വൃദ്ധജനക്ഷേമ കേന്ദ്രങ്ങൾ ഉണ്ടാക്കണം.

വിവിധ പെൻഷൻ പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ ഇവയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹത പഞ്ചായത്തുതലത്തിൽ പരിശോധിക്കുകയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

കമ്പംകോട് മാർക്കററുവക പൊതുസ്ഥലം ഭവന നിർമ്മാണത്തിനായി ഉപയോഗിക്കണം.

ഉമ്മന്നൂർ ഗ്രാമപഞ്ചായത്താഫീസ് V. E. O. ഓഫീസുകൾ, മൃഗാശുപത്രികൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കണം.

I R. D. P. കുടുംബ സർവ്വേ നടത്തുന്ന കാലയളവിൽ അർഹതയുള്ള കുടുംബങ്ങളെ ലിസ്ററിൽ ഉൾപ്പെടുത്തുന്നതിന് പൊതുജനപങ്കാളിത്തതോടെയുള്ള പ്രവർത്തനം നടത്തണം.

# ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം | വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ |
|---|---|---|---|---|
| 1 | 192 | 14 | 175 | 17 |
| 2 | 197 | 11 | 186 | 11 |
| 3 | 135 | 11 | 123 | 12 |
| 4 | 148 | 10 | 136 | 12 |
| 5 | 140 | 13 | 125 | 15 |
| 6 | 135 | 9 | 126 | 9 |
| 7 | 140 | 5 | 135 | 5 |
| 8 | 180 | 11 | 167 | 13 |
| 9 | 190 | 30 | 152 | 38 |
| 10 | 150 | 20 | 126 | 24 |
| 11 | 165 | 10 | 152 | 13 |
| 12 | 195 | 7 | 186 | 9 |

**1992 IRDP സർവ്വേ പ്രകാരം**

**IAY, MWS, JRY 20% എന്നീ സ്കീം പ്രകാരം**

# സംസ്ക്കാരം

എല്ലാ മനുഷ്യരിലും ഈശ്വാരാംശം ഉൾക്കൊള്ളുന്നു എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ആർഷഭാരത സംസ്കാരത്തെ പിൻതുടർന്നുകൊണ്ട് സർവ്വമത സാഹോദര്യത്തോടെ ജനങ്ങൾ വസിക്കുന്ന ഉമ്മന്നൂർ പഞ്ചായത്ത് കൊട്ടാരക്കര താലൂക്കി ൽ എം. സി. റോഡിനോട് ചേർന്ന് പടിഞ്ഞാറോട്ട്കൊട്ടാരക്കര ഓയൂർ റോഡുവരെ വ്യപിച്ചു കിടക്കുന്നു.

മാവേലിക്കര തമ്പുരാനായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാൻ കൊല്ലം ഡിവിഷൻ ഭേഷ്കാരായി ജോലി ചെയ്യവേ ഉമ്മന്നൂർ പഞ്ചായത്തിന്റെ കിഴക്കറ്റത്ത് വാളകത്ത് സ്ഥാപിച്ച കൊട്ടാരം പഞ്ചായത്തിന്റെ ആഭിജാത്യവും, സാംസ്ക്കാരി പൈതൃകവും വിളിച്ചറി യിക്കുന്നു.

ഹിന്ദു- ക്രിസ്ത്യൻ- മുസ്ലീം മതവിശ്വാസികളായ ജനങ്ങൾ തികച്ചും സമാധാനപരമായി ആരാധനാലയങ്ങളിൽ കേന്ദ്രീകരിച്ചുനടത്തുന്ന പ്രാദേശിക ഉത്സവങ്ങളിൽ പരസ്പരം സഹകരിച്ച് ജീവിക്കുന്നു.

പഞ്ചായത്തിലാകെ 46 ക്രിസ്ത്യൻ പള്ളികളും, പത്ത് പുരാതന ക്ഷേത്രങ്ങളും ആറ് സർപ്പക്കാവുകളും, 2 മുസ്ലീം പള്ളികളും 2 കോൺവെൻറുകളും ഉണ്ട്.1864 ാം ആണ്ടിൽ (കൊല്ലവർഷം 1040 ) വാളകത്ത് മർത്തോമാ പള്ളി സ്ഥാപിച്ചു. പ്രസ്തുത പള്ളിയുടെ ആഭിമുഖ്യത്തിൽ 1897 മുതൽ തുടർച്ചയായി നടന്നുവരുന്ന വാളകം മർത്തോമാ കൺവെൻഷനിൽ വിവിധ മതസ്ഥർ വന്ന് സംബന്ധി ക്കുകയും, ആയത് ജനങ്ങളുടെ ധാർമ്മികവും സാംസ്കാരികവുമായ ഉയർച്ചയ്ക്ക് ഉപകരിക്കുകയും ചെയ്യുന്നു.

ഉമ്മന്നൂർ അഞ്ചുമൂർത്തി ക്ഷേത്രം വളരെ പ്രാചീനമാണ് അവിടെ മേടവിഷുദിവസം മുതൽ 8 നാളുകൾ നടക്കുന്ന ഗംഭീര ഉത്സവത്തിൽ ജാതി മത വ്യത്യാസമില്ലാതെ ജനങ്ങൾ സഹകരിക്കുന്നത് മതമൈത്രിക്ക് കരുത്തു പകരുന്നു.

ഒരു പഞ്ചായത്ത് സാംസ്കാരിക നിലയം ഉൾപ്പെടെ 6 വായനശാലകളും 36 യുവജന ക്ലബ്ബുകളും ഈ പഞ്ചായത്തിലുണ്ട്. യുവജന ങ്ങളുടെ ശാരീരികവും മാനസികവുമായവളർച്ചയ്ക്കായി പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റം നെല്ലിക്കുന്നത്ത് ഒരു പഞ്ചായത്ത് സ്റ്റേഡിയം സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് അതിർത്തി യിൽ രണ്ട് സിനിമാതിയേറ്ററുകൾ ഉണ്ട്.

അടിസ്ഥാനവർഗ്ഗജനവിഭാഗങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട്നിരവധി പ്രാചീനകലകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ടത് തെയ്യം, കുത്തിയോട്ടം, കഥകളി, കബടികളി എന്നിവയാണ്.

വിദ്യാഭ്യാസരംഗത്തും വമ്പിച്ചമാറ്റം ഉണ്ടായിട്ടുണ്ട്. സ്കൂളുകളുടെ എണ്ണം കൂടി യിട്ടുണ്ട്. ബധിരമൂകരെ പഠിപ്പിക്കുന്ന ഇന്ത്യയിലെ ഒരേ ഒരു കോളേജ് ഉമ്മന്നൂർ പഞ്ചായത്തിലെ വാളകത്ത് സ്ഥാപിതമായിരിക്കുന്നു എന്നുള്ളത് പഞ്ചായത്തിന്റെ പ്രശസ്തി ഉയർത്തുന്നു.

അതിപുരാതനകാലം മുതൽ മടത്തിയറ ഏലായിൽ നടന്നുവരുന്ന മരമടി മത്സരം പ്രസിദ്ധമാണ്പഞ്ചായത്തിലെ ക്ലബ്ബുകളുടേയും കലാസമിതികളുടേയും ലിസ്റ്റ്.

**വാർഡ്**

Iനെല്ലിക്കുന്നം

a, ദീപംകലാസമിതി

b, കലരജ്ഞിനി

C. രജ്ഞിനി

II വിലയത്തൂർ

a,ബാലാജി ആർട്ട്സ്

b,സാഗർ ആർട്ട്സ്

III വിലങ്ങറ

a പൗരസമിതി

b)കലാസാംസ്കാരിസംഘടന

IV നെടുമൺകാവ്

a, ഉദയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വിലങ്ങറ

b, യുവദർശനം

c, ചിത്തിര ആർട്ട്സ് അരീക്കുന്നിൽ

d, ആയിരവല്ലി ദേവി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വിലങ്ങറ

e, ഡോ: അംബേദ്കർ സാംസ്കാരികസമിതി ഇഞ്ചവിള.

f, പൈങ്ങേൽ സാംസ്കാരികസമിതി വിലങ്ങറ.

V. ഉമ്മന്നൂർ ·

a, മാസ് യുവജനസമിതി

b, സന്നിധാര

c, വൈ .എം. എ. പോറ്റിമുക്ക്.

c, വൈ. എം. എ. അമ്പലമുക്ക്.

d, സംഗമം സ്പോർട്ട്സ്

തേവന്നൂർ

a, പൊൻപുലരി

7കമ്പംകോട്

a, ദീപംകലാകായികസമിതി

b, യുവദർശന ആർട്ട്സ്

8, വയയ്ക്കൽ

a, വൈ. എം. എ വയയ്ക്കൽ

b, നവതരംഗം

c, കൈരളി മഹിളാസമാജം

d,സമദർശിനി ആർട്ട്സ്

e, യുവദർശന ആർട്ട്സ്

9,ആണ്ടൂർ

a, സന്തോഷ്ക്ലബ്ബ്

b വൈ. എം. എ. മരങ്ങാട്ടുകോണം.

c, പൗരസമിതി

10, വാളകം

a, പ്രിയദർശിനി.

b, വികാസ്.

c, ഉദയാ ആർട്ട്സ്.

d, നാഷണൽ ആർട്ട്സ്.

e, വൈ.എം സി. എ. വാളകം.

f, വാളകം ആർട്ട്സ് സൊസൈറ്റി

11, അമ്പലക്കര.

a, കേണൽക്ലബ്ബ്

b, അക്ഷരക്ലബ്ബ്

d, സംഗമ

e, കൊടുവന്നൂർക്കോണം ഹരിജൻ യൂത്ത് ക്ലബ്ബ്

12, അമ്പലക്കര

a, നേതാജി ആർട്ട്സ്

b, നവജീവൻ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്.

**പ്രശ്നങ്ങൾ**

1, പലവാർഡുകളിലും വായനശാലയും,ഗ്രന്ഥശാലയും ഇല്ല.

2, സാമ്പത്തികബുദ്ധിമുട്ട് കാരണം പല നാടൻ കലകളും നിന്നു പോകുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1, പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 20 വായനശാലകളും ഗ്രന്ഥശാലകളും

സ്ഥാപിക്കണം.

2, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന അവശകലാകാരൻമാരെ സാമ്പത്തികമായി സഹായിക്കാൻ പഞ്ചായത്തുതലത്തിൽ നടപടിയുണ്ടാകണം.

3, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ടി.വി കിയൊാക്സ് സ്ഥാപിക്കണം .

4,നിലവിലുള്ള ക്ലബ്ബുകളുടെ പ്രവർത്തനത്തിന് സാമ്പത്തികസഹായങ്ങൾ നൽകുകയും പുതിയ ക്ലബ്ബുകൾ തുടങ്ങാനുള്ള നടപടികൾ ആവിഷ്കരിക്കുക

5, പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽമിനിപ്പാർക്കുകൾ സ്ഥാപിക്കുക.

6, പഞ്ചായത്തിൽ കൃഷിവിജ്ഞാന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു മൊബൈൽ ലൈബ്രറിയുടെ പ്രവർത്തനം ലഭ്യമാക്കുക.

7, പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ സാംസ്കാരികനിലയങ്ങളുംസ്ഥാപിക്കുക.

8, പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

9, പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിലായി ഒരു പൊതുകളിസ്ഥലം സ്ഥാപിക്കുക.

10, പഞ്ചായത്തിലെ മദ്യഷാപ്പുകളും അനധികൃത മദ്യവ്യാപാരവും പൂർണ്ണമായിനിർത്തുക.

11, നിലവിലുള്ള ഗ്രന്ഥാലയങ്ങളിൽ പൊതുവിജ്ഞാനത്തിനുള്ള പുസ്തകങ്ങളുടെ അഭാവം പരിഹരിക്കുക.

12,സന്നദ്ധസംഘടനകളുടേയും പഞ്ചായത്തിൻെറയും പൊതുപ്രവർത്തകരുടേയും സംയ സഹായ ത്തോടെ വികസന സെമിനാറുക ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുക

13,പഞ്ചായത്തിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.

14,പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

# അനുബന്ധം 8

**സംസ്കാരം**

I ഗ്രന്ഥശാലകളും, വായനശാലകളും ഇല്ലാത്ത വാർഡുകളുടെ പേരും വിവരവും പ്രത്യേകമായി എഴുതി ചേർക്കണം. നില വിലുള്ള വായനശാലകൾ പൊതുജനങ്ങൾക്ക് ഉപയോഗ പ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കണം.

**ലൈബ്രറി ഇല്ലാത്ത വാർഡുകൾ**

| | |
|---|---|
| നെല്ലിക്കുന്നം | I |
| വിലയന്തൂർ | II |
| വിലങ്ങറ | III |
| നെടുമൺകാവ് | IV |
| തേവന്നൂർ | VI |
| കമ്പംകോട് | VII |
| വാളകം | X |
| അമ്പലക്കര | XI |
| അമ്പലക്കര | XII |

(1) പഞ്ചായത്തിന്റെ പാടിഞ്ഞാറൻ മേഘലയായ 1, 2, 3, 4 വാർഡുകളിൽ അടിയന്തരമായി ഒരു വായനശാല സ്ഥാപിക്കേണ്ടതാണ്.

(2) വർഷങ്ങളായിപണിതുടങ്ങി തീരാതെ കിടക്കുന്ന കമ്പംകോട് സാംസ്കാരിക നിലയം പ്രവർത്തന ക്ഷമമാക്കി ഉടൻ തന്നെ ഉദ്ഘാടനം ചെയ്യുവാൻ വേണ്ട മാർഗങ്ങൾ സ്വീകരിക്കുക.

(3) കലാ സാംസ്കാരിക കായിക മേളകളിലെ പ്രതിഭകളെ കണ്ടെത്തുന്നതിന് മേളകൾ നടത്തുന്നതിന് ആവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്ക് അനുവദിച്ച് മേളകൾ നടത്തി കായിക കലാ മേഘലകളിലെ പ്രതിഭകളെ കണ്ടെത്തി ആദരിക്കുക.

(4) സാംസ്കാരിക മൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിന് ഫിലിം സൊസൈററിയുടെ മാതൃകയിൽ ഒരു സമിതി സ്ഥാപിക്കുക.

(5) ക്ലബുകൾക്ക് ആവശ്യമായ സ്പോഴ്സ് കിററുകൾ വിതരണം ചെയ്യുന്നതിന് സ്പോഴ്സ് യുവജന ബോർഡിനോട് റെക്കമൻറ് ചെയ്യുക.

(6) സാഹിത്യകാരൻമാരെ ഉൾപ്പെടുത്തി സാംസ്കാരിക സമ്മേളനങ്ങൾ നടത്തുക.

(7) പഞ്ചായത്തിൽ രജിസ്ററർ ചെയ്തിട്ടുള്ള എല്ലാക്ലബിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കമ്മിററി രൂപീകരിക്കുക.

# വനിതാക്ഷേമം

പൗരാണികഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയ്ക്കും തുല്യസ്ഥാനം നൽകി ആദരിച്ചിരിക്കുന്നു. "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു അനുസ്മൃതിയിൽ പറയുന്നുണ്ടെങ്കിലും പശ്ചാത്തലം സ്ത്രീയെ പൂർണ്ണമായും അസ്വതന്ത്രയാക്കുന്നില്ല. എന്നാൽ പിൽക്കാല സമൂഹം സ്ത്രീയിലെ കാര്യക്ഷമതയും ഉത്തരവാദിത്വബോധവും പൂർണ്ണമായും കണ്ടറിഞ്ഞു സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ദൗർബല്യങ്ങളിലൊന്ന് സ്ത്രീകളുടെ പൊതു പ്രവർത്തനത്തിനുള്ള താൽപ്പര്യമില്ലായ്മയാണ്. ഇന്ത്യൻ പാർലമെന്റിൽ ഒരു കാലത്തെ എട്ടുശതമാനത്തിലധികം സ്ത്രീകളുടെ പങ്കാളിത്തം വന്നിട്ടില്ല. കേരളത്തിന്റെ നിലയും വ്യത്യസ്തമല്ല. പുരോഗമന പ്രസ്ഥാനങ്ങളിലും ആരോഗ്യ പുരോഗതിയിലും വിദ്യാഭ്യാസത്തിലും പുരുഷന്മാരോടൊപ്പം ഏതാണ്ട് തുല്യത കൈവരിക്കുന്ന കേരളസംസ്ഥാനം സ്ത്രീകളുടെ സാമൂഹ്യപദവിയിൽ ഈ അടുത്തകാലം വരെ വളരെ പിന്നോക്കമായിരുന്നു. പുരുഷന്മാരെ അപേക്ഷിച്ച് അഭ്യസ്ഥവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. ദൈനംദിനം സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ നാം ഗൗരവപൂർവ്വം കാണേണ്ടതാണ്. കേരള നിയമസഭയിൽപോലും വനിതകളുടെ പ്രാധിനിത്യം 10 ൽ കൂടുതൽ ഉണ്ടായിട്ടില്ല.

മുകളിൽ വിവരിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ 1994 ലെ പഞ്ചായത്ത്രാജ് നഗരപാലികാ ബില്ലിൽ മൂന്നിലൊന്ന് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയതിന്റെ ഫലമായി വനിതകൾ ഭരണരംഗത്ത് ധാരാളമായി വന്നിട്ടുണ്ട്. എന്നിരുന്നാൽപോലും സ്ത്രീകൾക്ക് എല്ലാമേഖലയിലും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ എല്ലാ തൊഴിൽ മേഖലയിലും സ്ത്രീ സംവരണം 40 ശതമാനം ഉറപ്പുവരുത്തേണ്ടതാണ്. സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം പൂർണ്ണമായും കുടുംബങ്ങളിൽ എത്തിച്ചേരുന്നതും മേൽക്കുമേൽ അഭിവൃദ്ധി ഉണ്ടാകുന്നതുമാണ്.

നമ്മുടെ പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം സ്ത്രീകൾ 16370 ഉം പുരുഷന്മാൻ 15510 ഉം ആണ്.

പട്ടിക 1

| | 1971 | 1981 | 1991 |
|---|---|---|---|
| സ്ത്രീ | 1012 | 1041 | 1055 |
| പുരുഷൻ | 1000 | 1000 | 1000 |

അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷവുമാണ്. പുരുഷന്മാരോടൊപ്പം കഠിനാദ്ധ്വാനം ചെയ്യേണ്ടിവരുന്ന സ്ത്രീ തൊഴിലാളിയ്ക്ക് കൂലി നിരക്കിലും വിവേചനം നിലനിൽക്കുന്നു.

| സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് പട്ടിക | | |
|---|---|---|
| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
| കശുവണ്ടിമേഖല | 35 40 | |
| കർഷകതൊഴിലാളി | 70 75 | 90 100 |
| കെട്ടിടനിർമ്മാണതൊഴിലാളി | 60 70 | 125 135 |
| കരിങ്കൽതൊഴിലാളി മേഖല | 40 45 | 80 85 |

കാർഷിക മേഖലയിലെ ജോലിക്കറവ്, കശുവണ്ടി മേഖലയിൽ ലഭിക്കുന്ന നാമമാത്രമായ തൊഴിൽ ദിനങ്ങൾ എന്നിവയും സ്ത്രീ തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. തൊഴിലില്ലാത്ത സ്ത്രീകൾ വീട്ടുജോലികൾ ചെയ്തു വീട്ടുവളപ്പിൽ ചെറിയതോതിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടും ആട്, കറവമാടുകൾ എന്നിവയെ വളർത്തിയും ജീവിതവൃത്തി കഴിച്ചുകൂട്ടുന്നു.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. സ്ത്രീ പീഢനം
3. സ്ത്രീധന സമ്പ്രദായം
4. മദ്യപാനം മൂലം സ്ത്രീകൾ കുടുംബത്തിൽ നേരിടുന്ന പ്രശ്നങ്ങൾ
5. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് അനുഭവപ്പെടുന്ന പ്രാഥമികാവശ്യങ്ങളുടെ അസൗകര്യം
6. സ്വയംതൊഴിൽ സംരംഭത്തിന് സ്ത്രീകൾ മുന്നോട്ടു വരുന്നില്ല.
7. സ്ത്രീയും പുരുഷനും തമ്മിൽ വേതനത്തിനുള്ള അന്തരം
8. വിധവകൾ, വികലാംഗർ എന്നിവർക്ക് വേണ്ട പരിരക്ഷ ലഭിക്കുന്നില്ല.
9. സ്ത്രീ തൊഴിലാളികളിലെ നിരക്ഷരത.
10. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും അവർക്ക് ലഭിക്കുന്ന നിയമ പരിരക്ഷകളെക്കുറിച്ചുമുള്ള അറിവില്ലായ്മ.
11. സ്ത്രീകൾക്കിടയിലെ ആത്മവിശ്വാസമില്ലായ്മ.

## പ്രശ്ന പരിഹാരങ്ങൾ

1. ഉൽപ്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ ആരംഭിക്കുക. (സ്ത്രീ ജോതി)
2. കാർഷികമേഖലകളിലും വ്യവസായ മേഖലകളിലും വിദഗ്ദ്ധ പരിശീലനം നൽകുക. പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക. (പാൽ ഉൽപ്പന്ന നിർമ്മാണം, കൂൺ കൃഷി, തേനീച്ച വളർത്തൽ, തയ്യൽ, കറിപൗഡർ നിർമ്മാണം, കാർഷികോൽപ്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്തുക)

3. വനിതാ സഹകരണസംഘങ്ങൾ, രജിസ്റ്റർ ചെയ്ത് വിവിധ സംരംഭങ്ങൾ തുടങ്ങുക (റബ്ബർ അധിഷ്ഠിത വ്യവസായം, വസ്ത്രനിർമ്മാണം, മെറ്റൽ ക്രഷിംഗ്) തുടങ്ങിയവ.

4. ഒരു വാർഡിൽ ഏറ്റവും കുറഞ്ഞത് മൂന്ന് മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും സ്ത്രീകൾക്ക് ലഭിക്കുന്ന നിയമ പരിരക്ഷയെക്കുറിച്ചും മറ്റും ബോധവൽകരണം നടത്തുകയും വേണം.

5. വനിതാ ക്ഷേമകോർപ്പറേഷൻ, വനിതാകമ്മീഷൻ, ജില്ലാ ഉപഭോക്തൃസമിതി, ജില്ലാ ഉപഭോക്തൃകോടതി എന്നിവയുടെ ...ത്തനങ്ങളെക്കുറിച്ച് അവബോധം ...ക. ഇതിനായി നിയമസാക്ഷരതാ ക്ലാസ്

6. ...സായങ്ങൾക്ക് വായ്പാ പലിശനി... ...കയും നികുതികളിൽ ഇളവ് അനുവ... ...ം ചെയ്യുക.

7. വനിതകളുടെ സ... ...സഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം സ്ഥലത്തെ ധനകാര്യസ്ഥാപനവുമായി ബന്ധപ്പെടുത്തണം.

8. വനിതാ വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പൊതുവായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തണം.

9. വനിതകളുടെ നേതൃത്വത്തിൽ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ഇതിന്റെ ഉപസംഘടനകൾ വാർഡുകൾതോറും തുറന്ന് ക്ഷീരവികസനം മെച്ചപ്പെടുത്തുന്നതിന് ഉൽപ്പന്നങ്ങളായ നെയ്യ്, തൈര്, മിൽക്ക്പേട മുതലായവയുടെ വിൽപ്പനയും സംഘടിപ്പിക്കുക.

10. ദേശീയ സമ്പാദ്യപദ്ധതിയിൽ സ്ത്രീകളെ പങ്കെടുപ്പിക്കുക. ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിപ്രകാരം വാർഡ് തൊഴിൽ സംരംഭത്തിന്റെ ഇനം ആരംഭിച്ച വർഷം പ്രവർത്തിക്കുന്ന അംഗം...ളുടെ എണ്ണം പ്രവർത്തനക്ഷമത സംബന്ധിച്ച ...

| | | | | |
|---|---|---|---|---|
| 3 | ...തറിവ്യവസായം | 1994 95 | 10 | തൃപ്തികരം |
| 5 | ...ി യൂണിറ്റ് | 1993 94 | 10 | |
| 9 | പ... ഉൽ...ന്നനിർമ്മാണയൂണിറ്റ് | 1995 96 | 10 | തൃപ്തികരം |
| | | | | |

**സാമൂഹ്യക്ഷേമം**

കേന്ദ്രഗവൺമെന്റ് നൂറുശതമാനവും ഭരണച്ചെലവ് വഹിക്കുകയും പൂരകപോഷകാഹാരത്തിനുള്ള ചെലവ് സംസ്ഥാനഗവൺമെന്റ് നൽകി നടത്തിവരുന്ന സംയുക്തപദ്ധതിയാണ് സംയോജിത ശിശുവികസന കേന്ദ്രപദ്ധതി.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. ഗ്രാമപ്രദേശത്ത് വസിക്കുന്ന 6 വയസ് വരെയുള്ള കുട്ടികൾക്ക് പോഷണാരോഗ്യനിലവാരം മെച്ചപ്പെടുത്തുക

2. ശിശുവിന്റെ ശാരീരികമായ ആരോഗ്യവും പോഷണ ആവിശ്യക്കുറവും ശ്രദ്ധിക്കാൻ തക്കവിധത്തിൽ മാതാവിന് പോഷണ വിദ്യാഭ്യാസവും, ആരോഗ്യവിദ്യാഭ്യാസവും നൽകുക.

3. ശിശുവിന്റെ മാനസികവും ശാരീരികവുമായ വികസനത്തിന് ശരിയായ അടിസ്ഥാനമിടുക.

ഏകദേശം 1000 ജനസംഖ്യയ്ക്ക് ഒരു അംഗൻവാടിയുണ്ടായിരിക്കുന്നതാണ്. ഓരോ

അംഗൻവാടിയിലും പരിശീലനം സിദ്ധിച്ച അംഗൻവാടി വർക്കറും ഓരോ ഹെൽപ്പറും ഉണ്ടായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ ആകെ 31 അംഗൻവാടികളുണ്ട്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ 16 ഉം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്.

പട്ടിക 1

| | | | |
|---|---|---|---|
| ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികൾ | 1 2 | 2 3 | 3 5 |
| 471 | 383 | 406 | 1114 |

| പട്ടിക 2 | | |
|---|---|---|
| അനുപൂരക പോഷകാഹാരം ലഭിക്കുന്നവരുടെ എണ്ണം | | |
| കുട്ടികളുടെ എണ്ണം | ഗർഭിണികളുടെ എണ്ണം | മുലയൂട്ടുന്ന അമ്മമാരുടെഎണ്ണം |
| 515 | 101 | 115 |

| പട്ടിക 3 | | |
|---|---|---|
| കുട്ടികളുടെ ആരോഗ്യപോഷണനിലവാരം | | |
| 1ാം ഗ്രേഡ് | ലഘുവീയ പോഷണക്കുറവുള്ളവർ | 1210 |
| 2ാം ഗ്രേഡ് | മിതമായ പോഷണക്കുറവുള്ളവർ | 779 |
| 3ാം ഗ്രേഡ് | ഗുരുതരമായ പോഷണക്കുറവുള്ളവർ | 166 |

*പ്രശ്നങ്ങൾ സാധ്യതകൾ*

1. സ്വന്തമായി കെട്ടിടം ഇല്ലാത്ത എല്ലാ അംഗൻവാടികൾക്കും സ്ഥലവും കെട്ടിടവും നൽകി നിർമ്മിക്കുക.
2. എല്ലാ അംഗനവാടികൾക്കും ശുദ്ധജലലഭ്യതയും സാനിട്ടേഷൻ സൗകര്യവും ഉറപ്പുവരുത്തുകയും വേണം.
3. അംഗൻവാടികളിൽ കളിക്കോപ്പുകൾ സജ്ജീകരിക്കുകയും അവരുടെ മാനസികോല്ലാസത്തിന് ആക്കം കൂട്ടുകയും ചെയ്യുക.
4. ഹെൽത്ത് ചെക്കപ്പ് പ്രോഗ്രാം കാര്യക്ഷമമാക്കണം.
5. കുട്ടികളിൽ ഗുരുതരമായ പോഷകാഹാരക്കുറവ് നികത്തുക.
6. പ്രീപ്രൈമറി വിദ്യാഭ്യാസം അംഗനവാടികളിൽ തന്നെ നടത്തുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കുക.
7. ജനസംഖ്യാ അനുപാതത്തിൽ അംഗൻവാടികൾ ആരംഭിക്കുക.

# അനുബന്ധം 9

## വനിതാ ക്ഷേമം

1 പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതകൾ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് കുററി മുല്ല കൃഷി നടപ്പാക്കുക.

2 കൂൺകൃഷി വ്യാപകമാക്കുക.

3 Fruit Preservation യൂണിററുകൾ പഞ്ചായത്തിലുടനീളം സ്ഥാപിക്കുക (മൂന്ന് വാർഡിന് ഒന്ന് എങ്കിലും)

4 വനിതകൾക്കുമാത്രമായി മാസത്തിൽ ഒരിക്കൽ എങ്കിലും ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

5 D. W. C. R. A. യൂണിററുകൾ വാർഡ് അടിസ്ഥാനത്തിൽ തുടങ്ങുക.

6 ജോലിക്കു പോകുന്ന അമ്മമാരുടെ മൂന്ന് വയസിന് താഴെയുള്ള കുട്ടികളെ സംരക്ഷിയ്ക്കുന്നതിനുള്ള Day Care Centre-കൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

7 പഞ്ചായത്ത് അടിസ്ഥാനത്തിൽ Pre-School തുടങ്ങുക.

8 അംഗൻവാടികളിൽ പാചകത്തിനാവശ്യമായ എണ്ണ അനുവദിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

9 K. S. R. T. C. ബസുകളിൽ സ്ത്രീകളുടെ സീററുകൾ സംവരണം ഉറപ്പു വരുത്തുകയും വനിതകൾക്കായി ബസ് അനുവദിക്കുകയും ചെയ്യുക.

10 പരസ്യ ചിത്രങ്ങളിൽ സ്ത്രീകളെ തരം താഴ്ത്തുന്ന പ്രവണത നിർത്തലാക്കുക.

11 അംഗൻവാടി പ്രവർത്തകരുടെ വേതനം പരിഷ്കരിക്കുക.

12 ഓരോ വാർഡിലും ഓരോ മാതൃ ശിശുസംരക്ഷണ ഉപകേന്ദ്രങ്ങൾ തുടങ്ങുക.

13 മഹിളാ സമൃദ്ധി യോജനയിലേക്ക് ഡെപ്പോസിററു ചെയ്യിക്കുന്ന തുകയുടെ കമ്മീഷൻ അംഗൻവാടി വർക്കർക്കുതന്നെ ലഭ്യമാക്കണം.

14 Health Worker മാരുടെ ഭവന സന്ദർശനം നിർബന്ധമാക്കുക.

# സഹകരണമേഖല

ഈ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണബാങ്കും ഒരു പട്ടികജാതി സർവ്വീസ് സഹകരണസംഘവും ഒരു വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘവും നാല് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളും മൂന്ന് സ്കൂൾ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിന്റെ വികസനത്തിന് ഒരു സഹകരണസംഘം അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ വെളിച്ചതിൽ ഉമ്മന്നൂർ പഞ്ചായത്തിൽ ഉമ്മന്നൂർ വാർഡിൽ പരേതനായ ശ്രീമാൻ ഐ. വർഗ്ഗീസിന്റെ നേതൃത്വത്തിൽ 163 ഓളം ആളുകൾ യോഗം കൂടുകയും ഈ സർവ്വീസ് സഹകരണബാങ്ക് 19.10.1961 ൽ സർവ്വീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്യുകയും 3.11.1961 ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ഈ ബാങ്കിന്റെ പ്രഥമപ്രസിഡന്റായി ഐ. വർഗ്ഗീസും ഭരണ സമിതി അംഗങ്ങളായി ലക്ഷ്മിവിലാസത്ത് പുത്തൻവീട്ടിൽപ്രഭാകരൻപിള്ള, അമ്പലക്കര നെല്ലിത്താനത്ത് കെട്ടിടത്തിൽ എൻ.വൈ. ഉമ്മൻ, അമ്പലക്കര കണ്ണംകുളത്ത് ചരുവിളവീട്ടിൽ എൽ. വർഗ്ഗീസ്, മാത്യു പി. ജോൺ വിലങ്ങറ, എസ്. ഗോപാലൻ അണ്ടൂർ എന്നിവർ ആയിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തകർ.

ഈ ബാങ്ക് ഒരു സർവ്വീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്യുകയും 1978 മുതൽ സർവ്വീസ് സഹകരണബാങ്കായി രൂപാന്തരപ്പെടുകയും ചെയ്തു. ഈ പഞ്ചായത്തിലെ കർഷകരുടെ ഒരു ആശ്വാസകേന്ദ്രമായി ബാങ്ക് ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

| ക്രെഡിറ്റ് സംഘങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ഉമ്മന്നൂർ | സ്ഥാപിച്ച വർഷം | അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ |
| 1 | എസ്.ഇ.ബി. നമ്പർ.ക്യു.219 | 19.10.1996 | 9460 | 10 | 1309790 | 18909790 |

ഈ പഞ്ചായത്തിലെ ഏക സർവ്വീസ് സഹകരണബാങ്കാണ് ഉമ്മന്നൂർ സർവ്വീസ് സഹകരണബാങ്ക്. ഈ ബാങ്കിൽ 35 ലക്ഷം രൂപാ മാത്രമേ നിക്ഷേപമായിട്ടുള്ളൂ. ജില്ലാ സഹകരണബാങ്കിൽ നിന്നും 25 ലക്ഷത്തോളം രൂപ വായ്പ സ്വീകരിക്കുകയും 13600000 രൂപ അംഗങ്ങൾക്ക് വായ്പയായി വിതരണം ടേണോവർ ചെയ്തിട്ടുണ്ട്. അംഗങ്ങൾക്ക് കൊടുത്തിട്ടുള്ള വായ്പയിൽ 26 ലക്ഷത്തോളം രൂപ കുടിശ്ശികയും ഉണ്ട്. കാർഷികാവശ്യത്തിനായി 95 ലക്ഷം രൂപ വിതരണം ചെയ്തിട്ടുള്ളതാണ്.

നിക്ഷേപം സ്വീകരിക്കൽ, സ്വർണ്ണപ്പണയ വായ്പാ വിതരണം, കാർഷികാവശ്യങ്ങൾക്കും കാർഷികേതര ആവശ്യങ്ങൾക്കും വായ്പ കൊടുക്കുക, ചിട്ടി നടത്തുക, കർഷകർക്ക് ആവശ്യമായ വളം, ഓണച്ചന്ത, കൺസ്യൂമർ സാധനങ്ങൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. അംഗങ്ങളിൽ നിന്നും കുടിശിക പലിശ പിരിഞ്ഞുകിട്ടാത്തതിനാലും സേവനരംഗങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതുമൂലവും ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്കുകൾ ഗ്രാമീണരുടെ ഖജാൻജിയാണ്. സർക്കാരിന്റെ ഏത് ക്ഷേമ പദ്ധതികളും ചുരുങ്ങിയ സമയത്തിനുള്ളിൽ ജനങ്ങളുടെയിടയിൽ നടപ്പിലാക്കാനുള്ള സംവിധാനം ഇവയ്ക്കുണ്ട്. തൊഴിലില്ലായ്മ വേതനവിതരണം വിവിധയിനം പെൻഷനുകൾ, സ്ഥിതി വിവരകണക്കുകൾ ശേഖരിക്കൽ തുടങ്ങിയവ ഭംഗിയായി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഈ മേഖല സുസജ്ജമാണ്. എന്നാൽ വായ്പാ വിതരണരംഗത്ത് സർവ്വീസ് ബാങ്കുകളുടെ പ്രസക്തി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ വിശ്വാസം നേടി ജനകീയ പിൻബലത്തോടെ സർവവ്വീസ് സഹകരണബാങ്കുകൾ നിക്ഷേപസമൃദ്ധ മാകേണ്ടതുണ്ട്. ജില്ലാ സഹകരണബാങ്കുകളും മറ്റ് കേന്ദ്രകൊമേഴ്സ്യൽ ബാങ്കുകളും സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിക്കകത്ത് ശാഖകൾ തുറന്ന് വ്യക്തികൾക്ക് നേരിട്ട് വായ്പ നൽകി സഹകരണ ബാങ്കുകളുടെ വായ്പാ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു. അതിനാൽ കാലാകാല ങ്ങളിൽ കർഷകർക്കുവേണ്ടി തുടങ്ങുന്ന സ്കീമുകൾ പരാജയത്തിൽ കലാശിക്കുന്നു.

ജില്ലാ സഹകരണബാങ്കിലെ നിക്ഷേ പങ്ങളിൽ ഭൂരിഭാഗവും സർവ്വീസ്സഹകര ണബാങ്കുകളുടേതാണ്. സർവ്വീസ് സഹകരണബാങ്കുകൾ ഉയർന്ന പലിശ നിരക്കിൽ സ്വരൂപിച്ച നിക്ഷേപത്തിന്റെ 25 ശതമാനം തനത് ധനവും സെക്യൂരിറ്റി നിക്ഷേപങ്ങളും കരുതൽ ധനവും മിച്ചധനവും ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ സർവ്വീസ് സഹകരണബാങ്കുകൾ ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്ന നിക്ഷേപത്തിന് സഹകരണബാങ്ക് കൊടുക്കുന്നതിൽ നിന്ന് രണ്ട് ശതമാനം പലിശ കുറച്ചാണ് തരുന്നത്. ആ ഇനത്തിൽ തന്നെ നല്ലൊരു പങ്ക് നഷ്ടം സഹകരണബാങ്കുകൾക്കുണ്ടാകുന്നു. ജില്ലാ ബാങ്കിന് കിട്ടുന്ന നിക്ഷേപങ്ങൾ കൊണ്ട് വ്യക്തികൾക്ക് വായ്പാ വിതരണം നടത്തി ലാഭം ഉണ്ടാക്കുന്നു. ഇവിടെ അംഗസംഘ ങ്ങൾക്ക് മാത്രമേ വായ്പാ വിതരണം ചെയ്യാവൂ എന്നുള്ള തത്വവും ബലികഴിക്കുകയാണ്. ഓഹരി അനുപാതം ആവശ്യമില്ലത്തതുമൂലം വായ്പക്കാർ ജില്ലാ സഹകരണബാങ്കിൽ നിന്നും വായ്പകൾ വാങ്ങാൻ താൽപ്പര്യപ്പെടുന്നു.

### പ്രശ്നങ്ങൾ.

1. ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. അവയുടെ ഉയർന്ന മാർജിൻ നിരക്കുകാരണം സഹകരണബാങ്കുകളുടെ വായ്പാ പലിശ നിരക്ക് ഉയരുന്നു. ഇപ്പോൾ രണ്ട് ശതമാനം മാത്രമേ മാർജിൻ സഹകരണബാങ്കുകൾക്ക് കിട്ടുന്നുള്ളൂ. ഇത് കുറഞ്ഞത് എട്ട് ശതമാനമായി ഉയർത്തേണ്ടതാണ്.
2. സർവ്വീസ് സഹകരണബാങ്കുകളെ പഞ്ചായത്തിന്റെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇപ്പോൾ ഭീമമായ തുകയാണ് തൊഴിൽ നികുതി ഇനത്തിൽ ബാങ്കിന് ചുമത്തുന്നത്.

3. ഭരണസമിതിയുടെ കുറഞ്ഞ കാലാവധി ഭീമമായ ചെലവ് സഹകരണബാങ്കുകൾക്ക് നേരിടേണ്ടി വരുന്നു.

4. മൂലധനത്തിന്റെ കുറവും അനിയന്ത്രിതമായ തൻചെലവുകളും സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

5. ദീർഘകാല നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് കുറഞ്ഞതുകാരണം നിക്ഷേപങ്ങൾ സഹകരണബാങ്കിൽ നിന്ന് ഒഴിയുകയും ആകർഷകമായ മറ്റ് മേഖലകൾ നിക്ഷേപകർ കണ്ടെത്തുകയും ചെയ്യുന്നു.

6. സഹകരണവിദ്യാഭ്യാസത്തിന്റേയും ബോധവൽക്കരണത്തിന്റേയും അഭാവം.

7. വായ്പാ വ്യവസ്ഥകളുടെ കർക്കശ്യം.

8. വിദേശനാണ്യ വിനിമയ സൗകര്യത്തിന്റെ അഭാവം മൂലം ധനവർദ്ധന തടയുന്നു. (ഉദാ. എൻആർ.ഐ. നിക്ഷേപങ്ങൾ)

9. ൪ർഷകരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നതുമൂലം ന്യായമായ വില കർഷകന് ലഭിക്കാതിരിക്കുകയും വായ്പാ തുക കൃത്യസമയത്ത് തിരിച്ചടയ്ക്കാൽ കഴിയാതിരിക്കുകയുംചെയ്യുന്നു.

10. പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള കാലതാമസം വായ്പാ തിരിച്ചടവിനെ സാരമായി ബാധിക്കുന്നു.

11. ബ്ലേയ്ഡ് കമ്പനികളുടെ പ്രവർത്തനം സഹകരണബാങ്കുകളെ പ്രതികൂലമായി ബാധിക്കുന്നു.

12. ബാങ്കുകൾ തമ്മിലുള്ള നിസ്സഹകരണം

13. പരിമിതമായ വ്യാപാരപ്രാപ്തി

14. വിപണനസംഘങ്ങളുടെ അഭാവം.

15. പുനർ വായ്പാ വിതരണത്തിലെ കാലതാമസം.

16. കാർഷിക വായ്പയുടെ കുറഞ്ഞ പരിധി.

17. ആർബിട്രേഷൻ നടപടികളുടെ കാലതാമസം.

18. സഹകരണബാങ്കുകളിൽ ജനങ്ങൾക്ക് വിശ്വാസമില്ലായ്മ.

19. ഗ്രാമീണ ജനങ്ങളുടെ പക്കലുള്ള മിച്ച നിക്ഷേപം സഹകരണബാങ്കുകളിൽ നിക്ഷേപിക്കാതിരിക്കുക വഴി പ്രവർത്തന മൂലധനം കുറയുന്നു.

## സാധ്യതകൾ

1. സഹകരണ ബാങ്കിംഗ് രംഗത്ത 2 ടയർ സമ്പ്രദായം നടപ്പിൽ വരുത്തി സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

2. ജില്ലാ സഹകരണബാങ്കിലെ അംഗങ്ങൾ അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക അംഗങ്ങളാണ്. എന്നാൽ അംഗങ്ങളല്ലാത്ത വ്യക്തികൾക്ക് കൊടുക്കുന്ന വായ്പകൾ നിർത്തൽ ചെയ്യുവാൻ ഉത്തരവുണ്ടാകണം.

3. ഭരണസമിതിയുടെ കാലാവധി 5 വർഷമായി ഉയർത്തണം.

4. പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ പ്രവർത്തന മേഖലകളിൽ കടന്നുകയറണം.

5. എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുവദിക്കണം.

6. നിക്ഷേപങ്ങളുടെ പലിശ നിരക്ക് കൂട്ടണം.

7. ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ, സഹകാരികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം ബോധവത്കരണം നടത്തണം.

8. വായ്പാ വ്യവസ്ഥകൾ ഏകീകരിക്കണം. ഓഹരി അനുപാതം ജില്ലാ ബാങ്കുകൾക്കും ബാധകമാക്കണം.

9. വിപണനസംഘങ്ങൾ, വനിതാ സഹകരണസംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘം എന്നിവ രജിസ്ടർ ചെയ്ത് പ്രവർത്തിക്കണം.

10. വായ്പാ തുക കൃത്യമായി തിരിച്ചടക്കുന്നവർക്ക് താമസം കൂടാതെ പലിശ സബ്സിഡി കൊടുക്കണം.

11. വ്യാപാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും തൻചെ ഷൾ പരമാവധി കുറയ്ക്കുകയും ചെയ്യണം.

12. സ്വയം തൊഴിൽ പദ്ധതികൾ ഏർപ്പെടുത്തി അതിന്റെ വിനിയോഗവും മേലന്വേഷണവും നടത്തി വായ്പ നൽകണം.

13. ഐ.എം.ബി.പി. നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം.

14. സഹകരണസ്ഥാപനങ്ങൾ വഴി തൊഴിലില്ലായ്മ വേതനവും പെൻഷൻ പദ്ധതികളും വിതരണം ചെയ്യണം.

15. കാർഷിക വായ്പയുടെ പലിശ നിരക്ക് പരമാവധി കുറയ്ക്കണം.

16. സഹകരണസ്ഥാപനങ്ങളിൽ ഗവൺമെന്റ് ഓഹരി ബാങ്കുകളുടെ ഓഹരി തുകയും ആനുപാതികമായി വർദ്ധിപ്പിക്കുകയും സേവനപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഗ്രാന്റ് അനുവദിക്കുകയും വേണം.

17. സഹകരണ ബാങ്കുകളിലെ കുടിശിക തുക പിരിച്ചെടുക്കുന്നതിന് പൊതുപ്രവർത്തകരുടെ സഹായം തേടണം.

18. ഗ്രാമീണ ജനതയുടെ കൈയ്യിലുള്ള മിച്ച നിക്ഷേപം സഹകരണബാങ്കിൽ മാത്രം നിക്ഷേപിച്ച് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കണം.

19. ഗ്രാമപഞ്ചായത്തുകളുടെ മിച്ച ധനം സഹകരണബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.

20. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

21. സഹകരണ മാവേലി സ്റ്റോറുകളെ സ്ഥിരം മാവേലി സ്റ്റോറുകളാക്കി പ്രവർത്തിപ്പിക്കണം.

22. പഞ്ചായത്തിൽ നിന്നും സബ്സിഡി തുക അനുവദിച്ച് കർഷകർക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങൾ വാങ്ങികൊടുക്കണം.

### ഉമ്മന്നൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം
### ക്ലിപ്തം നമ്പർ 3872 അണ്ടൂർ പി.ഒ.

ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികജാതി സർവ്വീസ് സഹകരണസംഘം 1956 ൽ പ്രവർത്തനം ആരംഭിച്ചു. 807 അംഗങ്ങളും 3 ലക്ഷം രൂപാ ഓഹരി മൂലധനവും ഉള്ള ഈ സംഘത്തിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്വന്തമായി കെട്ടിടമില്ല. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടേയും സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയത്തക്ക നിലയിൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇവിടെ വിവിധ തൊഴിൽ പരിശീലനം നൽകി വരുന്നു.

| ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | നടത്തിക്കൊണ്ടിരിക്കുന്ന തൊഴിൽ | വിനിയോഗിച്ച തുക |
|---|---|---|---|
| 807 | 300000 | പ്ലാസ്റ്റിക് നെയ്ത്ത് | 15000 |
| | | ഈറ്റനെയ്ത്ത് | 62500 |
| | | ബീഡി തെറുപ്പ് | 12000 |
| | | ഓലമെടച്ചിൽ | 25000 |
| | | നാളികേരം | 38500 |
| | ആകെ | | 153000 |

# അനുബന്ധം 10

**സഹകരണം**

1 രണ്ട്, മൂന്ന്, നാല്, വാർഡുകളെ കേന്ദ്രീകരിച്ച് ഒരു ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുക.

2 സഹകരണ മേഖലയിൽ കന്നുകാലി തീററ ഫാക്ടറി രൂപീകരിക്കുക.

3 പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിലെ ഏതെങ്കിലും ഒരു പ്രധാന സ്ഥലം കേന്ദ്രീകരിച്ച് ഒരു വനിതാ വ്യവസായ യൂണിററ് (ഗാർമൻസ്) സ്ഥാപിക്കുക

4 പഞ്ചായത്തിൽ റബർ സഹകരണ മേഖലയിൽ അനുബന്ധ വ്യവസായശാല നടപ്പിലാക്കുക.

എൻ.ഒ

ക 5 വാർഡ് അടിസ്ഥാനത്തിൽ സഹകരണ മേഖലയിലൂടെ നിത്യോപയോഗ സാധനങ്ങളം വിതരണം ചെയ്യുന്നതിന് പൊതു വിതരണ ശൃംഖല സ്ഥാപിക്കുക.

6 ജനങ്ങളെ ബ്ലെയ്ഡ് കമ്പനികളിൽനിന്നു വിടുവിക്കുന്നതിന് സഹകരണ ബാങ്കിലെ ലോൺ നടപടികൾ ലഘൂകരിക്കുക.

7 വീട്ടമ്മമാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി വാർഡ് അടിസ്ഥാനത്തിൽ കൈ കുത്തരി യൂണിററുകൾ സ്ഥാപിക്കുക.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14 ശതമാനം പട്ടികജാതി വിഭാഗമാണ്. ഏകദേശം 681 കുടുംബങ്ങളിലായി 4576. ഓളം ജനങ്ങൾ വിവിധ കോളനികളിലും അല്ലാതെയും കഴിയുന്നവരിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.

പഞ്ചായത്ത് ജനസംഖ്യയിൽ നിർണ്ണായകസ്ഥാനമുള്ള ഇവർക്ക് സാമൂഹിക സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ പുരോഗതിയുണ്ടാകാതെ പഞ്ചായത്തിന്റെ പുരോഗതി പൂർത്തിയാക്കുവാനും വിലയിരുത്തുവാനും കഴിയുന്നതല്ല. രാജ്യവ്യാപകമായി ഉണ്ടാകുന്ന പുരോഗതി പട്ടികജാതി പട്ടികവിഭാഗം ഉൾപ്പെടെയുള്ള മൊത്തം ആളുകളുടെയും സാമൂഹിക സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

അതിനാൽ പട്ടികജാതി വിഭാഗത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അതിപ്രാധാന്യമാണുള്ളത്. വിദ്യാഭ്യാസപരമായി ഒരു ചെറിയ ശതമാനം പുരോഗതി പ്രാപിച്ചുവെങ്കിലും ഈ വിഭാഗത്തിലെ ജനങ്ങളും കാർഷിക, കശുവണ്ടി, മറ്റ് മേഖലയിലും തൊഴിൽ എടുക്കുന്നു. പൊതുവേ സാമ്പത്തികപരമായി മുന്നേറുവാൻ കഴിയുന്ന തരത്തിൽ വിദ്യാഭ്യാസ പരമായും തൊഴിൽപരമായയും മുന്നേറുവാനുള്ള തീവ്രയജ്ഞ പരിപാടികൾ ആവശ്യമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥമൂലം ഈ വിഭാഗത്തിലെ കുട്ടികൾ തൊഴിൽമേഖലയിലേയ്ക്ക് തള്ളപ്പെടുന്നത് കർശനമായി തടയേണ്ടതും അവർക്ക് ഭരണഘടനാപരമായി ഉറപ്പുവരുത്തേണ്ടതാണ്.

ഐ.എച്ച്.ഡി.പി. കോളനി നിവാസികൾക്ക് പുരോഗതിയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ബോധവത്കരണത്തിന്റെ അപര്യാപ്തതയും പദ്ധതികളുടെ ലക്ഷ്യബോധത്തെക്കുറിച്ചുള്ള അജ്ഞതയും നമ്മെ ഉദ്ദേശിച്ച ഫലസിദ്ധിയിലെത്തിച്ചിട്ടില്ല. മാത്രമല്ല അനധികൃതകോളനികളിൽ ചിന്നിച്ചിതറിയ കഴിയുന്ന ഈ വിഭാഗക്കാർക്ക് സഹായപദ്ധതികളുടെ ഗുണഫലങ്ങൾ ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതിക്കാർക്കും അടിസ്ഥാനസൗകര്യങ്ങൾ നൽകിയും വൈദ്യുതി, കുടിവെള്ളം മുതലായവ നൽകുന്നതിന് സമഗ്രപദ്ധതി ആവിഷ്കരിച്ചു അതുപോലെതന്നെ കോളനി കേന്ദ്രീകരിച്ചും അല്ലാതെയും സമഗ്രസാക്ഷരതാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമേ ഈ വിഭാഗത്തെ പുരോഗതിയിലേയ്ക്ക് കൊണ്ടുവരുവാൻ കഴിയൂ. അതുപോലെ ഈ വിഭാഗത്തിന്റെ കുട്ടികളെ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുവാതിരിക്കുവാനും കൊഴിഞ്ഞുപോയവരെ തിരികെ കൊണ്ടുവരുവാനും അവശ്യമായ സമഗ്രപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

പട്ടികജാതി വികസനം നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും പിന്നിൽ നിൽക്കുന്ന പട്ടികവിഭാഗത്തിന്റെ പരിരക്ഷയ്ക്ക് ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. **ഓലമേയുന്നതിനുള്ള ധനസഹായം**

ഓലമേഞ്ഞ വീടുകൾ കെട്ടിമേയുന്നതിന് ഒരു വീടിന് 500 രൂപാ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപാ വരെ വാർഷികവരുമാനം ഉള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

2. **ഓടുമേയുന്നതിനുള്ള ധനസഹായം**

8000 രൂപാ വരെ വാർഷിക വരുമാനമുള്ളവർക്ക മേൽക്കൂര ബലപ്പെടുത്തി വീട് ഓടുമേയുന്നതിന് 3 000 രൂപാ ധനസഹായം നൽകി വരുന്നു.

3. **വിധവാ ധനസഹായം**

നിർധനരായ പട്ടികജാതി രക്ഷകർത്താക്കൾക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കാൻ 2000 രൂപാ ധനസഹായമായി നൽകുന്നു. 8000 രൂപാ വരെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

4. **ചികിത്സാ ധനസഹായം**

ഏറ്റവും നിർധനരായ പട്ടികജാതി ക്കാർക്ക് ഗുരുതരമായ ദീർഘകാല ചികിത്സയ്ക്കായി ഒരു വ്യക്തിയ്ക്ക് 1000 രൂപ ധനസഹായമായി നൽകുന്നു. 8000 രൂപാ വരെ വാർഷിക വരുമാനമുള്ളവർക്ക് ഈ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

5. എഴുത്തുപരീക്ഷ ഇന്റർവ്യൂവിന് ഹാജരാകാൻ ധനസഹായം

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേക്ക് എഴുത്തുപരീക്ഷ ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലം വരെ പോയി മടങ്ങി വരുവാൻ യാത്രാബത്ത നൽകിവരുന്നു. പാസ്റ്റ് പാസഞ്ചർ റെയിൽവേ രണ്ടാംക്ലാസ് നിരക്കുകളാണ് നൽകിയിരുന്നത്.

6. നഴ്സറി **സ്കൂളുകൾ**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളിൽ ഒരു കുട്ടിയ്ക്ക് 5 രൂപാ വീതം പ്രതിദിനം ഭക്ഷണചെലവിനായും 200 രൂപാ രണ്ട് ജോടി വസ്ത്രങ്ങൾക്കായും നൽകി വരുന്നു. ആധുനിക രീതിയിലുള്ള എൽ.കെ.ജി., യുകെ.ജി. വിദ്യാഭ്യാസവും നൽകിവരുന്നു.

**ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ**

| വാർഡ്നമ്പർ | പട്ടികജാതി കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നൽകി വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | പാലക്കുഴി | 7 | | |
| | കരിക്കുഴി | 18 | 3 | 15 |
| | അണ്ടൂർവടക്കേക്കര | 12 | | |
| | മുളിയിൽ | 4 | 2 | 2 |
| | കൊടുവന്നൂർകോണം | 12 | 4 | 8 |
| | മുകളുവിള | 5 | | |
| | ചെമ്പൻകോട് | 11 | 3 | 8 |
| | പാവുക്കോണം | 5 | 2 | 3 |
| | മണിക്കമൺ | 7 | | |
| | തിരുവട്ടൂർകോളനി | 8 | | |
| | ആകെ | 89 | 14 | 36 |

## ജെ.ആർ.വൈ. പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഈപഞ്ചായത്തിൽ കക്കൂസ് ഉൾപ്പെടെ വീട് നൽകിയ വിവരം

| വർഷം | വീടുകളുടെ എണ്ണം |
|---|---|
| 1989 90 | 15 |
| 1990 91 | 10 |
| 1991 92 | 10 |
| 1992 93 | 5 |
| 1993 94 | 19 |
| 1994 95 | ഇല്ല |
| 1995 96 | 5 |
| ആകെ | 64 |

## പട്ടികജാതി വിഭാഗത്തിന് ഈ പഞ്ചായത്തിൽ നിന്ന് കക്കൂസ് നിർമ്മിച്ച് നൽകിയ വിവരങ്ങൾ

| വർഷം | വീടിന്റെ എണ്ണം | പ്രത്യേകഘടക പദ്ധതിപ്രകാരം ചെലവായതുക |
|---|---|---|
| 1990 91 | 50 | 75000 രൂപാ |
| 1991 92 | 50 | 75000 രൂപ |
| 1992 93 | | |
| 1993 94 | | |
| 1994 95 | 63 | 94500 രൂപാ |
| 1995 96 | | |
| ആകെ | 163 | |

## പട്ടികജാതി വിഭാഗത്തിനായി ഏർപ്പെടുത്തിയ വികസനപ്രവർത്തനങ്ങൾ

| | പ്രത്യേകഘടകപദ്ധതി പ്രകാരം | ചെലവായ തുക |
|---|---|---|
| 1990 91 | | |
| 1991 92 | | |
| 1992 93 | അണ്ടൂർ കരിക്കുരി വടക്കേക്കര പട്ടികജാതി കോളനിയിൽ റോഡ് നിർമ്മിച്ചു. അര കി.മീ നീളവും വിതി 8 മീ. | 81000 രൂപാ |
| 1993 94 | വിലങ്ങറ പടിഞ്ഞാറേക്ഷേത്രം മുതൽ തെക്കോട്ടുകോണം പട്ടികജാതി കോളനിറോഡ് ടാർ ചെയ്തു. | 100769 രൂപാ |
| 1994 95 | IHDP കോളനിയായ കരിക്കുഴി വടക്കേക്കരയിൽ ടി.വി. സെറ്റ് സ്ഥാപിച്ചു. | 13553 രൂപാ |

**എട്ടാംപദ്ധതി കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക്**
**വികസനബ്ലോക്ക് വഴി നൽകിയ വീടുകളുടെ എണ്ണം**

| പദ്ധതി | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തിയാക്കാനുള്ളത് |
|---|---|---|
| ഇന്ദിര ആവാസ്‌യോജന (IAY) | 76 | 16 |
| മില്യൺ കിണർപദ്ധതി (MWS) | 45 | 9 |
| നെഹ്റു റോസ്‌കാർ യോജന JRY (20%) | 27 | 3 |
| ആകെ | 148 | 28 |

**ഗ്രാമപഞ്ചായത്തിലൂടെ നിലവിൽ നൽകികൊണ്ടിരിക്കുന്ന പദ്ധതികൾ**

| | |
|---|---|
| 1. | ജെ.ആർ.വൈ. പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് വീടു വച്ച് നൽകുന്നു. |
| 2. | ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മിച്ച് നൽകുന്നു. |
| 3. | പട്ടികജാതി വിഭാഗങ്ങൾക്കായി പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന വിവിധ ധനസഹായങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. |

പ്രശ്നങ്ങൾ

1. പട്ടികവിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം കുറവായതിനാൽ മെച്ചപ്പെട്ട ജീവിത നിലവാരം കൈവരുവാൻ കഴിയുന്നില്ല.

2. നല്ലൊരു വിഭാഗം കുട്ടികൾ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നതുമൂലം വിദ്യാഭ്യാസരംഗത്ത് പിന്നോക്കാവസ്ഥ തുടരുന്നു.

3. മുതിർന്നവരുടെ ഇടയിലുള്ള നിരക്ഷരതയും ബോധവത്കരണക്കുറവും തൊഴിലിൽ മുന്നേറുവാൻ സർക്കാർ സഹായങ്ങൾ ശരിയായി നേടിയെടുക്കുന്നതിനും, ഉള്ള സഹായങ്ങൾ ഭംഗിയായി വിനിയോഗിക്കുവാനും കഴിയാത്ത അവസ്ഥയിൽ അവരെ കൊണ്ടെത്തിക്കുന്നു.

4. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതിനാലും ആരോഗ്യരംഗത്ത് പൊതുവേ പിന്നോക്കമാണ്.

5. പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ സൗകര്യക്കുറവുമൂലം പഠനം മെച്ചപ്പെട്ട രീതിയിൽ ആകുന്നില്ല.

6. ആരോഗ്യരംഗത്തെ ബോധവത്കരണക്കുറവുമൂലം ചികിത്സാസൗകര്യങ്ങൾ നേടാതെയും മദ്യത്തിനും മറ്റും അടിമകളാകുന്നു.

7. കാർഷികരംഗം മുരടിക്കുന്നതുമൂലവും വ്യവസായങ്ങളില്ലാത്തതുമൂലവും ഈ വിഭാഗങ്ങൾക്കിടയിൽ തൊഴിലവസരങ്ങൾ കുറയുന്നു. അതിമൂലം സാമ്പത്തിക പിന്നോക്കാവസ്ഥ തുടരുന്നു.

8. പട്ടികജാതി വിഭാഗങ്ങളിൽ ഭവനമില്ലായ്മ, കക്കൂസ്, വൈദ്യുതി, കുടിവെള്ളമില്ലായ്മയും ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു.

9. ഈ വിഭാഗങ്ങൾക്ക് ഉപകാരപ്രദമാകുന്ന കോളനിറോഡുകളുടെ അപര്യാപ്തത ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു.

പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

1. പട്ടികവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. അതുപോലെ അടിസ്ഥാനസൗകര്യങ്ങൾ നൽകുക.

2. നിർദ്ദേശിക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങൾ കോളനികളായി അംഗീകരിക്കുക. കോളനികളിലും അല്ലാതെയും വസിക്കുന്ന ഈ വിഭാഗങ്ങൾക്ക് വീടില്ലാത്തവർക്ക് വീടും, വസ്തുവില്ലാത്തവർക്ക് വസ്തുവും, വെള്ളവും വെളിച്ചവും എത്തിക്കുക.

3. കോളനികളിലും മറ്റ് പട്ടികജാതിക്കാർക്കുവേണ്ടിയും പ്രത്യേക സാക്ഷരതാ പദ്ധതി ആവിഷ്കരിക്കുക

4. സർക്കാർ സഹായങ്ങൾ യഥാവിധി ഈ വിഭാഗങ്ങൾക്ക് നൽകുക. മറ്റ് പദ്ധതികൾ ആവിഷ്കരിക്കുക.

5. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി ട്യൂഷൻ പദ്ധതികൾ ആവിഷ്കരിക്കുക, ആവശ്യമായ സാമ്പത്തിക സഹായം നൽകുക, ടെക്നിക്കൽ സ്കൂൾ, ട്രെയിനിംഗ് സെന്ററുകൾ ആവിഷ്കരിക്കുക

6. എല്ലാ കോളനികളിലും, വായനശാലകളിലും ടെലിവിഷനുകൾ സ്ഥാപിക്കുക.

7. വസ്തു കുറവായ പട്ടിക വിഭാഗങ്ങൾ ധാരാളം ഉള്ളതിനാൽ ഒരു പൊതു സ്മശാനം സ്ഥാപിക്കുക.

8. പട്ടികജാതി കരിങ്കൽ തൊഴിലാളി സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക.

9. സൗജന്യകാർഷിക സാമ്പത്തിക സഹായങ്ങൾ നൽകുക.

10. അർഹതപ്പെട്ട എല്ലാ പട്ടികജാതിപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും വികലാംഗ, വാർധക്യകാല, വിധവാ പെൻഷനുകൾ നൽകുക.

11. പട്ടികജാതി സങ്കേതങ്ങളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക

12. അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്കായി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

13. അഭ്യസ്തവിദ്യരായ യുവതികൾക്കായി അംഗനവാടികൾ ആരംഭിക്കുക.

14. കോളനികളിൽ ട്രില്ലറും, ട്രാക്ടറും വിതരണം ചെയ്യുക.

15. ഈ വിഭാഗങ്ങൾക്കായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക. വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക

16. കുട്ട, മുറം മുതലായ പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിഭാഗങ്ങൾക്ക് ധനസഹായങ്ങളും വിപണന കേന്ദ്രവും സഹകരണസംഘവും സ്ഥാപിക്കുക. തൊഴിൽ വൈദഗ്ദ്ധ്യം നേടുവാനുള്ള പരിശീലനം നൽകുക.

17. പട്ടികജാതിക്കാർ തിങ്ങിപാർക്കുന്നിടത്ത് ഹെൽത്ത്സെന്ററുകൾ സ്ഥാപിക്കുക.

18. മാറാ രോഗം പിടിപെട്ടിട്ടുള്ള ഈ വിഭാഗക്കാർക്ക് ചികിത്സാ സഹായം ചെയ്യുക.

19. പട്ടികജാതി വീടുകൾ, ലക്ഷംവീടുകൾ എന്നിവയുടെ അറ്റകുറ്റപണികൾ നടത്തുക.

20. പഞ്ചായത്തിലെ മിച്ചഭൂമി ഈ വിഭാഗങ്ങൾക്കായി മുൻഗണനാ ക്രമത്തിൽ വിതരണം ചെയ്യുക.

21. പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.

22. സൗജന്യമായി കോഴി, ആട്, പശു എന്നിവയെ വിതരണം ചെയ്യുക.

23. കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

24. പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

25. സർവ്വോപരി ഈ വിഭാഗങ്ങളുടെ സമഗ്രപുരോഗതിയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

26. പാറക്കോറികളിൽ പണിയെടുക്കുന്ന ഈ വിഭാഗത്തിനായി സൗകര്യങ്ങളും ക്ഷേമനടപടികളും നടപ്പിലാക്കുക.

# അനുബന്ധം 11

## പട്ടികജാതി പട്ടികവർഗ്ഗ വികസനം

1 വികസന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെ ഏകദേശകണക്ക് 684 എന്നാണെങ്കിലും അത് ഏകദേശം 1000 (ആയിരം) ത്തിനുമുകളിൽ വരുന്നതാണ്.

2 വികസന റിപ്പോർട്ടിൽ പഞ്ചായത്തിലെ പട്ടികജാതികോളനികളുടെ പേരു വിവരം ചേർക്കുന്നുണ്ട്. പഞ്ചായത്തിൽ താഴെപ്പറയുംപ്രകാരം പട്ടികജാതി കോളനികൾ ഉണ്ട്,

വാർഡ് 1

| | | |
|---|---|---|
| മഞ്ഞക്കോട്ടുകോണം | 30 | കുടുംബങ്ങൾ |
| വേലൻകോണം | 48 | (അംഗീകരിച്ചിട്ടുണ്ട്) |
| തുടതല | 20 | ,, |

വാർഡ് 2

| | | |
|---|---|---|
| വിലയന്തൂർ–ഐക്കോട്ടുകോണം | 45 | കുടുംബങ്ങൾ |
| മയിലാടുംപൊയ്ക | 15 | |
| കുറുങ്ങണം | 20 | |

വാർഡ് 3

| | | |
|---|---|---|
| കാക്കത്തോനം ചേക്കോട്ടുകോണം | 65 | (അംഗീകരിച്ചിട്ടുണ്ട്) |

വാർഡ് 4

| | | |
|---|---|---|
| തിരുവട്ടൂർ | 22 | |
| ആയിരവല്ലി | 25 | |
| മണ്ണന്താമര | 15 | |

വാർഡ് 5

| | | |
|---|---|---|
| മുകളുവിള | 20 | കുടുംബം |

വാർഡ് 6

| | | |
|---|---|---|
| പാണാംകോണം | 15 | ,, |
| കൊയ്പ്പള്ളി | 18 | ,, |
| ആലച്ചുപൊയ്ക | 15 | ,, |

വാർഡ് 7

| | | |
|---|---|---|
| ചേപ്പിലോട് | 61 | അംഗീകരിച്ചത് |
| കമ്പംകോട് | 13 | ,, |
| ഞാറമുകൾകോളനി | 23 | ,, |
| കൊച്ചുകുന്നുംപുറം | 40 | ,, |
| പുതിയിടം | 15 | ,, |

| | | |
|---|---|---|
| വാർഡ് 8 | | |
| അരീകുടി | 20 | ,, |
| നാങ്കണത്ത് | 16 | ,, |
| മേൽകുളങ്ങര ലക്ഷംവീട് | 17 | ,, |
| ചാവരഴികം | 40 | ,, |
| വാർഡ് 9 | | |
| വടക്കേകരമുള്ളിയിൽ | | |
| കരീക്കുഴി | 125 | (I H D P) |
| മണിയ്ക്കമൺകോണം | 19 | കുടുംബം |
| ചുണ്ടയിൽ | 20 | ,, |
| വാർഡ് 10 | | |
| പാലകുഴി | 32 | ,, |
| ഇടയം | 48 | (അംഗീകരിച്ചത്) |
| വേലൻകോണം | 15 | ,, |
| അമ്പലത്തുംവിള | 20 | |
| വാളകം ലക്ഷംവീട് | 15 | |
| വാർഡ് 11 | | |
| കൊടവന്നൂർകോണം | 60 | (I H D P) |
| അമ്പലക്കര ലക്ഷം വീട് | 15 | കുടുംബം |
| ബ്ളാക്കോണം | 20 | |
| പെരുമ്പയിൽ | 20 | |
| വാർഡ് 12 | | |
| മുതക്കുന്നം | 25 | |

## വിദ്യാഭ്യാസമേഖല

1 പഞ്ചായത്തിലെ അഞ്ചാംക്ലാസ് മുതൽ പത്താംക്ലാസ്‌വരെയുള്ള മുഴുവൻ പട്ടികജാതി കുട്ടികൾക്കും പ്രത്യേക ട്യൂഷൻസമ്പ്രദായം ഏർപ്പെടുത്തുക.

2 പട്ടികജാതി വിദ്യാർത്ഥികളുടെ മുഴുവൻ രക്ഷാകർത്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ഓരോ അധ്യയനവർഷവും ബോധവൽക്കരണക്യാമ്പുകൾ നടത്തുക.

I വിലങ്ങറ W L P S ഉമ്മന്നൂർ ഗവ: L P S എന്നിവയോടനുബന്ധിച്ച് പ്രീ–പ്രൈമറി ക്ലാസ് ആരംഭിക്കണം.

## II തൊഴിൽ മേഖല

(1) ഗ്രാമവികസനവകുപ്പ്‌വഴി നടപ്പിലാക്കിവരുന്ന I R D P ധനസഹായം ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ലഭ്യമാക്കുക.

(2) അതിനുള്ള നടപടിക്രമങ്ങൾലഘുകരിക്കുകയും ഉദാരമാക്കുകയും ചെയ്യുക.

(3) പട്ടികജാതി യുവതീയുവാക്കൾക്ക് പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി റബർ ടാപ്പിംഗ് പരിശീലനം കൊടുക്കുക.

(4) പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു തുണിനെയ്ത്ത്‌യൂണിററ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.

(5) കാർഷികമേഖലയിലെ തൊഴിൽമേഖല നേരിടുന്ന തൊഴിലാളികളുടെ ദൌർബല്യം പരിഹരിക്കാൻ ഒരു സഹകരണസംഘം രൂപീകരിക്കുക.

(6) തയ്യൽപരിശീലനംനേടിയ യുവതീയുവാക്കളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു ഗാർമെൻറ് യൂണിററ് ആരംഭിക്കണം.

(7) പഞ്ചായത്തിലെ 12 വാർഡുകളിൽനിന്നും മത്സ്യവിപണനം നടത്തുന്ന ഗുണഭോക്താക്കളെ കണ്ടെത്തി ഫിഷറീസ്ഡിപ്പാർട്ടുമെൻറിൽനിന്നും ധനസഹായം ലഭ്യമാക്കുക.

(8) പഞ്ചായത്തിലെ പട്ടികജാതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനു പ്രത്യേകഘടകപദ്ധതിപ്രകാരം യൂണിററ് ആരംഭിക്കുക.

## III സാമൂഹ്യമേഖല

(1) വാസയോഗ്യമായ വീടില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീടുവയ്ക്കുന്നതിനുള്ള തുക വിവിധ ഏജൻസികൾവഴി നടപ്പിലാക്കുക.

(2) ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് 4 സെൻറ് ഭൂമിയും വീടും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

III (1) തേവന്നൂർ വാർഡിൽ കൊയ്പ്പള്ളികോളനിയിലേക്ക് 500 മീററർ നീളമുള്ള റോഡ് പു:നദ്ധരിക്കുക.

(2) പുതിയിടം കോളനിയിലേക്കുള്ള മുളയം പള്ളിമുതൽ പുതിയിടംവരെയുള്ള റോഡ് പുനഃരുദ്ധരിക്കുക.

(3) കമ്പംകോട് – എം. സി. റോഡുമുതൽ കോളനിവരെയുള്ള റോഡ് പുനഃരുദ്ധരിക്കണം.

തേവന്നൂർ–ഇടയ്ക്കാട്ടറ റോഡിൽനിന്നു ഞാറമുകൾ കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

(4) കമ്പംകോട് വാർഡിൽ ചേപ്പിലോട് കോളനിയിൽനിന്നും കൊച്ചുകുന്നുംപുറം കോളനിയിലേക്ക് വയൽ നിരത്തി റോഡ് പുനരുദ്ധരിക്കുക,

(5) അണ്ടൂർ വാർഡിൽ മണിക്കമൺ കോളനിയിലേക്ക് 200 മീററർ ദൂരത്തിൽ പഞ്ചായത്ത് റോഡ് നിർമ്മിക്കുക.

IV (1) പഞ്ചായത്തിലെ സ്വന്തമായി കിണർ കുഴിച്ച് കെട്ടാൻ നിർവ്വാഹമില്ലാത്ത പട്ടികജാതികുടുംബങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക

(2) വിലങ്ങറ വാർഡിൽ ചേക്കോട്ടുകോണം കോളനിയിൽ ഒരു അംഗൻവാടി അനുവദിക്കണം.

(3) പട്ടികജാതി വിഭാഗക്കാർ ചികിൽസക്കായി എത്തുന്ന ഉമ്മന്നൂർ പി, എച്ച്, സെൻററിൽ കിടക്കകളോടുകൂടിയ ഒരു വാർഡ് അനുവദിക്കാൻ നടപടിസ്വീകരിക്കുക

(4) വാളകം വാർഡിൽ മാമ്പുഴ [illegible]ംവീട് കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനായി ഒരു കിണർകൂടി കു[illegible]ച്ചിക്കുക.

# വിഭവസമാഹരണം

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് ആയ നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തനം പ്രതിസന്ധികളിലൊന്ന് ധനാഗമനത്തിന്റെ അപര്യപ്തയാണ്. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്ത് ആകയാൽ വ്യവസായികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. ആകെയുള്ള വ്യവസായം പേരിനുമാത്രം കുറച്ച് ചുടുകട്ട ചൂളകളും ഏതാനും കശുവണ്ടി ഫാക്ടറികളുമാണ്. കാർഷികമേഖലയിലും പിന്നോക്കാവസ്ഥതന്നെയാണ്. നിലം നികത്തി കെട്ടിടങ്ങൾ പണിയുന്നതും, ഇഷ്ടികകളാക്കുന്നതും കാർഷികപിന്നോക്കാവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു. കാർഷിക മേഖലയ്ക്ക് ഇന്നുള്ള അവസ്ഥ മെച്ചപ്പെടുത്തിയാൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് കുറച്ചൊക്കെ പരിഹാരം കാണാൻ കഴിയും. നിലവിലുള്ള വ്യവസായങ്ങളായ കശുവണ്ടിയും ഇഷ്ടികയും അസംസ്കൃത വസ്തുക്കളുടെ ദുർലഭം മൂലം തകർച്ചയുടെ വക്കിലാണ്. അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പ്രവർത്തനം നിലച്ചുകിടക്കുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കുകയും ചെയ്താൽ വരുമാനം കൂട്ടാൻ കഴിയും. ഒപ്പം തന്നെ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വേണം. അതിനായി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ നികുതികളാണ്. കെട്ടിട നികുതി, വിനോദനികുതി, തൊഴിൽ നികുതി എന്നിവയാണ്. ഇവയ്ക്ക് പുറമേ സർക്കാരിന്റെ വിവിധയിനം ഗ്രാന്റുകളും ലഭിക്കുന്നുണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| | 1993-94 | 94-95 | 95-96 |
|---|---|---|---|
| 1 കെട്ടിട നികുതി | 20673.00 | 207017.00 | 225167. 70 |
| 2. വിനോദനികുതി | 30054.50 | 35678.00 | 36141.70 |
| 3. തൊഴിൽ നികുതി | 90380.00 | 106057.00 | 132375.00 |
| 4. എസ്. സി.പി. | 101250.00 | 115930.00 | 162310.00 |
| 5. ജെ.ആർ.വൈ | 522542.00 | 344929.00 | 415101.00 |
| 6. മററ് ഗ്രാന്റുകൾ, സംഭാവനകൾ | 1521087.00 | 1231071.00 | 1373144.00 |
| 7. ലൈസൻസ് ഫീ | 2783.00 | 4760.00 | 4494.00 |

## കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ
### മേൽപ്പുരയുടെ സ്വഭാവം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം. | കോൺക്രീറ്റ് | ഓട് | ഓല | വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 858 | 13 | 182 | 383 | 293 | 23 |
| II | 870 | 10 | 233 | 389 | 248 | 18 |
| III | 794 | 3 | 117 | 393 | 384 | 14 |
| IV | 761 | 6 | 72 | 412 | 277 | 9 |
| V | 841 | 6 | 144 | 459 | 238 | 10 |
| VI | 636 | 3 | 85 | 302 | 249 | 8 |
| VII | 662 | 5 | 43 | 261 | 358 | 13 |
| VIII | 848 | 18 | 174 | 452 | 222 | 20 |
| XI | 804 | 8 | 130 | 438 | 236 | 34 |
| X | 1063 | 14 | 279 | 544 | 240 | 54 |
| XI | 444 | 4 | 90 | 265 | 89 | 35 |
| XII | 657 | 3 | 112 | 303 | 242 | 3 |
| TOTAL | 9238 | 93 | 1661 | 4601 | 3076 | 241 |

പഞ്ചായത്തിന്റെ 12 വാർഡുകളിലായി ആകെ 9238 വാസയോഗ്യമായ വീടുകളുണ്ട്. 1995 96 നടപ്പുവർഷത്തെ കെട്ടിടനികുതി 225167 രൂപയാണ്. വിനോദനികുതി 1995 96 ൽ 36141 രൂപാ 70 പൈസയാണ്. തൊഴിൽ നികുതി 132375 രൂപയും, ലൈസൻസ് ഫീ 4494 രൂപയുമാണ്. മൊത്തം വരുമാനത്തിന്റെ നല്ല ഒരു ശതമാനം ജീവനക്കാരുടെ ശമ്പളമായും ഭരണപരമായ ആവശ്യങ്ങൾക്കായും ചെലവാക്കുന്നു. ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് [redacted]യമായല്ല. വാസയോഗ്യമായ എല്ലാത്തരം കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. മൊത്തം ചെലവിന്റെ നിശ്ചിതശതമാനം നികുതിയായി നൽകണമെന്ന് വ്യവസ്ഥയുണ്ടാക്കണം. അതുപോലെ ഈ പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരും നികുതി നൽകുന്നവരല്ല. കഴിഞ്ഞ സാമ്പത്തികവർഷം ലഭിച്ചിരിക്കുന്ന ലൈസൻസ് ഫീ പരിശോധിച്ചാൽ അത് മനസിലാകും. 1995 96 ൽ കിട്ടിയത് വെറും 4494 രൂപയുമാണ്. നികുതികൾ എല്ലാം തന്നെ കാലോചിതമായി പരിഷ്കരിക്കുകയും, നിലവിലുള്ള നികുതി പിരിവ് കാര്യക്ഷമമാക്കുകയും, സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വിതരണം നീതിപൂർവ്വമാക്കുക എന്നുള്ളപ്രവർത്തനം നടത്തിയാൽ അവയിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ ധനകാര്യസ്ഥാപനങ്ങൾ കുറവാണ്. ഒരു ദേശസാൽകൃതബാങ്കും ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു സഹകരണബാങ്കും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഈ ബാങ്കുകളിൽ നിക്ഷേപിക്കുന്ന ധനം പൂർണ്ണമായി ഈ പഞ്ചായത്തിന്റെ വികസനത്തിനായി പ്രത്യേകിച്ചും കാർഷിക വ്യാവസായിക പുരോഗമനത്തിനായി വിനിയോഗിക്കുന്നില്ല. എന്നാൽ [redacted]രണ ബാങ്കിൽ നിന്നും കാ2ഷികമേഖലയ്ക്ക് പ്രാധാന്യം നൽകുന്ന വായ്പകൾ നൽകുന്നുണ്ട്. ഗൾഫ് മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ നിക്ഷേപങ്ങൾ സഹകരണബാങ്കുകളിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും ആ നിക്ഷേപങ്ങൾ വ്യവസായങ്ങൾ പുരോഗമിപ്പിക്കുവാൻ ഉപയോഗിക്കുകയും ചെയ്യണം. പുതുതായി വ്യവസായം തുടങ്ങാൻ അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരെ പ്രോത്സാഹിപ്പിച്ച് ബാങ്കുകളുടെ സഹായത്തോടെ അതിനുള്ള ശ്രമങ്ങൾ ഊർജ്ജപ്പെടുത്തുകയും ചെയ്യണം.

**പ്രശ്നങ്ങൾ**

1. വ്യവസായിക പിന്നോക്കാവസ്ഥ
2. അശാസ്ത്രീയമായ നികുതി പിരിവ്
3. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണമില്ലായ്മ
4. കാർഷികമേഖലയിലെ സ്തംഭനാവസ്ഥ.
5. ധനകാര്യസ്ഥാപനങ്ങളുടെ കുറവ്
6. പൊതു വിപണനകേന്ദ്രങ്ങളുടെ അഭാവം.

## പ്രശ്ന പരിഹാരം

1. വിവിധ നികുതികൾ കലോചിതമായി പരിഷ്കരിക്കുക.
2. നികുതി പിരിവ് നീതിപൂർവ്വമാക്കുക.
3. കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. ഉള്ള വ്യവസായങ്ങൾ കാര്യക്ഷമമാക്കുകയും പുതുതായി തുടങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
5. വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് പരിശോധിച്ച് പരിഷ്കരിക്കുക.
6. ~~കെട്ടിട നികുതികൾ ഏർപ്പെടുത്തുമ്പോൾ~~

ആഡംബര വസ്തുക്കൾക്ക് അനുസരിച്ച് നികുതി ഏർപ്പെടുത്തുക.

7. മനുഷ്യാദ്ധ്വാനം ശ്രമദാനം എന്നിവ പരമാവധി പഞ്ചായത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുക.

8. വികസനപ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരെ ഒഴിവാക്കുക.

9. ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ, കംഫർട്ട് സ്റ്റേഷൻ എന്നിവ സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.

10. വിദേശനിക്ഷേപങ്ങൾ, മറ്റ് നിക്ഷേപങ്ങൾ എന്നിവ പഞ്ചായത്ത് പ്രദേശത്തുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിപ്പിക്കുകയും അവയുടെ വിനിയോഗം പരമാവധി ഈ പഞ്ചായത്തിലെ കാർഷിക വ്യവസായിക പുരോഗതിക്കായി വിനിയോഗിക്കാനും നടപടികൾ കൈക്കൊള്ളുക.

11. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകളെ ഏൽപ്പിക്കുക.

# പൊതുവിതരണം

ഈ പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ എല്ലാം തന്നെ കുറ്റമറ്റ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. 19 പൊതുവിതരണകേന്ദ്രങ്ങൾ 12 വാർഡുകളായി പ്രവർത്തിക്കുന്നു. വാളകം ആസ്ഥാനമായി ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്നു. ഇന്ന് ഇതിന്റെ പ്രവർത്തനം തീരെ നിലച്ചിരിക്കുകയാണ്. സഹകരണബാങ്കിന്റെ നേതൃത്വത്തിൽ ഓണച്ചന്തകൾ പ്രവർത്തിച്ചിരുന്നു. 19 പൊതുവിതരണ കേന്ദ്രങ്ങളിലായി 27094 പ്രായപൂർത്തിയായ അംഗങ്ങൾക്കും 5487 മൈനർ അംഗങ്ങൾക്കും റേഷൻ വിതരണം ചെയ്ത് വരുന്നു. പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം ചെയ്യപ്പെടുന്ന സാധനങ്ങൾ എല്ലാം തന്നെ ഗുണനിലവാരം കുറഞ്ഞവയാണ്. ആകയാൽ ഒരു നല്ല വിഭാഗം ആൾക്കാർ പൊതു വിതരണ കേന്ദ്രങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ മടിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിലെ പ്രവർത്തനം പട്ടികതിരിച്ച് താഴെക്കൊടുത്തിരിക്കുന്നു.

**1995 - 96** വർഷം കാർഡുകളുടെ എണ്ണം, ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ എന്നിവ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

| കാർഡുടമകളുടെ എണ്ണം | | | | | ഗുണഭോക്താക്കളുടെ എണ്ണം | | | വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| RD No. | Ward No. | NE | E | Total | Major | Miner | Total | Rice Kg | Wheat | Rava | Myda | Sugar | Palm Oil | Total | No. of Permits | Supply Through Permit | Supply Through card |
| 77 | I | 129 | 222 | 351 | 1458 | 259 | 1717 | 48000 | 14960 | 720 | 2880 | 82 | Nil | 84760 | 8 | 115 | 13706 |
| 78 | I | 208 | 268 | 476 | 1763 | 380 | 2143 | 79100 | 13900 | 720 | 3060 | 1020 Kg | Nil | 106980 | 14 | 140 | 17270 |
| 81 | I | 235 | 226 | 461 | 1821 | 360 | 2191 | 389.5 | 61.5 | 2.6 | 13.9 | 107.2 | Nil | 574.88 | 6 | 888 | 19051 |
| 79 | II | 173 | 165 | 338 | 1404 | 232 | 1636 | 645 | 380 | 540 Kg | 1080 Kg | 87 | Nil | 77620 | 10 | 1200 | 14340 |
| 313 | II | 146 | 158 | 304 | 1227 | 204 | 1431 | 160 | 80 | 3 | 5 | 68 | Nil | 316 | 5 | 540 | 12800 |
| 205 | III | 124 | 106 | 230 | 943 | 150 | 1093 | 192 | 80 | 3 | 15 | 60 | Nil | 350 | 3 | 100 | 11900 |
| 80 | III | 208 | 207 | 415 | 1744 | 232 | 1976 | 580 | 115 | 4 | 15 | 102 | Nil | 816 | 17 | 4012 | 17400 |
| 82 | IV | 87 | 82 | 169 | 735 | 129 | 864 | 223 | 165 | 8 | 13 | 39 | Nil | 448 | 2 | 300 | 5742 |
| 72 | IV | 115 | 152 | 267 | 1070 | 227 | 1297 | 268 | 70 | 3 | 10 | 10 | Nil | 399 | Nil | Nil | 8400 |
| 76 | V | 151 | 186 | 337 | 1312 | 270 | 1582 | 430 | 66 | 5 | 22 | 85 | Nil | 608 | 3 | 330 | 10360 |
| 83 | v | 170 | 230 | 400 | 1624 | 284 | 1908 | 661 | 107 | 5 | 22 | 107 | Nil | 902 | 8 | 873 | 16483 |
| 74 | VIII | 146 | 270 | 416 | 1658 | 295 | 1953 | 36.22 | 13.60 | 5.40 | 2.40 | 84 | Nil | 139.12 | 15 | 161 | 17415 |
| 86 | VIII | 167 | 179 | 346 | 1436 | 257 | 1693 | 335 | 102 | 54 | 24 | 81 | Nil | 572 | 9 | 82 | 14440 |
| 75 | IX | 81 | 67 | 148 | 576 | 120 | 696 | 229.76 | 115.92 | 4.56 | 14.48 | 41.38 | Nil | 406.17 | 3 | 284 | 6520 |
| 84 | IX | 176 | 165 | 341 | 1416 | 276 | 1692 | 772 | 192 | 3.60 | 15 | 92.2 | Nil | 1074.8 | 11 | 1272 | 14350 |
| 85 | IX | 601 | 348 | 952 | 3845 | 834 | 4679 | 2570 | 365 | 20 | 69 | 264 | Nil | 3288 | 8 | 1128 | 44825 |
| 351 | X | 102 | 164 | 266 | 1207 | 175 | 1382 | 189 | 80 | 3.60 | 10.80 | 32 | Nil | 315.40 | 4 | 301 | 5386 |
| 328 | XI | 88 | 183 | 271 | 1047 | 185 | 1232 | 52.80 | 24 | 26 | 9.60 | 68 | Nil | 180.40 | 8 | 576 | 806 |
| 135 | XII | 135 | 232 | 367 | 1618 | 270 | 3506 | 215 | 18 | 4 | 8.10 | 84 | Nil | 329.10 | 5 | 396 | 1100 |

### പ്രശ്നങ്ങൾ

1. വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് ഗുണനിലവാരം കുറവ്
2. മാവേലി സ്റ്റോറുകളുടെ പ്രവർത്തനമില്ലായ്മ
3. റേഷൻ സാധനങ്ങളുടെ വില വർദ്ധനവ്.

### സാധ്യതകൾ

1. പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
2. എല്ലാ വാർഡുകളിലും മാവേലി സ്റ്റോറുകൾ അനുവദിക്കുക.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും സബ്സിഡി നിരക്കിൽ റേഷൻ വിതരണം ചെയ്യുക.
4. സ്റ്റോക്ക്, വിലവിവരപട്ടിക എന്നിവ കാണിക്കുന്ന ബോർഡ് എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും പരസ്യമായി പ്രദർശിപ്പിക്കുക.
5. പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃസമിതി രൂപീകരിക്കുക.
6. പൊതുവിതരണകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കാൻ വാർഡ് തലത്തിൽ സമിതികൾ രൂപീകരിക്കുക.

# അനുബന്ധം 12

**വിഭവസമാഹരണം**

1 അശാസ്ത്രീയമായി നിലവിൽ ഉള്ള വീട്ടുകരം ശാസ്ത്രീയമായി ഏകീകരിച്ചും, കാലാനുസൃതമായി വർദ്ധിപ്പിച്ചും, സാമ്പത്തികമായി അഭിവൃദ്ധിപ്പെടാം. ഇന്ന് നിലവിൽഉള്ള 2, 25, 167, 70 ൽ നിന്ന് 2,00,000 രൂപയുടെ അധിക വർദ്ധനവ് പ്രതീക്ഷിക്കുന്നു.

2 പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിച്ച മുഴുവൻ പരസ്യങ്ങൾക്കും ഇന്ന് ഫീസ് ഈടാക്കുന്നില്ല,എല്ലാ പരസ്യങ്ങൾക്കും ഫീസ് ഈടാക്കുകയും ഇതുവഴി ഒരു വർഷം 50000 രൂപ സമാഹരിക്കാനും സാധിക്കും

3 പഞ്ചായത്ത് അതിർത്തിയിൽഉള്ള എല്ലാ Un-Aided സ്ഥാപനങ്ങളും (ട്യൂട്ടോറിയൽ, നഴ്സറി സ്കൂളുകൾ, ട്യൂഷൻ സെൻററുകൾ) ഇവകൾക്ക് ലൈസൻസ് ഏർപ്പെടുത്തി ഫീസ് ഈടാക്കാം. ഈ ഇനത്തിൽ 25000 രൂപ പ്രതീക്ഷിക്കുന്നു.

4 പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിക്കുകയും, ഫീസ് ഈടാക്കുകയും ചെയ്യുന്ന ഈ ഇനത്തിൽ സമാഹരിക്കാൻ ഉദ്ദേശിക്കുന്ന തുക 50000 രൂപ ആണ്

5 പഞ്ചായത്ത് പുറമ്പോക്കുകൾ ഫലപ്രദമായി ഉപയോഗിച്ച് (വ്യാവസായികവും, കാർഷികവും) 20,000 രൂപ എങ്കിലും പ്രതീക്ഷിക്കുന്നു.

6 പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പൊതു മാർക്കററുകൾ സ്ഥാപിച്ച് കാർഷികവും, വ്യാവസായികവും ആയ ഉൽപന്നങ്ങൾ വിററഴിക്കാൻ ഉള്ളസൗകര്യം ഉണ്ടാക്കുകയുംഈ ഇനത്തിൽ 1,00000 രൂപ പ്രതീക്ഷിക്കുന്നു.

7 നിലവിൽ ഉള്ള തൊഴിൽ കരം വർദ്ധിപ്പിച്ച് 70,000 രൂപ പ്രതീക്ഷിക്കുന്നു.

8 ഉദാര മനസ്ക്കരുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹായത്തോടുകൂടി ബോധവൽക്കരണം നടത്തി വികസന പദ്ധതികൾക്ക് ആവശ്യം ആയ ഫണ്ട് സ്വരൂപിക്കുക. ഈ ഇനത്തിൽ 5,00,000 രൂപ പ്രതീക്ഷിക്കുന്നു. (ശ്രമദാനവും ഇതിൽ ഉൾപ്പെടുത്താം.)

9 പഞ്ചായത്തിൽ നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും ഫീസ് ഈടാക്കുകയും ഈ ഇനത്തിൽ 50,000 രൂപ പ്രതീക്ഷിക്കുന്നു.

10 സിനിമ തീയേററുകൾക്ക് വിനോദ നികുതി വർദ്ധിപ്പിക്കുകയും ഇന്ന് നിലവിൽ ഇരിക്കുന്ന അശാസ്ത്രീയത പരിഹരിക്കുകയും ഇതിൽനിന്നും ഒരു വർഷം 50,000 രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

11 പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള തോട്ടുകടവുകളിലെ മണൽ വാരൽ ലേലം ചെയ്തു വരുമാനമുണ്ടാക്കുക. ഇതിൽ നിന്നും 2 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.